# വിഷപ്പാമ്പുകളും വിഷാന്തകങ്ങളും



RKS
ORE
8
COLLEGE

Q67
Si53

സൈമൺ C.M.I.

# വിഷപ്പാമ്പുകളും വിഷാന്തകങ്ങളും

(അനുഭവ ചികിത്സകം)

(Malayalam)

**VISHAPAMPUKALUM VISHANTHAKANGALUM**

By Rev. Simon Moolakat
Provincial House
Puthuppally, Kottayam-686011
First Published 1973
First impression Copies 1500
Printed at
Jaya Printers, Puthuppally
Price Rs. 4. 50
Copyright Reserved.

# വിഷപ്പാമ്പുകളും വിഷാന്തകങ്ങളും

(അനുഭവചികിത്സകൾ)

DHARMARAM COLLEGE
LIBRARY
BANGALORE

DC Lib
CM

സൈമൺ മൂലക്കാട്ടു്.

DHARMARAM COLLEGE LIBRARY
Ac. No 48724
Call No Q67/5i 53

# ഉള്ളടക്കം


| ഒന്നാം ഭാഗം | പേജ്. |
|---|---|
| സർപ്പ സാമ്രാജ്യം. | 3 |
| വർഗ്ഗനിർണ്ണയം | 5 |
| പല്ലുകളുടെ ഘടന. | 6 |
| വിഷപ്പല്ലുകളെ അവയുടെ പ്രത്യേക ഘടനയനുസരിച്ച് മൂന്നായി തിരിച്ചിരിക്കുന്നു. | 7 |
| വിഷപ്പാമ്പുകൾ നാട്ടിൻ പുറത്ത്. | 7 |
| സർപ്പം നാഗരീകജീവിതത്തിൽ | 8 |
| സർപ്പ സാമ്രാജ്യത്തിലെ വൈവിദ്ധ്യങ്ങൾ. | |
| കോഴിപ്പൂവൻ-ഒരു പ്രതിഭാസമോ? | 10 |
| വെല്ലുവിളിക്കുന്ന കരിനാടൻ. | 13 |
| അത്യാഹിതം ഒഴിവാക്കുക. | 16 |
| സർപ്പസാമീപ്യം ഇല്ലായ്മ ചെയ്യുക | 19 |
| ആട്ടിപ്പുറത്താക്കുക. | 20 |
| കടിക്കാൻ മടിക്കുമോ? | 21 |
| നിഗ്രഹത്തിന് ഒററമൂലി. | 22 |
| സപ്പത്തെ അധീനമാക്കാമോ? | 22 |
| ദംശനത്തിനു കാരണം. | 22 |
| വിഷം ഭിന്നിച്ചാൽ. | 24 |
| പരീക്ഷണം. | 24 |
| അസാദ്ധ്യ വിഷലക്ഷണങ്ങൾ. | 25 |
| കാലപുരിയിലേക്കോ? | 25 |
| വിഷം രണ്ടു വിധം | 26 |
| വിഷവൈദ്യൻെറ ലക്ഷണം | 27 |
| ചികിത്സ അർഹിക്കാത്ത രോഗികൾ | 27 |
| ദൂതലക്ഷണം | 28 |
| ശുഭ ദൂതലക്ഷണം. | 29 |
| ദിക്കുകൾ മൂലം | 29 |
| ശ്വാസലക്ഷണം. | 30 |
| വചന ലക്ഷണം. | 31 |

| | |
|---|---|
| | പേജ്. |
| മാരകമായ കടിപ്രദേശങ്ങൾ, | 33 |
| വിഷം വ്യാപിച്ചാലുള്ള ലക്ഷണം. | 33 |
| സപ്തധാതുക്കളിലുംവിഷം വ്യാപിച്ചാൽ | 34 |
| വിഷപ്പല്ലുകൾ. | 34-36 |
| വിഷ ദോഷകോപലക്ഷണങ്ങൾ | 36 |
| സപ്തധാതു വിവരണം. | 37 |
| ധാതുവേഗം. | 37 |
| പ്രഥമ ചികിത്സ. | 38 |
| സപ്പവിഷവും ഉറക്കമിളപ്പും. | 41 |
| പഥ്യത്തിൻെറ പ്രാധാന്യം. | 42 |
| ഔഷധങ്ങളിൽ ശ്രദ്ധിക്കേണ്ട സംഗതികൾ | 42 |
| വിഷരോഗിയുടെ അപഥ്യങ്ങൾ | 44 |
| കഴിക്കാവുന്ന ഭക്ഷണങ്ങൾ. | 47 |
| മരുന്നു കഞ്ഞി. | 47 |
| കറികൾ. | 47 |
| മാംസം, | 47 |
| പാനീയങ്ങൾ. | 48 |
| പഴവർഗ്ഗം. | 48 |

രണ്ടാംഭാഗം

വിഷചികിത്സ

| | |
|---|---|
| 1. മൂർഖൻ | 49 |
| വിഷപ്പല്ലും വിഷവീര്യവും | 51 |
| വിഷലക്ഷണം | 51 |
| പ്രതിവിധികൾ | 52 |
| A-ലഘുഔഷധങ്ങൾ | |
| B. കഷായം | 52 |
| C. ഗുളികകൾ | 53 |
| D. നസ്യം | 54 |
| E. അഞ്ജനം | 54 |
| F. ലേപനം | 54 |
| G. മററു ചികിത്സകൾ | 55 |

| | | പേജ്. |
|---|---|---|
| | അനുബന്ധരോഗങ്ങൾ | 55 |
| | A. ബോധക്ഷയം | 56 |
| | B. നീരു് | 56 |
| | C. ചിത്തഭ്രമം | 57 |
| | D. പനി | 57 |
| | E. സന്ധി, അസ്ഥിവേദന | 57 |
| | F. രക്താതിസാരം | 57 |
| | G. തലവേദന | 57 |
| | H. രുചിഭേദം | 58 |
| | I. മലമൂത്രബന്ധം | 58 |
| | J. വ്രണം കരിയുവാൻ | 58 |
| 2. | മണ്ഡലി | |
| | 1. ചേനത്തണ്ടൻ | 58 |
| | 2. ചുരുട്ടമണ്ഡലി | 63 |
| | 3. മുളമണ്ഡലി | 66 |
| | ധാതുവേഗവും ചികിത്സയും | 68 |
| | പ്രതിവിധികൾ | 69 |
| | A. ലഘുഔഷധങ്ങൾ | |
| | B കഷായം | 69 |
| | C. ഗുളികകൾ | 70 |
| | D. നസ്യം | 70 |
| | E. അഞ്ജനം | 70 |
| | F ലേപനം | 71 |
| | അനുബന്ധരോഗങ്ങൾ | 71 |
| | A. രക്താതിസാരം | 72 |
| | B. ബോധക്ഷയം | 72 |
| | C. നീരു് | 73 |
| | D. പനി | 73 |
| | E. രുചിക്കുറവു് | 73 |
| | ഉഗ്രവിഷത്തിനു് | 74 |
| 3. | രാജിലം. | 74 |
| | വെള്ളിവരയൻ | 76 |
| | വെള്ളിത്തലയനും ചേരലാവും | 76 |

പേജ്.

വിഷലക്ഷണം 77
ധാതുവേഗവും ചികിത്സയും 78
പ്രതിവിധികഠം 79
A. ലഘുഔഷധങ്ങഠം 79
B. കഷായം 79
C. ഗുളികകഠം 80
D. നസ്യം 80
E. അഞ്ജനം 81
F. ലേപനം 81
G. തളം 81
അനുബന്ധരോഗങ്ങഠം 81
A. ബോധക്ഷയം 81
B. മലമൂത്രബന്ധം 82
C. നീരു് 82
D. കഫം 83
E. വ്രണംകരിയുവാൻ 83
4. വേന്ദ്രൻ (വേന്തിരൻ) 83
പ്രതിവിധികഠം 85
സവ്വവിഷങ്ങഠംക്കും പൊതുവായുള്ള പ്രതിവിധികഠം 87
ലിംഗഭേദം, വിഷലക്ഷണം, പ്രതിവിധികഠം 88
1. പുരുഷസപ്പം 89
2. സ്ത്രീസപ്പം 89
3. സപ്പകന്യക 89
4. ബാലസപ്പം 90
പരീക്ഷണം 90
സപ്പവിഷചികിത്സ 90
A. ചിത്തഭ്രമം 95
B. പനി 95
C. നീരു് 95
D. മൂത്രം മഞ്ഞയായാൽ 96
E. ഉഷ്ണവും പരവേശവും 96

പേജ്.
F. ഛർദ്ദിൽ 96
രോമകൂപത്തിലൂടെയുള്ള രക്തസ്രാവം 97
കഷായം, ചൂർണ്ണം, ദശപുഷ്പം, ഒൻപതി
ലക്കിഴി 99-100
അനുഭവ ചികിത്സകൾ
കീടവിഷ ചികിത്സകൾ.

## ഈ ഗ്രന്ഥത്തെപ്പററി

ഞാൻ ഇതിനു മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളിൽ നിന്നും വ്യത്യസ്തമായരീതിയിൽ സർപ്പവിഷം, എലിവിഷം, മററു കീടലൂതാദിവിഷങ്ങൾ ഉപവിഷങ്ങൾ ഇവയ്ക്കുമാത്രം പ്രാധാന്യം കൊടുത്തുകൊണ്ടു് എഴുതിത്തീർന്നിട്ടുള്ള ഈ "വിഷപ്പാമ്പുകളും വിഷാന്തകങ്ങളും" എന്ന ഗ്രന്ഥം നിലവിലുള്ള വിഷവൈദ്യന്മാർക്കും വിഷവൈദ്യം അഭ്യസിക്കുന്ന വിദ്യാർത്ഥികൾക്കും മററുള്ളവർക്കും മനസ്സിലാകത്തക്കവിധത്തിൽ കഴിയുന്നതും ലളിതമായ ഭാഷയിൽ കഴിവതും വിഷചികിത്സ ഉൾക്കൊള്ളിച്ചുകൊണ്ടു് ആയുർവ്വേദ ശാസ്ത്രത്തെ അടിസ്ഥാനമാക്കി രചിച്ചിട്ടുള്ളതാണെന്നു് പറയുവാൻ സന്തോഷമുണ്ടു്. ഞാൻ പാഠിച്ചിട്ടുള്ള ചകിത്സകളിൽ മിക്കതും ചെയ്തു് അനുഭവത്തിൽ ഇരിക്കുന്ന ഔഷധങ്ങളും സമഗ്രമായി ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ടു്.

ഇതിൽ വന്നിട്ടുള്ള ന്യൂനതകൾ സഹൃദയർ ക്ഷമിക്കുകയും തെററുകളും പോരായ്മകളും പണ്ഡിതർ ചൂണ്ടികാണിക്കുകയും വസ്തുനിമഷ്ഠായ വിമർശനങ്ങൾ സ്വാഗതം ചെയ്യുകയും ചെയ്തുകൊണ്ടു് ഈ ഗ്രന്ഥത്തെ സഹൃദയ സമക്ഷം സമർപ്പിച്ചുകൊള്ളട്ടെ.

ഗ്രന്ഥകർത്താവു്.

## അഭിപ്രായം

റവ: സൈമൺ സി. എം. ഐ. പുതുതായി എഴുതിത്തീൎന്നിട്ടുള്ള വിഷാന്തകവും വിഷപ്പാമ്പുകളും എന്ന പുസ്തകം ഞാൻ വായിച്ചു. ഈ പുസ്തകം ഇതിനുമുമ്പ് എഴുതിയിട്ടുള്ള വിഷവൈദ്യാമൃതം, വിഷവൈദ്യം, പ്രാഥമിക ചികിത്സകളും പ്രത്യൗഷധങ്ങളും, ഭൈഷജ്യരത്നാകരം, വിഷചികിത്സാസമുച്ചയം എന്നീ മുൻഗ്രന്ഥങ്ങളേപ്പോലെ ഉള്ളതല്ല വിഷാന്തകവും വിഷപ്പാമ്പുകളും. ഇതു് വിഷവൈദ്യന്മാൎക്കും വിഷവൈദ്യം പഠിക്കുന്ന വിദ്യാൎത്ഥികൾക്കും മററു വൈദ്യന്മാൎക്കും എന്നല്ല ഓരോ കുടുംബത്തിലും ഒരു പ്രതി ഈ പുസ്തകത്തിന്റെ ഇരിക്കേണ്ടതാണു്.

വിഷം എന്ന മാരകമായ ആപൽസന്ധിയിൽ മററാരുടെയും സഹായംകൂടാതെ ചികിത്സിക്കുന്നതിനും ശമനം വരുത്തുന്നതിനും ഈ പുസ്തകത്തിൽ വിവരിക്കുന്ന ഒററമൂലികകൾ വളരെ സഹായകമാണു്. സംസ്കരിച്ച ഔഷധങ്ങളേക്കാൾ പ്രാധാന്യം പച്ചമരുന്നുകൾക്കു് കൊടുത്തുകൊണ്ടും വിഷദോഷങ്ങളുടെ വേഗചികിത്സയെ ഉൾക്കൊള്ളിച്ചുകൊണ്ടും എലിമുതൽ ഉള്ള കീടലൂതാദികളുടെയും സ്ഥാവരവിഷങ്ങളുടെയും വിരുദ്ധഭക്ഷണങ്ങളുടെ ചികിത്സയേയും സമഗ്രമായി പ്രതിപാദിച്ചിട്ടുള്ള ഈ ഗ്രന്ഥം ആൎക്കും ഒരമൂല്യ സമ്പത്തുതന്നെ എന്നു പറയുന്നതിൽ ഒട്ടും മടിതോന്നുന്നില്ല.

ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ എഴുതി പൊതുജനങ്ങൾക്കും മററു വൈദ്യന്മാൎക്കും വൈദ്യവിദ്യാൎത്ഥികൾക്കും തന്റെ അറിവിനെ പകൎന്നുകൊടുക്കുവാൻ തോന്നിയ മഹാമനസ്കതയ്ക്കു ഇദ്ദേഹത്തെ എത്രതന്നെ പ്രശംസിച്ചാലും അധികമാകുമെന്നു ഞാൻ കരുതുന്നില്ല.

ഈ ഗ്രന്ഥത്തിന്റെ കോപ്പികൾ എത്രയും പെട്ടെന്നു് വിററഴിഞ്ഞു പുനപ്രസിദ്ധീകരണത്തിനു് ഗ്രന്ഥകൎത്താവി

നെ പ്രേരിപ്പിക്കട്ടെ എന്നു് ആശംസിച്ചുകൊണ്ടു് ഈ ഗ്രന്ഥത്തിനും ഗ്രന്ഥകാരനും എൻെറ ഹൃദയംഗമമായ അഭ്യുദയങ്ങൾ ആശംസിച്ചുകൊള്ളട്ടെ.

സസ്നേഹം

പി. കെ. രവീന്ദ്രൻനായർ,

സക്കാർഗ്രാൻറു് വൈദ്യൻ. ഒപ്പ്.

റവ. സൈമൺ സി. എം. ഐ. അവറുകൾ എഴുതിയ "വിഷപ്പാമ്പുകളും വിഷാന്തകങ്ങളും" എന്നഗ്രന്ഥം ഞാൻ വളരെ ശ്രദ്ധിച്ചു വായിക്കുകയുണ്ടായി. സാധാരണ ജനങ്ങൾക്കു പോലും നല്ലവണ്ണം മനസ്സിലാക്കി വേണ്ടതായ പ്രതിവിധികൾ ഉടനടൻ ചെയ്യത്തക്കവണ്ണം, അമ്പതിലേറെ വർഷങ്ങൾ ഒരു വിഷഹാരിയായി, ശാസ്ത്രീയമായി അനുസ്യൂതം പ്രവൎത്തിച്ചതിൽനിന്നുള്ള സ്വാനുഭവങ്ങൾ ഗ്രന്ഥരൂപത്തിൽ പകൎത്തി വച്ചിരിക്കുകയാണദ്ദേഹം. അനുഭവസ്ഥരായ ഭിഷഗ്വരന്മാരോടുകൂടി അനേകം ദിവ്യൗഷധങ്ങൾ മറഞ്ഞുപോയിട്ടുണ്ടെന്നുള്ള ദുഃഖസത്യം വിസ്മരിക്കത്തക്കതല്ല. റവ: സൈമനെപ്പോലുള്ള അനുഭവസമ്പന്നരായ ശ്രേഷ്ഠവൈദ്യന്മാർ അദ്ദേഹത്തിനെ അനുകരിച്ചിരുന്നു എങ്കിൽ! എന്നു് ചിന്തിച്ചുപോകുകയാണു്.

ഈ പുസ്തകം വായിക്കുമ്പോൾ തന്നെ സർപ്പങ്ങളെ സംബന്ധിച്ചു് സാമാന്യജ്ഞാനം ഏതു പാമരനുപോലുമുണ്ടാകും. മാത്രമല്ല അതിനുള്ള പ്രതിവിധികൾ നിഷ്പ്രയാസം ചെയ്യുവാനും സാധിക്കും എന്നുള്ള ഒരു പ്രത്യേകത ഇതിലടങ്ങിയിട്ടുണ്ടു് സർപ്പദംശമേല്ക്കാതിരിക്കുവാനുള്ളമാർഗ്ഗങ്ങളും അദ്ദേഹം പ്രത്യേകം വിശദീകരിച്ചിട്ടുണ്ടു്

ഐഹികസുഖങ്ങൾ സകലതും പരിത്യജിച്ചു് ബ്രഹ്മചാരിയായി, "ആതുരശുശ്രൂഷയാണു് മറേറതിനേ

ക്കാറം അത്യുന്നതപദവി നല്കുന്നതു്''' എന്ന ചിന്തയോടെ അരശതാബ്ദത്തിലേറെക്കാലം പലസ്ഥലങ്ങളിലും പ്രശസ്തമായി വിഷചികിത്സ നടത്തി അനേകക്കു് പ്രാണദാനം ചെയ്തിട്ടുള്ള ദേഹമാണു് റവ. സൈമൺ സി. എം. ഐ അവർകറം. അതുപോലെ തന്നെ മററു ചികിത്സാസമ്പ്രദായങ്ങളിലും അദ്ദേഹത്തിൻെറ കഴിവു് പ്രദർശിപ്പിച്ചിട്ടുണ്ടു്.

ഈ ഗ്രന്ഥത്തിൽ തന്നെ സാധാരണമായി ഉണ്ടാകാവുന്ന കീടവിഷങ്ങളെ ക്കറിച്ചു് സമഞ്ജസമായി പ്രതിപാദിച്ചിട്ടുണ്ടു്; അവയുടെ പരിഹാരങ്ങളും വിശദമായി ലേഖനം ചെയ്തിട്ടുണ്ടു്. ഈ പുസ്തകം എല്ലാതലത്തിലുമുള്ളവക്കും പ്രയോജനപ്പെടട്ടെ എന്നു് പ്രാത്ഥിക്കുകയും ഗ്രന്ഥകത്താവിനു് സവ്വഭാവുകങ്ങളുമാശംസിക്കുകയും ചെയ്തുകൊള്ളുന്നു.

എന്നു് സ്നേഹപൂവ്വം വി. എസ്സ്. എ. വാര്യർ.

(ഒപ്പ്.)

വൈദ്യ വിശാരദ് ഡാക്ടർ വി. എസ്സ്. എ. വാര്യർ,

ആയുവ്വേദശിരോമണി,

മാനേജിംഗ് ഫിസിഷ്യൻ & പ്രൊപ്രൈററർ,

ദി കോട്ടയ്ക്കൽ അര്യവൈദ്യശാല,

ഏജൻസി–ടെമ്പിറം റോഡ്,

കോട്ടയം.

8–12–72.

# സർപ്പോല്പത്തി

## അഷ്ടനാഗങ്ങളും സർപ്പവിഭാഗാദികളും

അനന്തോ ഗുളികശ്ചൈവ വാസു കീശംഖുപാലകഃ
തക്ഷകശ്ച മഹാപത്മ! പത്മ! കാക്കോടകസ്തഥാ
നാലുവംശത്തിലും കൂടി എട്ടുനാഗങ്ങളിങ്ങനെ
സംഭവിച്ചതുപോൽ പണ്ടുഭീമകാമശരീരികരം.

അനന്തൻ, ഗുളികൻ, വാസുകി, ശംഖുപാലകൻ, തക്ഷകൻ, മഹാപത്മൻ, പത്മൻ, കാക്കോടകൻ എന്നിങ്ങനെ 8 നാഗങ്ങരം ആദ്യമായി ഉണ്ടായി എന്നും ഇവർ ഭീമശരീരികളും, കാമരൂപികളും ആണെന്നും പറയുന്നു.

ഇവർ എട്ടുപേരും ബ്രാഹ്മണ ക്ഷത്രിയ വൈശ്യശൂദ്ര ജാതികളാണു് എന്നു തിരിച്ചിരിക്കുന്നു.

ഇതിൽ വിപ്ര സപ്പങ്ങളാണു് അനന്തനും ഗുളികനും. ഇവർ വൈശ്വാനരൻെറ പുത്രന്മാരാണെന്നും മനസിലാക്കണം. ഇവർ നിറത്തിൽ തീയുടെ (വഹ്നി) നിറവും ആയിരം പത്തികളോടുകൂടിയവരും ഒരോ പത്തിയിലും ചക്രത്തിൻെറ അടയാളങ്ങളോട്ടുകൂടിയവരും ആകുന്നു.

വാസുകിയും ശംഖുപാലനും ഇന്ദ്രൻെറ മക്കളാണു്. പീതവണ്ണമുള്ളവർ ജാതിയിൽ ക്ഷത്രിയന്മാരാകുന്നു. ഇവക്കു് 400 വീതം പത്തികളും ലാംഗലം പോലെ പത്തികളിൽ അടയാളവും ആകുന്നു. (ലാംഗലം = കലപ്പ)

തക്ഷകനും, വാസുകിയും വായുപുത്രന്മാരാണു്. ജാതിയിൽ വൈശ്യന്മാരാണു്. നിറം ശ്യാമമാണു്. ഇവക്കു് 500 പത്തികരംവീതം ഉണ്ടു്. അടയാളം കുടയുടേതാണു്.

പത്മനും കാക്കോടകനും ജാതിയിൽ ശൂദ്രന്മാരും ഇവർ വരുണപുത്രന്മാരുമാണു്. വെളുത്ത നിറത്തോടുകൂടിയവരും ഇവർക്കു് 300 പത്തികരംവീതം ഉണ്ടെന്നും അടയാളം സ്വസ്തികമാണെന്നുംമനസിലാക്കണം.

ഇവർക്കു് സുതന്മാരായി 500 വീതം ഉണ്ടായി എന്നും പിതാക്കന്മാരുടെ തുല്യന്മാരായിരുന്നു എന്നും ഇവർക്കും അസംഖ്യം മക്കൾ ഉണ്ടായി എന്നും ഇവകളെ ഗരുഡൻ കൊന്നുഭക്ഷിച്ചു എന്നും അതുമൂലം ശേഷിച്ചവർ ഭയന്നു് അനന്തൻ വിഷ്ണുവിനേയും വാസുകി ശിവനേയും തക്ഷകൻ ഇന്ദ്രനേയും ശരണം പ്രാപിച്ചു എന്നും ശേഷിച്ചവർ നാനാദേശങ്ങളിലും ശൈലകന്ദരങ്ങളിലും പാരാവാരോദരത്തിങ്കലും ബലാമന്ദിരങ്ങളിലും ഇന്ദ്രലോകത്തിലും ഭൂമിയിലുംചെന്നു വസിച്ചുവരുന്നു എന്നും മനസിലാക്കുക.

ഭൌമസർപ്പങ്ങൾ

മൂർഖ, മണ്ഡലി, രാജിലവേന്ദ്രന്മാർ ഭൂമിയിൽ വസിക്കുന്ന വർഗ്ഗങ്ങളാണു്. ഇവർ പൂർവ്വനാഗപരമ്പരകളാണു്. ഇതിൽ വേന്ദ്രൻ സങ്കരവർഗ്ഗമാണെന്നു മനസ്സിലാക്കണം.

ജന്തുക്കളുടെ എണ്ണങ്ങളും മററും പിന്നീടു പറയുന്നതാണു്.

സർപ്പങ്ങളുടെ ഗർഭം ഉല്പത്തി മുതലായവ

സർപ്പങ്ങൾക്കു് കർക്കടകാദി മാസങ്ങളിൽ ഗർഭം ഉണ്ടാകുന്നു. നാലുമാസം കഴിഞ്ഞു് മുട്ടയിടുന്നു. ഇതു് 7 മുട്ടവീതം മൂന്നുസ്ഥലങ്ങളിൽ ആയിട്ടാണു് മുട്ടയിടുന്നതു്. ഇങ്ങനെ ഒരുസമയം 21 മുട്ടയാണു് ഒരുസർപ്പം ഇടുന്നതു്.

ഈ മുട്ടകൾ ചുവപ്പുനിറത്തിലും പീതവർണ്ണത്തിലും സമ്മിശ്രമായ നിറത്തിലും ആണു്. ഈ മുട്ടകളിൽ സമ്മിശ്രനിറമുള്ള മുട്ടയിൽ ഉള്ളകുഞ്ഞുങ്ങൾ നപുംസകങ്ങളാണു്. ചുവപ്പുനിറമുള്ളമുട്ടയിൽ സ്ത്രീവർഗ്ഗവും പീതമായതു് പുരുഷവർഗ്ഗവുമാണു്. മുട്ടയിടുന്നപാമ്പു് മുട്ടയിടുന്ന സ്ഥലത്തുതന്നെ ഉണ്ടായിരിക്കും. പതിനഞ്ചു ദിവസം കഴിഞ്ഞാൽ മുട്ടകൾ വിരിഞ്ഞു് കുഞ്ഞുങ്ങൾ പുറത്തുവരുന്നു.

ഇതിന്ന് അഞ്ചംഗുലം നീളം ഉണ്ടായിരിക്കും. തലകൃഷ്ണനിറത്തോടുകൂടിയതായിരിക്കും. നിറം ചുവപ്പായിരിക്കും. ഇതിൽ മൂന്നു കുഞ്ഞുങ്ങളെ ഒഴിച്ച് ബാക്കിഎല്ലാം തള്ളതന്നെ തിന്നുന്നുഎന്നാണ് പറയുന്നത്.

ഇതിൽ 1സ്ത്രീയും 1പുരുഷനും 1നപുംസകവുമായിരിക്കും ശേഷിക്കുന്നവ. പാമ്പിൻകുഞ്ഞുങ്ങൾ 7 ദിവസം കഴിഞ്ഞേ കണ്ണുതുറക്കുകയുള്ളു. പിന്നീട് 5ദിവസം കൂടികഴിഞ്ഞാൽ ബോധം ഉണ്ടാകുന്നു. പിന്നീടു് സൂര്യനെ നോക്കി ശക്തിആർജ്ജിക്കുന്നു.

## സർപ്പദന്ത വിവരണം

പാമ്പുകൾ മുട്ട വിരിഞ്ഞു് 20 ദിവസം ചെന്നാൽ പല്ലുകൾ 32 എണ്ണം ഉണ്ടാകും. ഇതിൽ നാലാണ് വിഷപ്പല്ലുകൾ. അതുകളുടെ വിവരണം പിന്നീട് ഉണ്ടായിരിക്കുന്നതാണ്.

## സഞ്ചാരാദികൾ

ഒരു മാസം കഴിഞ്ഞു് തള്ളയെ കൂടാതെ സ്വതന്ത്രമായി സഞ്ചരിയ്ക്കുവാൻ തുടങ്ങും. ഇങ്ങനെ 6 മാസം കഴിഞ്ഞു് തോൽ ഉരിയുകയും ഒരു മുഴം നീളം അപ്പോഴേയ്ക്കു് ഉണ്ടായിരിക്കുകയും ചെയ്യും.

പാമ്പിന്ന് ഇരുവശങ്ങളിലുമായി 24കാലുകൾ ഉണ്ടെന്നാണ് പറയുന്നത്. ഇതു് കാണാൻ പ്രയാസമുള്ളവയാണ്. പാമ്പുകൾ കണ്ണുകൊണ്ടു് കേൾക്കുകയും കാണുകയും ചെയ്യുന്നു. നാക്കിൻെറ അററം രണ്ടായിട്ടാണ് ഇരിക്കുന്നതു്. വലിയ ദേഷ്യമുള്ള പ്രകൃതവുമാണ്.

പാമ്പുകൾക്ക് ശത്രുഭയം ഉണ്ടായില്ല എങ്കിൽ 120 വയസ്സാണ് പ്രായം എന്നു മനസ്സിലാക്കണം.

വിപ്രജാതിസർപ്പങ്ങൾ പൂർവ്വാഹ്നത്തിൽ സഞ്ചരിക്കുന്നു. ഇതിന്നു് വായു ഭക്ഷണം. നിധി നിക്ഷേപധനം ധാന്യസൂക്ഷിപ്പുസ്ഥലം പർവ്വതങ്ങൾ വനങ്ങൾ ഇവിടെ എപ്പോഴും വസിക്കുന്നു.

രാജസർപ്പങ്ങൾ മദ്ധ്യാഹ്നത്തിങ്കൽ സഞ്ചരിക്കുന്നു. ഈ വർഗ്ഗത്തിന്നു് മററുള്ള ജന്തുക്കളെ ഭയം വളരെ കുറവാണു്. ഇവയുടെ ജീവനത്തിലും സ്വഭാവത്തിലും ഭക്ഷണാദികളിലും രാജകീയത സ്വാഭാവികമാണു്. രാജസർപ്പങ്ങളുടെ ഭക്ഷണം പ്രധാനമായി എലിയാണു്. ഇവർപ്രാകാര ദേശങ്ങളിലും പുണ്യവൃക്ഷങ്ങളുടെ കോടരങ്ങളിലും താമര യിലകളിലും പൂക്കളിലും താമസിക്കുന്നു.

വൈശ്യജാതിസർപ്പങ്ങൾ സായാഹ്നകാലങ്ങളിൽ സഞ്ചരിക്കുന്നു. ഭക്ഷണത്തിനു തവളയാണു് പ്രധാനം.

തെരുവീഥികളിലും പലതരത്തിലുള്ള പൊത്തുകളിലും പുരയുടെ മുററത്തിനു സമീപവും സദാജീവിക്കുന്നു. ശൂദ്രജാതി സർപ്പങ്ങൾ രാത്രികാലങ്ങളിലാണു്. കിട്ടുന്നതെല്ലാം തിന്നുകയും വെള്ളപ്രദേശത്തും, യാഗശാല, പശുഗൃഹങ്ങൾ, പൊട്ടക്കിണർ, നാൽക്കവല, ജീർണ്ണിച്ച വൃക്ഷകോടരങ്ങളിലും, ദ്വീപുകളിലും താമസിക്കുന്നു.

ബ്രാഹ്മണ സർപ്പങ്ങൾ മണമുള്ള പുഷ്പങ്ങൾ, മാർദ്ദവമുള്ള പൂക്കൾ ഇവ ഭക്ഷിക്കുന്നു.

രാജസർപ്പങ്ങൾ പാലു്, വെള്ളം, മധുരപദാർത്ഥങ്ങൾ ഇവ ഭക്ഷിക്കുന്നു.

വൈശ്യസർപ്പങ്ങൾ ഉപ്പു്, തേൻ, മുതലായവയും മുൻപറഞ്ഞ ഭക്ഷണങ്ങളും ഭക്ഷിക്കുന്നു.

ശൂദ്രജാതിസർപ്പങ്ങൾ എല്ലാ ഭക്ഷണങ്ങളും ഭക്ഷിക്കുമെന്നു മുൻപറഞ്ഞതല്ലൊ.

എല്ലാജാതി സർപ്പങ്ങളും വാല്മീകത്തിൽ വസിക്കും. വിപ്രസർപ്പങ്ങൾ മേലോട്ടു നോക്കുന്നവയും രാജസർപ്പങ്ങൾ നേരേനോക്കുന്നവയുമാണ്. രണ്ടുഭാഗത്തേയ്ക്കും വൈശ്യസർപ്പം നോക്കും. കീഴോട്ടുഭൂമിയെ മാത്രം നോക്കി സഞ്ചരിക്കുന്നവയാണ് ശൂദ്രജാതിസർപ്പങ്ങൾ എന്നു മനസ്സിലാക്കണം.

## സർപ്പദംശനകാരണം

സർപ്പങ്ങൾ വസിക്കുന്നപ്രദേശത്തു മുട്ടയിട്ടുകിടക്കുമ്പോൾ കണ്ടുമുട്ടുകയോ ചവിട്ടുകയോതട്ടുകയോചെയ്യുമ്പോഴും ഭയംകൊണ്ടും ഭ്രാന്തുകൊണ്ടും വിശപ്പും ദാഹവും കൂട്ടതൽ ഉള്ളസമയത്തും വിഷം അധികരിക്കുന്നസമയങ്ങളിലും ഭക്ഷണദ്രവ്യമാണെന്നുകരുതിയും ജന്മാന്തരങ്ങളിൽ ഉള്ള പാപംകൊണ്ടും സർപ്പദംശനം ഉണ്ടാകുന്നതാണ്.

## വിഷദംശ ശക്തി

പൂർവ്വവൈരാഗ്യമുള്ള പാമ്പ് കടിച്ചാൽ രോഗി മരിക്കും എന്ന് നിസ്സംശയം പറയാം. അതുപോലെ ഭ്രാന്തിളകി പാമ്പുകടിച്ചാൽ അതും മരണകരമായ വിഷമാണ്. കോപം കൊണ്ടുകടിച്ചതാണെങ്കിലും വിഷം വളരെ ശക്തിയാണ്. വിശപ്പുള്ളപാമ്പു ദംശിച്ചാലും വിഷം ഭയങ്കരമായിരിക്കും. പേടിച്ചുകടിച്ചതാണെങ്കിൽവിഷം ഇല്ലെന്നുതന്നെ പറയാം. മററു കാരണങ്ങൾകൊണ്ടുള്ള കടിയാണെങ്കിലും വിഷം ചികിത്സിച്ചു ശമിപ്പിക്കാവുന്നതാണ്. വെള്ളത്തിൽ വീണപാമ്പാണ് കടിച്ചതെങ്കിൽ വിഷം തീരെ കുറവായിരിക്കും.

ഭയന്നു കടിച്ചതാണെങ്കിൽ സ്വല്പം വിഷം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. ക്രീഡിച്ചു ക്ഷീണിച്ചപാമ്പാണു കടിച്ചതെങ്കിലും വിഷം വളരെ കുറവായിരിക്കും.

ദേശസഞ്ചാരം ചെയ്തുവന്നപാമ്പാണ് കടിച്ചതെങ്കിൽ അതിനും വിഷം സ്വല്പമായ്‌വരും.

ഭക്ഷണം കഴിച്ചശേഷം കടിച്ചാലും വിഷം കുറവായിരിക്കും.

വിഷശമനൗഷധങ്ങളുടെ കീഴിൽ ജീവിക്കുന്ന പാമ്പു കടിച്ചാലുംവിഷം ശമിക്കുന്നതിനാണ് എളുപ്പം.

ഇങ്ങനെയുള്ള വിഷങ്ങൾ അറിഞ്ഞു് ശക്തിയനുസരിച്ചു് ചികിത്സിക്കേണ്ടതു് വൈദ്യൻെറ കർത്തവ്യമാണ്. ഇങ്ങനെ ചെയ്താൽ രോഗികൾക്കു രോഗശമനവും വൈദ്യനു് സൽകീർത്തിയും വർദ്ധിക്കുന്നതാണ്.



ഗ്രന്ഥകർത്താവ്

# ഒന്നാം ഭാഗം

സർപ്പം! ആ ശബ്ദം കേട്ടാൽമതി അറപ്പും, വെറുപ്പും, അരിശവും, അങ്കലാപ്പുമുണ്ടാവുക സ്വാഭാവികമാണു്. ജന്തുലോകത്തിലെ ഏററവും വലിയ വൈകൃതമായ ഈ ഉരഗവർഗ്ഗത്തിൻെറ ആകാരവും അംഗവിക്ഷേപവും വക്രഗതിയിലുള്ള പ്രയാണവുമൊക്കെ എന്തെന്തു പ്രതികരണമാണു് നമ്മിൽ ഉളവാക്കുന്നതു്? വളഞ്ഞുപുളഞ്ഞ പോക്കും ശാന്തഗംഭീരമായ നോട്ടവും, തല ഉയർത്തിയുള്ള വെല്ലുവിളിയും, ചാടിക്കൊത്തുന്ന പ്രകൃതിയും, പ്രതികാരത്തിൻെറ ചീററലുമൊക്കെ ഭീകരമായ ഈ ജീവികളുടെ സഹജമായ സവിശേഷതകളത്രെ. എന്നാൽ അനുഗ്രഹീതമായ വർണ്ണവൈവിദ്ധ്യവും, ഫണം വിരിച്ചുള്ള ഭരതനാട്യവും വളരെയധികം ആകർഷകങ്ങളാണു്, പ്രതിക്കൂട്ടിലെ കുററവാളിയെപ്പോലെ നിഷ്ക്കളങ്കത നടിച്ചുകൊണ്ടു്, പാമ്പാട്ടിയുടെ കുഴലിനുമുമ്പിൽ നൃത്തം വയ്ക്കുന്നതു് കാണുമ്പോൾ എന്തൊരു കൗതുകമാണു് നമുക്കനുഭവപ്പെടുക? ഇങ്ങനെയൊക്കെ ആണെങ്കിലും 'കണ്ടാൽ കല്ലെറിയണ'മെന്നൊരു വാസന എല്ലാമനുഷ്യരിലും കണ്ടുവരുന്നു. കാരണമെന്തെന്നല്ലേ? ധർമ്മസംസ്ഥാപനത്തിനായി ജന്മം കൊണ്ട ശ്രീകൃഷ്ണനെ നിഗ്രഹിക്കുവാൻ വേണ്ടി കാളകൂടം വമിപ്പിച്ച കാളിന്ദിയിലെ കാളിയൻെറ സന്തതി പരമ്പരകളല്ലേ ഇവററകൾ! ഏദനിലെ പറുദീസായിൽ മൊട്ടിട്ട മനുഷ്യവംശത്തെ പാപത്തിലേക്കു നയിക്കുവാൻ വേണ്ടി അബലയായ ഹവ്വായ്ക്കു് വിഷക്കനികൾ നൽകിയ ഈ വഞ്ചകവർഗ്ഗത്തെ വെറുതെവിടാനൊക്കുമോ? എന്തിനു് ശിലായുഗത്തിലെ പ്രാകൃതമനുഷ്യൻ വനാന്തരങ്ങളിലെ തൻെറ അനുദിനജീവിതത്തിൽ എത്രയെത്ര സർപ്പരാക്ഷസന്മാരുമായി ഏററുമുട്ടേണ്ടി വന്നിട്ടുണ്ടാവുമെന്നു്

ഒന്നൂഹിച്ചുനോക്കൂ! വിഷത്തിൻെറ വീര്യവും, മനസ്സി ൻെറ മൂഢത്വവും മൂലം നിമിഷങ്ങാംക്കുള്ളിൽ സാധുമനു ഷ്യൻ സർപ്പസന്തതിയുടെ ക്രൂരവിനോദത്തിനിരയാവു കയായി. കൈകാലുകാം കടഞ്ഞെടുത്തു മെയ്യിൽ വച്ചു പിടിപ്പിക്കും മുൻപു് സൃഷ്ടിയുടെ പണിപ്പുരയിൽനിന്നും ഒളിഞ്ഞുകടന്നു് കാട്ടിലഭയം തേടിയ ഈ ഉരഗവർഗ്ഗത്തി ൻെറ ഉന്മാദത്തിൽ എത്രയെത്ര മനുഷ്യജീവിതം തകർന്നു തരിപ്പണമായിട്ടുണ്ടാവും? നമ്മുടെ സർപ്പ വിദ്വേഷം ഇ വിടെ നിന്നു്—ഏദനിലെ ആദത്തിൻെറയും ഹവ്വായുടെ യും അരങ്ങേററം മുതൽ—ആരംഭിക്കുന്നു.

ഈ ഭീകര ജീവികാംക്കു നാശമില്ലെന്നു കരുതേണ്ട.

നാഗരാജാക്കന്മാരേ നിഗ്രഹിക്കുവാൻ വേണ്ടി പ്രകൃ തിയിൽ നിരവധി ജന്തുക്കളുണ്ടു്. ഈ പ്രതിയോഗിക ളെക്കണ്ടാൽ തൻെറ ജൈത്രയാത്ര മുടക്കി മാളത്തിലോ, മററു താവളത്തിലോ കയറി രക്ഷപ്പെടുവാനുള്ള പാമ്പുക ളുടെ പരാക്രമം ഒന്നു വേറെതന്നെ. കീരി, കരടി, കഴുകൻ, കാട്ടുകോഴി (നാട്ടുകോഴിയും അത്ര പിന്നിലല്ല), മയിൽ, ചെമ്പോത്തു്, ഉടുമ്പു് മുതല എന്നീ ജന്തുക്കാം എല്ലാം തന്നെ സർപ്പത്തിൻെറ സംഹാരമൂർത്തികളത്രെ. ഈ വന്യജീവികളുമായുള്ള ഏററുമുട്ടലുകാം വനാന്തർ ഭാഗ ങ്ങളിലെ ഏകാന്തതയെ ഭഞ്ജിക്കുവാൻ പര്യാപ്തമാണു്. ചിലപ്പോാം മണിക്കൂറുകളോളം ഈ മല്ലയുദ്ധം നീണ്ടുനി ന്നെന്നുവരും. എതിരാളികളിൽ ഏതെങ്കിലും ഒന്നു് തോ ററു പിന്നോക്കം പായുകയോ, ചത്തുവീഴുകയോ ചെയ്യും വ രെ രോമാഞ്ചജനകമായ ഈ സംഘട്ടനങ്ങാം തുടരും. വേട്ടയ്ക്കുപോകുന്ന വിരുതന്മാർപോലും ഈ യുദ്ധഭൂമിയി ലേയ്ക്കു് എത്തിനോക്കുവാൻ മിക്കവാറും ധൈര്യ പ്പെടാറില്ല.

സർപ്പങ്ങാം പൊതുവെ ഉപദ്രവകാരികളാണെങ്കിലും പരോക്ഷമായും പ്രത്യക്ഷമായും ഇവ നമുക്കു് വളരെയധി കം ഉപകാരം ചെയ്തുവരുന്നു. എലി മുതലായവയിൽനി ന്നും നമ്മുടെ വിളഭൂമികളെ ഒട്ടൊക്കെ സംരക്ഷിക്കുവാൻ

ഇവ നമ്മെ സഹായിക്കുന്നു. അതുപോലെ മാരകമായ നിരവധി രോഗങ്ങൾക്ക് സംസ്ക്കരിച്ച സർപ്പവിഷം ലോകമെങ്ങും പ്രത്യൗഷധമായി പ്രയോഗിക്കപ്പെട്ടുവരുന്നുണ്ട്. രക്തസമ്മർദ്ദം, കുഷ്ഠം മുതലായവയ്ക്ക് പാമ്പിൻ വിഷം വ്യാവസായിക അടിസ്ഥാനത്തിൽ ഉപയോഗിക്കപ്പെടുന്നു. സർപ്പവിഷത്തെ തടുക്കുവാൻ പ്രാചീനകാലം മുതൽ സർപ്പങ്ങളെ അഥവാ സർപ്പവിഷത്തെ ഉപയോഗിച്ചുവന്നിരുന്നു. വിഷബാധയേററ് മരണാസന്നനായി നാഗലോകത്തു് ചെന്നുചേർന്ന ഭീമസേനനെ നാഗങ്ങൾ വിഷം കൊത്തിവലിച്ച് രക്ഷിച്ചതായി സൂചനയുണ്ടല്ലോ. സംഹാരമൂർത്തിയായ ശിവൻെറ മെയ്യാഭരണങ്ങൾ പോലും സർപ്പങ്ങളായിരുന്നുവെന്നോർക്കുമ്പോൾ പൗരാണികകാലത്തു് ഇവയ്ക്കുണ്ടായിരുന്ന സ്ഥാനം ഊഹിക്കാവുന്നതേയുള്ളൂ. ഭൂമിയെ താങ്ങി നിർത്തുന്ന സപ്തനാഗങ്ങളുടെ പരമ്പരകൾ ലോകോപകാരപ്രദമായില്ലെങ്കിലേ അത്ഭുതമുള്ളൂ.

## സർപ്പസാമ്രാജ്യം

1954–ൽ അന്തർദേശീയ പഠന സംഘം സമർപ്പിച്ച റിപ്പോർട്ടിൽ പ്രതിവർഷം ശരാശരി 40000 ആളുകൾ ഭൂമുഖത്തു വിഷബാധമൂലം മരണമടയുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ഭാരതത്തിൽ മാത്രം പ്രതിവർഷം രണ്ടുലക്ഷത്തിൽപ്പരം ആളുകൾ ദംശനമേൽക്കുന്നു എന്നു പറയുമ്പോൾ ഇതിൻെറ ഭീകരതയെ സംബന്ധിച്ച ഒരു ഏകദേശചിത്രം നമുക്ക് ലഭിക്കുന്നു. ഇതിൽ പതിനാറായിരത്തോളമാളുകൾ മരണമടയുന്നു. ബ്രസിൽ, ഇൻഡ്യ ഈ രണ്ടു രാജ്യങ്ങളാണ് വിഷപ്പാമ്പുകളുടെ വിളഭൂമികൾ. ഇതുമൂലം ഏററവുമധികം ദുരന്തം സംഭവിക്കുന്നതും ഈ രാജ്യങ്ങളിലത്രേ.

ഭൂമുഖത്തു് 2000–ത്തിൽ പരം വിവിധ ജാതികളുൾപ്പെടുന്ന ബ്രഹത്തായ ഒരു സർപ്പസാമ്രാജ്യമാണുള്ളതു്. ഇതിൽ 300 ഇനങ്ങൾക്കുമാത്രമേ വിഷം വമിപ്പിക്കുവാൻ

കെൽപ്പുള്ളു. ലോകത്തൊട്ടാകെ 55 ജാതി കടൽപ്പാമ്പുകളുള്ളതിൽ ഇൻഡ്യൻ സമുദ്രതീരങ്ങളിൽ 20 ജാതികൾ മാത്രമേ കാണപ്പെടാറുള്ളു. അറേബ്യ മുതൽ ജപ്പാൻ വരെ നീണ്ടുകിടക്കുന്ന കടലോരപ്രദേശങ്ങളിലാണ് കടൽപ്പാമ്പുകളിലധികവും അധിവസിക്കുന്നതു്.

ഭാരതത്തിലൊട്ടാകെ മുന്നൂറാറിമുപ്പത്തു് ജാതി പാമ്പുകളുണ്ടെന്നാണ് അഗസ്ത്യമതം. ഇവയിൽ ഇരുപതിനം പാമ്പുകൾ ജലത്തിലും മററുള്ളവ കരയിലും വസിക്കുന്നു. കേരളത്തിൻെറ കടലോരങ്ങളിൽ മാത്രം ഒരു ഡസൻ കടൽപ്പാമ്പുകളുണ്ടു്. ചെറുകരയൻ, കണ്ണൂർ, മഞ്ഞക്കരയൻ, വലകടിയൻ, കിഴക്കൻ കോടാലി, വളയൻ കോടാലി, കടലോരക്കോടാലി, ചിററുളിപ്പാമ്പ്, കെറിലിപ്പാമ്പ്, കടൽമണ്ഡലി, തടിയൻ കടൽപ്പാമ്പ്, അറബിപ്പാമ്പ് മുതലായ പേരുകളിൽ ഇവ അറിയപ്പെടുന്നു. ഇവയിൽ ചിലതിനുമാത്രമേ വിഷമുള്ളു. എന്നാൽ കരയിലാകട്ടെ 76 വർഗ്ഗങ്ങൾക്ക് വിഷമുണ്ടു്. നമ്മുടെ നാട്ടിൻപുറങ്ങളിൽ, സാധാരണയായി കാണപ്പെടുന്ന മൂർഖൻ (വെമ്പാല അഥവാ സർപ്പം), മണ്ഡലി, രാജിലം, സങ്കരം (വേന്തിരൻ) ഇവയുടെ വിഷബാധമൂലമാണ് അധികമാളുകളും മരിക്കുന്നതു്.

മൂർഖൻ, മണ്ഡലി, രാജിലം, വേന്തിരൻ മുതലായ പാമ്പുകൾ ആപൽക്കാരികളാണെങ്കിലും അവ മനുഷ്യനു ചെയ്യുന്ന നിശബ്ദസേവനം വിലമതിയ്ക്കപ്പെടേണ്ടിയിരിക്കുന്നു. വിഷമുള്ള മൂർഖനും വിഷമില്ലാത്ത ചേരയും എലി, പെരുച്ചാഴി മുതലായവയെ വേട്ടയാടി നമ്മുടെ വിളഭൂമികളെ സംരക്ഷിക്കുന്നുവെന്നവസ്തുത അധികമാരും അറിഞ്ഞിരിയ്ക്കയില്ല. കർഷക ബന്ധുക്കളായ ഈ സർപ്പ വർഗ്ഗത്തിൻെറ തുകൽ കൗതുകവസ്തുക്കളായും, മാംസം വിശിഷ്ടാഹാരമായും വിഷം രക്തസമ്മർദ്ദത്തിനും കുഷ്ഠരോഗത്തിനും പ്രത്യൗഷധമായും ഉപയോഗിച്ചു വരുന്നു. കൃത്രിമോപായങ്ങൾ കണ്ടുപിടിക്കുന്നതിനുമുൻപ് പാമ്പിൻെറ വിസർജ്ജനവസ്തു ഒരു പ്രത്യേകതരം ചായനിർമ്മാണത്തിനുപോലും ഉപയോഗിച്ചിരുന്നുവത്രെ.

# വർഗ്ഗനിർണ്ണയം.

വിഷമുള്ളതും ഇല്ലാത്തതുമായ പാമ്പുകൾ ഇടകലർന്നു ജീവിക്കുന്നതിനാൽ ഇവയെ തിരിച്ചറിയുക ബുദ്ധിമുട്ടുള്ള കാര്യമാണു്. വ്യത്യസ്തജാതിയിൽ പെട്ടവയാണെങ്കിൽപോലും നിറത്തിൽ വളരെയധികം സാജാത്യം ഉണ്ടായെന്നു വരാം. ചേരയും മൂർഖനും തമ്മിലുള്ള വർണ്ണസാദൃശ്യം വളരെയധികം പേരെ വഴിപിഴപ്പിക്കുന്നുണ്ടല്ലോ. അതുപോലെ സ്വവർഗ്ഗ സർപ്പങ്ങൾക്കുപോലും നിറത്തിൽ വളരെയധികം വൈവിധ്യം കാണുവാൻ സാധിക്കും. ചില പ്രദേശങ്ങളിൽ ചേരയുടെ നിറം മഞ്ഞയാണെങ്കിൽ മററു ചിലേടങ്ങളിൽ കറുപ്പോ പച്ചയോ കലർന്ന മഞ്ഞയുമായിരിക്കും. അതുപോലെ മഞ്ഞച്ചേരയേയും പച്ചച്ചേരയേയും അനുസ്മരിപ്പിക്കുന്ന മൂർഖൻ പാമ്പുകളെയും അപൂർവ്വമായി കണ്ടെന്നു വരാം. ദേശവ്യത്യാസമനുസരിച്ചു് മൂർഖൻെറ നിറവും വ്യത്യസ്തമായിരിക്കും. കറുപ്പു്, വെളുപ്പു്, മഞ്ഞ ഈ നിറങ്ങളിൽ നമ്മുടെ നാട്ടിൻപുറങ്ങളിൽ പോലും മൂർഖനുണ്ടല്ലോ. ഫണം വിടർത്തുമ്പോൾ കാണപ്പെടുന്ന പ്രത്യേക അടയാളത്തെ ആസ്പദമാക്കി വർഗ്ഗനിർണ്ണയം ചെയ്യുന്നതു് പൂർണ്ണമായും ശരിയായിരിക്കുകയില്ല. കണ്ണട രൂപത്തിലുള്ള (ചന്ദ്രക്കലെ) അടയാളം ചിലതിലുണ്ടായിരിക്കുകയില്ല. എന്നാൽ ഒററക്കണ്ണടയും ഇരട്ടക്കണ്ണടയുമുള്ളവ സുലഭമാണു്. കരിനാടൻ (രാജവെമ്പാല), പഞ്ചനാഗം മുതലായ ഉപജാതികളിൽ പ്രായവ്യത്യാസമനുസരിച്ചു് നിറവും അടയാളവും ക്രമേണ മാറിക്കൊണ്ടിരിയ്ക്കും. പാമ്പിൻെറ ശരീരത്തിലുള്ള ശൽക്കങ്ങളുടെ എണ്ണവും വലിപ്പവും ആകൃതിയും സംവിധാനക്രമവും വിവിധ ജാതികളിൽ വ്യത്യസ്തമായിരിക്കും. അപ്രതീക്ഷിതമായി കടിയേല്ക്കുന്ന അവസരത്തിൽ ഇവയൊക്കെ സൂക്ഷ്മമായി നിരീക്ഷിയ്ക്കുക അസാധ്യമായതുകൊണ്ടു് ശൽക്കങ്ങളെ സംബന്ധിച്ചു് വിശദമായി വിവരിക്കേണ്ടതില്ല. സാധാരണ ദംശനമേല്ക്കുന്നയാൾ

നിറഭേദവും മററും നോക്കി ഏതു വർഗ്ഗമാണെന്നു് മനസ്സിലാക്കുക. വിവരം ഭിഷഗ്വരനെ അറിയിക്കുകയും ആണു് പതിവു്

ആയുവ്വേദത്തിൽ അവഗാഹമായ പാണ്ഡിത്യം നേടിയ വിഷവൈദ്യ വിശാരദന്മാരെ സംബന്ധിച്ചിടത്തോളം വർഗ്ഗനിർണ്ണയത്തിനു് പല ഉപാധികളും സ്വീകരിക്കാറുണ്ടു്. വിഷബാധയേററ ആരം ഏതു വർഗ്ഗത്തിലുള്ള പാമ്പാണു് തന്നെ കടിച്ചതെന്നു് പറയുമെങ്കിലും അതിനെ കാര്യമായി എടുക്കാറില്ല. പകരം വർഗ്ഗനിർണ്ണയവും വിഷവീര്യത്തിന്റെ ലഘുഗുരുത്വവും മനസ്സിലാക്കുന്നതിനു് പരമ്പരാഗതമായി സ്വീകരിച്ചു പോരുന്നതു് ദൂത ലക്ഷണങ്ങളാകുന്നു.

## പല്ലുകളുടെ ഘടന.

പാമ്പുകൾക്കു മുകളിലത്തെ അണയിൽ രണ്ടുവരിയും താഴത്തെ അണയിൽ ഒരു വരിയും കൂത്ത പല്ലുകളാണുള്ളതു്. അതിൽ മുകളിലത്തെ അണയിലെ ഒരു വരി പല്ലുകൾ അണ്ണാക്കിലാണു് സ്ഥിതി ചെയ്യുന്നതു്. കൈതയുടെ ഓല (ഇല) യുടെ ഇരുവശങ്ങളിലുമുള്ള മുള്ളുകളോടു് ഇവയ്ക്കു് രൂപ സാദൃശ്യമുണ്ടു്. സാധാരണ പല്ലുകളൊന്നും തന്നെ വിഷപ്പല്ലുകളുമല്ല.

വിഷപ്പല്ലുകൾ മുകൾ ഭാഗത്തെ അണയിൽ ഏതാണ്ടു് മുൻഭാഗത്തോ ചിലപ്പോൾ അല്പം പുറകോട്ടു മാറിയോ ആണു് കാണപ്പെടുന്നതു്. സാധാരണ പല്ലുകളേക്കാൾ വലിപ്പമുണ്ടെങ്കിലും വിവിധ ജാതികളിലെ വിഷപ്പല്ലുകൾക്കു് കാര്യമായ വ്യത്യാസമൊന്നുമില്ല. മുകളിലത്തെ ഓരോ അണയിലും ഓരോ വിഷപ്പല്ലുകൾ വീതമാണു് ചിലപ്പോൾ കാണപ്പെടുന്നതെങ്കിലും മിക്കയിനങ്ങളിലും ഈരണ്ടെണ്ണം വീതമുണ്ടായിരിക്കും. ഇവ പൊട്ടിപ്പോകുന്നപക്ഷം ആ വിടവു നികത്തുവാൻ 'പകരം പല്ലുകൾ' പ്രവത്തന സജ്ജമായി നിലകൊള്ളുന്നു. മൂർഖ

രാജില വർഗ്ഗങ്ങളിൽ ഓരോ വിഷപ്പല്ലിനു മടുത്തു് ഒന്നോ രണ്ടോ 'ഡെപ്യൂട്ടികരം' (പകരം പല്ലുകരം) മാത്രമേ കാണുകയുള്ളൂ. എന്നാൽ മണ്ഡലികളിൽ മൂന്നും നാലും ചിലപ്പോരം അതിലധികവും ഉണ്ടായിരിക്കും. ശരീരഘടനയുമായി താരതമ്യപ്പെടുത്തുമ്പോരം ഏററവും വലിയ വിഷപ്പല്ലുകരം മണ്ഡലിക്കും ഏററവും ചെറിയവ കടൽപ്പാമ്പുകരംക്കുമാണുള്ളതു്.

## വിഷപ്പല്ലുകളെ അവയുടെ പ്രത്യേക ഘടനയനുസരിച്ച് മൂന്നായി തിരിച്ചിരിക്കുന്നു.

വിഷം ഒലിച്ചുപോകുവാൻ ചാലുകളുള്ള വിഷപ്പല്ലുകരം ഒന്നാം വിഭാഗത്തിലും ചാലിൻെറ രണ്ടററവും മടങ്ങി ഏതാണ്ടു മൂടിയ രീതിയിലുള്ളവ രണ്ടാം വിഭാഗത്തിലും പെടുന്നു. മൂന്നാം വിഭാഗത്തിൽപ്പെടുന്ന പല്ലുകളിൽ ഇൻജക്ഷൻ സൂചിപോലെ ചാൽ (സുഷിരം) ഏതാണ്ടു നടുവിലായി കാണുന്നു.

ഉമിനീർ ഗ്രന്ഥി പോലുള്ള രണ്ടു വിഷഗ്രന്ഥികളാണു് പാമ്പിനുള്ളതു്. കണ്ണിനുതാഴെ അല്പം പിൻഭാഗത്തായി അവ സ്ഥിതി ചെയ്യുന്നു. ഇതിൻെറ ഭിത്തിയിൽ നിന്നു് ഊറുന്ന വിഷം ഒരു നിർഗ്ഗമന നാളിയിലൂടെ വിഷപ്പല്ലിൽ എത്തിച്ചേരുന്നു. പാമ്പു കടിക്കുമ്പോരം പല്ലുകരം ശരീരത്തിൽ പതിക്കുകയും വിഷം പല്ലിലൂടെ ശരീരത്തിലേയ്ക്കു് കുത്തിവയ്ക്കപ്പെടുകയും ചെയ്യുന്നു.

## വിഷപ്പാമ്പുകൾ നാട്ടിൻപുറത്തു്.

രാജിലങ്ങരം, പവിഴപ്പാമ്പു് (എഴുത്താണിമൂർഖൻ), മൂർഖന്മാർ, മണ്ഡലികരം, കടൽപ്പാമ്പുകരം എന്നിങ്ങനെ 5 തരത്തിൽപെട്ടവയാണു് നമ്മുടെ നാട്ടിലെ വിഷപ്പാമ്പുകരം.

രാജിലം നമ്മുടെ നാട്ടിലൊന്നേയുള്ളു. ഇതിനെ വെള്ളിക്കെട്ടൻ, വളകഴപ്പൻ, വളയിപ്പാൻ എന്നൊക്കെ വിളിയ്ക്കുന്നു. എഴുത്താണിമൂർഖൻ, എട്ടടിമൂർഖൻ, എഴുത്താണി വളയൻ എന്നിവയാണ് പവിഴപ്പാമ്പുകൾ. മൂർഖന്മാർ രണ്ടു ജാതിയുണ്ട്. പുല്ലാനി, (പുല്ലാന്നി) വെമ്പാല, സർപ്പം, നാഗം, നല്ലപാമ്പ് മുതലായ പേരുകളിലറിയപ്പെടുന്ന സാക്ഷാൽ മൂർഖനും കൃഷ്ണസർപ്പം രാജവെമ്പാല എന്നീ പേരുകളിലറിയപ്പെടുന്ന കരിനാടനും. ഏഴുതരം മണ്ഡലികളിൽ അഞ്ചെണ്ണം മരമണ്ഡലികളാണ്— പ്രായേണ സമത്ഥരുമാണ്. ബാക്കിയുള്ളവർ ചേനത്തണ്ടൻ, (പയ്യാനി മണ്ഡലി) ചുരുട്ടമണ്ഡലി ഇവർ മഹാകുഴപ്പക്കാരാണ്. മൂർഖൻ, രാജിലം, മണ്ഡലി, വേന്തിരൻ എന്നീ നാലു വർഗ്ഗത്തിൽപെട്ട പാമ്പുകളുടെ ദംശനത്താൽ അവശരാകുന്ന രോഗികളെയാണ് കേരളത്തിലെ ഭിഷഗ്വരന്മാർ അധികമായും ചികിത്സിക്കേണ്ടി വരുന്നതു്.

ഈ വർഗ്ഗത്തിൽപ്പെട്ട പാമ്പുകളുടെ പ്രത്യേകതകളും അവ വമിപ്പിക്കുന്ന വിഷത്തിൻെറ വീര്യവും തന്മൂലമുണ്ടാകുന്ന അസ്വാസ്ഥതകളെയും അവസ്ഥാവശ്യമായ പ്രതിവിധികളെയും മററും പററി വിശദമായി പ്രതിപാദിച്ചിരിക്കുന്നതു (രണ്ടാം ഭാഗം) നോക്കുക.

## സർപ്പം നാഗരീക ജീവിതത്തിൽ.

പൗരാണിക കാലഘട്ടത്തിനു മുന്നിൽ തിരശ്ശീല ഉയർത്തിക്കൊണ്ടു് ആധുനിക യുഗം ഉദയം കൊണ്ടു. ശാസ്ത്രം തലയുയർത്തി. സർപ്പപൂജയും സർപ്പപ്രസാദത്തിനായി നടത്തപ്പെട്ട മററു കർമ്മങ്ങളും (ആദിവാസികളുടെ ഇടയിൽ ഇപ്പോഴും അമിതപ്രാധാന്യമുണ്ട്) ഇന്നു നാട്ടിൻ പുറങ്ങളിൽ വളരെ വിരളമാണ്. സർപ്പങ്ങളെ സംബന്ധിച്ച് നൂററാണ്ടുകളായി നിലനിന്ന പല വിശ്വാസങ്ങളും കാലഹരണപ്പെട്ടു. പക്ഷേ നാഗരാജാക്കന്മാരെ അമ്മാനമാടുന്ന

നാടൻ ഭിഷഗ്വരന്മാരുടെ അത്ഭുതസിദ്ധികളും ഞൊടുക്ക പ്രയോഗവും ശാസ്ത്രത്തിൻെറയും യുക്തിവാദത്തിൻെറയും മുൻപിൽ ചോദ്യചിഹ്നങ്ങളുയർത്തുന്ന അവസരങ്ങൾ ഇന്നും ചുരുക്കമല്ല. പുരോഗമനത്തിൻെറ പുറംചട്ടയണിഞ്ഞ പല ആധുനികന്മാരും ഇവയെ അവഗണിച്ചിരുന്നുവെങ്കിലും അനുഭവത്തിൻെറ വെളിച്ചത്തിൽ പിൽക്കാലങ്ങളിൽ അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്.

സർപ്പനിരീക്ഷണം ഒരു കലയായി പരിഗണിച്ച് ശാസ്ത്രത്തിന് കനത്ത സംഭാവന നൽകുവാനും അതുവഴി മരണത്തിനു ''മോററട്ടോറിയം'' പ്രഖ്യാപിക്കുവാനും മുൻപെന്നത്തേകാളൗത്സുക്യം ഇന്നു പലരും പ്രദർശിപ്പിക്കുന്നുണ്ട്. സ്വൈരമായി കാട്ടിലലയുന്ന പാമ്പുകളെ സ്വകാര്യസ്വത്താക്കി വച്ചുകൊണ്ട് അവയുടെ ജീവിതരീതി നീരീക്ഷിക്കുവാൻ നമുക്കു കഴിയും. ദർശന ശക്തി, ഘ്രാണശക്തി, ചലനം (ഗതിവിഗതികൾ) വിഷം വമിപ്പിക്കുവാനുള്ള കഴിവ്, സാഹചര്യത്തിനനുസൃതമായി ഇതിലുണ്ടാകുന്ന ഏററക്കുറച്ചിലുകൾ. ശരീരഘടന, വിഷപ്പല്ലുകൾ, ദംശനത്തിനുമുമ്പുള്ള ഭാവവ്യത്യാസം, ജീവിതരീതി, ആഹാരം, അഭികാമ്യമായ വാസസ്ഥലം, ഉല്പാദന പ്രക്രിയ, ബാഹ്യമായ മററു ലക്ഷണങ്ങൾ ഇവയിലൊക്കെ താല്പര്യം പ്രദർശിപ്പിക്കുമ്പോൾ വിജ്ഞാനവും അതോടൊപ്പം വിനോദവും നമുക്കുണ്ടാകുന്നു.

കണ്ണാടിക്കൂട്ടിനുള്ളിൽ അടച്ച് ആവശ്യമായ ആഹാരവും മററും നൽകി സ്വൈരമായി ജീവിയ്ക്കാനനുവദിച്ചാൽ അതൊരു കാഴ്ചവസ്തുവായിമാറും. അതുപോലെ ചത്തപാമ്പിൻെറ തുകൽ വൃത്തിയാക്കി ഉള്ളിൽ പഞ്ഞി നിറച്ച് മദ്ധ്യഭാഗത്തുക്കൂടി അനായാസം വളയുന്ന ഒരുകമ്പി വാലഗ്രംവരെ കടത്തുക. ഇതു് ആവശ്യാനുസരണം വളച്ച് ആകൃതി വരുത്തി ഭിത്തിയിൽ പതിച്ചാൽ അതിഥികൾക്ക് ആശ്ചര്യവും കുടുംബാംഗങ്ങൾക്ക് കൗതുകവും പകരും. അതുപോലെ പാമ്പിൻെറ അസ്ഥിപഞ്ജരവും മറെറാരലങ്കാരമാണ്. വർണ്ണഭംഗിയുള്ളതിൻെറ വിസ്തൃതമായ തുകൽ ഉപയോഗിച്ച് ഷൂസുകൾ, ചെരിപ്പുകൾ, സ്ട്രാപ്പുകൾ മുതലാ

യവ നിർമ്മിക്കുകയും ചെയ്തു വരുന്നുണ്ട്. വിദേശക്കമ്പോള ങ്ങളിൽ ഇത്തരം കൗതുക വസ്തുക്കൾക്ക് അമിതമായ മാർ ക്കററാണുള്ളത്. അതുപോലെ മാരകമായ പല അസുഖ ങ്ങൾക്കും സർപ്പവിഷം സംസ്ക്കരിച്ച് പ്രത്യൗഷധങ്ങളാ യി ഉപയോഗിച്ചു വരുന്നു. രക്തസമ്മർദ്ദത്തിനും കുഷ്ഠരോ ഗത്തിനും അതുല്യമായ ഒരു ഔഷധമത്രേ സർപ്പവിഷം. എന്തിനു്, എത്രയെത്ര പാമ്പാട്ടികൾ ഈ ഉഗ്രമൂർത്തികളെ കരങ്ങുവേഷം കെട്ടിച്ച് പൊതുനിരത്തിൽ കൂത്താട്ടം നട ത്തി കാലയാപനത്തിനു വക തേടുന്നു.

## സർപ്പ സാമ്രാജ്യത്തിലെ വൈവിദ്ധ്യങ്ങൾ

തികച്ചും വൈവിദ്ധ്യപൂർണ്ണമായ ഒരു സർപ്പസാമ്രാ ജ്യമാണ് ഭൂമുഖത്തുള്ളത്. ആകൃതിയിലും പ്രകൃതിയിലും വർണ്ണത്തിലും വണ്ണത്തിലുമെല്ലാം ഇവ പരസ്പരം വ്യത്യസ്ത മായിരിക്കും. മനുഷ്യനെ കണ്ടാൽ മാളത്തിലൊളിക്കുക യും മാടി വിളിയ്ക്കുകയും ചെയ്യുക ചിലതിന്റെ പ്രത്യേ കതയാണ്. പ്രതികാരാവേശത്തോടെ പ്രതിയോഗിയു ടെ തലയിൽ പതിയ്ക്കുന്നവയും പക വീട്ടുവാൻ വേണ്ടി പതിയിരുന്നാക്രമിക്കുകയും വാലിൽ നിന്നുകൊണ്ട് ഫ ണം വിടർത്തി തുറിച്ചു നോക്കുന്നവയും ദ്വന്ദ്വയുദ്ധത്തിനു് സ്ഥലവും സമയവും നിശ്ചയിച്ച് ശത്രുവിനെ പറഞ്ഞയ യ്ക്കുന്നവയും ഇക്കൂട്ടത്തിലുണ്ട്. അന്യേയവസരത്തിൽ ഭീരുത്വം മൂലം പമ്പ കടക്കുകയും ലജ്ജകൊണ്ട് സ്വന്തം ശരീരവലയത്തിനുള്ളിൽ തലയൊളിയ്ക്കുകയും ചെയ്യുന്ന വയുമുണ്ട്.

## കോഴിപ്പൂവൻ-ഒരു പ്രതിഭാസമോ?

ശാസ്ത്രകാരനെ സമീപിക്കുവാൻ ഇന്നും അറച്ചു നില്ക്കു ന്ന ഒരു അത്ഭുത പ്രതിഭാസമാണ് കോഴിപ്പൂവൻ. കരി നിറവും തലയിൽ കോളിംഗ് ബല്ലിന്റെ ആകൃതിയിൽ കറുത്ത് മിനുമിനുത്ത പൂവുമുള്ള കേരളത്തിന്റെ തനതായ

ഒരു സർപ്പവീരനാണിതു്. പൊന്മുടി, കുളത്തൂപ്പുഴ, ചെങ്കോട്ട എന്നീ റേഞ്ചുകളുടെ ഉൾഭാഗങ്ങളിലും, റാന്നി, കോന്നി, പത്തനാപുരം ഈ റേഞ്ചുകളുടെ കിഴക്കു ഭാഗത്തുള്ള ഘോരവനങ്ങളിലും ഇവയെ കണ്ടുമുട്ടിയിട്ടുള്ളതായി പല നായാട്ടുകാരും പറയുന്നു.

പ്രതിയോഗിയെ കണ്ടാൽ ഉടൻ ചൂളം വിളിക്കും. ഇണയെ അടുത്തേക്കു് ആകർഷിക്കുവാൻ വേണ്ടിയാണു് ഇപ്രകാരം കുഴലൂത്തു നടത്തുന്നതു്. അതിനുശേഷം ശത്രുവിനെ അവർ സംയുക്തമായി നേരിടുകയായി. ആ ഭയങ്കര കാർക്കോടകൻ വാലിൽ കുത്തിനിന്നുകൊണ്ടു് ഉഗ്രമായി തുറിച്ചുനോക്കും. അപ്പോഴേയ്ക്കും പാവം മനുഷ്യൻ പ്രജ്ഞയററു നിലം പതിക്കും, തീർച്ച. ആത്മധൈര്യമുള്ളവർ അപകടകരമായ ഈ സാഹചര്യത്തെ അതിജീവിച്ചേക്കാം. അങ്ങനെയുള്ളവർ ഇവൻെറ ഉഗ്രമായ കടിയോ വിഷം വമിപ്പിക്കുന്ന ഉച്ഛ്വാസമോ ഏല്ക്കുകയും ഉത്തരക്ഷണത്തിൽ പിടഞ്ഞുമരിയ്ക്കുകയും ചെയ്യുന്നു. ഇടയ്ക്കിടയ്ക്കു് ചൂളം വിളിയ്ക്കുമെന്നതു് ഇതിൻെറയൊരു സവിശേഷതയാണു്. തന്മൂലം ഇണയെപ്പോഴും സമീപത്തുണ്ടായിരിക്കും. സാധാരണക്കാർ ഇതിൻെറ സാമീപ്യം മനസ്സിലാക്കിയാൽ ജീവനുംകൊണ്ടോടി രക്ഷപ്പെടും. തോക്കുള്ളവർ പോലും നിറയൊഴിയ്ക്കുവാൻ സാഹസപ്പെടാറില്ല. ഒരു വെടിക്കു് ഉന്നം പിഴയ്ക്കാതെ ഇണയിലൊന്നിനെ തറയിലിടാൻ സാധിച്ചാൽത്തന്നെ അവശേഷിയ്ക്കുന്നതു് പ്രതികാരാവേശത്തോടെ പ്രതിയോഗിയുടെ മേൽ പതിയ്ക്കുമത്രേ പക്ഷേ ഇത്തരത്തിൽപ്പെട്ട രണ്ടു് ഇണപ്പാമ്പുകളെ കുളത്തൂപ്പുഴക്കു സമീപം ചെന്തുരുണി മലയിൽ വച്ചു് തൻെറ സഹചാരിയായ ഒരു നായാട്ടു വിദഗ്ദ്ധൻ വെടിവച്ചിട്ടതിൻെറ ദൃക്സാക്ഷി വിവരണം ശ്രീ. എൻ. പരമേശ്വരൻ തൻെറ ''വനസ്മരണകൾ'' എന്ന ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. തിരുവിതാംകൂർ സർക്കാർ സർവ്വീസിൽ-വനംവകുപ്പിൽ-മുപ്പതു വർഷക്കാലം സേവനമനുഷ്ഠിച്ച അദ്ദേഹം അതിഘോരമായ വനാന്തർ ഭാഗങ്ങളിലേക്കു് കടന്നു ചെന്നിട്ടുള്ള അതിസാഹസികരിലൊരാളാണു്.

ഇതേ വർഗ്ഗത്തിപ്പെട്ട മറെറാരു പാമ്പാണ് കരിംകോഴി. ആകൃതിയിൽ സാമ്യമുണ്ടെങ്കിലും കരിംകോഴിയേക്കാരം വലിപ്പം മേൽപ്പറഞ്ഞ കോഴിപ്പൂവനാണ്. ചില തരം കോഴിപ്പൂവൻെറ കൊക്കിലെ ആടപോലെ കോളിംഗ്ബല്ലിൻെറയാകൃതിയിലാണ് ഉഗ്രവിഷമുള്ള ഇവൻെറ പൂവ്. കൂടതൽ കറുപ്പുനിറമുള്ളതുകൊണ്ടാണ് കരിംകോഴി എന്നു വിളിയ്ക്കുന്നതു്. ഇതു് കൊക്കി വിളിക്കാറില്ല. എന്നാൽ "കോഴിപ്പൂവൻ" രാത്രികാലങ്ങളിൽ പിടക്കോഴിയെപ്പോലെ ശബ്ദമുണ്ടാക്കി ഇണയെ വിളിയ്ക്കുന്നതായി പറയപ്പെടുന്നു. കോഴിപ്പൂവൻെറ ആൺജാതിക്കു് 16 അടി നീളവും 14 ഇഞ്ച് വണ്ണവും ഉണ്ടു്. ആകൃതിയിലും നിറത്തിലും പൂവൻകോഴിയുടെ പൂവിനു തുല്യമായ ഒരു ശിരോലങ്കാരമാണ് ഇത്തരം സർപ്പത്തിനുള്ളതെന്നു് ഉത്തര കേരളീയർ വിശ്വസിക്കുന്നു. ദക്ഷിണകേരളീയരാകട്ടെ കോളിംഗ്ബല്ലിൻെറ ആകൃതിയും കറുത്തനിറവുമാണ് ഇവയ്ക്കെന്നു കരുതുന്നു. പൂവിൻെറ നിറത്തിലും ആകൃതിയിലും വ്യത്യാസമുണ്ടെങ്കിലും മററു ലക്ഷണങ്ങരം തുല്യമത്രേ മലബാർ കോഴിപ്പൂവനെപ്പററി ചില സർപ്പശാസ്ത്രജ്ഞന്മാർ സംശയം പ്രകടിപ്പിയ്ക്കുന്നുണ്ടു്. മൂർഖവർഗ്ഗത്തിൽപ്പെട്ട പ്രായപൂർത്തിയായ കരിനാഗൻെറ തല ചെമ്പൻ നിറത്തോടുകൂടിയതാണ്. തലയിലെ ഈ ചെമ്പൻ ചിതമ്പലുകരം ഉറയോടൊപ്പം ഊരിക്കളെയുക വളരെ വിഷമമായതുകൊണ്ടും, കറുപ്പുനിറമുള്ള കരിനാഗനിലെ ചുവപ്പിനു് ആകർഷണക്കൂടുതലുള്ളതുകൊണ്ടുമാണ് ഇപ്രകാരം പൂവുള്ളതായി തോന്നിയ്ക്കുന്നതു് എന്നു് ഇവർ വാദിയ്ക്കുന്നു.

കോഴിപ്പൂവനെപ്പററി എന്തൊക്കെ വിവാദങ്ങരം നാട്ടിലുണ്ടെങ്കിലും ആഫ്രിക്കയിൽ ഇത്തരമൊരു പാമ്പുള്ളതായി കണ്ടുപിടിയ്ക്കപ്പെട്ടിട്ടുണ്ടു്. വിഷത്തിൻെറ സ്വഭാവത്തിലും പെരുമാററത്തിലുമെല്ലാം കരിനാഗനോടു പൊരുത്തമുള്ള "കറുത്ത മമ്പ" എന്ന ഇനമാണിതു്. തിരുവിതാംകൂർ വനങ്ങളിലെ കോഴിപ്പൂവൻ "കറുത്ത മമ്പ"യുടെ വേഷം കെട്ടിയ കരിനാഗമാണോ? അല്ല തന്നെ. മൂർഖനെപ്പോലെ പാർശ്വങ്ങളിലേയ്ക്കു് പറണം വികസി

സിപ്പിക്കുകയാണ് കരിനാഗം ചെയ്യാറുള്ളതു്. നീള ത്തിൽ, നേരെ എതിരായ ദിശയിൽ കഴുത്തു വികസി പ്പിക്കുവാൻ കരിനാടന്ന കഴിവില്ല. മറിച്ചു് നേരെ വി കസിപ്പിക്കുമ്പോഠം കോളിംഗ് ബെൽ ഉണ്ടാകുന്നു എന്ന വാദഗതി അംഗീകരിച്ചാൽ തന്നെ വികസിച്ച ഭാഗങ്ങഠം ജീവനില്ലാത്ത അവസ്ഥയിൽ ചുരുങ്ങി പൂർവ്വനിലയിലെ ത്തുമെന്നു കരുതണം. പക്ഷേ ചത്ത പാമ്പിനും പൂവുള്ളതാ യി കാണുമ്പോഠം കോഴിപ്പൂവനെതിരായി നിരത്തിയ വാ ദഗതിയുടെ വായ്ത്തല മടങ്ങിപ്പോവുന്നു. പാമ്പ് ന്ന ചീററാനല്ലാതെ കോഴി ശബ്ദം പുറപ്പെടുവിയ്ക്കാനാവി ല്ലെന്നു വാദിക്കുന്നവരുമുണ്ടു്. ചില പ്രത്യേകയിനത്തിനു് ഇത്തരത്തിൽ ശബ്ദമുണ്ടാക്കാൻ കെല്പുണ്ടെന്നു് ജന്തുശാസ്ത്രം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. മററു ജന്തുക്കളെപ്പോലെ തലയിൽ മുഴകളുണ്ടായിക്കൂടെന്നുമില്ല.

ഇൻഡ്യയിൽ മറെറങ്ങുമില്ലാത്തതുകൊണ്ടു് കേരള ത്തിൽ കോഴിപ്പൂവനില്ലെന്നു പറയാനൊക്കുമോ? ഒരു പ്രത്യേക പ്രദേശത്തു മാത്രം ഒതുങ്ങിക്കഴിയുന്ന സർപ്പ സന്തതികഠം സർപ്പ സാമ്രാജ്യത്തിലപൂർവ്വമാണോ? മനുഷ്യ സ്പർശമേല്ക്കാത്ത അന്ധകാരാവൃതമായ കൊടുംകാടുകളുടെ ഉള്ളറകളിൽ അധിവസിക്കുന്ന ഇവനെ തെരഞ്ഞുപിടി ക്കുന്നതു സാഹസമായിരിയ്ക്കും. സർപ്പശാസ്ത്രത്തിനു് അജ്ഞാ തമായതുകൊണ്ടുമാത്രം ഇവൻെറ പൗരത്വം നീക്കം ചെയ്യു ന്നതു് കരണീയമായിരിക്കയില്ല. ത്യാഗപൂർണ്ണമായ പ ര്യവേഷണങ്ങളിലൂടെ ഭാവിശാസ്ത്രകാരൻ തീർപ്പു കല്പി യ്ക്കും വരെ കോഴിപ്പൂവനെ ചുററിയുള്ള വാദഗതികഠം വഴിമുട്ടിനില്ക്കട്ടെ.

## വെല്ലുവിളിക്കുന്ന കരിനാടൻ

ലോകത്തിൽ വച്ചേററവും ഉഗ്രവിഷം വമിപ്പിയ്ക്കുന്ന സർപ്പം എന്ന ബഹുമതി സമ്പാദിച്ചിട്ടുള്ളതു് കൃഷ്ണസർപ്പം രാജവെമ്പാല, കരിനാഗം, എന്നീ പേരുകളിലറിയപ്പെട്ട

ന്ന കരിനാടനാണ്. ഒറീസ്സാ, ബംഗാൾ, ആസ്സാം, നാഗഭൂമി എന്നീ സംസ്ഥാനങ്ങളിലെ സമതലങ്ങളിൽ കാണപ്പെടുന്നുവെങ്കിലും കേരളത്തിൽ പശ്ചിമഘട്ടത്തിലെ കൊടുംകാടുകളിലാണ് ഇവ അധികമായും അധിവസിക്കുന്നത്. തണുപ്പും ഈർപ്പവുമുള്ള സ്ഥലമാണ് ഇവൻ വാസസ്ഥാനമായി തിരഞ്ഞെടുക്കുക. സമീപത്തായി കാട്ടരുവിയോ പൊയ്കയോ ഉണ്ടായിരിക്കും. 8 മുതൽ 12 അടിവരെയാണ് സാധാരണനീളം. എങ്കിലും 25 അടിവരെ നീളമുള്ള പെരുമ്പാമ്പുകളുമായി പോരാട്ടം നടത്തുകയും അനായാസം അവയെ പരാജയപ്പെടുത്തുകയും ചെയ്യുന്നതിന് കരിനാടന് കഴിയുന്നു.

അല്പമൊന്നു പതിഞ്ഞ തല, സാമാന്യം വിശാലമായ ഫണം നല്ലനീളം (പതിമൂന്നടി നീളമുണ്ടെങ്കിൽ 10 അംഗുലംവണ്ണംവരും) ദേഹത്തിൻെറ അഞ്ചിലൊന്നു വരുന്നവാൽ, തവിട്ടോ, കറുപ്പോ തവിട്ടുനിറംകലന്നകറുപ്പോ നിറം, ദേഹം മുഴവൻ കറുപ്പോ മഞ്ഞയോ നിറത്തിലുള്ള വളകൾ – ഫണം ഉയർത്തി നിൽക്കുന്ന ഇവൻെറ ഉഗ്രരൂപം കണ്ടാൽ ഏതു ധീരനും ഞെട്ടിപ്പോകും. ഫണത്തിന്മേൽ കണ്ണടയടയാളമില്ലെങ്കിലും മൂർഖവംശത്തിൽപ്പെട്ട ഇവൻ കഴുത്തു വീർപ്പിച്ചാണ് ഫണം ഉയർത്തുന്നതു്.

കരിനാടനെപ്പോലെ ശൗര്യം പ്രകടിപ്പിക്കുന്ന ധൈര്യ ശാലിയായ ഒന്ന് ഏഷ്യൻ വൻകരയിലില്ല. പേടിപ്പെടുത്താൻ ശ്രമിച്ചാൽ പിന്നോക്കം പായുകയോ ഓടി മറയാൻ കൂട്ടാക്കുകയോ ചെയ്യാത്ത ഇവൻ ശത്രുവിൻെറശരീരത്തിൽ കടിച്ചുതൂങ്ങി നിമിഷങ്ങളോളം കിടന്നെന്നുവരും. ഓക്കാപ്പുറത്തു് ഓടി വന്ന് കടിക്കുവാനും മടിക്കുകയില്ല. പ്രതിയോഗി എത്ര ഭീകരനാണെങ്കിലും ഒരു കൈ നോക്കിക്കളയാമെന്നു കരുതി ദൃഢനിശ്ചയത്തോടെ പൊരുതും. അടുക്കാൻ സൂക്ഷിക്കേണ്ട, ഏററമാപൽകാരിയായ ഒരു സർപ്പമാണ് കരിനാടൻ. ആനയെപ്പോലും കേവലം മൂന്നു മണിക്കൂറുകൾക്കുള്ളിൽ നിലം പതിപ്പിക്കുമെന്നു പറയുമ്പോൾ ഇവൻെറ ശൗര്യവും വിഷവീര്യവും

എന്താണെന്നു മനസ്സിലാകുമല്ലോ. ഭക്ഷണമാണെങ്കിൽ സർപ്പ ഭുക്കുകളായി ഞെളിയുന്ന വെള്ളിക്കെട്ടൻ, പവിഴപ്പാമ്പ് മുതലായ നാഗസാമ്രാജ്യത്തിലെ നാട്ടു പ്രമാണിമാരത്രേ. കുട്ടിക്കരിനാടനേയും ചിലപ്പോൾ വിടാറില്ല. സർപ്പരാജാവു താനാണെന്നഭിമാനിക്കുന്ന മൂർഖൻെറ തേജസ്സുപോലും കരിനാടൻെറ തിരുമുൻപിൽ നിഷ്പ്രഭമത്രേ.

മിക്കവാറും മാർച്ച്-ഏപ്രിൽ മാസങ്ങളിൽ വനാന്തർഭാഗത്തുവച്ചാണ് ഇവ ഇണചേരുക. ഗർഭകാലത്തേയും മുട്ട വിരിയുവാനാവശ്യമായ സമയത്തേയും പററി ആധികാരികമായ രേഖകളില്ലെങ്കിലും ഇവയോരോന്നും ഈ രണ്ടുമാസം വീതമാണെന്ന് ഊഹിക്കപ്പെടുന്നു. ചിതൽപ്പുററോ, മാളമോ, വിള്ളലോ, മററു പാമ്പുകളെപ്പോലെ ഇവ വാസസ്ഥാനമായി തെരഞ്ഞെടുക്കാറില്ല. പകരം സ്വന്തമായി ചപ്പും മററും ഉപയോഗിച്ച് കൂടു കെട്ടി അതിൽ മുട്ടയിട്ടടയിരിക്കാനാണിക്കൂട്ടർക്കിഷ്ടം.

മേലണയിൽ ഓരോ ഭാഗത്തും ഈരണ്ടു വിഷപ്പല്ലുകൾ ഉണ്ടാവുന്നു. 4 വിഷപ്പല്ലുകൾ ഒരുപോലെ ഒരേ സമയത്തുണ്ടാവുക മററു പാമ്പുകളിൽ ദുർലഭമാണ്. മൂർഖവിഷത്തിൻെറ ലക്ഷണം തന്നെയാണ് കരിനാടൻെറ കടിയേററാലും കാണുക. ശ്വസിക്കുവാനുള്ള ബുദ്ധിമുട്ടുമൂലമാണ് മരണം സംഭവിക്കുന്നതെന്നർത്ഥം. ഒററ കൊത്തിന് 10 ആളുകളെ കൊല്ലുവാനാവശ്യമായ വിഷം വമിപ്പിക്കും. പിടി വിടാതെ കടിക്കുന്ന പ്രകൃതംമൂലം ഇതിൽ കൂടുതൽ വിഷവും ശരീരത്തിലേറെറന്നിരിക്കും. ഇവൻെറ വിഷം ഉഗ്രമാണെന്നും ഊത്ത് ഏററാൽ മരിച്ചുവീഴുമെന്നും പരക്കെ വിശ്വാസമുണ്ടെങ്കിലും മൂർഖവിഷത്തേക്കാൾ അത്ര ഉഗ്രമല്ലെന്ന് പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. മനുഷ്യനിൽ നിന്നും വളരെയധികം അകന്നു ജീവിക്കുവാനാഗ്രഹിക്കുന്ന ഒരു ഇനമാണ് കരിനാടൻ മനുഷ്യസ്പർശനംപോലും ഇവനെ പ്രകോപിപ്പിക്കും. മനുഷ്യശബ്ദംപോലും കേട്ടാൽ അയിത്തം ബാധിച്ചതായി കണക്കാക്കി പകവീട്ടുമെന്നും ചിലർ വിശ്വസിക്കുന്നു. ഇതിനെച്ചുററിപ്പററിയുള്ള നിര

വധി കഥകഠം കേരളത്തിലങ്ങോളമിങ്ങോളം പ്രചാരത്തി ലുണ്ട്. ആയിത്തത്തിനു കാരണമാക്കിയ ഹതഭാഗ്യനെ കൊലചെയ്യാൻവേണ്ടി മലകയറാനും പുഴതാണ്ടാനും മടിക്കില്ലത്രെ. ഉശിരുള്ളവർ ഇവൻെറ വെല്ലുവിളി സ്വീകരിച്ച് അങ്കത്തിന് സമയം നിശ്ചയിക്കും (ആത്മ ധൈര്യമില്ലാത്തവർ ജീവനും കൊണ്ടോട്ടം) ഇപ്രകാരം സമയം നിശ്ചയിച്ചാൽ ഫണം വിടർത്തി ശത്രുവിന് സ്ഥ ലം വിടാമെന്ന് മൗനാനുവാദം നൽകും. പറഞ്ഞുറപ്പിച്ച സ്ഥലത്തും സമയത്തും ആളുണ്ടായിരിക്കണമെന്ന് കരിനാ ടന് നിർബ്ബന്ധമുണ്ട്. അങ്കത്തിനു തയ്യാറായാൽ വാൽ മാത്രം കുത്തിനിന്ന് ഫണം വിടർത്തി നാലുപാടും കൊ ത്താൻ തുടങ്ങും. പക്ഷേ ആ ധർമ്മയുദ്ധത്തിൽ ഒളിയമ്പെ സ്ത് കരിനാടനെ കാലപുരിയ്ക്കയക്കുകയാണത്രെ പതിവ്. പാവം കരിനാടനുണ്ടോ മനുഷ്യ വർഗ്ഗത്തിൻെറ വക്രത മ നസ്സിലാക്കുന്നു? ഹാജരാകാത്തവന് മരണശിക്ഷ നൽകു വാൻ കരിനാടൻ മടിക്കില്ല. അയിത്തംമൂലം പക വീട്ടു ക ജീവിതവ്രതമായംഗീകരിക്കുന്ന കരിനാടൻെറ വീരേ തിഹാസങ്ങഠം സ്വീകരിക്കുവാനോ നിരാകരിക്കുവാനോ സർപ്പശാസ്ത്രജ്ഞന്മാക്ക് കഴിഞ്ഞിട്ടില്ല. അപൂർവ്വമായി മാത്രം പ്രത്യക്ഷപ്പെടാറുള്ള കരിനാടൻെറ രഹസ്യജീവിത ത്തിലൂടെ ശാസ്ത്രം ഇനിയും വളരെ ദൂരം സഞ്ചരിക്കേണ്ടതാ യിട്ടാണിരിയ്ക്കുന്നത്.

## അത്യാഹിതം ഒഴിവാക്കുക

രോഗബാധിതനായ ശേഷം ചികിത്സിക്കുന്നതിനേ ക്കാഠം എത്രയോ ലളിതമാണ് രോഗബാധിതനാകാതി രിക്കാൻ മുൻകരുതലുകഠം സ്വീകരിക്കുക. പക്ഷേ രോഗ പ്രതിരോധത്തിനുവേണ്ട നടപടികഠം സ്വീകരിക്കുവാൻ നാം പൊതുവേ വിമുഖരാണ്. സർപ്പ ദംശനത്തിനുശേ ഷം പരക്കം പായുന്നതിനേക്കാഠം ഭേദം കടിയേൽക്കുവാനു ള്ള സാഹചര്യം ഒഴിവാക്കുകയാണു ചെയ്യേണ്ടത്.

പാദരക്ഷയും വെളിച്ചവും കൂടാതെ അസമയങ്ങളിൽ സഞ്ചരിയ്ക്കുന്നതു മൂലമാണു് അധികമായും ഇത്തരമപകടങ്ങൾ സംഭവിയ്ക്കുന്നതു്

ഷൂസോ, ബൂട്ട്സോ ധരിയ്ക്കുന്നവർക്കു് ദംശനത്തേത്തുടർന്നു് വിഷമേല്ക്കാറില്ല. ഏതാണ്ടു 90 ശതമാനം പാമ്പുകടിയും കാലിലാണത്രേ. ഷൂസും മററുമുണ്ടെങ്കിൽ അതിനെ മറികടന്നു് ശരീരത്തിൽ വിഷം വ്യാപിപ്പിയ്ക്കുവാൻ നാഗങ്ങൾക്കസാദ്ധ്യമല്ല. കാട്ടിൽ വേട്ടക്കു പോകുന്നവർ കണങ്കാൽ മുതൽ മുട്ടുവരെയുള്ള 'ഷിക്കാർ ബൂട്ട്സു്' ധരിച്ചാൽ അല്പം ഉയർന്ന സ്ഥാനങ്ങളിൽ വസിയ്ക്കുന്നവയുടെ കടിയിൽനിന്നും രക്ഷപെടാൻ സാധിയ്ക്കും. വള്ളിപ്പടർപ്പുകൾക്കിടയിലൂടെ നടക്കുമ്പോൾ തലയിൽ ഹെൽമററും കട്ടിയുള്ള മുഖാവരണവും ധരിയ്ക്കുന്നതായാൽ വൃക്ഷങ്ങളിൽ നിന്നും തറയിലേയ്ക്കു ചാടിവീഴാറുള്ള പ്രത്യേകതരം പാമ്പുകളിൽ നിന്നു് രക്ഷനേടാവുന്നതാണു്. രാത്രികാലങ്ങളിൽ വെളിച്ചമില്ലാതെ നടക്കുമ്പോൾ ഒരു വടികൊണ്ടു് ശബ്ദമുണ്ടാക്കുന്നതും പാമ്പുകളെ അകററുവാൻ സഹായകരമാണു്. ഈ ശബ്ദതരംഗങ്ങൾ പാമ്പിനെ നമ്മുടെ സഞ്ചാരപഥത്തിൽ നിന്നും ഒഴിഞ്ഞു മാറുവാൻ പ്രേരിപ്പിക്കുന്നു. മണ്ണിലൂടെ കടന്നുവരുന്ന ശബ്ദവീചികളാണു് പാമ്പുകൾക്കനുഭവപ്പെടുന്നതു്.

പാമ്പുകൾ ധാരാളമുള്ള സ്ഥലത്താണു താമസിക്കുന്നതെങ്കിൽ നായ്, പൂച്ച, കീരി മുതലായവയെ വളർത്തുന്നതുകൊള്ളാം. പട്ടികൾക്കു രാത്രിയിൽ കാഴ്ചശക്തി കുറവാണെങ്കിലും സർപ്പസാമിപ്യം മണത്തറിഞ്ഞു് യജമാനനു് മാർഗ്ഗതടസ്സമുണ്ടാക്കി സർപ്പത്തെ അവൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നു. അതുപോലെ രാത്രിയിൽ കാഴ്ചശക്തിയുള്ള പൂച്ചയാകട്ടെ പാമ്പുമായി നേരിട്ടേററുമുട്ടി അതിനെ വകവരുത്തുന്നു. എന്നാൽ കീരി, ഭാവം പകൎന്നു് രോമാഞ്ചം പൂണ്ടു് ജാഗ്രത്രുകനായി നിലകൊള്ളും. കണ്ണുഞ്ചിപ്പിയ്ക്കുന്ന വേഗത്തിൽ പാമ്പിൻെറ പിടി

യിൽ പെടാതെ തൻെറ കൂർത്ത പല്ലുകാം അവനിൽ എല്പിക്കുന്നു. മററു സസ്തനങ്ങളെയപേക്ഷിച്ച് വിഷത്തെ തട്ടത്തുനിർത്തുവാൻ കീരിക്കു് അസാമാന്യമായ കെൽപ്പുണ്ട്. പക്ഷേ അവൻെറ മോന്തയ്ക്കു കൊത്തിയാൽ പാമ്പു ജയിച്ചതുതന്നെ. കൗശലവും കാഴ്ചശക്തിയും കർമ്മധീരതയും കൈമുതലായുള്ള കീരിയെ അധീനമാക്കാൻ പാമ്പുകാംക്കു് ഏററിയകൂറും കഴിയാതെയാണു പതിവ്. നീണ്ടു പരുപരുത്ത രോമവും കട്ടികൂടിയ തുകലും പ്രകൃതിനല്കിയ മററു രണ്ടു രക്ഷാകവചങ്ങളാണ്. കീരിയും, പാമ്പും തമ്മിലുള്ള ആജന്മശത്രുത്വം നിമിത്തം പരസ്പരമുള്ള ഉഗ്രപോരാട്ടങ്ങളുടെ എത്രയെത്ര ഇതിഹാസങ്ങളാണ് മുത്തശ്ശിമാർക്കു പറയുവാനുള്ളതു്.

ഉള്ളിൽ വെളിച്ചം കയറത്തക്കവിധം വേണ്ട സജ്ജീകരണങ്ങാം ഗൃഹനിർമ്മാണാവസരത്തിൽ ചെയ്യുവാൻ മറക്കരുത്. എലിയുമായി സഖിത്വം പുലർത്തുന്ന വെള്ളിക്കെട്ടനും മററും വെളിച്ചം രുചിച്ചെന്നുവരില്ല. തന്നെ കണ്ടു പിടിച്ച് ശിക്ഷിക്കുമെന്ന ഭയമാകാം ഇതിൻെറ അടിസ്ഥാനം. വീടിനെ തൊട്ടുരുമ്മി വൃക്ഷലതാദികാം വളരുവാൻ അനുവദിയ്ക്കരുതു്. പരിഷ്കാരത്തിൻെറ പേരിൽ ഗൃഹാന്തർ ഭാഗത്തു് പച്ചച്ചെടികാം വളർത്തുന്നവരുണ്ടോ ഈ ഉരഗവീരനെ ഭയപ്പെടുന്നു. കുത്തനെ ചുവരിലൂടെ തത്തിപ്പിടിച്ചു കയറുവാൻ പററാത്ത പാമ്പുകാംക്കു് മേൽക്കൂരയിൽ കയറിപ്പററാനുള്ള കോണിപ്പടികളാണ് ഇവയെന്നു് ഇക്കൂട്ടർ വിസ്മരിക്കാതിരിക്കട്ടെ. ഏതായാലും വരാന്തയിലെയും ഉള്ളിലേയും പൂങ്കാവനങ്ങാം പാമ്പിനെ ആകർഷിയ്ക്കുമെന്നതു കൊണ്ടു് സർപ്പബന്ധുക്കാം ഇത്തരം സർപ്പക്കാവുകാം വളത്തിയാൽ കുററം പറയാനാവുമോ?

സൂര്യാസ്തമയത്തോടെ പാമ്പുകളുടെ ദിനചര്യ ആരംഭിക്കുന്നു. വൈകിട്ടു് 6.30 നും 9 നും ഇടയ്ക്കുള്ള അവസരത്തിലാണ് അധികമായും പാമ്പുകാം ഇരതേടി നടക്കുന്നതു്. ഈ സമയം അവൻെറ സഞ്ചാരപഥത്തിൽ മനു

ഷ്യനോ മററു ശത്രുക്കളോ പെട്ടാൽ അവൻ വെറുതെ വിടാറില്ല. അതുപോലെ ഉയർന്ന കുന്നിൻപ്രദേശങ്ങളിൽ വേനൽക്കാലത്തു് ഇതിൻെറ ഉപദ്രവം അധികമാവുന്നു. ദാഹശമനാത്ഥമുള്ള പരക്കം പാച്ചിലിനിടയിൽ ശത്രുക്കൾ ചെന്നുപെടുന്നതു കൊണ്ടാണു് ഈ പ്രത്യേകാവസരത്തിൽ കടിയേൽക്കുന്നതു്.

## സർപ്പസാമീപ്യം ഇല്ലായ്മ ചെയ്യുക

കുളിമുറി, അടുക്കള, കക്കൂസു് മുതലായവയിലെ മലിന ജലം പുറത്തുകളയുവാൻ വേണ്ടി നിർമ്മിക്കപ്പെട്ട ചാലുകളും പൈപ്പുകളും കമ്പിവല ഉപയോഗിച്ചു അടക്കണം. അല്ലെങ്കിൽ അതിലൂടെ ഈ ഉരഗങ്ങൾ ഒളിഞ്ഞുകയറുവാനിടയുണ്ടു്.

വളർന്നു നിൽക്കുന്ന പുല്ലു് മണ്ഡലിക്കു പ്രിയംകരമായതുകൊണ്ടു് പുല്ലും കാടും വളരുവാൻ അനുവദിക്കരുതു്. മാളവും ചിതൽപ്പുററും നശിപ്പിക്കുകയും ചപ്പും ചവറും കൂടിക്കിടക്കുവാൻ അനുവദിയ്ക്കുകയുമരുതു്. വീടിൻെറ പരിസരം കുററിക്കാടുകൾ നിറഞ്ഞതാണെങ്കിൽ 4—5 അടി ആഴത്തിലും അതേ വീതിയിലും കിടങ്ങുകൾ കുഴിക്കുന്നതു് വളരെയധികം സുരക്ഷിതമായിരിക്കും.

സിമൻറിട്ട തറയിൽ പാമ്പുകൾ വരികില്ലെന്നൊരു ധാരണയുണ്ടു്. ഇഴഞ്ഞു നീങ്ങുവാൻ ബുദ്ധിമുട്ടുണ്ടാകുമെങ്കിലും ഇത്തരം തറയേയും ഇവൻ വെറുതെ വിടാറില്ല. ക്കൂരകൾ താഴ്ന്ന, ഓലമേഞ്ഞ വീടുകൾ ഇവൻെറ നിത്യസന്ദർശനകേന്ദ്രങ്ങളിലൊന്നാണു്. ഉറങ്ങുന്നതു കട്ടിലിലാണെങ്കിൽ കൂടുതൽ സുരക്ഷിതത്വമുണ്ടു്. പാമ്പു് നമ്മുടെ ശരീരത്തിൽ ഇഴയുന്നതായി തോന്നിയാൽ തട്ടിത്തെറിപ്പിക്കുവാൻ ശ്രമിക്കരുതു്. ചലനരഹിതമായി അല്പം ക്ഷമിച്ചാൽ ഇവൻ ഇഴഞ്ഞു പൊയ്ക്കൊള്ളും.

ഗൃഹപരിസരങ്ങളിൽ വിറക് മുതലായവ ദീർഘനാളത്തേയ്ക്കു സൂക്ഷിയ്ക്കരുതു്. കിടക്കുന്ന പായും ബസ്സും കഴിവുള്ളിടത്തോളം ഉണക്കി വെടിപ്പായി സൂക്ഷിയ്ക്കണം. ഉപയോഗരഹിതമായിരുന്ന പായ് മുതലായവ വീണ്ടും ഉപയോഗിയ്ക്കുമ്പോൾ വളരെയധികം ശ്രദ്ധിയ്ക്കേണ്ടതുണ്ടു്. തറയോടു ചേർന്നിരിക്കുന്ന അലമാരകൾ, മേശകൾ, മലിന വസ്ത്രങ്ങൾ സൂക്ഷിക്കുന്ന ബാസ്ക്കററുകൾ മുതലായവയും ഇവനു് ഒളിഞ്ഞിരിയ്ക്കുവാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കുന്നു. സ്റ്റോർ റൂം, ഇരുട്ടുള്ള മററിടങ്ങൾ— മുതലായ സ്ഥാനങ്ങളിൽ മൺപാത്രങ്ങളും മററും സൂക്ഷിക്കുന്നതു് അപകടകരമാണു്. ചുരുക്കത്തിൽ വീടും പരിസരവും വേണ്ടവിധം സൂക്ഷിയ്ക്കുകയും ഗൃഹോപകരണങ്ങൾ അലക്ഷ്യമായി കിടക്കുവാൻ അനുവദിയ്ക്കാതിരിക്കുകയും ചെയ്താൽ സർപ്പസാമീപ്യം ഒഴിവാക്കാവുന്നതേയുള്ളു.

## ആട്ടിപ്പുറത്താക്കുക.

നമ്മുടെ ഗൃഹാന്തർഭാഗത്തും പരിസരത്തും സർപ്പങ്ങൾ സർവ്വസാധാരണമാണെങ്കിൽ അവയെ അവിടെനിന്നും ആട്ടിപ്പുറത്താക്കേണ്ടതു് നമ്മുടെ സുരക്ഷിതത്വത്തിനു് അത്യന്താപേക്ഷിതമാണു്. സ്വയം അപകടത്തെ ക്ഷണിച്ചു വരുത്തുവാൻ ആരും മിനക്കെടാറില്ലെങ്കിലും ഇക്കാര്യത്തിൽ മനുഷ്യൻ വേണ്ടത്ര താല്പര്യം പ്രദർശിപ്പിയ്ക്കുന്നില്ലത്രേ. താഴെപ്പറയുന്നതിൽ സൗകര്യപ്രദമായ ഏതെങ്കിലും ഉപായം സ്വീകരിയ്ക്കുക.

1. വെളുത്തുള്ളി, കായം, വററൽമുളകു്, നാരകത്തില ഇവ സമം അരച്ചു് ഒരു പാത്രത്തിലാക്കി പുകക്കുക.

2. അരിക്കാടിയിൽ ചിറേറലം അരച്ചു കലക്കി മാളങ്ങളിലും മററും തളിയ്ക്കുക.

3. കാട്ടുവള്ളിയുടെ വേരു് പാലിൽ അരച്ചു കലക്കി ഇവയുടെ സഞ്ചാരപഥത്തിൽ തളിക്കുക.

4. വെളുത്തുള്ളി ചതച്ച് വെള്ളത്തിൽ കലക്കി ഗൃഹപരിസരങ്ങളിൽ തളിച്ചാൽ പാമ്പുകഠം കടന്നു വരുവാൻ മടിയ്ക്കുന്നു.

5. പാൽക്കായം പച്ചവെള്ളത്തിൽ കലക്കി തളിയ്ക്കുക.

6. വാസസ്ഥാനത്തിനുചുററും കുററിക്കാടുകളുണ്ടെങ്കിൽ വീടിനുചുററും കിടങ്ങുകഠം കുഴിച്ച് വെളുത്തുള്ളിയും പെരുങ്കായവും ചേൎത്ത ലായനി കിടങ്ങിൻെറ ഇരുവശങ്ങളിലും ആഴ്ചയിലൊരിക്കൽ വീതം തളിയ്ക്കുക.

7. നിലനാരകവേരു്, വെളുത്ത കുന്നിവേരു്, ഗരുഢക്കൊടിവേരു് ഇവ അരച്ച് ഗുളികരൂപത്തിൽ ഉണക്കി സൂക്ഷിയ്ക്കുക. പാമ്പു് ഒളിഞ്ഞിരിക്കുന്നിടത്തു് ഈ ഗുളിക പൊടിച്ചു വിതറുക.

## കടിക്കാൻ മടിക്കുമോ?

പ്രത്യേകമായ ചില ഔഷധങ്ങഠം ഉപയോഗിക്കുന്നതായാൽ, അപ്രതീക്ഷിതമായി ചവിട്ടുവാൻ ഇടയായാൽപ്പോലും പാമ്പുകഠം കടിക്കാറില്ലെന്നു് അനുഭവങ്ങഠം തെളിയിക്കുന്നു.

1. മേല്പറഞ്ഞ ഗുളിക ശുദ്ധജലത്തിലോ അരിക്കാടിയിലൊ അരച്ച് കാൽപ്പാദത്തിലും മററും പുരട്ടിയാൽ പാമ്പിനെ ചവിട്ടുവാൻ ഇടയായാൽപോലും അതു കടിക്കുകയില്ല.

2. ചതുരക്കള്ളിയുടെ വടക്കോട്ടു വളരുന്ന വേരു് കക്കടകമാസത്തിലെ ഞായറാഴ്ചദിവസം ഇരുമ്പു് സ്പർശിക്കാതെ പിഴുതെടുത്തു് ശരീരത്തിൽ ഉരസി നില്ക്കത്തക്കവിധം ധരിച്ചാൽ വിഷബാധ ഉണ്ടാവില്ല.

3. ഇതുപോലെ മലയമുക്കിയുടെ വേരു് ഇരുമ്പു തൊടാതെ പിഴുതെടുത്തു് മോതിരമുണ്ടാക്കി വിരലിലണിഞ്ഞാലും ദംശനമുണ്ടാവില്ല.

## നിഗ്രഹത്തിനു് ഒററമൂലി

ജലാംശം കുറവുള്ളിടത്തു നില്ക്കുന്ന കാരുവള്ളിയുടെ വേരു് പിഴുതെടുത്തു് പാമ്പു് ഒളിഞ്ഞിരിയ്ക്കുന്ന മാളത്തിനുള്ളിലേയ്ക്കു കടത്തുക. പാമ്പിനു് രക്ഷപെടുവാൻ മാർഗ്ഗമില്ലാതാവുകയും അതിനുള്ളിൽക്കിടന്നു് പിടഞ്ഞു മരിയ്ക്കുകയും ചെയ്യും. മറെറാരു പാമ്പു് ഭാവിയിൽ ഈ പൊത്തിനുള്ളിലേയ്ക്കു് കടന്നു വരുവാൻ കൂട്ടാക്കാറുമില്ല. ഈ വേരു് സർപ്പത്തിനഭിമുഖമായി പിടിച്ചാൽ അതു് ജീവനം കൊണ്ടോടുന്ന ഓട്ടം ഒന്നു കാണേണ്ടതുതന്നെ.

## സർപ്പത്തെ അധീനമാക്കാമോ?

മുരിങ്ങവേരിലെ തൊലി, വയമ്പു്, ത്രികടുകു്, അമരിവേരു്, സോമനാദികഷായം ഇവ സമം കാടിയിൽ അരച്ചു് ശരീരത്തിൽ—പ്രത്യേകിച്ചു് കയ്യിൽ—എല്ലായിടവും പുരട്ടുക. ഫണം ഉയർത്തി നില്ക്കുന്ന ഉഗ്രസർപ്പത്തെ സമീപിക്കുക. അതു് പരാജയം സമ്മതിച്ചു് പത്തിയൊതുക്കും. ഈയവസരത്തിൽ അവയെ കടന്നു പിടിച്ചാൽ അവ ഉപദ്രവിയ്ക്കുമെന്നൊരുഭയപ്പെടില്ല. ഇതു് പാനലേപനധൂമാദികാര്യങ്ങളിൽ ഉപകരിയ്ക്കും.

## ദംശനത്തിനു കാരണം

ഭയം, ചിത്തഭ്രമം, പ്രതികാരം, ഉപദ്രവം, ഗർവ്വ്, അടയിരിക്കുക, കാലപ്രേരണ എന്നീ കാരണങ്ങളാലാണു് ദംശനം സംഭവിയ്ക്കാറുള്ളതെന്നു് ആചാര്യന്മാർ അനുശാസിക്കുന്നു. കോഠവായ്‌വിളത്തു്, കറുത്ത രക്തം പുരണ്ടു് ഉമിനീരോടുകൂടി കണ്ടാൽ ചവിട്ടേററതു മൂലമുള്ള കടിയാണെന്നനുമാനിയ്ക്കാം. ഇതു കൃച്ഛ്റസാദ്ധ്യമാണു്. വളഞ്ഞ മുറിവാണു് കോഠവായിലുള്ളതെങ്കിൽ ഭയം മൂലമാണു് സംഭവിച്ചതെന്നും കാര്യമായ വിഷമില്ലെന്നും മനസ്സി

ലാക്കാം. ഒന്നിലധികം വ്രണമുണ്ടായിരിക്കുക, വ്രണത്തിൽ ചോരയും നീരും പല വർണ്ണങ്ങളിലുണ്ടായിരിക്കുക, വ്രണം വിസ്തൃതമായിത്തുറന്നിരിയ്ക്കുക ഈ ലക്ഷണങ്ങൾ കണ്ടാൽ ബുദ്ധിഭ്രമം കൊണ്ടാണ് കടിയേററതെന്നു മനസ്സിലാക്കാം. തൽഫലമായുണ്ടാകുന്ന വിഷബാധ വളരെ പണിപ്പെട്ട് ഒഴിററാക്കാവുന്നതാണ്. മൂന്നു പല്ലുകളുടെ അടയാളമുണ്ടായിരിക്കുകയും കോറൽവാ വിസ്തൃതമായിരിക്കുകയും രക്തം ഒഴുകിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവെങ്കിൽ വൈരാഗ്യപൂർവ്വമുള്ള ദംശനമാണെന്നും രോഗിയുടെ നില ഗുരുതരമായിരിക്കുമെന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഉപദ്രവം മൂലമുള്ള ദംശനമാണു സംഭവിച്ചതെങ്കിൽ കറുപ്പും വെളുപ്പും നിറങ്ങളിൽ രക്തം ഒഴുകിക്കൊണ്ടിരിയ്ക്കും. ഇതിനു സാമാന്യത്തിലധികമായ വിഷവീര്യവുമുണ്ട്. കടിസ്ഥലം വരണ്ടും കുഴിഞ്ഞും കണ്ടാൽ വിശപ്പും ദാഹവും മൂലമാണ് കടിയ്ക്കുവാൻ ഇടയായതെന്നും മനസ്സിലാക്കണം. ഈ അവസ്ഥയിലും സാമാന്യമായ വിഷമുണ്ടായിരിക്കും. പാമ്പിൻെറ വായിലെ ജലാംശം കോറൽവായിലുണ്ടായിരിക്കുക, രണ്ടു പല്ലുകളുടെ അടയാളമുണ്ടായിരിക്കുക ഈ ലക്ഷണങ്ങളുണ്ടെങ്കിൽ ഗർവ്വ് അഥവാ മദം കൊണ്ടാണു കടിച്ചതെന്ന് മതം. മുട്ടയിട്ടടയിരിക്കുമ്പോഴാണ് ദംശനമെങ്കിൽ മേല്പറഞ്ഞ ലക്ഷണങ്ങൾക്കു പുറമേ കോറൽവായിലൂടെ രക്തസ്രാവവും ഉണ്ടായിരിയ്ക്കും. നിരവധി വ്രണങ്ങളും രക്തവും പാമ്പിൻെറ വായിലെ വെള്ളവും കാലകടിയുടെ ലക്ഷണങ്ങളാകുന്നു. ഇതിന് വിഷവീര്യം കുറുതലുണ്ടെങ്കിലും ശ്രദ്ധാപൂർവ്വം ചികിത്സിക്കുന്ന പക്ഷം ജീവൻ നഷ്ടപ്പെടാതിരിയ്ക്കും.

പാമ്പുകൾക്ക് ഓരോ ഏഴുദിവസം കൂടുമ്പോഴും വിഷഗ്രന്ഥികളിൽ വിഷം നിറയുന്നു. ഈയവസരത്തിൽ കല്ല്, മരം മുതലായവയിൽ കടിച്ച് വിഷം പുറത്തു കളയുന്നു. ബാലസർപ്പത്തിനു രാവിലെയും യുവസർപ്പങ്ങൾക്ക് ഉച്ചയ്ക്കും വൃദ്ധസർപ്പങ്ങൾക്ക് സന്ധ്യാസമയത്തുമാ

ണ്ട് വീര്യം കൂടുതലല്ലുള്ളതു്. എന്നാൽ സങ്കരജാതിയിൽ പെട്ടവയ്ക്കാകട്ടെ സമയവ്യത്യാസമനുസരിച്ചു് വിഷവീര്യത്തിൽ വ്യത്യാസമില്ല.

## വിഷം ഭിന്നിച്ചാൽ

ഉഷ്ണം, തളർച്ച, വിറയൽ ഇവ ഓരോ സന്ധികരംക്കും ഉണ്ടാകും. പുകച്ചിൽ, വിയർപ്പ്, സ്ഥിരതയില്ലായ്മ ഇവയും മററു ലക്ഷണങ്ങളാണു്. ഈ ലക്ഷണങ്ങരം കണ്ടാലുടനെ അവസാനക്കൈ പരീക്ഷിച്ചു നോക്കേണ്ടതുണ്ടു്. അല്ലെങ്കിൽ രോഗി വളരെ വേഗം മരണവക്ത്രത്തിലേയ്ക്കു് നീങ്ങുകയായി.

## പരീക്ഷണം

1. അമരിവേരു്, അമരിയിലനീരിൽ അരച്ചു് താന്നിക്കാ വലിപ്പത്തിൽ ഉരുട്ടി ഉണക്കുക. ഇതു് പശുവിൻപാലിൽ അരച്ചുകൊടുത്താൽ രോഗിഛർദ്ദിയ്ക്കുന്നുവെങ്കിൽ അയാരം ജീവിയ്ക്കും. മറിച്ചാണു് സംഭവിക്കുന്നതെങ്കിൽ രോഗി മരിച്ചതു തന്നെ.

2. പച്ചമഞ്ഞരം, കുട്ടക്കമൂലി ഇവ അരച്ചു് കോഴിച്ചോരയിൽ കലർത്തി ലേപനം ചെയ്യുക. ദേഹം വിയർക്കുന്നുവെങ്കിൽ രോഗി ജീവിക്കും. തണുത്തിരിക്കുന്നുവെങ്കിൽ രോഗി മരിക്കും.

3. കാട്ടുജീരകം പൊടിച്ചു് ചൂടുവെള്ളത്തിൽ കൊടുക്കുക. ഛർദ്ദിച്ചാൽ മരിയ്ക്കും. ഛർദ്ദിയ്ക്കാതിരിക്കുന്നുവെങ്കിൽ രോഗി ജീവിയ്ക്കും.

4. കായം. കറപ്പു് ഇവ ഓരോ പണവിട വീതം എടുത്തു് അരച്ചു് ചൂടുവെള്ളത്തിൽ ചേർത്തു് കൊടുക്കുക. ഛർദ്ദിച്ചാൽ മരിക്കുകയും അല്ലാഞ്ഞാൽ ജീവിയ്ക്കുകയും ചെയ്യും.

## അസാധ്യ വിഷലക്ഷണങ്ങൾ

കൂടെക്കൂടെ വിയർത്തിട്ടും ജാള്യവും കമ്പവും വരും,
തളരും സന്ധിയൊക്കെയും വരണ്ടിട്ടും മുഖം തുലോം.
ദീർഘനിശ്വാസവും കാണാം വിറക്കും ദേഹമേററവും
നെഞ്ചുനൊന്തു കനത്തീട്ടും വിഭ്രമം ചിത്തനേത്രയോ:?
ഛർദ്ദിക്കും കഫപിത്തങ്ങൾ നീലിക്കും നഖദന്തവും.
ജിഹ്വാധരങ്ങളും പാരം കറുക്കും കഫവും വരും.
പതയും മൂക്കിലേക്കൂടെ കടക്കണ്ണും ചുവന്നിട്ടും.
പുണ്ണു ചുവന്നു നീലിച്ച വട്ടമായ് വിങ്ങുമേററവും
ഹസ്തദ്വന്ദ്വതലേകക്ഷേ ചെവിക്കീഴിലുമങ്ങിനെ
വെണ്ണീറിട്ട തിരുമ്മീടിൽ കാണാം ദന്തക്ഷതങ്ങളെ.
നാനാവികൃതികൾ മററും കൂടെക്കൂടെ വരും ദ്രുതം.
ഇവ്വണ്ണമെല്ലാം കാണുമ്പോൾ സമീപിച്ചു വിനാശവും
മലമൂത്രമൊഴിഞ്ഞപ്പോൾ ജീവൻകാണാതിരിക്കിലും
യത്നങ്ങൾവേണ്ട മറെറാന്നും മരണംതന്നെ നിശ്ചയം.

## കാലപുരിയിലേയ്ക്കോ?

വിഷവൈദ്യ മതമനുസരിച്ച് മേല്പറഞ്ഞ ലക്ഷണങ്ങൾ ഭാഗികമായോ പൂർണ്ണമായോ ഒരു രോഗിയിൽ പ്രത്യക്ഷപ്പെട്ടാൽ അയാൾ മരണാസന്നനാണെന്നു് തീർച്ചയാക്കേണ്ടിയിരിക്കുന്നു. എങ്കിലും ബാഹ്യമായ ജീവന്റെ ലക്ഷണങ്ങളൊന്നും തന്നെ അയാളിൽ അവശേഷിയ്ക്കാത്തതുകൊണ്ടു് മൃതനെന്നു മുദ്രയടിച്ച് ഉപേക്ഷിയ്ക്കുന്നതിനു മുൻപായി താഴെപ്പറയുന്ന ലക്ഷണങ്ങൾ ശരീരത്തിലുണ്ടോയെന്നു് പരീക്ഷിയ്ക്കുവാൻ നാം ബാദ്ധ്യസ്ഥരാണു്.

രോഗി മരിച്ചുകഴിഞ്ഞുവെന്നു ബോദ്ധ്യമായാൽ ഒരു ബ്ലേയ്ഡു് ഉപയോഗിച്ചു് നെററി കീറുക രക്തം; ഉണ്ടായിരിക്കുകയില്ല. (ചിലപ്പോൾ അല്പം രക്തം കണ്ടെന്നു വരാം.) രണ്ടാമതായി കണ്ണിനുള്ളിൽ ചാരമിട്ടശേഷം ഊതിനോക്കുക. കൃഷ്ണമണിയിൽ ചാരം പററിപ്പിടിക്കുക

യില്ല. അതുപോലെ തലയിൽനിന്നും മുടി പറിക്കുക. മൂലാഗ്രം ഉൾപ്പെടെ പറിഞ്ഞു പോരുന്നതായി കാണാം. മൂത്രനാഡികളിൽ പിടിച്ചാൽ ശുക്ലം വരിക, കണ്ണും വായും ഗുദവും തുറന്നിരിയ്ക്കുക, വടി കൊണ്ടടിച്ചാൽ പാടുണ്ടാകാതിരിക്കുക, വെള്ളത്തിലിട്ടാൽ പൊങ്ങിക്കിടക്കുക, നനയുമ്പോൾ രോമം ശരീരത്തിൽ പററിപ്പിടിച്ചിരിക്കുക, പുല്ലുകൊണ്ടു കുത്തിയാൽ കണ്ണു ചിമ്മാതിരിക്കുക, ഇവയെല്ലാം മരണാനന്തരം മനുഷ്യനിൽ കാണുന്ന പ്രധാന ലക്ഷണങ്ങളാണ്. ഈവക ലക്ഷണങ്ങൾ ശരിക്കും ബോധ്യമായതിനുശേഷമേ രോഗിയെ പൂർണ്ണമായും കൈവിടാവൂ.

ദാനം ചെയ്യുക, മഹായാഗങ്ങൾ നടത്തുക മുതലായ പുണ്യകർമ്മങ്ങളേക്കാൾ മഹത്തരമാണ് വിഷമേററുമരിക്കുവാൻ തുടങ്ങുന്ന ദുഷ്ടനെ സുഖപ്പെടുത്തുന്നതു്.

''ദാനയാഗാദികർമ്മങ്ങൾ പലതും ചെയ്കിലും തഥാ
വിഷാർത്തരക്ഷണത്തോടു സാമ്യമല്ലെന്നു കേൾക്കില.''

## വിഷം രണ്ടുവിധം

സ്ഥാവര വിഷമെന്നും ജംഗമ വിഷമെന്നും വിഷം രണ്ടുവിധം. ഇതിൽ വിഷശക്തിയുള്ള വൃക്ഷങ്ങൾ, ചെടികൾ മുതലായവയുടെ മൂലം, മുള്ള്, ഇല, പൂവ് കായ്, തൊലി, പാൽ, കിഴങ്ങ് മുതലായവയിലാണ് സ്ഥാവരവിഷങ്ങൾ അടങ്ങിയിരിക്കുന്നതു്. അറിഞ്ഞോ അറിയാതെയോ, വിധിപൂർവ്വമല്ലാതെ സ്പർശിക്കുകയോ ആഹരിക്കുകയോ ചെയ്യുന്നതുമൂലം വിഷബാധ അനുഭവപ്പെടുന്നു. ഈ മൂലാദിവിഷങ്ങൾ ആകെ 55 വിധമുണ്ടു്. മൂല

വിഷം 8, പത്രവിഷം 5, ഫലവിഷം 12, പുഷ്പവിഷം 5, തൊലിവിഷം 7, ക്ഷീരവിഷം 3, ധാതുവിഷം 2 കന്ദവിഷം 13 ഇവയെപ്പററി വിശദമായി ഇവിടെ പ്രതിപാദിയ്ക്കുന്നില്ല.

ജംഗമവിഷമാകട്ടെ സർപ്പങ്ങാം, എലി, കീടലൂതാദി ദന്തവർഗ്ഗങ്ങളുടെ ദംശനഫലമായും മററുമാണുണ്ടാകുന്നതു്. ഈ സ്ഥാവരജംഗമ വിഷങ്ങളിൽ സവ്വപ്രധാനമായതു് സർപ്പവിഷമാണു്. അവയുടെ ലക്ഷണങ്ങളും ചികിത്സാവിധികളും വിശദമായി പ്രതിപാദിച്ചിരിക്കുന്നതു നോക്കുക. (രണ്ടാം ഭാഗം)

## വിഷവൈദ്യൻെറ ലക്ഷണം

ഗുരുദേവ ദ്വിജാനിനാം ഭക്തശ്ശുദ്ധോ ദയാപര
സ്വകർമ്മാഭിരത: കുര്യാൽ ഗരപീഢിതരക്ഷണം.

## ചികിത്സ അർഹിക്കാത്ത രോഗികൾ.

സദാ ബഹുജനദ്രോഹം ചെയ്‌വോനും ബ്രഹ്മഹത്യാവിനും
സ്വധർമ്മാചാര മര്യാദഹീനനും ദ്വിഷതാമപി
കൃതഘ്നഭീരു ശോകാർത്ത ചണ്ഡാനാം വ്യഗ്രചേതസാം
ഗതായുഷ്മാനമവ്വർണ്ണ മവിധേയനമങ്ങ്നെ.
രാജകോപമതുള്ളോനും ഹീനോപകരണന്നഥ
രാജവിദ്വേഷിണാം തന്നെപരീക്ഷിയ്ക്കുന്നവന്നപി—
ചികിത്സിപ്പാൻ തുടങ്ങൊല്ലാ വിപര്യാസമതാം ഫലം.''

എപ്പോഴും പൊതുജനങ്ങാംക്കു് ഉപദ്രവം ചെയ്യുന്നവനും ബ്രഹ്മഹത്യാദിപാപം ചെയ്യുന്നവനും തൻെറ കുലാചാരമര്യാദകാംക്കു് വിപരീതമായി ജീവിക്കുന്നവനും ഉപകാരസ്മരണയില്ലാത്തവനും ഭീരുവിനും ദു:ഖിതനും, തെമ്മാടി

ക്കും മരണാസന്നനും ചികിത്സയ്ക്കു് വിധേയമാകാത്ത വനും സര്വ്വോപരി രാജദ്രോഹിക്കും അതുപോലെ തന്നെ ചികിത്സിയ്ക്കാൻ സൗകര്യമില്ലാത്തവനും വൈദ്യനെ പരീക്ഷിക്കുവാൻ വരുന്നവർക്കും ശാസ്ത്രവിധി പ്രകാരം ചികിത്സ അർഹിക്കുന്നില്ല. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടുന്നവര്ക്കും ചികിത്സ നിക്ഷേധിക്കപ്പെടേണ്ടതാണെന്നാണു് ആചാര്യമതം. ഇങ്ങനെയുള്ളവരെ ചികിത്സിച്ചാൽ തന്നെ ഫലം വിപരീതമായിരിക്കുകയും ചെയ്യും.

## ദൂതലക്ഷണം

ദംശനാനന്തരം ഭിഷഗ്വരനെ സമീപിക്കുന്ന ദൂതന്റെ ബാഹ്യലക്ഷണങ്ങൾ മുഖേനയും അയാൾ നിലകൊള്ളുന്ന ദിക്കുകളുടെ അടിസ്ഥാനത്തിലും ആ അവസരത്തിലെ ഭിഷഗ്വരന്റെ ശ്വാസസ്ഥിതിയും ദൂതന്റെ വാക്കുകളിലെ അക്ഷരങ്ങളുടെ അടിസ്ഥാനത്തിലുമാണു് വിഷബാധയുടെ ലഘു ഗുരുത്വവും പാമ്പിന്റെ വര്ഗ്ഗവും മററും വൈദ്യൻ മനസ്സിലാക്കുന്നതു്. ഭാരതത്തിന്റെ തനതായ വൈദ്യശാസ്ത്രം പരമ്പരാഗതമായി സ്വീകരിച്ചുവരുന്ന ദൂതലക്ഷണങ്ങൾ ശാസ്ത്രദൃഷ്ടിയിലൂടെ, തെററാണെന്നു് വാദിക്കുന്നവരുണ്ടു്. പക്ഷേ നൂററാണ്ടുകളിലൂടെ കോടാനുകോടി മനുഷ്യ ജീവനെ രക്ഷിക്കുവാൻ കഴിഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇതു് പൂര്ണ്ണമായും അസ്വീകാര്യമാണെന്നു പറയുവാൻ സാധ്യമല്ല. ആധുനികതയുടെ പരിവേഷമണിഞ്ഞു് യൂറോപ്പിൽ നിന്നും കുടിയേറിവന്ന അലോപ്പതി വൈദ്യശാസ്ത്രം ഭാരതത്തിൽ വേരൂന്നിയിട്ടു് അധിക നാളുകളായില്ലല്ലോ. ആ നിലയ്ക്കു് സ്വാനുഭവങ്ങളിലൂടെ ഇതൊക്കെ ശരിയെന്നു വിശ്വസിക്കുന്ന ഭാരതീയരുടെ മുൻപിൽ ശാസ്ത്രത്തിന്റെ ഈ വാദഗതി എത്രമാത്രം വിലപ്പോകുമെന്നു് കണ്ടറിയേണ്ടതു തന്നെ.

## ശുഭദൂതലക്ഷണം

വെളുത്ത പുഷ്പം വസ്ത്രങ്ങൾ ധരിച്ചോൻ നിർമ്മലൻ
തഥാ
വാക്കിന്നിടർച്ച കൂടാതെ ചൊല്ലുന്നോനും പ്രസന്നനും
ദൂതരായി വരുന്നാകിൽ ശുഭമേക്കാര്യമത്രയും
വർണ്ണലിംഗങ്ങളൊന്നായി വന്നീടിലധികം ശുഭം.

വെളുത്ത പുഷ്പം, വസ്ത്രങ്ങൾ ഇവ ധരിച്ചോനും ശുചിയും വൃത്തിയും ഉള്ളവനും ഭംഗിയായി സംസാരിക്കുന്നവനും പ്രസന്നനും രോഗിയുടെ വർഗ്ഗത്തിൽപെട്ടവനും സമർത്ഥനും ദൂതനായി വന്നാൽ അതു് ശുഭലക്ഷണമായി കണക്കാക്കാവുന്നതാണു്.

## ദിക്കുകൾ മൂലം

കിഴക്കാദിയതായുള്ള നാലു ദിക്കിങ്കിലൊന്നിലായ്
ദൂതൻ നിന്നു പറഞ്ഞീടിൽ നല്ല സർപ്പം കടിച്ചതു്.
തഥാ കോണേഷുനിന്നിട്ടു ചൊന്നാൽ മണ്ഡലിസ
മായ് വരും.
അവററിൻ മധ്യഭാഗത്തു് നിന്നീടിൽ പാമ്പുരാജിലം
അതിലുള്ളോരന്തരത്തിങ്കൽ നില്ക്കിലോ
എലി, തേളതായുള്ള ജന്തുവാൽ കടിപെട്ടതു്

വൈദ്യൻ ഇരിക്കുന്നതിൻെറ കിഴക്കു്, പടിഞ്ഞാറു് തെക്കു്, വടക്കു് ഇവയിൽ ഏതെങ്കിലുമൊരു ദിക്കിൽ കൃത്യമായി നിന്നുകൊണ്ടാണു് ദൂതൻ വിവരം പറയുന്നതെങ്കിൽ കടിച്ച പാമ്പു് മൂർഖൻ തന്നെയാണെന്നു ധരിക്കണം. വരുന്ന ദൂതൻ തെക്കുപടിഞ്ഞാറു്, തെക്കുകിഴക്കു് മുതലായ ഏതെങ്കിലും കോണിൽനിന്നാണു് പറയുന്നതെങ്കിൽ കടിച്ച പാമ്പു് മണ്ഡലിസമെന്നു് ധരിക്കണം മേൽപ്പറഞ്ഞപ്രകാരം കോണും മധ്യവും (വടക്കു്, തെക്കു് പടിഞ്ഞാറു് മുതലായ) അല്ലാത്ത ഭാഗത്തുനിന്നുകൊണ്ടു്

പറഞ്ഞാൽ പാമ്പ് രാജിലമാണ്. ഇതിനമിടയിൽ, സൂക്ഷ്മഭാഗത്തു നിന്നുകൊണ്ടാണ് ദൂതൻ വിവരം പറയുന്നതെങ്കിൽ എലി, തേരം മുതലായവയിലേതെങ്കിലുമൊന്നായിരിക്കുമത്രേ.

## ശ്വാസലക്ഷണം

ശ്വാസം മേല്പോട്ടുകൊള്ളുമ്പോരം ചൊന്നാൽ
ജീവിക്കുമങ്ങവൻ
വിപരീതമതായീടിൽ ഫലവും വിപരീതമാം
ശ്വാസം ദൂതനുമങ്ങിടത്തവരികിൽ ചിന്തിച്ചു
കാകോളമ—
ങ്ങില്ലെന്നുള്ളതു ചൊൽക മുമ്പിലുടനെ ദഷ്ടന്റെ
പേർ ചൊൽകിലും
പാമ്പിൻ പേരുരചെയ്കിലുണ്ടു വിഷവും
തീർന്നീടിലാമഞ്ജസാ
ദക്ഷേ താനവിടുന്നു പോകിലധികം മോഹിച്ചു
നഞ്ചേററവൻ
ദൂതൻ മാരുതനും വലത്തു വരികിൽ സ്വല്പം വിഷം
തീർക്കലാം
ആദൗ ദഷ്ടക നാമധേയമതിനെ ചൊന്നാലുമവ്വണ്ണമേ
ഇത്ഥം ചൊല്ലിയിടത്തു പോകിലവിടുന്നന്യൻ
വിഷം തീർക്കിനാൻ
പാമ്പിൻ പേരുരചെയ്കിലങ്ങു മരണം താനെന്നു
മോർത്തീടണം.

വിഷരോഗി വൈദ്യന്റെ അടുക്കൽവന്ന് വിവരം പറയുമ്പോരം വൈദ്യൻ മേല്പോട്ടു ശ്വാസമെടുത്തു കൊണ്ടിരിക്കുകയാണെങ്കിൽ വിഷം എത്രതന്നെ മാരകമായിരുന്നാലും ശമിക്കുമെന്നും മറിച്ചു കീഴ്പോട്ടു ശ്വാസം വിട്ടുകൊണ്ടിരിക്കുകയാണെങ്കിൽ രോഗി മരിക്കുമെന്നും മനസ്സിലാക്കണം. രോഗം പറയുന്നയാളിന്റെ ശ്വാസവും വൈദ്യന്റെ ശ്വാസവും രോഗിയും വൈദ്യന്റെ ഇടതുഭാഗത്തു വ

രികയാണെങ്കിൽ വിഷമില്ലെന്നോക്കക. അതുപോലെ ദൂതൻ ആദ്യമായി രോഗിയുടെ പേർ പറഞ്ഞാലും വിഷമില്ലെന്നു ധരിക്കണം. മറിച്ച്, കടിച്ച പാമ്പിൻെറ പേർ പറയുന്നുവെങ്കിൽ രോഗിയിൽ വിഷം വ്യാപിച്ചിട്ടുണ്ടെന്നും ചികിത്സിച്ചാൽ ഭേദമാകുമെന്നും. ഇപ്രകാരം പറഞ്ഞ ശേഷം ദൂതൻ സ്ഥലംവിട്ടു കയാണെങ്കിൽ രോഗി മോഹാലസ്യത്തിലാണെന്നും മനസ്സിലാക്കണം. വൈദ്യൻെറ ശ്വാസം വലത്തുവശത്തു വരികയും ദൂതൻ വലത്തുഭാഗത്തു നിന്നുകൊണ്ടു് വിവരങ്ങാം പറയുകയും ചെയ്താൽ വിഷം അല്പമേയുള്ളു എന്നും ഭേദമാക്കുവാൻ വിഷമമില്ലെന്നും മനസ്സിലാക്കണം. വലത്തുവശത്തുനിന്നു് രോഗിയുടെ പേരു് ആദ്യം പറഞ്ഞാലും ഫലം ഇതു തന്നെ. ഇങ്ങനെ പറഞ്ഞശേഷം ദൂതൻ ഇടത്തുവശത്തേയ്ക്കു നീങ്ങുകയാണെങ്കിൽ രോഗി മരിയ്ക്കുമെന്നു് പ്രത്യേകം ഓർക്കേണ്ടതുണ്ടു്.

## വചനലക്ഷണം.

മുമ്പിൽ ചൊല്ലിയൊരക്ഷരങ്ങളഖിലം മൂന്നിൽ
ക്കിഴിച്ചിട്ടടൻ
ശേഷിച്ചൊന്നു വരുന്നതാകിലധികം വേഗേന
തീക്ഠാം വിഷം
രണ്ടായീടുകിലേററമുണ്ടുവിഷവും തീക്ഠാം
പണിപ്പെട്ടതും
മൂന്നാകിൽ ഫലമില്ലവൻെറ ജനനിക്കുണ്ടായ്വരും
കണ്ണുനീർ
എട്ടിൽ കണ്ടുകിഴിക്ക ചൊന്നവചനം മുമ്പേതു
മുന്നെക്കണെ-
ക്കെന്നാലുള്ള ഫലങ്ങളും ലിപികളാൽ ചൊല്ലാം
ക്രമത്താലിഹ
മൂർഖൻ, മണ്ഡലി, രാൽ, വിയന്തിരകുലഞ്ചാഖുംക്കാം
കീടങ്ങളും
ഭോഷ്കം നിർവ്വിഷമേവമെട്ടുഫലവും ചിന്തിച്ചു
കൊാംവൂ ഭിഷക്

പല്ലൊന്നുപാഞ്ഞു പറകിൽ 'കു'കാരം 'കെ യെന്ന
തിന്നുണ്ടഥ നാലുപല്ലും
ശേഷിച്ചവർണ്ണങ്ങളുമിപ്രകാരം നിനച്ചുകൊാവൂ
വചനാദിയിങ്കൽ.
ദീർഘങ്ങളോടെ പറയുന്നതാകിൽ രണ്ടാമത്തും
കിഞ്ചന പാഞ്ഞുവന്നു.
'മരുൽ കൃശാന്വധരണീജലങ്ങൾ വർഗ്ഗേഷുനന്നാ
ലുടനക്ഷരങ്ങൾ
നപുംസകം പഞ്ചമമായ വർണ്ണം' 'സ്വരങ്ങൾ ഭ്രമ്യം
ബുമയങ്ങൾ തദ്വൽ'
വർഗ്ഗങ്ങളെല്ലാമിഹ ദേഹമല്ലോ സ്വരങ്ങൾ
ജീവങ്ങളുമെന്നു കേൾപ്പൂ.
തസ്മാൽ സ്വരത്തോടഥ കൂടിയുള്ള വർണ്ണങ്ങൾ
വാക്യാദിയതിൽ ഗുണങ്ങൾ
ജലാക്ഷരങ്ങൾ വചനേശുഭങ്ങൾ ധരാക്ഷരം
മധ്യമ പക്ഷമല്ലോ
നന്നല്ല വർണ്ണം മരുദഗ്നിമാരെതത്യന്തകഷ്ടങ്ങൾ
നപുംസകങ്ങൾ.

ദൂതൻ രോഗം പറയാൻ വരുമ്പോൾ ആദ്യം പറയുന്ന അക്ഷരങ്ങളെല്ലാം കൂടികൂട്ടി അതിൽ നിന്നും മൂന്നു കുറക്കുക. ശിഷ്ടം ഒന്നു വന്നാൽ രോഗം വളരെ വേഗം ഭേദമാകും. രണ്ടാണെങ്കിൽ പ്രയാസപ്പെട്ടു ഭേദമാക്കാമെന്നും, മൂന്നാണെങ്കിൽ നിഷ്ഫലമാണെണും രോഗി മരിക്കുമെന്നും സാരം. അതുപോലെതന്നെ ദൂതൻ ചൊല്ലിയ വാക്കിന്റെ അക്ഷരങ്ങളെല്ലാം കൂടികൂട്ടി അതിൽനിന്നും 8 കുറക്കുക. ശിഷ്ടം ഒന്നാണു ലഭിക്കുന്നതെങ്കിൽ കടിച്ച പാമ്പ് മൂർഖനും, രണ്ടാണെങ്കിൽ മണ്ഡലിയും, മൂന്നാണെങ്കിൽ രാജിലവും, നാലാണെങ്കിൽ വേന്തിരനും, അഞ്ചാണെങ്കിൽ കീടവും, ഏഴാണെങ്കിൽ ലൂതാദികളിൽ ഏതെങ്കിലുമൊന്നും ആണെന്നു ധരിക്കണം. എട്ടാണെങ്കിൽ വിവരമെല്ലാം കള്ളമാണെന്നും ദംശനമേററിട്ടില്ലെന്നും മനസ്സിലാക്കുക.

പറയുന്ന വാക്കിന്റെ ആദ്യക്ഷരം 'ക' കാരം ആണെങ്കിൽ ഒരു പല്ലാണു കൊണ്ടിട്ടുള്ളതെന്നും 'കി'യാ

ണു് ആദ്യക്ഷരമെങ്കിൽ രണ്ടു പല്ലുകളാണു കൊണ്ടിട്ടുള്ള തെന്നും 'കു' ആണെങ്കിൽ മൂന്നു പല്ലുകളുണ്ടെന്നും ധരിക്കണം. ആദ്യക്ഷരം 'കെ' ആണെങ്കിൽ ദംശനഫലമായി നാലു പല്ലുകൾ പതിഞ്ഞിട്ടുണ്ടെന്നു കരുതണം. ശേഷിച്ച വർണ്ണങ്ങളുടെ ലക്ഷണങ്ങളും ക്രമപ്രകാരം ഊഹിക്കാവുന്നതാണു്. വാക്യം ദീർഘമായിട്ടാണു് പറയുന്നതെങ്കിൽ പാമ്പു് ദഷ്ടനെ വീണ്ടും പിൻതുടർന്നുവെന്നു് അനുമാനിക്കേണ്ടതാണു്.

## മാരകമായ കടിപ്രദേശങ്ങൾ

നെറുക, നെററി, കവിൾത്തടം, മൂക്കു്, കണ്ണു്, ചെവി, ചുണ്ടു്, കഴുത്തു്, കൈകാലുകൾ, മുലക്കണ്ണു്, ചങ്കു്, സമീപഭാഗങ്ങൾ, ഉരസ്സു്, മസ്തകം, കക്ഷം, വയറു്, ഗുഹ്യഭാഗം, മുഴങ്കാൽ, പാദങ്ങൾ ഇങ്ങനെയുള്ള സ്ഥാനങ്ങളിൽ വിഷമേററാൽ തികച്ചും മാരകമായിരിക്കും.

മൂർദ്ധാലലാടം കവിൾ നാസികേച ശ്രോത്രദ്വയം
നേത്രയുഗം കപോലം
കണ്ഠം കരദ്വന്ദ്വതലം കുചാന്തം ഹൃൽപാർശ്വദേശം
ഭുജമസ്തകേച
കക്ഷദ്വയം കുക്ഷ്യപിനാഭിദേശം ഗുഹ്യം മുഴങ്കാൽ
പദഗുൽമയുഗ്മം
എന്നിങ്ങനെ ചൊല്ലിയ മർമ്മദേശേ വിഷം പതി
ച്ചാൽ വിഷമം ശമിപ്പാൻ.

## വിഷം വ്യാപിച്ചാലുള്ള ലക്ഷണം

''തരിപ്പും വീക്കവും ചൂട്ടും ചൊറിച്ചിൽ കനവും വ്വണേ—
യുണ്ടെങ്കിൽ വിഷമുള്ളോന, തില്ലെങ്കിൽ വിഷവുംനഹി''

തരിപ്പു്, നീരു്, ചൂടു്, ചൊറിച്ചിൽ, കനം ഇത്യാദി ലക്ഷണങ്ങൾ വിഷബാധയേററയാളിൽ കണ്ടാൽ വി

ഷം ശരീരത്തിൽ വ്യാപിച്ച കഴിഞ്ഞിരിക്കുന്നതായി മനസ്സിലാക്കാം. മേൽപ്പറഞ്ഞ ലക്ഷണങ്ങളൊന്നും കാണപ്പെട്ടുന്നില്ലെങ്കിൽ വിഷം ഏററിട്ടില്ലെന്നും മനസ്സിലാക്കണം. എന്നാൽ ചിലപ്പോഠം വിഷമേൽക്കാത്തയാളുകളും മരിക്കാനിടയുണ്ടു്. കടിച്ചതു കണ്ടതാണെങ്കിൽക്കൂടി ഒരു പക്ഷേ വിഷം വ്യാപിച്ചിട്ടില്ലായിരിക്കാം. മാനസികമായ ദൗർബ്ബല്യം നിമിത്തവും ഭയംമൂലവുമാണു് ചില അവസരങ്ങളിൽ അധീരരായ ആളുകഠം മരിയ്ക്കാറുള്ളതു്.

## സപ്തധാതുക്കളിലും വിഷം വ്യാപിച്ചാൽ

ശരീരമാകെ കനം തോന്നിയ്ക്കുക, രോമങ്ങഠം എഴുന്നുനില്ക്കുക, ഉറക്കമുണ്ടാവുക, ശരീരാവയവങ്ങഠംക്കു് തളർച്ച തോന്നുക ഈ ലക്ഷണങ്ങഠം കണ്ടാൽ വിഷം ശരീരത്തിലെ എല്ലാ അവയവങ്ങളിലും വ്യാപിച്ചു കഴിഞ്ഞുവെന്നു് സാരം. ഈ ലക്ഷണങ്ങഠം എല്ലാവരിലും ഉണ്ടായിരിക്കുമെന്നു് പ്രത്യേകം ഓർക്കേണ്ടതുണ്ടു്.

> ''മേലെല്ലാം കനവും പാരം രോമകമ്പം ച നിദ്രയും
> അംഗസാദവുമുണ്ടാകിൽ വ്യാപിച്ച വിഷമെങ്ങുമേ''

## വിഷപ്പല്ലുകൾ

കരാളി, മകരി, കാളരാത്രി, യമദൂതി എന്നീ പേരുകളിലറിയപ്പെട്ടുന്ന നാലു വിഷപ്പല്ലുകളാണു് പാമ്പുകഠംക്കുള്ളതെന്നു് ആയുർവ്വേദാചാര്യന്മാർ പ്രസ്താവിക്കുന്നു. സാധാരണ പാമ്പുകഠംക്കെല്ലാംതന്നെ നാലോ അതിലധികമോ വിഷപ്പല്ലുകളുള്ളതായി ആധുനിക ശാസ്ത്രകാരന്മാരും സമ്മതിക്കുന്നുണ്ടു്.

## a) കരാളി

കരാളിപ്പൽ തറച്ചീടിൽ ഗോഷ്പദാങ്കിരമാം വ്രണം.
കാളാഗതസമം ഗന്ധം, വിഷവും സ്വല്പമായ് വരും.

ഈ വിഷപ്പല്ല മൂലമാണ് ദംശനമേററതെങ്കിൽ വ്രണത്തിന് പശുവിൻ കുളമ്പിൻെറ ആകൃതിയും, കോറം വായിൽ കാരകിലിൻെറ ഗന്ധവും ഉണ്ടായിരിക്കും. വിഷം അല്പമായി ഉണ്ടായിരിക്കുകയും ചെയ്യും.

## b) മകരി

മകരിപ്പല്ല തൻ പുണ്ണ് കുലവില്ലോടു തുല്യമാം
ഘ്രാണം കുഴമ്പുപോലാകും വിഷവും തീക്ഷ്ലൊംദ്രുതം

മകരി എന്ന വിഷപ്പല്ല മൂലമാണ് കടിയേററതെങ്കിൽ രണ്ടററവും താഴ്ന്നും മദ്ധ്യഭാഗം ഉയന്നും, വില്ലുപോലെ വ്രണം അദ്ധ്വൃത്താകാരമായിരിക്കും. കുഴമ്പിൻെറ ഗന്ധവും ഉണ്ടായിരിക്കും. ഈ വിഷം വളരെ വേഗം ശമിപ്പിക്കാവുന്നതേയുള്ളു

## c) കാളരാത്രി

പുള്ളിൻ പാദത്തിനോടൊക്കും കാളരാത്രിതൻവ്രണം
ഗന്ധവും ചന്ദനം പോലെ പണിപ്പെട്ടാൽ വിഷം
കെടും

കാളരാത്രി എന്ന വിഷപ്പല്ലുകൊണ്ടുണ്ടാകുന്ന വ്രണത്തിന് പുള്ളിൻെറ പാദം പോലെയുള്ള ആകൃതിയും ചന്ദനത്തിൻെറ സൗരഭ്യവും ഉണ്ടായിരിയ്ക്കും. വിഷം കഠിനമാണെങ്കിലും വളരെയധികം ശ്രദ്ധിച്ചു ചികിത്സിച്ചാൽ ഭേദമാകും.

## d) യമദ്ദൂതി

യമദ്ദൂതി തറച്ചീടിൽ വീക്കവും ക്ഷീരഗന്ധവും
നീലിച്ചചോരയും കാണാംസാദ്ധ്യമല്ലതു നീക്കുവാൻ.

യമദ്ദൂതി മൂലമുണ്ടാകുന്ന ദന്തക്ഷതം വീക്കത്തോടു കൂടിയതും പാലിന്റെ മണമുള്ളതുമായിരിക്കും. ഈ ലക്ഷണത്തോടു കൂടിയ വ്രണമുള്ള രോഗി ജീവിയ്ക്കുകയില്ല; മരിച്ചുപോകും എന്നാണു ശാസ്ത്രവിധി.

## വിഷദോഷകോപ ലക്ഷണങ്ങൾ.

ഏററം വേഗേന വ്യാപിക്കും രൂക്ഷമായും ററതും തഥാ
വാതകോപവുമുണ്ടാകും നല്ലപാമ്പിൻ വിഷത്തിന്ന്
ഉഷ്ണിച്ചുപിത്ത കോപത്തോടേററം വീക്കവുമങ്ങനെ
സങ്കടം പലതുണ്ടാകും മണ്ഡലീനാം വിഷത്തിന്ന്
ദേഹേശീതവുമത്യർത്ഥം കഫത്തിന്റെ വികാരവും
രാജിലത്തിൻ വിഷത്തിന്ന് പാരം ദാരുണമായ് വരും,
എല്ലാദോഷവുമൊന്നിച്ച് സന്നിപാതപ്രകോപവും
കൂടെയുണ്ടായ്‌വരും പിന്നോസങ്കരന്റെവിഷത്തിന്ന്
ദൃഷ്ടിയും മുഖവും വാക്കും ദേഹത്തിന്റെ തളർച്ചയും
മററും പലവികാരങ്ങളൊക്കെ സൂക്ഷിച്ചുകൊള്ളണം.

മൂർഖന്റെ വിഷം പെട്ടെന്നു വ്യാപിക്കുന്നതും വീര്യം കൂടിയതും വാതകോപത്തെ ഉണ്ടാക്കുന്നതുമാണ്. അതിനാൽ ഈ വിഷം വാതാധികമാകുന്നു. ഉഷ്ണം ഉണ്ടാകുക, പിത്തം കോപിക്കുക, കൂടുതൽ നീരുണ്ടാകുക ഇവ മണ്ഡലി വിഷത്തിന്റെ ദോഷകോപ ലക്ഷണങ്ങളാണ്. പിത്തപ്രധാനമാണ് ഈ വിഷം.

രാജില വിഷത്തിനാകട്ടെ തണുപ്പും കഫവുമാണ് പ്രധാനമായുണ്ടാവുക. തന്മൂലം ഇതു് കഫാധികമാണ്. വേന്ദ്രവിഷമേററയാളിൽ മേൽപ്പറഞ്ഞ ലക്ഷണങ്ങൾ

സംമ്മിശ്രമായിക്കാണാം. ശരീരത്തിൽ, പ്രത്യേകിച്ച് കണ്ണ്, മുഖം, നാക്ക് ഇവകൾക്ക് വേന്ദ്രവിഷബാധമൂലം തളർച്ചയുണ്ടാകുന്നു. സന്നിപാതാധികമാണ് ഈ വിഷം.

## സപ്തധാതു വിവരണം

ചർമ്മം രക്തം തഥാ മാംസം മേദസ്സും പുനരസ്ഥിയും
മജ്ജശ്ശുക്ലവുമിവ്വണ്ണമേഴ ധാതുക്കളും ക്രമാൽ
അന്തരാന്തരമായിട്ട് വസിക്കും സർവ്വദേഹിനാം
ഓരോ വികാരഭേദങ്ങൾ വിഷം കൊണ്ടിവയേഴിനും
ഉണ്ടായ്‌വരും ക്രമംകൊണ്ട് നോക്കിക്കൊണ്ടിവയൊക്കെയും
ഇന്ന ധാതുവിലുൾപ്പുക്ക വിഷമെന്നറിവൂ ഭിഷക്.

ചർമ്മം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ഏഴ ധാതുക്കളിലും വിഷം അനുക്രമമായി ചെന്നുചേരുന്നു. ഇങ്ങനെ ഓരോ ധാതുക്കളിലേക്കും വിഷം വ്യാപിക്കുന്നതോടെ രോഗിയിൽ വ്യത്യസ്തമായ ഭാവങ്ങൾ ഉളവാകുകയും ചെയ്യുന്നു.

## ധാതുവേഗം

ദംശനത്തെത്തുടന്ന് 100 മാത്ര നേരം വിഷം കോൾവായിൽ നില്ക്കുന്നു. തുടർന്ന് മേൽപ്പറഞ്ഞ ഏഴ ധാതുക്കളിലേക്കും പടിപടിയായി കടന്നു ചെല്ലുന്നു. ഒരു ധാതുവിൽനിന്നും മറ്റൊരു ധാതുവിലേയ്ക്ക് വിഷം വ്യാപിക്കുന്നതിന് ധാതുവേഗമെന്ന് പറയുന്നു. ഓരോ ധാതുവിലും വിഷം വ്യാപിക്കുന്നതോടെ ദഷ്ടനിൽ കാണപ്പെടുന്ന വ്യത്യസ്തമായ ബാഹ്യലക്ഷണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

"വിഷം ചർമ്മത്തിലാകുമ്പോൾ ഉണ്ടാവും രോമഹർഷവും
രക്തത്തിങ്കലതായീടിൽ വിയർക്കും ദേഹമേറവും
നിറപ്പകർച്ചയും ചൂടും കാണാം മാംസത്തിലെത്തുകിൽ

മേദസ്സിങ്കൽ കടക്കുമ്പോറം ഛർദ്ദിയും വിറയും വരും
അസ്ഥിയിൽ കണ്ണു കാണാതാം കഴുത്തും കുഴയും പുന:
എക്കിളും ദീർഘനിശ്വാസം രണ്ടും മജ്ജയിലെത്തുകിൽ
മോഹവും മൃതിയും ശുക്ലേ വിഷം ചെന്നാൽ വരും ധ്രുവം."

## പ്രഥമ ചികിത്സ

വിഷബാധയുണ്ടായാലുടനെ തന്നെ ശരീരത്തിൽ കടന്ന വിഷം ആവുന്നത്ര പുറത്തുകളയുകയും രക്തത്തിലൂടെയുള്ള വിഷവ്യാപനത്തെ തടയുകയും വിഷഹരങ്ങളായ ഔഷധങ്ങറം താമസം വിനാ ഉപയോഗിക്കുകയുമാണു് വേണ്ടതു്.

വിഷം വളരെ അപൂർവ്വമായേ രക്തവാഹിനികളിൽ പതിക്കുന്നുള്ളു, സാധാരണയായി തൊലിക്കടിയിലോ മാംസപേശികറംക്കിടയിലോ ഉള്ള വസാതടങ്ങളിലാണു് വിഷം നിക്ഷേപിക്കപ്പെടുന്നതു്. വസയിലൂടെ വളരെ താമസിച്ചു മാത്രമേ മററു ധാതുക്കളിലേക്കു് വിഷം വ്യാപിക്കുകയുള്ളു ദംശനത്തെത്തുടന്നു് ശരീരാവയവങ്ങറം ഇളകുവാനിടയായാൽ ചെറിയ രക്തവാഹിനികളിലേക്കു് വിഷം കടന്നു ചെല്ലാനിടയാകുന്നു. തന്മൂലം കൂടുതൽ രക്തസ്രാവം ഉണ്ടാകുന്നു. അവിടെ നിന്നും സിരകളിലൂടെ ഹൃദയത്തിലേക്കും മററവയവങ്ങളിലേക്കും വ്യാപിക്കുന്നു. കടിയേററതിനും ശരീരത്തിൽ വ്യാപിക്കുന്നതിനുമിടയിലുള്ള സമയത്തിനു് ജീവൻമരണ സമരത്തിൽ നിണ്ണായക സ്ഥാനമുണ്ടു്. വിഷത്തിൻെറ ഗതി തടയുന്നതിനു് കടിവായിൽനിന്നു് ഏകദേശം മൂന്നു് അംഗുലം മുകളിലായി അല്പം വീതിയുള്ള ചരടോ റിബണോ ഉപയോഗിച്ചു് അല്പം മുറുകത്തക്ക വിധത്തിൽ കെട്ടേണ്ടതാണു്. ധമനികളിലൂടെയുള്ള രക്തപ്രവാഹത്തെയല്ല, മറിച്ചു് വസയുടെ സഞ്ചാരത്തേയും സിരകളിലെ രക്തഓട്ടത്തേയുമാണു് തടയേണ്ടതു്. കെട്ടു് വളരെ മുറുകിയിരുന്നാൽ കോറംവായുടെ കീഴ്ഭാഗങ്ങളിൽ രക്തസഞ്ചാരം നിലച്ചു് പഴുപ്പുണ്ടാകാൻ ഇടയാവുന്നു. കടിയേററ ഭാ

ഗം വീങ്ങുന്നുവെങ്കിൽ കെട്ട് അല്പം മുകളിലേയ്ക്കു് മാററാവുന്നതാണു്. പുകച്ചിൽ അധികമുണ്ടെങ്കിൽ ആൻറീസെപ്ററിക്കു് കലത്തിയ വെള്ളം ധാര കോരാവുന്നതാണു്. അതിനുശേഷം കണ്ണ്മലം (ചെവിപ്പീള) ഉമിനീരിൽ ചാലിച്ച് കോറംവായിൽ പുരട്ടണം. മോഹാലസ്യം ഉണ്ടെങ്കിൽ തല ഉടലിനേക്കാറം താഴ്ത്തി വയ്ക്കുകയും നെററിയിൽ തണുത്തജലം തളിക്കുകയോ അമോണിയാ മണക്കുവാൻ അനുവദിയ്ക്കുകയോ ചെയ്യുക. നീററലും കരിവാളിപ്പും വീക്കവും ക്രമേണ വർദ്ധിക്കുന്നുണ്ടെങ്കിൽ കോറംവായിൽനിന്നു് (രക്തത്തിലൂടെ) വിഷം ചോത്തിക്കളെയത്തക്കവിധം മുറിവുകറം ഉണ്ടാക്കേണ്ടതാണു്. കടിവായിൽ നിന്നും മുകളിലായി വിങ്ങിയഭാഗത്തു് അര അംഗുലം നീളത്തിലും ¼ അംഗുലം ആഴത്തിലും ഓരോ അംഗുലം വിട്ട് മുറിവുകറം ഉണ്ടാക്കുന്നതു് കൂട്ടതൽ ഗുണകരമാണു്. വിലങ്ങനെ ആഴത്തിൽ മുറിവുകളുണ്ടാക്കിയാൽ രക്തവാഹിനികറം ഛേദിയ്ക്കപ്പെട്ടു് കൂട്ടതൽ രക്തം പ്രവഹിക്കുവാനിടയാകും.

കടിവായിൽനിന്നും മഞ്ഞചരായയോടു കൂടി ഊറിവരുന്ന വസ വലിച്ചെടുക്കേണ്ടതാണു്. സിറിഞ്ചോ സക്ഷൻകപ്പോ ബ്രെസ്റ്റ് പമ്പോ ഉപയോഗിച്ച് ഇതു വലിച്ചെടുക്കാവുന്നതാണു്. അതിനു സാധിക്കുന്നില്ലെങ്കിൽ ഭസ്മമോ ചാണകമോ മണ്ണോ മററു വിഷഹരങ്ങളായ ഔഷധങ്ങളോ വായിൽ നിറച്ചശേഷം ശക്തിയായി വലിച്ചാൽ ഈ വസ പുറത്തുപോരുന്നതാണു്. ചുണ്ടിലോ കണ്ഠത്തിലോ വായിലോ കുടലിലോ വ്രണങ്ങളൊന്നുമില്ലാത്തവർ മാത്രമേ ഇപ്രകാരം ചെയ്യാവൂ. ഈ പ്രക്രിയ വളരെ സമയത്തേക്കു് തുടന്നുകൊണ്ടിരുന്നാൽ വിഷത്തിന്റെ വീര്യം നന്നേ കുറയുന്നതാണു്. തലയിലോ ഉടലിലോ ആണു് കോറംവായെങ്കിൽ വസ വലിച്ചെടുക്കുവാൻ നിവ്വാഹമില്ല. ഈ സാഹചര്യത്തിൽ മുപ്പതു ചതുശ്ര സെൻറീമീററർ വലിപ്പത്തിലും മൂന്നു മില്ലീമീററർ ആഴത്തിലും തൊലി ഛേദിച്ചു കളയേണ്ടതാണു്. കാൽവിരലിലോ കൈവിരലിലോ ആണു് ദംശനമേററതെങ്കിൽ

ടോാംവായ്ക്ക് അല്പം മുകളിൽവച്ച് ആ ഭാഗം മുഴവനായി ഛേദിച്ചുമാററിയാൽ മററു ചികിത്സകളാവശ്യമില്ലത്രെ. മൂർഖൻ പാമ്പാണു് കടിച്ചതെങ്കിൽ ഇരുമ്പു പഴുപ്പിച്ചോ തീക്കനെല്പപയോഗിച്ചോ കോാംവാ പൊള്ളിക്കുന്നതിൽ തെററില്ല. മണ്ഡലിയാണു് കടിച്ചതെന്നു് പൂർണ്ണബോധ്യമുണ്ടെങ്കിൽ ഇപ്രകാരം ഒരിസ്കലും പൊള്ളിക്കരുതു്. ചന്ദനം, രാമച്ചം ഇവ വെന്തു് ആ ജലം ധാര ചെയ്താൽ വളരെയധികം ഗുണമുണ്ടു്.

നല്ല ആരോഗ്യവും ഓജസ്സും സഹനശക്തിയും മനസ്സാന്നിദ്ധ്യവുമുള്ള ഒരു വ്യക്തിയിൽ വേണ്ടത്ര വിഷം ചെന്നുചേൎന്നിട്ടുണ്ടെങ്കിൽ പോലും അയാാം രക്ഷ പെട്ടേക്കാം. ശരീരത്തിന്റെ വലിപ്പമനുസരിച്ചു് വിഷവ്യാപനത്തിനാവശ്യമായ സമയവും വ്യത്യസ്തമായിരിക്കും. പാമ്പുകടിയേററാൽ ഭയപ്പെടാതെ ആത്മസംയമനത്തിലൂടെ സ്വയം ശക്തിയാൎജ്ജിച്ചു് വിഷവ്യാപനത്തെ തടയുവാൻ കുറെയൊക്കെ സാധിക്കുന്നതാണു്. കടിയേററാലുടൻ അസ്വസ്ഥമാകാതെ, അചഞ്ചലമായി നിലകൊള്ളുവാൻ ശ്രമിക്കുക.

''വിഷം ഹി ദേഹം സംപ്രാപ്യ
പ്രാക്ദൂഷ യതിശോണിതം''

ഈ മതമനുസരിച്ചു് ആദ്യം രക്തത്തേയും പിന്നീടു് ഹൃദയത്തേയു, വിഷം മലിനമാക്കുന്നു. ഇതോടെ ഹൃദയത്തിന്റെ പ്രവൎത്തനം അപകടപ്പെടുകയും ചെയ്യുന്നു. ഈ വിധത്തിൽ സംഭവിയ്ക്കാതിരിയ്ക്കുവാൻ വേണ്ടിയാണു് ഹൃദയാവരണ ചികിത്സ നിൎദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. മണ്ഡലിവിഷചികിത്സയിൽ 'ഹൃദയാവരണ'ത്തിനു് അതിപ്രധാനമായ സ്ഥാനമുണ്ടു്.

ഹൃദയാവരണത്തിൽ ശീതോപചാരമാണു് പ്രധാനമായിട്ടുള്ളതു്. ശീതവീര്യത്തോടു കൂടിയ ഔഷധങ്ങാം കോാംവായ്ക്കു ചുററിലും സമീപ ഭാഗങ്ങളിലും തുടർച്ചയായി പുരട്ടുക, ഇങ്ങനെ ചെയ്യുന്നതുകൊണ്ടു് രക്തത്തിന്റെ

ഗതിവേഗം കുറയുകയും വിഷം കലന്ന രക്തം ഹൃദയ യത്തിലെത്തിച്ചേരുവാൻ താമസിക്കുകയും ചെയ്യുന്നു. ഹൃദയത്തിനും രക്തത്തിനും ഇതുമൂലം തണുപ്പ് ലഭിക്കുന്നതുകൊണ്ടു് ഹൃദയത്തിൽ കഫസ്വഭാവം വർദ്ധിക്കുകയും രക്തത്തിൽ കൊഴുപ്പും ശീതവീര്യവുമുണ്ടാകുകയും ചെയ്യുന്നു.

രക്തസ്രാവം, പനി, നീരു്, പുകച്ചിൽ, ദാഹം, വേദന, മലമൂത്രബന്ധം, രക്തം ഛർദ്ദി, ക്ഷീണം മുതലായവയെല്ലാകെ ഹൃദയാവരണ ചികിത്സ പ്രയോജനപ്രദമാണു്. എങ്കിലും അവയ്ക്കോരോന്നിനും പ്രാധാന്യം കൊടുത്തു് മററു ചികിത്സകഠം പ്രത്യേകം നടത്തേണ്ടതാണു്.

മനുഷ്യയന്ത്രത്തിന്റെ കേന്ദ്ര ബിന്ദു തലച്ചോറായതുകൊണ്ടു് വിഷവ്യാപനത്തോടെ അതിന്റെ പ്രവൎത്തനം അപകടപ്പെടുവാൻ സാദ്ധ്യതയുണ്ടു്. മന്ദത മുതലായ ലക്ഷണങ്ങഠം കണ്ടാലുടനെ നസ്യാഞ്ജനങ്ങഠം ചെയ്തു് ബോധം വീണ്ടെടുക്കാൻ അമാന്തിച്ചുകൂടാ.

## സർപ്പവിഷവും ഉറക്കമിളപ്പും.

സർപ്പദംശനമേററാൽ സാധാരണയായി ആയുർവ്വേദ ഭിഷഗ്വരന്മാർ രോഗികളെ ഉറക്കമിളയ്ക്കുവാൻ പ്രേരിപ്പിക്കാറുണ്ടു്. അതിന്റെ ആവശ്യകതയെപ്പററി താഴെ വിവരിച്ചിരിക്കുന്നു. ശരീരശാസ്ത്ര പ്രകാരം മനുഷ്യനു് ബാഹ്യവും ആന്തരികവുമായ രണ്ടു പ്രവൎത്തന മണ്ഡലങ്ങളാണുള്ളതു്. ശരീരം ഉണൎന്നിരിക്കുന്ന അവസ്ഥയിൽ ബാഹ്യാവയവങ്ങഠം കൂടുതൽ പ്രവൎത്തനക്ഷമമായിരിക്കും. നിദ്രാവസ്ഥയിലാകട്ടെ ബാഹ്യാവയവങ്ങഠംക്കു് പൂർണ്ണമായ വിശ്രമവും ആന്തരികാവയവങ്ങഠംക്കു് ഭാഗികമായ പ്രവൎത്തനവുമാണുള്ളതു്. ഉറക്കത്തിലും ശ്വാസോച്ഛ്വാസം, ഹൃദയസ്പന്ദനം, കുടലുകളുടെ വികാസ സങ്കോചം, നാഡീസ്പന്ദനം ഇവയൊക്കെ അനുസ്യൂതം തുടരേണ്ടതു് ജീവന്റെ നിലനില്പിനു് അത്യന്താപേക്ഷിതമാണു്. ഈ അവസരത്തിൽ

നാഡീവ്യൂഹം പൊതുവേ മന്ദഗതിയിൽ പ്രവൎത്തിക്കുന്നു. ഉണൎന്നിരിക്കുമ്പോൾ ഇവ പൂൎവ്വാധികം സജീവമാകുന്നു. മന്ദഗതിയിലുള്ള നാഡീവ്യൂഹത്തിൻെറ പ്രവൎത്തനം മൂലം അതിനു് ശക്തി ക്ഷയിക്കുകയും തൽഫലമായി വിഷവ്യാപനവേഗം താരതമ്യേന കൂടുകയും ചെയ്യുന്നു.

നാഡീവ്യൂഹങ്ങൾക്കു് പ്രവൎത്തന ക്ഷമതയും ശരീരത്തിനു് പ്രതിരോധ ശക്തിയും കൈവരണമെങ്കിൽ ഉണൎന്നിരുന്നേ മതിയാവൂ. രോഗി ഉണൎന്നിരിക്കുമ്പോൾ അയാളിലുണ്ടാകുന്ന അവസ്ഥാന്തരങ്ങളും മററു് വികാരങ്ങളും മനസ്സിലാക്കുവാൻ ഭിഷഗ്വരനു് കൂടുതൽ എളുപ്പത്തിൽ സാധിക്കുന്നു. ഈ കാരണങ്ങളാലത്രേ ആയുൎവ്വേദാചാര്യന്മാർ ഉറക്കമിളക്കുവാൻ നിൎദ്ദേശിച്ചിരിക്കുന്നതു്.

## പത്ഥ്യത്തിൻെറ പ്രാധാന്യം

രോഗവിമുക്തിക്കുവേണ്ടി നിൎദ്ദേശിക്കാറുള്ള ചികിത്സാവിധികളേക്കാൾ ഒട്ടുംതന്നെ അപ്രധാനമല്ല, പത്ഥ്യാചരണം. ഇതിനു് എന്തെങ്കിലും പാകപ്പിഴകൾ അറിഞ്ഞോ അറിയാതെയോ സംഭവിച്ചാൽ അതു് വളരെയധികം അപകടങ്ങൾക്കു് വഴിതെളിയ്ക്കാവുന്നതാണു്. രോഗിയുടെ ശരീരസ്ഥിതി, രോഗസ്ഥിതി, ദോഷസ്ഥിതി, ദഹനേന്ദ്രിയങ്ങളുടെ കഴിവു്, ഔഷധത്തിൻെറ വീൎയ്യം ഇവയൊക്കെ അടിസ്ഥാനമാക്കിയത്രേ ഭിഷഗ്വരന്മാർ പത്ഥ്യം നിൎദ്ദേശിയ്ക്കാറുള്ളതു്. പത്ഥ്യത്തിനു് പരമമായ പ്രാധാന്യം കല്പിക്കുവാൻ കഴിയുന്നില്ലെങ്കിൽ അതു മരണത്തിനു തന്നെ കാരണമായേക്കാം.

## ഔഷധങ്ങളിൽ ശ്രദ്ധിയ്ക്കേണ്ട സംഗതികൾ

ശ്മശാനഭൂമി, ചുടലക്കാടു്, പെരുവഴി, ചേറുള്ള സ്ഥലം, പുററു് എന്നിങ്ങനെയുള്ളിടത്തു നിൽക്കുന്ന മരുന്നുകൾ ഉപയോഗ യോഗ്യമല്ല. നീരപ്പുള്ള സ്ഥലത്തും

മണൽപ്രദേശത്തും മുളയ്ക്കുന്ന മരുന്നുകൾ കൂടുതൽ ഗുണകരമാണ്. വെയിലും തണുപ്പും ഇല്ലാത്ത സ്ഥലങ്ങളിൽ വളരുന്നതും പറിച്ചാൽ വേരുകൾ മുഴുവൻ കിട്ടുന്നതുമായ മരുന്നുകളും നല്ലതാണ്. തിപ്പലി, വിഴാലരി, നെയ്യ്, ശർക്കര, തേൻ ഇവ ഒരു വർഷം പഴകിയതായാൽ ഔഷധ വീര്യം ഇരട്ടിയ്ക്കുന്നു. കടിഞ്ഞൂൽ പെററതും യൗവ്വനത്തോടും ധാതുബലത്തോടും കൂടിയതുമായ പശുവിന്റെ വൈകുന്നേരം കറക്കുന്ന പാലും അതുപോലെ മൂത്രവും ചാണകവും ഔഷധവീര്യം അധികരിക്കുന്നവയാണ്.

രസം, കൽക്കം, ശൃതം, ശീതം, ഫാണ്ഡം എന്നിങ്ങനെ കഷായങ്ങൾ അഞ്ചുവിധം. വ്യാധിബലത്തേയും ദേഹബലത്തേയും, അഗ്നിബലത്തേയും, ദേശകാലാവസ്ഥകളേയും നോക്കി ഇവ നിർദ്ദേശിക്കേണ്ടതാണ്. മധ്യം എല്ലാം കൊണ്ടും സ്വീകാര്യമായതുകൊണ്ട് ശൃതവിഭാഗത്തിൽപ്പെടുന്നവയാണ് പൊതുവെ ഉത്തമം. മരുന്നുകൾ ചേർത്ത് വെള്ളം കലർത്തി കുറുക്കിയാണ് ശൃതമുണ്ടാക്കുന്നത്. നര അടങ്ങുമ്പോൾ വാങ്ങി ആറിയശേഷം മാത്രമേ ഉപയോഗിക്കാവൂ ശർക്കര പതഞ്ഞു വരുമ്പോൾ ആവശ്യമുള്ള മരുന്നുകൾ പൊടിച്ചുചേർത്ത് (വാങ്ങിയശേഷം) വേണം ലേഹ്യമുണ്ടാക്കുവാൻ. അതുപോലെ നര ഉണ്ടാകുമ്പോൾ എണ്ണ പാകമായെന്നു മനസ്സിലാക്കണം. എണ്ണക്കു കൽക്കം പൊടിച്ചരച്ചു ചേർക്കണം. നെയ്യാകട്ടെ പൊടിച്ചു ചേർത്താൽ മതിയാകും. എണ്ണയിൽ കൽക്കം പൊടിച്ചരച്ചു ചേർക്കാതിരുന്നാൽ കണ്ണിൽ വ്യാധികളുളവാകും. നെയ്യ് അരച്ചുകൂട്ടിയാൽ ശരീര തേജസ്സും ധാതുക്കളും ക്ഷയിച്ചു പോകും. വിഷമുള്ള വൃക്ഷങ്ങളുടെ വിറക് മരുന്നുകൾ പാകം ചെയ്യുവാൻ ഉപയോഗിയ്ക്കരുത്. അതുപോലെ ജന്തുക്കളുടെ കാഷ്ഠവും മററും ഇതിൽ വീഴാതെ സൂക്ഷിക്കേണ്ടതുമുണ്ട്, ചെമ്പുപാത്രത്തിൽ എണ്ണയും ഓട്ടുപാത്രത്തിൽ നെയ്യും ഇരുമ്പുപാത്രത്തിൽ ലേഹ്യങ്ങളും പാകം ചെയ്യണം. കഷായങ്ങളിൽ ചേർത്തിരിക്കുന്ന ഔഷധങ്ങളുടെ വീര്യം അഞ്ചാം ദിവസം ലയിച്ചുചേരുന്നു. ആറാം ദിവസം പിഴിഞ്ഞരിച്ച് (5 ദിവസം കൊണ്ട്) കാച്ചിയരി

ച്ചേട്ടക്കണം. ഇലകരം ഒരു ദിവസവും കിഴങ്ങുകരം രണ്ടു ദിവസവും വള്ളികരം മൂന്നുദിവസവും തൊലികരം നാലു ദിവസവും വേരുകരം അഞ്ചുദിവസവും വെന്താൽ അതിൻെറ വീര്യം പൂർണ്ണമായും ലയിച്ചു ചേരുന്നതാണു്. രാത്രിയിൽ ഭക്ഷണശേഷവും പകൽ ഭക്ഷണത്തിനു മുൻപും വേണം കഷായം സേവിക്കുവാൻ. ആടലോടകം, കുടകപ്പാല, ആവണക്കു് ഇവയുടെ വേരുകളും കരിമ്പു് മുരിങ്ങത്തളിരു്, വള്ളികരം, കിഴങ്ങുകരം, പുഷ്പങ്ങരം, ഇലകരം മൃദുത്വമുള്ള തോൽ ഇവയെല്ലാം പച്ചയായിട്ടുള്ളതായിരിക്കണം. അനുപാനമായ തേൻ, നെയ്യ്. തൈലം ഇവ ഔഷധത്തിൻെറ ഇരട്ടിയായിരിക്കണം.

ലഘു ഔഷധങ്ങരംക്കാവശ്യമായ ഖരപദാർത്ഥം (ചന്ദനം, രാമച്ചം മുതലായവ) ഒന്നേകാൽ കഴഞ്ചുവീതവും ദ്രവം ഒന്നര തുടം വീതവുമായിരിക്കും സാധാരണ ഉപയോഗിക്കേണ്ടതു്.

നസ്യം 6 തുള്ളിയിൽ ഒട്ടും കൂടരുതു്. വളരെ ശ്രദ്ധയോടുകൂടി മാത്രമെ ഈ കർമ്മം ചെയ്യാവൂ.

പ്രതിവിധികരംക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മരുന്നുകളുടെ തൂക്കവും അളവും അതാതു രോഗിയുടെ ശരീരാദിസ്ഥിതികളുടെയും വിഷത്തിൻെറ കാഠിന്യത്തിൻെറയും അടിസ്ഥാനത്തിൽ വ്യത്യാസപ്പെട്ടിരിക്കും. എല്ലാ ലക്ഷണങ്ങളും ശരിക്കും മനസ്സിലാക്കി സ്വന്തം യുക്തിക്കനുസരണമായി ആവശ്യമായ വ്യതിയാനങ്ങരം വരുത്തേണ്ടതു് അത്യന്താപേക്ഷിതമാണു്.

## വിഷരോഗിയുടെ അപഥ്യങ്ങൾ

എണ്ണ, തേങ്ങ, പുളി, ഉപ്പു്, മോരു്, ചായ, കടുകു്, ചക്ക, ശർക്കര, കരിമ്പു്, ഉഴുന്നു്, മത്സ്യം. മാംസം, മുതിര, തൈരു്, അവൽ, പുകയില. മുറുക്കു് (താംബൂലം), കരളു്, മുഷ്ടാന്നഭോജനം, വിയർക്കുക, പണിചെയ്യുക, പുകയേൽക്കുക, സ്ത്രീ–പുരുഷ സമാഗം, മഞ്ഞു കൊള്ളുക,



മൂർഖൻ

പൊടി ഏൽക്കുക, കാററു കൊള്ളുക, കോപം, ദുഃഖം, പകൽ ഉറക്കം, ശബ്ദമുണ്ടാക്കിയിരിക്കുക, ഉറക്കെ സംസാരിക്കുക, യാത്ര ചെയ്യുക ഇവ വജ്ജിക്കേണ്ടതാണ്.

## കഴിക്കാവുന്ന ഭക്ഷണങ്ങൾ

ഞവര, മുളപ്പിച്ച നെല്ലിൻെറ അരി, വരക്, തിന, ഇവ നെയ്യ്, കുരുമുളക്, തിപ്പലി, ചെറുപരിപ്പ്, ഇന്തുപ്പ്, ഇവ ചേത്തു് ഭക്ഷിക്കാം. ഇഞ്ചി. മുരിങ്ങയില, ചെറുചീര ഇവ കറിയായി ഉപയോഗിക്കുകയും ചെയ്യാം.

## മരുന്നുകഞ്ഞി

ഞെരിഞ്ഞിൽ, നീലയമരിവേരു് ആടലോടകത്തിൻ വേരു്, ഇവ കിഴികെട്ടി അരിയോടൊപ്പം വേവിച്ചു് (അരിവെന്തു പാകമാകുമ്പോറം കിഴിപിഴിഞ്ഞു് മാററുക) ആ കഞ്ഞി കുടിക്കുക. ഗോതമ്പും ഇപ്രകാരം കഞ്ഞി വയ്ക്കാം.

## കറികൾ

ചെറുചീര, വേലിപ്പരുത്തി ഇവയുടെ ഇലയും പൂവും കറിയ്ക്കുപയുക്തമാണു്. വെള്ളരിക്ക, കുമ്പളങ്ങ, പാവയ്ക്ക, പടവലങ്ങ, ചെറുചുണ്ടങ്ങ, എന്നീ പച്ചക്കറികറം ഇന്തുപ്പ് കുരുമുളക്, നെയ്യ് ഇവ ചേത്തു് പാകം ചെയ്യുക.

## മാംസം

മാംസഭക്ഷകറംക്കു് കീരി, മയിൽ ഇവയുടെ മാംസം നിർബ്ബന്ധമുണ്ടെങ്കിൽ ഉപയോഗിക്കാം. മഞ്ഞറം, കായം, ഉള്ളി, കുരുമുളക്, ഇന്തുപ്പ് ഇവ ചേത്തുവേണം മാംസം പാകം ചെയ്യുവാൻ.

## പാനീയങ്ങൾ

അരി, ബാർലി, ജീരകം, മല്ലി, ചുക്കു്, ഇവ വെന്ത വെള്ളം ഉപയോഗിക്കാം. ഗ്ലൂക്കോസു് കലത്തിയ വെള്ളവും ഗോതമ്പുവെള്ളവും തിളപ്പിച്ചാറിച്ച ശുദ്ധജലവും ഉപയോഗപ്രദമത്രെ.

## പഴവർഗ്ഗം

പാളയൻകോടൻ പഴമൊഴിച്ചു് മറെറല്ലാ പഴവർഗ്ഗങ്ങളും നല്ലതുതന്നെ. ഏത്തപ്പഴമാണെങ്കിൽ പുഴുങ്ങിയോ ചുട്ടോ വേണം ഉപയോഗിക്കുവാൻ.

N. B. വിഷത്തിൻെറ കാഠിന്യം വർദ്ധമാനമായ വിധം ഉണ്ടെങ്കിൽ കഴിവുള്ളിടത്തോളം കറികളും മാംസവും പഴവർഗ്ഗങ്ങളും വർജ്ജിക്കേണ്ടതാണു്. ആ നിർണ്ണായക സമയത്തു് മരുന്നുകഞ്ഞി മാത്രമുപയോഗിക്കുന്നതാണുത്തമം.

## രണ്ടാം ഭാഗം

### വിഷചികിത്സ

1. മൂർഖൻ.

തരം കിട്ടിയാൽ കടിയ്ക്കുന്ന പ്രകൃതക്കാരനാണ് മൂർഖനെന്നു് സാധാരണയായൊരു വിശ്വാസമുണ്ടു്. അതു തെററാണു്. ഉപദ്രവിച്ചാൽ മാത്രമേ ഇവൻ കടിക്കൂ, ശത്രുവിനെ അടുത്തു കണ്ടാൽ ശരീരത്തിൻെറ മുൻഭാഗം മേല്പോട്ടുയരും; ഫണം വിടരും; ഫുഡ്ബോൾ ബ്ളാഡറിൽ നിന്നും കാററഴിച്ചുവിട്ട മാതിരി ശക്തമായി ഊതും. ഇതിനെല്ലാം പുറമേ മററൊരടവു പ്രയോഗിക്കുക പതിവാണു്. ദൃഷ്ടിയുറപ്പിച്ചു് പ്രതിയോഗിയെ തുറിച്ചുനോക്കും. നാവിടയ്ക്കിടെ പുറത്തോട്ടു നീട്ടും. അരിശം മൂത്തു് ശരീരത്തിൻെറ വലിപ്പം വർദ്ധിപ്പിക്കും. തരം കിട്ടിയാൽ ആഞ്ഞു കൊത്തും. ഉയർത്തിപ്പിടിച്ച ഫണവുമായി വളരെ നേരം നിലകൊള്ളും, ശത്രു ഒരു ഭീഷണിയായി മുൻപിലുണ്ടായിരിക്കണമെന്നു മാത്രം.

പക വച്ചുപുലർത്തുവാനുള്ള കെൽപ്പ് ബുദ്ധിയ്ക്കില്ലെങ്കിലും ഏതാനും മണിക്കൂറുകളോ ഒരുപക്ഷേ ദിവസങ്ങളോ മനസ്സിൽ വച്ചു പുലർത്തുവാൻ മൂർഖനു സാധിക്കുമെന്നു് ഏറെക്കുറെ തെളിയിക്കപ്പെട്ടിട്ടുണ്ടു്. പക വീട്ടുവാൻ പതിയിരുന്നു കൊത്തുമെന്നും എത്രദൂരം വേണമെങ്കിലും സഞ്ചരിച്ചു പ്രതികാരം ചെയ്യുമെന്നുമൊക്കെയുള്ള വിശ്വാസം ഒരു വിവാദമായി ഇന്നും തുടരുകയാണു്. ഇതേപ്പററി ഖണ്ഡിതമായ ഒരഭിപ്രായം പറയുവാൻ നിവൃത്തിയില്ല. വളരെയധികം ബുദ്ധിശക്തിയുള്ള ഒരിനമാണു്

മൂർഖൻ. ആപത്തിന്റെ അല്പമായ സൂചന ലഭിച്ചാലുടൻ അവൻ കടന്നു കളയാറുള്ളതു്, സാഹചര്യത്തിനനുസരണമായി യുക്തമായ തീരുമാനമെടുക്കാനുള്ള അമിതമായ കഴിവുകൊണ്ടാണു്. കാഴ്ചശക്തിയും ഘ്രാണശക്തിയും സാമാന്യത്തിലധികംതന്നെ. ശ്രവണശക്തിയിലും ഒട്ടും പിന്നിലല്ല. വായുവിലുള്ള ശബ്ദതരംഗങ്ങളെ ഉൾക്കൊള്ളുവാൻ ഇവയ്ക്കു കഴിയാറില്ല. തറയിലൂടെ കടന്നു വരുന്ന ശബ്ദവീചികളത്രേ പാമ്പുകൾക്കനുഭവപ്പെടുന്നതു്. കുഴലിൽനിന്നും സംഗീതമുയരുമ്പോൾ പാമ്പു് നൃത്തം വയ്ക്കുന്നതു് സ്വരം ശ്രദ്ധിച്ചിട്ടല്ലെന്നും, കുഴലൂത്തുകാരന്റെ താളാത്മകമായ ശരീരചലനമോ അഥവാ കുഴലിന്റെ ആട്ടമോ കണ്ടിട്ടാണെന്നും പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ടു്.

ചുണ്ടെലി, പക്ഷി, ഓന്തു്, പല്ലി, തവള മുതലായവയുടെ മാംസമാണു് മൂർഖന്റെ മുഖ്യാഹാരം.

ഭൂമിയിൽനിന്നും അല്പം ഉയർന്നുനിന്നുകൊണ്ടാണു് ഇവ ഇണചേരുന്നതു്. ഈ സന്ദർഭത്തിൽ ഫണം വിടർത്താറില്ല. പരസ്പരം ആലിംഗനബദ്ധരായി പിണഞ്ഞുകൊണ്ടു് നാലഞ്ചു മണിക്കൂറുകളോളം ഇവ രാസക്രീഡ നടത്തുന്നു. മൂർഖൻ ആണും ചേര പെണ്ണുമാണു് എന്നൊരു ധാരണ നമ്മുടെ നാട്ടിലുണ്ടു്. മൂർഖനും ചേരയും തമ്മിൽ ഇണചേരുന്നതു കണ്ടാൽ കാഴ്ചനഷ്ടപ്പെടുമെന്നു വരെ ചിലരും വിശ്വസിക്കുന്നു. മൂർഖവർഗ്ഗത്തിൽ ആണും പെണ്ണുമുള്ളപ്പോൾ ചേരത്തരുണിയുമായി മാത്രം സല്ലപിക്കുന്നുവെന്നു കരുതാനാവുമോ?

ഏപ്രിൽ, മെയ് മാസങ്ങളോടടുത്താണു് മൂർഖൻ മുട്ടയിടാറുള്ളതു്. രണ്ടംഗുലം നീളവും ഒരംഗുലം വീതിയും ഉണ്ടാകും മുട്ടയ്ക്കു്. സാധാരണയായി 12 മുതൽ 25 വരെ മുട്ടയുമുണ്ടാകും. മുട്ട വിരിയുവാൻ രണ്ടുമാസം വേണ്ടിവരും. കുഞ്ഞുങ്ങൾക്കു് 7—10 അംഗുലംവരെ നീളവും കാണും. മൂന്നു കൊല്ലക്കാലത്തെ വളർച്ചകൊണ്ടു് ഏകദേശം നാല

രയടിയോളം നീളം വയ്ക്കുന്നു. സർപ്പം ചെറുതാണെങ്കിലും വിഷം കാഠിനമായിരിക്കുമെന്നുള്ളതു് പ്രത്യേകം ഓർക്കേണ്ടതുണ്ടു്.

## വിഷപ്പല്ലും വിഷവീര്യവും

$\frac{3}{10}$ അംഗുലം നീളം മാത്രമേ വിഷപ്പല്ലിനുണ്ടായിരിക്കുകയുള്ളു. ഓരോ അണയിലും വിഷപ്പല്ലിനു പുറകിലായി ഉള്ളിൽ ദ്വാരമില്ലാത്ത ഓരോ ചെറിയ പല്ലുകൂടി കാണാവുന്നതാണു്.

സാധാരണയായി 20—30 തുള്ളി വിഷം മൂർഖനിൽനിന്നും ഒരു പ്രാവശ്യം വിസർജ്ജിപ്പിക്കാവുന്നതാണു്. 15 ആളുകളുടെ മരണത്തിനു് വേണ്ടത്ര അളവത്രേ ഇതു്. പറുങ്കിമാവിൻ പശപോലുള്ള ഒരു ദ്രവപദാർത്ഥമാണു് വിഷം. കയ്പുരസം കലന്ന ഈ വിഷത്തിൻെറ മുക്കാൽ ഭാഗത്തോളം വെള്ളമാണു്. ഉറച്ചു കട്ടിയായാൽ 15 കൊല്ലത്തോളം കേട്ടുകൂടാതെയും വീര്യം നഷ്ടപ്പെടാതെയും സൂക്ഷിക്കുവാൻ സാധിക്കും. സാധാരണയായി ഉണങ്ങിയാൽ 211 മില്ലിഗ്രാം വരും. 15 മില്ലിഗ്രാം വിഷം മതിയാവും ഒരു മനുഷ്യൻെറ മരണത്തിനു്.

## വിഷലക്ഷണം

വിഷം ഉള്ളിൽപെട്ടാൽ അസഹ്യമായ നീററലും കോറംവായിൽ കരിവാളിപ്പും വിങ്ങലുമുണ്ടായിരിക്കും. വിഷം മസ്തിഷ്കത്തേയും സുഷുമ്നയേയും ബാധിക്കുന്നതോടെ ശരീരം വിറങ്ങലിക്കുകയും കൈകാലുകൾ നിശ്ചലമാകുകയും ചെയ്യുന്നു. കഴുത്തിനു് ശക്തിക്ഷയം സംഭവിക്കുന്നതുകൊണ്ടു് തലകുനിയും. നാവനക്കാൻ വയ്യാത്തതുകൊണ്ടു് സംസാരിക്കുവാൻ സാധ്യമല്ലാതാകുന്നു. തൊണ്ടയിലെ മാംസപേശികൾ തളരുന്നതുമൂലം ആഹാരം കഴിക്കുവാൻ പ്രയാസം നേരിടുന്നു. ചുണ്ടുകൾ വിളക്കുന്നു. കീഴ്ച്ചു

ണ്ടു് താഴോട്ടു കുഴഞ്ഞുവീഴുന്നതോടെ നുരയും പതയും വായിലൂടൊഴുകുന്നു. കൺപോളകൾ അടയുന്നതോടെ ആകെ ഭീകരത തന്നെ. വായു്, മൂക്കു്, വയർ ഇവയിൽ നിന്നും രക്തം വിസജ്ജിക്കപ്പെട്ടേക്കാം. ശ്വാസോച്ഛ്വാസത്തിനു് തടസ്സം നേരിടുന്നതുകൊണ്ടു് അവസാനം മരിക്കുകയും ചെയ്യാം.

## പ്രതിവിധികൾ

A. ലഘുഔഷധങ്ങൾ.

1) ചുക്കു്, കുരുമുളകു് ഇവ സമമെടുത്തു് കാടിയിൽ അരച്ചു സേവിക്കുക.

2) എരുക്കില, കരളകം ( ഗരുഡക്കൊടി ) ഇന്തുപ്പു് ഇവ സമം എടുത്തു് മനുഷ്യമൂത്രത്തിൽ അരച്ചുസേവിക്കുക.

3) അമുക്കുരം, ചുക്കു്, ഗരുഡക്കൊടിവേരു് ഇവ സമം പാലിൽ അരച്ചു സേവിക്കുക.

4) എരുക്കു്, പാച്ചോററി, നെന്മേനിവാക, പഞ്ചംഗം, ലവണം (ഇന്തുപ്പു്), ഇലവർങം, കൂവളത്തിൻവേരു്, മഞ്ഞളുരണ്ടു്, മഞ്ചട്ടി, ചന്ദനം ഇവ സമം അരച്ചു സേവിക്കുക.

5) ഇലഞ്ഞിക്കുരു മൂത്രത്തിലരച്ചു് സേവിക്കുക.

6) എരിക്കിൻെറ പഴുത്ത ഇല ഉപ്പുചേർത്തു് മൂത്രത്തിലരച്ചു് മൂത്രത്തിൽതന്നെ കലക്കിസേവിക്കുക. മൂർഖ വിഷം ശമിക്കുന്നതാണു്.

B. കഷായം.

1) നീലയമരിവേരു്, വെററില, തുളസിക്കതിരു്, ചെറുചീരവേരു്, കുരുമുളകു് ഇവ രണ്ടു കഴഞ്ചുവീതം കഴുകി വൃത്തിയാക്കി ചതച്ചു് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി അരിച്ചു് ഒരു തുടം വീതം ഒരു വില്വാദി ഗുളിക മേമ്പൊടിചേർത്തു് ദിവസം മൂന്നു നേരം വീതം സേവിക്കുക.

2) അമുക്കരം, ചുക്ക് ചന്ദനം, നീലയമരിവേര്, ത്രിഫലത്തോട്, പൊങ്ങിൻതൊലി ഇവ ഒന്നര കഴഞ്ചു വീതം കഴകിച്ചതച്ച് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്ത് നാഴിയാക്കി 2 തുടം കഷായം വീതമെടുത്ത് കുറുക്കി ഒരു തുടമാക്കി ഒരു വില്വാദി ഗുളിക മേമ്പൊടി ചേർത്ത് ദിവസം മൂന്നു നേരം വീതം സേവിക്കുക.

3) ത്രികോൽപ്പക്കൊന്ന, നാഗദന്തിവേര്, ത്രിഫലത്തോട് ഇവ രണ്ടു കഴഞ്ചുവീതം കഴകിച്ചതച്ച് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്ത് നാഴിയാക്കി ഒരു നേരമായി സേവിക്കുക. എല്ലാ വിഷങ്ങൾക്കും ഈ കഷായം അനുയോജ്യമാണ്.

4) അമുക്കരം 6 കഴഞ്ച്, ചന്ദനം 4 കഴഞ്ച്, ചുക്ക് 2 കഴഞ്ച് ഇവ കഴകിച്ചതച്ച് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്ത് നാഴിയാക്കി 2 തുടമെടുത്ത് കുറുക്കി ഒരു തുടമാക്കുക. അതിൽ ഓരോ അശ്വഗന്ധാദി ഗുളിക വീതമരച്ച് മൂന്നു നേരം സേവിക്കുക.

## C. ഗുളികകൾ.

1) ജീവരക്ഷാ ഗുളിക ആദ്യം പശുവിൻപാലിലും രണ്ടാമത്തു വെള്ളത്തിലും മൂന്നാമത്തു കാടിയിലും ഉരച്ചു കൊടുക്കുക. ആദ്യം കൊടുത്ത ഗുളിക ഛർദ്ദിച്ചെങ്കിൽ മാത്രമേ മുറപ്രകാരം കൊടുക്കാവൂ. ആദ്യം കൊടുത്ത ഗുളിക ഛർദ്ദിച്ചില്ലെങ്കിൽ മൂന്നു മണിക്കൂറിടവിട്ട് ഒരു ഗുളികവീതം പാലിൽത്തന്നെ അരച്ചുകൊടുത്താൽ വിഷം ശമിക്കുന്നതാണ്.

2) മൃതസഞ്ജീവനി ഗുളിക പാലിലോ ചൂടുവെള്ളത്തിലോ ഒരു മണിക്കൂറിടവിട്ട് കൊടുക്കുക.

3) ജീവരക്ഷാഗുളികയും വാചാശുഗന്ധാദി ഗുളികയും ഇപ്രകാരം കൊടുക്കാവുന്നതാണ്,

4) വില്വാദി ഗുളിക തുളസിനീരിൽ കൊടുക്കുക.

D. നസ്യം.

1) വാനരമാൻ, പന്നി, ഉടുമ്പ്, പ്രാവ്, കുരങ്ങ്, പൂച്ച, മയിൽ, കീരി ഇവയുടെ നെയ്യ് തേൻ ചേർത്തരച്ച് പശുവിൻകൊമ്പിൽ സൂക്ഷിക്കുക. ഇത് ആവശ്യാനുസരണം എടുത്തോ അതിനു സാധ്യമാകാതെ വന്നാൽ മുൻ പറഞ്ഞ പക്ഷിമൃഗാദികളുടെ പിത്തമെടുത്തോ നസ്യംചെയ്താൽ വിഷം പൂർണ്ണമായും ശമിക്കുന്നതാണ്.

2) കുരുമുളക്, ഉറിതൂക്കിവേര്, ചുക്ക്, കൊടുത്തൂവവേര് ഇവ സമം എടുത്ത് മൂന്നാളുകളുടെ വായിൽ സമം വീതമിട്ട് ഓരോരുത്തരും നല്ലവണ്ണം ചവച്ചരയ്ക്കുക. ഒരാൾ മൂർദ്ധാവിലും മററു രണ്ടാളുകൾ രോഗിയുടെ ഇരു ചെവികളിലും ഊക്കോടെ ഊതേണ്ടതാണ്. മൂവരും ഒരേ സമയത്തുവേണം ഇപ്രകാരം ചെയ്യുവാൻ. ബോധം വീണ്ടുകിട്ടും വരെ ഈ പ്രവൃത്തി തുടരേണ്ടതാണ്.

3) ഉമ്മത്തില, വെററില ഇവ ഇടിച്ചു പിഴിഞ്ഞ നീരിൽ ഇന്തുപ്പ് ചേർത്ത് നസ്യം ചെയ്യുക.

E. അഞ്ജനം.

1) തിപ്പലി, കുരുമുളക്. ചുക്ക്, പെരുങ്കായം ഇവ 6 ആവർത്തി എരിക്കിൻപാലിൽ അരച്ച് അഞ്ജനം ചെയ്താൽ എത്ര മാരകമായ വിഷബാധയായാൽക്കൂടി ദഷ്ടൻ രക്ഷപെടുന്നതാണ്.

2) വില്വാദി ഗുളിക മുലപ്പാലിൽ അരച്ച് കണ്ണിൽ എഴുതുക.

3) മൃതസഞ്ജീവിനി ഗുളിക വെള്ളത്തിൽ അരച്ച് അഞ്ജനം ചെയ്യുക.

F. ലേപനം.

1) വയമ്പ്, കായം, കുരുമുളക് ഇവ സമം എടുത്ത് മുരിങ്ങയിലനീരിലരച്ച് കോടവായിലും പരിസരത്തും പുരട്ടിയാൽ വിഷം ശമിക്കും.

2) ഇന്തുപ്പ്, ചുക്ക്, തിപ്പലി, കുരുമുളക്, ചന്ദനം ഇവ സമമെടുത്തു് മനുഷ്യമൂത്രത്തിൽ അരച്ചു പുരട്ടുക.

3) തഴുതാമ, കള്ളി, എരുക്ക്, ചന്ദനം, വയമ്പ് ഇവ സമമെടുത്തു് ഗോമൂത്രത്തിലരച്ചിടുക.

4) നീർവ്വാളക്കുരുവിൽനിന്നും ലഭിക്കുന്ന തൈലം കോറംവായിലും സമീപത്തും പുരട്ടിയാൽ വിഷം ശമിക്കും.

5) തിപ്പലി, മുളക്, ചുക്ക്, ഇന്തുപ്പ് കായം. പുകയറ ഇവ സമമെടുത്തു് ഗോമൂത്രത്തിലരച്ച് കോറംവായിൽ പുരട്ടിയാൽ വിഷം ശമിക്കും.

6) വയമ്പ്, കായം, കുരുമുളക് ഇവ സമം മുരിക്കിലനീററിൽ അരച്ചു പുരട്ടിയാൽ വിഷം ശമിക്കും.

G. മററു ചികിത്സകറം.

1) ഇന്ദ്രഗോവപ്പുഴുവിനെ പിടിച്ച് നല്ല കായവുംകൂട്ടി കയ്യിലിട്ടുതിരുമ്മി പുഴുങ്ങിയശേഷം വിഷബാധയേററയാളുടെ മൂക്കും വായും അതേ കൈകറംകൊണ്ടു് പൊത്തുക. അതുപോലെ ശരീരത്തിൽ മൂന്നു പ്രാവശ്യം തിരുമ്മുകയും ചെയ്യുക. മൂർഖവിഷം ശമിക്കുന്നതാണു്.

2) വാറംമാൻ, പന്നി, ഉടുമ്പ്, പ്രാവ്, കുരങ്ങ്, കീരി, മയിൽ, പൂച്ച ഇവയുടെ നെയ് തേൻ ചേർത്തു് അരച്ച് പശുവിൻ കൊമ്പിൽ സൂക്ഷിക്കുക. ആവശ്യാനുസരണം പാനം ചെയ്യുകയോ തളം വയ്ക്കുകയോ ചെയ്താൽ വിഷം ശമിക്കുന്നതാണു്.

## അനുബന്ധരോഗങ്ങൾ

സർപ്പബാധയെത്തുടന്ന് ദഷ്ടനിലുണ്ടാകുന്ന നീരു്, സന്ധി-അസ്ഥിവേദന, രക്താതിസാരം, തലവേദന, രുചിഭേദം, മലമൂത്രബന്ധം, ബോധക്ഷയം മുതലായവയ്ക്കും അതോടൊപ്പം വ്രണം കരിയുവാനും ആവശ്യമായ ഔഷധങ്ങളുടെ വിവരണം താഴെ ചേർത്തിരിക്കുന്നു.

A. ബോധക്ഷയം

1) തുമ്പനീരു്, ചുവന്ന തുളസിനീരു്, ഇവ സമമെടുത്തു് അതിൽ കുരുമുളകു് അരച്ചുചേർത്തു് നസ്യം ചെയ്താൽ ബോധം വീണ്ടു കിട്ടുന്നതാണു്.

2) മൃദ്വീകാദി ഗുളിക മുലപ്പാലിൽ ലയിപ്പിച്ചു് കണ്ണിൽ നസ്യം ചെയ്യുക.

3) തുമ്പനീരിൽ ചുക്കു്, കുരുമുളകു്, തിപ്പലി ഇവ അരച്ചു് കായം ചേർത്തു് നസ്യം ചെയ്യുക.

4) കരിമുരിക്കിൻെറ ഇല, പെരുങ്കായം, നീലയമരിയില, വെളുത്തുള്ളി, വയമ്പു്, കുരുമുളകു് ഇവ ഇടിച്ചു പിഴിഞ്ഞു് നീരെടുത്തു് മൂക്കിലും ചെവിയിലും നസ്യം ചെയ്യുക.

B. നീരു്.

1) വയമ്പു്, കാർത്തോട്ടി, എരിക്കിൻവേരു്, അമുക്കുരം, ഉങ്ങിൻതൊലി, മുരിങ്ങത്തൊലി, ഞെരിഞ്ഞിൽ നീലയമരിയില ഇവ സമം മനുഷ്യമൂത്രത്തിലരച്ചു് പുരട്ടിയാൽ നീരു് ശമിക്കുന്നതാണു്.

2) വില്വാദിപ്പൊടി, നീലയമരിയില, അമൃതില ഇവ സമമെടുത്തു് ആട്ടിൻ മൂത്രത്തിലരച്ചു് തുടരെത്തുടരെ പുരട്ടുക.

3) പൊൻകാരം, നീലയമരിവേരു് ഇവ മനുഷ്യമൂത്രത്തിലരച്ചു് പുരട്ടുന്നതു് വളരെയധികം പ്രയോജനം ചെയ്യും. കാടിയിൽ അരച്ചു പുരട്ടിയാലും മതിയാവും.

4) പഴുത്ത എരുക്കില, കായം ഇവ മേല്പറഞ്ഞ പ്രകാരം അരച്ചു പുരട്ടിയാലും വിഷവും നീരും ശമിക്കും.

5) കരംവേഗത്തിൻെറ വേരു്, ചുക്കു്, ഇവ അരച്ചു പുരട്ടിയാലും നീരു് ശമിക്കുന്നതാണു്.

C. ചിത്തഭ്രമം.

ചന്ദനം, രാമച്ചം ഇവ സമം പച്ച വെള്ളത്തിലരച്ച സേവിയ്ക്കുക.

D. പനി.

1) ഒന്നരക്കഴഞ്ചു വാളൻ പുളിയുടെ വേരിലെ തൊലി പശുവിൻ പാലിൽ അരച്ച് തുടരെ പുരട്ടുക.

2) വില്വാദിപ്പൊടി കഷായം വച്ച് ഒരു തുടം കഷായത്തിൽ വില്വാദി ഗുളിക ഒരെണ്ണം വീതം മേമ്പൊടി ചേർത്ത് മൂന്നുനേരം സേവിക്കുക.

E. സന്ധി, അസ്ഥിവേദന.

1) മൃതസഞ്ജീവനി പുരട്ടി തിരുമ്മിയാൽ സന്ധികളിലും അസ്ഥികളിലുമുണ്ടാകുന്ന വേദന നിശ്ശേഷം നീങ്ങുന്നതാണ്. തുടർന്ന് വിഷസംഹാരി കോഴംവായിൽ തേയ്ക്കുകയും നറുനെയ് ധാരകോരുകയും ചെയ്യണം.

2) ചുക്ക്, കുരുമുളക്, തിപ്പലി ഇവ പശുവിൻ നെയ്യിൽ പൊടിച്ച ചേർത്ത് സേവിക്കുക.

3) ചന്ദനം കഷായംവച്ച് നെയ് ചേർത്ത് സേവിക്കുക.

4) ഒൻപതിലക്കിഴി ഉപയോഗിക്കുക.

F. രക്താതിസാരം.

1) മുരിങ്ങവേര് അരിഞ്ഞുവറുത്ത് നറുനെയ്യിൽ അരച്ചുകലക്കി ദേഹമാസകലം പുരട്ടുക.

2) കടമ്പിൻെറ ഇല ഇടിച്ച പിഴിഞ്ഞ് നീര് സേവിക്കുക.

3) തിരുതാളി ഇടിച്ച പിഴിഞ്ഞ നീരിൽ തേൻ ചേർത്ത് സേവിക്കുക.

G. തലവേദന.

1) ത്രിഫലപ്പൊടി തളം വയ്ക്കുക.

2) ചന്ദനമരച്ച് ധാരകോരുക.

3) ചുക്ക്, കുരുമുളക്, തിപ്പലി ഇവ പൊടിച്ചു കയ്യുന്ന്യനീരിൽ അല്പം ഇന്തുപ്പു ചേർത്ത് ചൂടാക്കി ആറു തുള്ളിവീതം നാസാരന്ധ്രങ്ങളിലൊഴിച്ച് ഊതിക്കയറ്റുക.

4) നെല്ലിക്കാ പാലിൽപ്പുഴുങ്ങി അരച്ച് നെററിയിലും നെറുകയിലും ഇടുക.

5) വിന്നാഗിരി തുണിയിൽ നനച്ചിടുക.

6) വില്വാദിപ്പൊടി തളം വയ്ക്കുക.

H. രുചിഭേദം.

ദ്രാക്ഷാരിഷ്ടം, ലോഹാസവം ചേർത്ത് ഒരൗൺസുവീതം രാവിലേയും വൈകിട്ടും സേവിക്കുക.

I. മലമൂത്രബന്ധം.

1) വെള്ളരിക്കാക്കുരു, എലിക്കാഷ്ഠം ഇവ അരച്ചു ചേർത്ത് പുരട്ടുക.

2) തവളനെയ് പുരട്ടുക.

3) മൂത്രം കൊട്ടുക്കുക.

J. വ്രണം കരിയുവാൻ.

1) മഹാതിക്തകം കഷായം സേവിക്കുക. ഇത് വ്രണം (പുണ്ണ്) കരിയുവാനും നീരു ശമിക്കുവാനും പര്യാപ്തമാണ്. ഗുൽഗുലുതിക്തകം നെയ് മേമ്പൊടിയായി സേവിക്കണം.

2) ജാത്യാദിഘൃതം തുടരെ പുരട്ടിക്കൊണ്ടിരിക്കുക.

3) രസോത്തമാദി തൈലവും ഇപ്രകാരം പുരട്ടുക.

## മണ്ഡലി.

1. ചേനത്തണ്ടൻ.

കേരളത്തിൽ കാണപ്പെടുന്ന ചേനത്തണ്ടൻ, ചുരുട്ടമണ്ഡലി, ചട്ടിത്തലയൻ, മുളമണ്ഡലി, ലാടമണ്ഡലി, കാട്ടുമണ്ഡലി എന്നീ ഏഴു ജാതി മണ്ഡലികളിൽ എണ്ണം

കൊണ്ടും വണ്ണം കൊണ്ടും വർണ്ണ ഭംഗികൊണ്ടും പ്രഥമ സ്ഥാനത്തിന്ന് അർഹൻ ചേനത്തണ്ടനാണ്. ഇതിന്ന് ഉത്തരകേരളത്തിൽ പയ്യാനി, രക്തമണ്ഡലി, പയ്യാനി മണ്ഡലി എന്നും ദക്ഷിണകേരളത്തിൽ ചേനത്തണ്ടൻ, അണലി, പുല്ലൻ, രക്ത അണലി, കണ്ണാടിവരയൻ എന്നും വിവിധ പേരുകളിലറിയപ്പെടുന്നു. പയ്യാനി മരത്തിൻെറ ഇല പൊഴിഞ്ഞ പാടുകളെ അനുസ്മരിപ്പിക്കുന്നതുകൊണ്ടു് പയ്യാനി മണ്ഡലി എന്നും ചേനത്തണ്ടിനോടുള്ള സാദൃശ്യത്തിൽ നിന്നും ചേനത്തണ്ടനെന്നും വിളിക്കപ്പെടുന്നു. വിഷവ്യാപനത്തോടെ ദഷ്ടൻ രക്തം തുപ്പുകയും ഛർദ്ദിക്കുകയും ചെയ്യുന്നതുകൊണ്ടു് രക്തമണ്ഡലി എന്നും രക്ത അണലി എന്നും പേരുണ്ടായി. പുല്ലിനുള്ളിൽ പതിയിരുന്നു് വെയിലേല്ക്കുക ഇവൻെറ സ്വഭാവ ഗുണമായതുകൊണ്ടായിരിക്കാം പുല്ലൻ എന്നു പേരുണ്ടായതു്.

വീതിയേറിയ ഇലകളുള്ളതും ഇടതൂർന്നുവളരുന്നതുമായ വേലിച്ചെടികൾ ഇവൻെറ താവളങ്ങളിലൊന്നാണ്. കാടുകളധികമില്ലാത്ത സമതലങ്ങളാണ് സാധാരണയായി ഇഷ്ടപ്പെടുന്നതെങ്കിലും ഉയർന്ന മലയോരങ്ങളിലും ഇവൻ അപൂർവ്വമായി കാണപ്പെടുന്നു. ഇരയുടെ ദൃഷ്ടിയിൽപ്പെടാതെ പച്ചപ്പുല്ലിനുള്ളിൽ ഒളിച്ചിരിക്കുവാനും, വകവരുത്തുവാനുമുള്ള ഇവൻെറ വിരുതു് ഒന്നു പ്രത്യേകം തന്നെ. ഉണങ്ങിയ ഇലകൾ പോലുള്ള ഇവൻെറ പുറത്തെ പുള്ളികൾ മനുഷ്യനേത്രത്തെ വഞ്ചിക്കുകയും, തൽഫലമായി നാം ആപത്തിലേക്കു് ആനയിക്കപ്പെടുകയും ചെയ്യുന്നു.

വേണമെങ്കിൽ നീന്തി രക്ഷപെടുവാനും മരത്തിൽ തത്തിപ്പിടിച്ചു കയറുവാനും സ്ഥൂലപ്രകൃതിയാണെങ്കിലും ഇതിനു കുറെയൊക്കെക്കഴിയുന്നു. എലിയെ അന്വേഷിച്ചു് വീട്ടിൽ ചെല്ലുവാൻ മൂർഖനേയും വെള്ളിക്കെട്ടനേയും പോലെ വിരുതനല്ലെങ്കിലും ചിലപ്പോൾ അതിനും മടിക്കാറില്ല.

നല്ലതുപോലെ വളരുന്ന പക്ഷം 5½ അടിവരെ നീളം വയ്ക്കുമെങ്കിലും സാധാരണയായി കാണപ്പെടുന്നവയ്ക്കു്

4–4½ അടി നീളമേയുള്ളു. പെരുമ്പാമ്പിനെ ഒഴിച്ചാൽ രാജവെമ്പാല പോലെ കൊഴുത്തു വളരുന്ന ഒരിനമാണ് ചേനത്തണ്ടൻ. വീർത്ത വയറുമായി ഇഴഞ്ഞു നീങ്ങുന്ന കാഴ്ച വളരെ പരിതാപകരം തന്നെ.

കലാപരമായി സംവിധാനം ചെയ്യപ്പെട്ട വർണ്ണഭംഗിയുള്ള പുറം ചട്ട, ആകൃതി, അടയാളം ഇവകൊണ്ട് വളരെപ്പെട്ടെന്ന് ഇവയെ തിരിച്ചറിയുവാൻ കഴിയുന്നു. ഇംഗ്ലീഷിലെ 'V' എന്ന അക്ഷരത്തെ അനുസ്മരിപ്പിക്കുന്ന ഒരു ചിഹ്നം തലയിലുണ്ടായിരിക്കും. ത്രികോണാകൃതിയിലുള്ള പതിഞ്ഞ തലക്ക് കറുപ്പ് കലന്ന തവിട്ടുനിറമാണുള്ളത്. തലയിലെ 'V' അടയാളം മൂൻപോട്ടുന്തിനില്ക്കുന്നു. V യുടെ ഭുജങ്ങൾ ചെന്നിയിലൂടെ പുറകോട്ട് ഏതാണ്ട് തലയുടെ അററം വരെ കടന്നു പോകുന്നു. മോന്തയിൽനിന്നും മൂർദ്ധാവിലൂടെ കഴുത്തിനടുത്തേയ്ക്കു പോകുന്ന വെളുത്തു തടിച്ച ഒരു വരകൂടി മിക്കവാറും കണ്ടേക്കാം. ആകെപ്പാടെ ഒരു ത്രിശൂലത്തിന്റെ പ്രതീതിയത്രെ. മൂർദ്ധാവിൽനിന്നും അല്പം പിറകിലായി സാമാന്യം വലിപ്പമുള്ള ഓരോ പുള്ളികൾ പാർശ്വഭാഗത്തു കണ്ടെന്നു വരാം. വലിയ നാസാരന്ധ്രങ്ങളും സ്വർണ്ണ നിറമാർന്ന കണ്ണുകളുമാണ് ഇവയ്ക്കുള്ളത്. ചുണ്ടുകൾ വെള്ള നിറം കലർന്നതാകയാൽ പാണ്ടു പിടിപെട്ടപോലെ തോന്നുന്നു. കഴുത്തിനു നീളം കുറവായതുമൂലം വലിയ തലക്കും ഉടലിനുമിടയിൽ അതു് ഇടുങ്ങി നിൽക്കുന്നു.

കഴുത്തു മുതൽ വാൽവരെ നീണ്ടുപോകുന്ന പുറത്തെ 3 വരിപ്പുള്ളികളാണ് ഇതിന്റെ അത്യധികമായ സൗന്ദര്യത്തിനു നിദാനം. നടുവിൽ ഒരു നിരയും വശങ്ങളിൽ ഓരോ വരിപ്പുള്ളികളുമാണുള്ളതു്. അതിൽ നടുവിലെ പുള്ളികൾ (23–30 വരെ ഉണ്ടാകും) വാലിന്റെ അഗ്രഭാഗം വരെ കാണുന്നു. നടുവിലെപ്പുള്ളികൾ പരസ്പരം ബന്ധിച്ചും പാർശ്വങ്ങളിലേതിനേക്കാൾ വലിപ്പം കൂടിയുമിരിക്കുന്നു. രണ്ടു കറുത്ത വരകൾ പരസ്പരം അകവശം ഇടയ്ക്കിടെ ബന്ധിച്ചുമിരിക്കുന്നതുപോലെ തോന്നും, എന്നാൽ

അപൂർവ്വമായി പള്ളയിലെ പുള്ളികൾ ബന്ധിച്ചും കാണാറുണ്ട്. അടിഭാഗത്തേക്ക് അതിക്രമിച്ച് കടക്കുവാനുള്ള റ്ഥാസന ഇവയ്ക്കുണ്ടായിരിക്കുകയും ചെയ്യും. അധികപ്പുറമുള്ള ഈ ഭാഗം, പള്ളയിലെ പുള്ളികളിൽ നിന്നും വേർപെട്ടുപോയാൽ, ഒരു പ്രത്യേക പാടായി തോന്നാവുന്നതാണ്. അപ്പോൾ പാർശ്വങ്ങളിൽ ഈരണ്ടും നടുവിൽ ഒന്നുംവീതം പുള്ളികളുള്ളവയായി മാറുന്നു. ഇത്തരവും നാട്ടിൻപുറങ്ങളിൽ കാണപ്പെടുന്നുണ്ട്.

മണ്ണുമാന്തിക്കൂട്ടുകയും പ്രതിയോഗിയുടെ മുൻപിൽ പരാജയപ്പെട്ടാൽ ശരീരം കൊണ്ട് വളയമുണ്ടാക്കി അതിനുള്ളിൽ സുരക്ഷിതമായി തല ഒളിക്കുകയും ചെയ്യാറുള്ള ഒരിനമാണ് മണ്ണൂലി. ആകൃതിയിലും നിറത്തിലും ചേനത്തണ്ടനുമായി വളരെയധികം വ്യത്യാസം ഇതിനില്ല. ചിതമ്പലുകൾ (ശല്കങ്ങൾ) കൊണ്ട് ആവരണം ചെയ്യപ്പെട്ട ത്രികോണാകൃതിയിലുള്ള തലയും, ഒരു പള്ള തൊട്ട് മറേറ പള്ള വരെ എത്തത്തക്ക വീതിയേറിയ ഉദരഭാഗത്തെ ചിതമ്പലുകളും, വാൽ വരെ എത്തുന്ന പുറത്തെ മൂന്നു വരി പുള്ളികളും ചേത്തണ്ടനിൽ നിന്നും മണ്ണൂലിയെ വേർതിരിക്കുന്നു.

രാത്രികാലങ്ങളിൽ എലിയേയും മററുമന്വേഷിച്ച് വീടുകളിൽ കയറിവരാറുള്ള ചേനത്തണ്ടന് പ്രധാന പ്രതിയോഗി പൂച്ചയത്രേ. അമ്മ, കുഞ്ഞുങ്ങളെ തിന്നാറില്ലെങ്കിലും, കുഞ്ഞുങ്ങൾ സ്വസഹോദരങ്ങളെ ഭക്ഷിക്കാറുണ്ട്. മണ്ണൂലി മണ്ണുതിന്നാണ് ജീവിക്കാറുള്ളതെന്ന് ഒരു വിശ്വാസമുണ്ട്. അതു തെററാണ്. പക്ഷേ വളരെ നാളുകൾ (ഒരു വർഷം വരെ) നിരാഹാര വ്രതമനുഷ്ഠിക്കുവാനുള്ള ഇവൻെറ കഴിവ് ഒന്നു പ്രത്യേകം തന്നെ.

ഉപദ്രവിക്കുമ്പോഴെ സാധാരണയായി ചേനത്തണ്ടൻ കടിക്കു. മനുഷ്യശബ്ദം കേട്ടാൽ വഴിമാറുകയും ചെയ്യും. എന്നാൽ ചിലപ്പോഴത്തെ സ്ഥിതി ഇതല്ല. ചുരുട്ടിവച്ച സ്പ്രിംഗ് അഴിയുന്നതുപോലെ വളയങ്ങൾ ഇളകും.

തല അല്പം ഉയർത്തും. ബ്ലാഡറിൽ നിന്നും കാററഴിച്ചുവിട്ട മാതിരി ഒരു സീൽക്കാര ശബ്ദവും കോംക്കാം. നാസാരന്ധ്രങ്ങരാം വലുതായതുകൊണ്ടു് ധാരാളം വായു ഉാംക്കൊള്ളുവാനും ഉച്ഛ്വസിക്കുവാനും കഴിയുന്നു. ശ്വാസോച്ഛ്വാസഫലമായി പെട്ടെന്നു് ശരീരത്തിനുണ്ടാവുന്ന വ്യത്യാസം കൊണ്ടാണു് വളയമഴിയുവാൻ കാരണമാവുന്നതു്. എതിരാളിയുടെ ഭീക്ഷണി ഉഗ്രവും ദീർഘവുമാണെങ്കിൽ തല അര അടി ഉയർത്തി വായ്പിളന്നു്, ചെരിഞ്ഞു് മിന്നൽ വേഗത്തിൽ കൊത്തുവാൻ ശ്രമിക്കും. ഇതിന്നിടയിലും ചീററുവാൻ ഇവൻ മടിക്കാറില്ല. വായ് പിളന്നു നില്ക്കുമ്പോരം വലിപ്പമുള്ള വിഷപ്പല്ലുകരം കാണുവാൻ സാധിക്കും.

കൊഴുത്തു വെളുത്തതും മഞ്ഞയുടേയും ചുവപ്പിൻേറയും ഛായ കലൎന്നതുമായ (പച്ചടിപോലെ) ഒരുതരം ദ്രാവകമാണു് ചേനത്തണ്ടൻെറ ഗുദഗ്രന്ഥികളിൽ നിന്നും ഊറിവരുന്നതു്. ഇതിനെ കൊല്ലുമ്പോരം ഈ അശുദ്ധ പദാൎത്ഥം ശരീരത്തിൽ വീഴാതിരിക്കുവാൻ ശ്രദ്ധിക്കണം. അഥവാ ദേഹത്തു വീണാലുടൻ കഴുകികളയേണ്ടതുമാണു്.

കടുത്ത നൈരാശ്യത്തിൽ കൊത്തുമ്പോരം ദേഹത്തിൻെറ മുൻഭാഗം നിലത്തുനിന്നും തുള്ളിപ്പോവുകയോ മുഴവനായി പൊങ്ങിപ്പോവുകയോ ചെയ്യേക്കാം. മുൻപോട്ടാഞ്ഞ ശേഷം തല അല്പം പിന്നോക്കം വലിച്ചു് ചെരിഞ്ഞുനിന്നു് കൊത്തുകയാണു് പതിവു് മിന്നൽ വേഗത്തിലുള്ള ഈ ചലനങ്ങരാം സൂക്ഷ്മമായി ഗ്രഹിക്കുവാൻ സാധിച്ചെന്നു വരില്ല. മുന്നോട്ടും പിന്നോട്ടും അതിവേഗതയിലുള്ള ചലനത്തിൻെറ ഊക്കിൽപ്പെടുമ്പോഴാണു് ഈ 'തുള്ളൽ' അനുഭവപ്പെടുന്നതു് വളഞ്ഞ വലിയ വിഷപ്പല്ലുകളുള്ള ഇവൻ പിടിച്ചു തൂങ്ങിക്കിടന്നു കടിക്കുന്നു. കടിച്ചശേഷം പല്ലുകരം അടൎന്നു പോകാതെ വലിച്ചെടുക്കണമെങ്കിൽ തന്നെ പണിപ്പെടേണ്ടി വരും.

കേരളത്തിലെ ഏററവും വലിയ വിഷപ്പല്ലിൻെറ ഉടമയാണു് ഇവൻ. മൂർഖൻെറ പല്ലിനേക്കാരം ഇരട്ടിയില



മണ്ഡലി



രാജിലം

ധികം നീളം (1/7 അംഗുലം) ഇവൻെറ പല്ലിനുണ്ടു്. മേലണയിൽ മുന്നോട്ടു നീങ്ങി 2 – 3 വിഷപ്പല്ലുകൾ വീതം ഒരേ സമയത്തു് ഉണ്ടായിരിക്കും. വിഷപ്പല്ലുകൾക്കു് ചുററും അകമ്പടി സേവിച്ചുകൊണ്ടു് ഓരോ വശത്തും 5 – 6 പിൻതലമുറക്കാരുമുണ്ടു്. മൂർഖ – മണ്ഡലി വർഗ്ഗങ്ങൾക്കു് ഒരേവലിപ്പമുള്ള വിഷഗ്രന്ഥികളാണുള്ളതെങ്കിലും മണ്ഡലി വളരെക്കൂടുതൽ വിഷം ഉല്പാദിപ്പിക്കുന്നു. ചത്താലുടൻ ഇവയെ തലകീഴായിപ്പിടിച്ചു് കഴുത്തിനല്പം മേലെ വിരലുകളുപയോഗിച്ചു് അമർത്തിയാൽ വിഷം ഊറിറങ്ങുന്നതു കാണാം. കാഴ്ചയിലും സ്വഭാവത്തിലും പശപോലിരിക്കുന്ന ഒന്നാണു് ഇതിൻെറ വിഷം 42 മില്ലിഗ്രാം വിഷം ഒരാളുടെ മരണത്തിനു മതിയാവും. ഒററക്കടിക്കു് ചിലപ്പോൾ രണ്ടാളുകളുടെ മരണത്തിനാവശ്യമായ വിഷം നമ്മുടെ ശരീരത്തിൽ ഏല്പിക്കുന്നു.

പുരുഷവർഗ്ഗത്തിൻെറ വാലിനു് നീളമല്പം കൂടുമെന്നതൊഴിച്ചാൽ ബാഹ്യമായമററു ലിംഗവ്യത്യാസങ്ങളൊന്നുമില്ല. ഡിസംബർ മുതൽ മെയ്മാസം വരെയാണു് ഇവയുടെ സംഗമകാലമെന്നു കരുതുന്നു. ആണും പെണ്ണും തമ്മിൽ പരസ്പരം ആലിംഗന ബദ്ധരായി ഏതാണ്ടു് മുക്കാൽമണിക്കൂറോളം ചിലവഴിക്കുന്നു. സംഗമകാലത്തു് വളരെയധികം സഹകരണത്തോടെ ഇവ സഹവസിക്കുന്നു.

## 2. ചുരുട്ടമണ്ഡലി.

തേളും ചുരുട്ടമണ്ഡലിയും തമ്മിലുള്ള ബാലിശവും അതേയവസരം രസാവഹവുമായ പോരാട്ടങ്ങളുടെ നിരവധി കഥകൾ നാട്ടിൽ പ്രചാരത്തിലുണ്ടു്. ചുരുട്ടമണ്ഡലി നിലത്തു കിടന്നു വിശ്രമിക്കുമ്പോൾ, മുകളിൽ ഏതെങ്കിലും ചില്ലികൊമ്പുകൾ ഉണ്ടെങ്കിൽ, തേൾ തൻെറ ഇടുക്കി കൈകളിൽ കല്ലുമായി കൊമ്പിൽ കയറിപ്പററുമെന്നും 'ഇവനെ സുഖിക്കാൻ അനുവദിക്കില്ല' എന്ന ഉദ്ദേശത്തോടെ കല്ലു് ചുരുട്ടയുടെ ദേഹത്തിടുമെന്നും മററും പറഞ്ഞു കേൾക്കുന്നു. കല്ലു് താഴെ വീഴുന്നതോടെ ഭാരം കുറഞ്ഞ

കൊമ്പ് മേല്പോട്ടുയരുന്നു. ഉടനെ, പകരം വീട്ടാൻവേണ്ടി പാമ്പ് മേല്പോട്ടുയരുന്ന കാഴ്ച തേളിന്റെ വിനോദങ്ങളിൽ ഒന്നത്രെ.

ചുരുണ്ടു കിടക്കുന്ന പ്രകൃതമായതുകൊണ്ടു് ചുരുട്ട എന്ന പേരിൽ ഉത്തരകേരളത്തിൽ അറിയപ്പെടുന്നു. ദക്ഷിണകേരളത്തിൽ വെള്ളിവരയനെന്ന പാമ്പിനെ ചുരുട്ടയെന്നു വിളിക്കുന്നതുകൊണ്ടു് ചുരുട്ടമണ്ഡലിയെന്നു ഇതിനെ വിളിക്കുകയാണുത്തമം. വരണ്ട കാലാവസ്ഥയും പാറക്കെട്ടുകളുമാണു് ഇതിനു് ഏററവും ഇഷ്ടം. പൂഴി നിറഞ്ഞ സ്ഥലമാണെങ്കിൽ കുഴിയുണ്ടാക്കിയാണു് വസിക്കാറുള്ളതു്. ചില സ്ഥലങ്ങളിൽ ഇതു് എണ്ണത്തിൽ വളരെയധികം വർദ്ധിച്ചിരിക്കുന്നു. 19-ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ബോംബെ പ്രദേശങ്ങളിൽ ഇതിന്റെ ശല്യം പെരുകിയപ്പോൾ 'തലക്കു രണ്ടണ' ഗവണ്മെൻറു് പ്രഖ്യാപിച്ചു. ഇതേത്തുടന്നു് രത്നഗിരി ജില്ലയിൽനിന്നുതന്നെ 1,15921 ചുരുട്ടമണ്ഡലികളെ വെറും 7 ദിവസം കൊണ്ടു് സർക്കാർ സത്രത്തിൽ ഏല്പിക്കപ്പെട്ടു.

ജീവിത സാഹചര്യത്തിനനുസൃതമായി നിറഭേദമുള്ള ഈ വർഗ്ഗത്തിനു് ഒന്നേകാലടിയിലധികം നീളമില്ല. കേരളത്തിലെ മലയോരങ്ങളിൽ കറുപ്പു കലന്ന തവിട്ടുനിറമാണു് സാധാരണയെങ്കിൽ, പൂഴിപ്രദേശത്തു് കറുപ്പു് കുറഞ്ഞു് പൂഴിമണ്ണിന്റെ നിറമാണുണ്ടാവുക. ചേനത്തണ്ടനെപ്പോലെ വ്യക്തമായ ത്രികോണമല്ല തല. എന്നാൽ ഉടലിൽനിന്നും ശരിക്കും വേർതിരിക്കപ്പെട്ടിരിക്കുന്നു. ഇവയുടെ വലിയ കണ്ണുകൾ തലയുടെ പാർശ്വങ്ങളിലേക്കു് ഉന്തിനില്ക്കുന്നു. 'ഗ' എന്ന അക്ഷരം പരസ്പരം ബന്ധിച്ചു് എഴുതിയിരിക്കുന്നതുപോലെ കഴുത്തു മുതൽ വാൽ വരെ ഓരോ പള്ളയിലും അടയാളം കാണാം. ഇതിനു് വെളുത്ത ചാരനിറമാണുണ്ടാവുക. ചിലപ്പോൾ വെളുപ്പോ, മഞ്ഞകലന്ന വെളുപ്പോ ആയിരിക്കും. പുറത്തു് മധ്യത്തിലായി ചാരനിറത്തിലുള്ള ചെറുപുള്ളികൾ കാണാം. ഇവയെല്ലാക്കെപ്പുറമേ കറുത്ത പാടുകളും അങ്ങിങ്ങായുണ്ടു്. ക

ണ്ണിനു താഴെയും ചുണ്ടിലും സാമാന്യം വലിയ കറുത്ത പൊട്ടുകൾ ഈവർഗ്ഗത്തിന്റെ മറെറാരു പ്രത്യേകതയാണ്.

ജലത്തോട് പ്രത്യേക പ്രതിപത്തി പുലത്താറില്ലാത്ത ഈ ഇനം വെയിൽ കായുന്ന സ്വഭാവക്കാരാണ്. ഇരയിൽനിന്നും ലഭിക്കുന്ന ജലാംശം മാത്രമാണ് മുഖ്യാധാരം. മിന്നൽവേഗത്തിൽ ഒരടിയിലധികംദൂരംവരെ ചാടി കടിയേല്പിക്കാനുള്ള ഇവന്റെ വിരുത് ഒന്നു വേറെ തന്നെ. ശ്വാസം വലിച്ച് ശരീരം വീർപ്പിക്കുമ്പോൾ ചിതമ്പലുകൾ പരസ്പരം ഉരസുകയും അതേത്തുടർന്ന് 'ഫിസ്-സ്സ് ഫൂ' എന്നൊരു ശബ്ദം പുറപ്പെടുകയും ചെയ്യുന്നു. ശത്രുസാമീപ്യം മൂലം വിറ കൊള്ളുമ്പോഴാണ് ഈ ശബ്ദം പുറപ്പെടാറുള്ളത്.

പ്രായപൂർത്തിയെത്തിയാൽ ഒരടിനീളം വരും. നവംബർ മുതൽ മാർച്ചു വരെ ഇണചേരുന്ന സമയമാണ്. ഗർഭകാലം എത്രയെന്ന് അറിവില്ലെങ്കിലും ജൂൺ-ജൂലായ് മാസങ്ങളിൽ ആണ് സാധാരണ പ്രസവം. മുക്കാൽ മണിക്കൂറോളം നീണ്ടുനില്ക്കുന്നതും ക്ലേശകരമായ ഈ പ്രസവത്തിൽ 3 മുതൽ 15 കുഞ്ഞുങ്ങൾ ഉണ്ടാവുന്നു. ഓറഞ്ചുനിറമുള്ള ഒരു സഞ്ചിയാണ് ആദ്യം പുറത്തു വരിക. ഓരോന്നും അവയുമായി ബന്ധപ്പെട്ട ആവരണം കീറിക്കളഞ്ഞു് പിന്നീട് സ്വതന്ത്രങ്ങളാകുന്നു.

ഇതിന്റെ വിഷപ്പല്ലിന് വളരെയധികം നീളമുണ്ട്. അഞ്ചരയടി നീളമുള്ള മൂർഖൻ പാമ്പിനു് ഏഴ മില്ലീമീററർ നീളം വിഷപ്പല്ലിനുള്ളപ്പോൾ, അതിന്റെ നാലിലൊന്നു നീളമുള്ള ചുരുട്ടയ്ക്കു് അഞ്ചു മില്ലീമീററർ നീളമാണ് പല്ലുകൾക്കുള്ളതു്. മേലണയിൽ ഓരോവശത്തും ഈ രണ്ടു മുഴുത്ത വിഷപ്പല്ലുകൾ കാണാം. സർപ്പം ചെറുതെങ്കിലും വിഷം വളരെ ഉഗ്രമാണ്. 5 മില്ലീഗ്രാം ഉണങ്ങിയ വിഷം മതിയാകും ഒരാളെ കാലപുരിയ്ക്കയക്കുവാൻ.

ഉഗ്രമായ വിഷം, താരതമ്യേന വലിയ വിഷപ്പല്ലുകൾ, ചാടിക്കൊത്തുവാനുള്ള വാസന— എത്ര അപല്ക്കാ

രിയാണെന്നു് നോക്കുക. കടിച്ചാൽ ഇരുപതു മിനിററിനു ള്ളിൽ കഥ കഴിയുന്നതായാണു് അനുഭവം. വിഷലക്ഷ ണങ്ങളെല്ലാം ചേനത്തണ്ടനേർറതു തന്നെ. പക്ഷേ വീര്യം കൂട്ടതലായതുമൂലം രക്തവാർച്ച നന്നേ ഉണ്ടാകുന്നു. രക്തം ശരീരഭാഗങ്ങളിൽനിന്നും പുറത്തേയ്ക്കു വരാറുമുണ്ടു്. തൽ ഫലമായി വയററിൽ കത്തലനുഭവപ്പെടുന്നു. ദാഹവും വിയർപ്പും തളർച്ചയും തലവേദനയുമുണ്ടാകുന്നു. കൺപോ ളുകൾ അടയുകയും കാഴ്ചശക്തി കുറയുകയും കണ്ണീർക്കണ ങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ശ്വാസോച്ഛ്വാസത്തിനു് ബുദ്ധിമുട്ടുണ്ടാകുന്നു. രക്തസമ്മർദ്ദം കുറയുകയും ഹൃദയസ്പ ന്ദനം മന്ദഗതിയിലാവുകയും ചെയ്യുന്നു. കുളിരും പനിയും കോടവായിൽ വീക്കവും ഉണ്ടാകുന്നു. രക്തസ്രാവം മണി ക്കൂറുകളോളം ദീർഘിച്ചാൽ അതു് വളരെയധികം അപക ടകരമായിരിക്കും.

## 3. മുളമണ്ഡലി

കരിനാടനെപ്പോലെ മലയോരങ്ങളിൽ, പ്രത്യേകി ച്ചു് മുളങ്കാടുകളിൽ അലഞ്ഞു തിരിയുന്ന ഒരിനമാണു് മുള മണ്ഡലി. 1500 അടിയിൽ കൂടുതൽ ഉയരമുള്ള മലപ്ര ദേശത്തു് മരയണലി, ലാടമണ്ഡലി, കാട്ടുമണ്ഡലി, ച ട്ടിത്തലയൻ മുതലായവയോടൊപ്പം കാണപ്പെടുന്ന ഒരിന മാണിതു്. ഉയരം പോരാഞ്ഞിട്ടോ എന്തോ ചെടികളി ലും മരങ്ങളിലും ഇവകൾ കയറിപ്പററാറുണ്ടു്. ഇതുമൂലം പൊതുവേ മരമണ്ഡലികളെന്നറിയപ്പെടുന്നു. ഭാരതത്തിൽ വിന്ധ്യനു തെക്കുഭാഗത്തു മാത്രമേ ഇവ കാണപ്പെടുന്നുള്ളു. ഇതിൻെറ തനിപ്പകർപ്പുകളായ മൂന്നുതരം പാമ്പുകൾ ബർ മ്മാ, സയാം, നേപ്പാൾ, ചൈന ഈ രാജ്യങ്ങളിലുണ്ടു്. ഉത്തരകേരളത്തിലെ വയനാട്ടിൽ യഥാർത്ഥ മുളമണ്ഡലി കൾ സുലഭമാണെങ്കിലും തിരുവിതാംകൂർ ഭാഗത്തു് വിര ളമത്രേ.

മൂക്കിനും കണ്ണിനുമിടയിലുള്ള ബോധേന്ദ്രിയത്തി ൻെറ സഹായത്തോടെ ഇരയെ മണത്തറിയുവാൻ ഇവയ്ക്കു്

പ്രത്യേക കഴിവുണ്ട്. പച്ചോലപ്പാമ്പ്, വില്ലന്നി, (കൊമ്പേറി) നാഗത്താൻ മുതലായ മരംകേറി പാമ്പുകളേപ്പോലെ ഇവയും തലയെ ലക്ഷ്യമാക്കി പെട്ടെന്ന് ആക്രമിക്കുകയാണ് പതിവ്. മൂർഖ രാജില വർഗ്ഗത്തിൽപ്പെട്ട പച്ചോലപ്പാമ്പിനേയും മണ്ഡലി വർഗ്ഗത്തിൽപ്പെട്ട മുളമണ്ഡലിയേയും തിരിച്ചറിയുക വിഷമമാണ്. പുറത്തെ പച്ചനിറം (അടിഭാഗവും ഒരേനിറമാണ്) ചുഴിഞ്ഞു പിടിക്കാനുള്ള വാലിൻെറ കഴിവ്, വെള്ളയോ മഞ്ഞയോ നിറത്തിലുള്ള പള്ളയിലെ വരകൾ പച്ചിലച്ചെടികളിലെ ആവാസം ഇങ്ങനെ ജീവിതരീതിയിലും ശരീരഘടനയിലും കാണുന്ന സാദൃശ്യംമൂലം പരസ്പരം തെററിദ്ധരിച്ച് നാം അപകടപ്പെട്ടവാൻ സാധ്യതയുണ്ട്. മുളമണ്ഡലിക്ക് ഉഗ്രവിഷമുണ്ടെങ്കിലും പച്ചോലപ്പാമ്പിന് ചെറിയ തോതിലെ വിഷമുള്ളു.

പച്ചോലപ്പാമ്പിൻെറ തല പ്രത്യേകിച്ച് അഗ്രഭാഗം വരെ നീണ്ടതാണ്. പക്ഷേ കഴുത്തു വ്യക്തമല്ല. മുളമണ്ഡലിക്കാകട്ടെ വ്യക്തമായ കഴുത്തും പരന്ന് ത്രികോണാകൃതിയിലുള്ള തലയുമാണുള്ളത്. ത്രികോണാകൃതിയിലുള്ള തലയുടെ ഉടമയാണ് മണ്ഡലിവർഗ്ഗം. നീണ്ടുമെലിഞ്ഞ പച്ചോലപ്പാമ്പിനെ കൊഴുത്ത ശരീരമുള്ള മണ്ഡലിയിൽ നിന്നും വ്യക്തമായി തിരിച്ചറിയാവുന്നതാണ്. അതുപോലെ ദൈർഘ്യമേറിയ വാൽ പച്ചോലപ്പാമ്പിനുള്ളപ്പോൾ മണ്ഡലിക്കാകട്ടെ വളരെ ചെറിയ വാലാണുള്ളത്. പച്ചോലപ്പാമ്പിൻെറ കൃഷ്ണമണി നീളത്തിലും മണ്ഡലിയുടേതു വിലങ്ങനെയും കാണപ്പെടുന്നു.

ത്രിശങ്കുസ്വർഗ്ഗത്തിലെ വാസംമൂലം മരത്തവള, ഓന്ത്, ചെറിയപക്ഷികൾ, എലി മുതലായവയെ അനായാസം ലഭിക്കുന്നു. ഭൂമിയിലേയ്ക്കിറങ്ങിയാൽ വെള്ളിവരയാനാണ് കൺമുൻപിലെങ്കിൽ അതിനെയും വിടാറില്ല. അരിശം മൂത്താൽ പിറുപിറുക്കുക ഇവൻെറ വർഗ്ഗസ്വഭാവമാണ്. ക്രോധാധിക്യത്താൽ ചിലക്കു മീശ വിറയ്ക്കും പോലെ ഇവൻെറ വാൽ വിറയ്ക്കുവാൻ തുടങ്ങും. കലി

കയറിയാൽ വായ്പിളൎന്നു നാലുപാടും കൊത്തുന്ന കാഴ്ച വളരെ രസാവഹം തന്നെ. സ്ത്രീവൎഗ്ഗത്തിനാണു് പൊതുവേ വലിപ്പക്കൂടുതൽ. ഇണചേരുന്നതിനെ സംബന്ധിച്ചു് ഖണ്ഡിതമായി പറയാനാവില്ലെങ്കിലും ശൈത്യകാലത്താണെന്നു് ഏകദേശമായി കണക്കാക്കപ്പെട്ടിരിക്കുന്നു. പ്രസവം ജൂൺ—ജൂലായ് മാസങ്ങളിലാണു്. ഏഴു മുതൽ 12 വരെ കുട്ടികളുമുണ്ടാകും. നീളമാകട്ടെ 5—6 അംഗുലവും.

കടിപ്പെട്ട പ്രദേശത്തു് കരിവാളിപ്പും മററു ലക്ഷണങ്ങളും ചുരുട്ടമണ്ഡലിയുടേതു തന്നെ. പക്ഷേ രക്തവാൎച്ച വളരെ കുറവാണു്. തലവേദന, പനി, ക്ഷീണം ഇവയുണ്ടാകുമെങ്കിലും പ്രഥമചികിത്സകളും പത്ഥ്യാപത്ഥ്യങ്ങളും ആചരിച്ചാൽ രണ്ടു് ദിവസത്തിനുശേഷം എല്ലാ അസുഖങ്ങളും നീങ്ങുന്നതാണു്.

## ധാതുവേഗവും ചികിത്സയും

വിഷം ഒന്നാം ധാതുവിൽ നില്ക്കുമ്പോൾ ശരീരം മഞ്ഞനിറമാകുന്നു. തണുത്ത വെള്ളംകൊണ്ടു് ധാരകോരുകയും ചന്ദനമരച്ചു് കോൾവായിൽ തേക്കുകയും ഉള്ളിൽ കഴിക്കുകയും ചെയ്താൽ വിഷം കെട്ടുപോകും രണ്ടാം ധാതുവിലാണെങ്കിൽ വിറയും വിളർപ്പുമുണ്ടു് രാമച്ചവും ചന്ദനവും അരച്ചു് കോൾവായിൽ പുരട്ടുകയും നസ്യം ചെയ്യുകയും സേവിക്കുകയും ചെയ്യണം. മൂന്നാം ധാതുവിൽ എത്തിയാൽ ഉറക്കവും ദാഹവും ഉണ്ടാകുന്നു. രാമച്ചം, ചന്ദനം, ഇരട്ടിമധുരം ഇവ അരച്ചു് കോൾവായിൽ പുരട്ടേണ്ടതാണു്. നാലാം ധാതുവിൽ വിഷം വന്നുചേരുമ്പോൾ ശരീരത്തിനു് അസഹ്യമായ വേദനയുംപനിയും ഉണ്ടാകുന്നു. സംസാരിക്കുവാനുള്ള കഴിവും നഷ്ടപ്പെടും. ത്രിഫലത്തോടു് വെള്ളത്തിലരച്ചു് കുടിച്ചാൽ വിഷവീര്യം ഇല്ലാതാകുന്നു. അഞ്ചാം ധാതുവിൽ എത്തുമ്പോൾ കാഴ്ചശക്തി നഷ്ടപ്പെടുകയും മോഹാലസ്യം ഉണ്ടാകുകയും ചെയ്യുന്നു. കോൾവാ ചുട്ടെരിയുകയും ചെയ്യുക. ചന്ദനം അരച്ചു ഉടൻതന്നെ സേവിക്കുകയും തണുത്തവെള്ളം കൊണ്ടു് ധാര ചെയ്യുകയും വേണം

ആറാം ധാതുവിലാണു് വിഷമെങ്കിൽ സന്ധികൾ തളരുകയും, മററവയവങ്ങൾ അനക്കാൻ പാടില്ലാതാവുകയും മുക്കടെപ്പുണ്ടാവുകയും ചെയ്യുക തഴുതാമനീരു് നസ്യം ചെയ്യുകയും സേവിക്കുകയും ചെയ്യുക. ഏഴാംധാതുവിൽ വിഷം വ്യാപിച്ചു എങ്കിൽ ഇന്ദ്രീയങ്ങളുടെ പ്രവർത്തനശേഷി മിക്കവാറും നഷ്ടപ്പെടുകയും ദഷ്ടൻ മരണത്തിലേക്കു് നീങ്ങുകയുമായി. ത്രുക്ഷ്മമായ നസ്യാഞ്ജനങ്ങൾ പെട്ടന്നുതന്നെ പരീക്ഷിക്കേണ്ടതാണു്. ഉമ്മത്തിൻ കായും ഇന്തുപ്പും കൂട്ടി ചേർത്തരച്ചു് തേച്ചാൽ ആശ്വാസം ലഭിക്കും കൊട്ടം, രക്തചന്ദനം, രാമച്ചം നറുനീണ്ടി, ഇരട്ടിമധുരം ഇവ അരച്ചു് പാലിൽ ലയിപ്പിച്ചു കുടിക്കുക. മുരിങ്ങവേരിലെതൊലിയും വാകവേരും തഴുതാമയും അമുക്കുരവും കാടിചേർത്തു് അരച്ചുതേച്ചാൽ നീരു് ശമിക്കുന്നതാണു്. വിഷം ഏതു ധാതുവിലാണെന്നു മനസ്സിലാക്കിയശേഷം മേല്പറഞ്ഞ പ്രതിവിധികൾ വളരെ സൂക്ഷ്മതയോടുകൂടി മാത്രം ചെയ്യേണ്ടതാണു്.

## പ്രതിവിധികൾ

A. ലഘു ഔഷധങ്ങൾ.

മണ്ഡലിവർഗ്ഗത്തിൽപ്പെട്ട പാമ്പുകളുടെ ദംശനഫലമായി രോഗിയിൽ സാരമായ അസുഖങ്ങളൊന്നുമില്ലെങ്കിൽ വളരെ ലഘുവായ ഔഷധങ്ങളുപയോഗിച്ചാൽ മതിയാകും. പ്രധാനപ്പെട്ട ഏതാനും ഔഷധങ്ങളെപ്പററി താഴെ വിവരിച്ചിരിക്കുന്നതു നോക്കുക.

1) വള്ളിയുഴിഞ്ഞ സമൂലമരച്ചു് പാലിൽ സേവിക്കുക.

2) ഉങ്ങിൻതൊലി, വേപ്പിൻതൊലി, ഇവ അരച്ചു് വെള്ളം ചേർത്തു് സേവിക്കുക.

3) തകരം, കൊട്ടം, ചന്ദനം, ഇരട്ടിമധുരം, രാമച്ചം, നറുനീണ്ടിക്കിഴങ്ങു് ഇവ സമമെടുത്തു് കാടിയിൽ അരച്ചു സേവിക്കുക.

4) ജീവരക്ഷാഗ്ഗുളിക, മൃതസഞ്ജീവനി പാഷാണം ഇവ പാലിൽ കൊടുക്കുക.

B. കഷായം.

1) നീലയമരിവേരു്, പൊങ്ങിൻതൊലി, വേപ്പിൻതൊലി, അമൃതു്, (പടം കളഞ്ഞതു്) ത്രിഫലത്തോടു്, അമുക്കുരം, ചന്ദനം, ചുക്കു്, ചെറുചീരവേരു്. തഴുതാമ ഇവ ഒന്നേകാൽ കഴഞ്ചുവീതം കഴുകിച്ചതച്ചു് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി രണ്ടു തുടം വീതമെടുത്തു് കുറുക്കി ഒരു തുടമാക്കി അതിൽ മൃതസഞ്ജീവനി ഗുളിക മേമ്പൊടിചേർത്തു് ദിവസം രണ്ടുനേരം സേവിക്കുക.

2) നീലയമരിവേരു്, ചെറുചീരവേരു്, തിപ്പലി, മുളകു്, ത്രിഫലത്തോടു്, തുളസിക്കതിരു്, ഇവ ഒരു കഴഞ്ചുവീതം കഴുകിച്ചതച്ചു് ഒന്നേകാൽ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി രണ്ടു തുടംവീതമെടുത്തു് കുറുക്കി ഒരു തുടമാക്കി വില്വാദി ഗുളിക അരച്ചുചേർത്തു് ദിവസം മൂന്നു നേരം സേവിക്കുക.

C. ഗുളികകൾ.

1) ജീവരക്ഷാഗുളിക പശുവിൻ പാലിൽ ഒരു മണിക്കൂറിടവിട്ടു കൊടുക്കുക.

2, ദുഗ്ധാദി ഗുളിക പശുവിൻ പാലിൽ ദിവസം മൂന്നുനേരം ഭക്ഷിക്കുക.

D. നസ്യം

1) കുപ്പമഞ്ഞളിലനീരിൽ കുരുമുളകുചേർത്തു് നസ്യം ചെയ്യുക.

2) തഴുതാമയരച്ചു് നസ്യം ചെയ്യുക. ഇതു തന്നെ സേവിച്ചാലും മണ്ഡലിവിഷം ശമിക്കും.

E. അഞ്ജനം.

1) ചുക്കു്, മുളകു്, തിപ്പലി, ഇവപൊടിച്ചു് മുരിങ്ങയിലനീരും തുളസിയിലനീരും ചേർത്തു ചൂടാക്കി നസ്യം ചെയ്യുക.

2) വില്വാദിഗുളിക തുമ്പനീരിൽ അരച്ച് നസ്യം ചെയ്യുക.

F. ലേപനം.

1) തകരം, കൊട്ടം, ചന്ദനം, ഇരട്ടിമധുരം, രാമച്ചം, നറുനീണ്ടിക്കിഴങ്ങ് ഇവ സമം കാടിയിൽ അരച്ച് കോഠം വായിലും സമീപത്തും പുരട്ടുക.

2) തഴതാമ, മുരിക്കിൻവേരു്, കുന്നിവേരു്, നിലപ്പനക്കിഴങ്ങ് ഇവ അരച്ച് ലേപനം ചെയ്യുക. ചാണകനീരിൽ അരയ്ക്കുന്നതാണു് വിഷശമനത്തിനുത്തമം.

3) ഉങ്ങിൻതൊലി, വയമ്പ്, കാർത്തോട്ടിവേരു്' എരിക്കിൻവേരു്, അമുക്കുരം, ഇവ ആട്ടിൻമൂത്രത്തിലരച്ചിടുക.

4) മുരിങ്ങവേരിലെ തൊലി, നെന്മേനിവാക വേരു്, അമുക്കുരം ഇവ ആട്ടിൻമൂത്രത്തിൽ അരച്ചു പുരട്ടുക.

5) നറുനീണ്ടി, രാമച്ചം, കൊട്ടം, തകരം, ഇരട്ടിമധുരം, ഇവ വെള്ളത്തിലരച്ച് കോഠംവായിൽ പുരട്ടുക.

6) ചന്ദനം പച്ചവെള്ളത്തിലരച്ച് കോഠംവായിൽ പുരട്ടുക.

7) കായം, ചന്ദനം, ഇല്ലിക്കരി, നാല്പാമരത്തൊലി, നീലയമരിയില, നീലഉമ്മത്തില' തുളസിക്കതിരു് ആര്യവേപ്പില, നെന്മേനിവാകയില ഇവ സമം കാടി തളിച്ച് ഇടിച്ച് തുളസിനീററിൽ അരച്ച് തുടരെത്തുടരെ പുരട്ടുക.

## അനുബന്ധ രോഗങ്ങൾ

മണ്ഡലിവിഷ ബാധയെത്തുടന്നു് രക്താതിസാരം, നീരു്, ബോധക്ഷയം, പനി, തലവേദന, രുചിക്കുറവു് മുതലായ മററസുഖങ്ങളുമുണ്ടാകുന്നു. ഇറ'യ്ക്കോരോന്നിനുമുള്ള പ്രതിവിധികരം അനുക്രമമായി ചേത്തിരിക്കുന്നു.

A. രക്താതിസാരം.

1) കരിക്കിൻവെള്ളത്തിൽ ഒരു കഴഞ്ച്യ മല്ലി അരച്ച് കലക്കി സേവിക്കുക.

2) പൊൻകാരം, സ്പടികക്കാരം, ചവർക്കാരം, തുവർച്ചിലക്കാരം ഇവ സമം പൊടിച്ച് മുലപ്പാലിൽ കുഴച്ച് നിറുകയിൽ വെക്കുക.

3) ഇരുവേലി, രാമച്ചം ഇവ കഷായം വച്ച് അരിച്ച് തണുപ്പിച്ചശേഷം തേൻചേർത്ത് സേവിച്ചാൽ രക്തം ഛർദ്ദിക്കുന്നതിനു ശമനം ഉണ്ടാകും.

4) ചന്ദനവും വെണ്ണയും പരസ്പരം യോജിപ്പിച്ചു നൽകിയാലും ഇതേ ഗുണം തന്നെ.

5) കടമ്പിൻതൊലി കഷായം വച്ചോ ഇടിച്ചുപിഴിഞ്ഞോ കൊടുത്താൽ ഉഗ്രമായ വിധം രക്തം ഛർദ്ദിക്കുന്നുവെങ്കിൽപോലും അതിനെ തടയുന്നതാണ്.

B. ബോധക്ഷയം.

1) തുമ്പനീരും ചുവന്ന തുളസിനീരും സമം ചേർത്ത് അതിൽ കുരുമുളക് അരച്ച് നസ്യം ചെയ്യുക. ഛർദ്ദിക്കുന്നുവെങ്കിൽ ത്രിഫലത്തോട്ട് അരച്ചുകൊടുക്കുക. കിഴക്കാനെല്ലിനീരിൽ തുണിമുക്കി കഴുത്തിൽ ചുററുക.

2) കൊത്തമല്ലി, ജീരകം, കുറവളത്തില ഇവ അരിഞ്ഞു വറുത്ത് (ചുവന്ന നിറമാകുമ്പോൾ) കരിക്കിൻവെള്ളമൊഴിച്ച് വീണ്ടും വററിച്ച് പകുതിയാക്കി അരിച്ച് പഞ്ചസാരചേർത്ത് സേവിക്കുക.

3) ഇലഞ്ഞിപ്പരിപ്പ്, ചുക്ക്, കുരുമുളക്, വെളുത്തുള്ളി ഇവ മനുഷ്യമൂത്രത്തിലരച്ച് നസ്യം ചെയ്താൽ ബോധം വീണ്ടുകിട്ടുന്നതാണ്.

4) നെന്മേനിവാകയുടെ കുരു, കുരുമുളക് ഇവ വെററിലനീരിൽ അരച്ച് കണ്ണിൽ പുരട്ടുക.

മൂർഖവിഷ ചികിത്സയിൽ ബോധക്ഷയത്തിനു് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഔഷധങ്ങരം രോഗസ്വഭാവമനുസരിച്ചു് പരീക്ഷിച്ചു നോക്കാവുന്നതാണു്.

C. നീരു്.

1) എരിക്കില, മുരിക്കില, കരിനെച്ചിയില, വാളംപുളിയില, ഉമ്മത്തില, വേപ്പില, പരുത്തിയില, പച്ചമഞ്ഞരം, കസ്തൂരിമഞ്ഞരം, ആഴാന്തൽ രണ്ടിൻെറയും തൊലി, എരുമച്ചാണകം ഇവ സമം ഇടിച്ചുകൂട്ടി കിഴിയാക്കി ഗോമൂത്രവും കാടിയും ചേർത്ത മിശ്രിതത്തിൽ ആവി പിടിപ്പിക്കുക. നീരുള്ള ഭാഗത്തു് നെയ്യ് പുരട്ടിയശേഷം കിഴി ചൂടോടെ പിടിക്കുക.

2) നീലഉമ്മത്തില, നീലയമരിയില, പൊങ്ങിൻതൊലി, അമുക്കുരം, ചന്ദനം, ചുക്കു്, തഴുതാമ ഇരട്ടിമധുരം, രാമച്ചം, നെന്മേനിവാകയില, മുരിങ്ങവേരിൻതൊലി, മഞ്ഞരം, വയമ്പു്, പാടക്കിഴങ്ങു്, കുടക്കമൂലി ഇവ സമം എടുത്തു് പുളിയില, ഉമ്മത്തില ഇവ കാടിചേർത്തു് ഇടിച്ചുപിഴിഞ്ഞ നീരിൽ (മേല്പറഞ്ഞ മരുന്നുകരം) അരച്ചു ചൂടാക്കി നീരുള്ള ഭാഗത്തു് തുടരെത്തുടരെ പുരട്ടുക.

3) ചന്ദന. കൂട്ടതൽ ചേർത്ത കഷായം സേവിക്കുകയോ ചന്ദനം അരച്ചു പുരട്ടുകയോ ധാര ചെയ്യുകയോ ചെയ്താൽ എല്ലാ വീക്കങ്ങളും ശമിക്കുന്നതാണു്.

D. പനി.

വാളൻപുളിയുടെ വേരിലെ തൊലി മൊരികളഞ്ഞു് ചൂടുവെള്ളത്തിൽ അരച്ചുകലക്കി കൊടുക്കുക.

E. തലവേദന.

മൂർഖ വിഷത്തെ സംബന്ധിച്ചു് പറഞ്ഞിട്ടുള്ള ചികിത്സതന്നെ ഇതിനും പര്യാപ്തമാണു്.

F. രുചിക്കുറവു്.

തഴുതാമ, കുരുമുളകു്, ഇവ കററാർ വാഴപ്പോളനീരിൽ അരച്ചു് സേവിക്കുക. (മൂർഖവിഷത്തിൽ പറഞ്ഞിരിക്കുന്ന പ്രതിവിധികരം ഇതിനും അനുയോജ്യമാണു്.

## ഉഗ്രവിഷത്തിനു്.

മണ്ഡലിവര്‍ഗ്ഗത്തില്‍പ്പെട്ട മാരകമായ രക്തമണ്ഡലി യാണു് ദംശിച്ചതെങ്കില്‍ കൊട്ടം. കുരുമുളകു്. ചുക്കു്, തിപ്പലി, ഇന്തുപ്പു്, വെണ്ണ, തൈരു്, തേന്‍ ഇവ യോജിപ്പിച്ചു് സേവിക്കുക. ഏതു് ഉഗ്രവിഷത്തേയും ഇതുമൂലം തടയുവാന്‍ സാധിക്കും.

## രാജിലം

കേരളത്തില്‍ വെള്ളിക്കെട്ടനെന്ന ഒരു ജാതി മാത്രമേ സര്‍വ്വസാധാരണമായുള്ളു. വരിയന്‍, കാട്ടുവരിയന്‍, എണ്ണവരിയന്‍, പനവരയിന്‍, എട്ടടിവീരന്‍,വളപ്പാമ്പു്,വളകഴപ്പന്‍' കരുവളയന്‍, മോതിരവളയന്‍, മുതലായ വിവിധപേരുകളിലാണു് ഇവ അറിയപ്പെടുന്നതു്. മൂര്‍ഖന്‍, മണ്ഡലി മുതലായവയെപ്പോലെ പൊതുവെ അധികം വലിപ്പം വയ്ക്കാറില്ലാത്ത ഒന്നാണു് വെള്ളിക്കെട്ടന്‍.

മനുഷ്യവാസമുള്ള സ്ഥലങ്ങളോടു് ഇത്ര മമത പുലര്‍ത്താറുള്ള മറെറാരു പാമ്പു് ഇല്ലെന്നുതന്നെ പറയാം വൃത്താകൃതിയിലുള്ള തല, മിനുമിനുത്ത കറുത്ത ശരീരം, ഈട്ടിവടിയില്‍ വെള്ളികെട്ടിയ മാതിരി വെള്ളവരകള്‍ പുറത്തു് – ഈ ബാഹ്യലക്ഷണങ്ങള്‍ കൊണ്ടുമാത്രം ഇതിനു് തിരിച്ചറിയുവാന്‍ ബുദ്ധിമുട്ടില്ല. വാലിനും വാലിനു തൊട്ടുള്ള ശരീരഭാഗത്തും മാത്രമേ വ്യക്തമായ വരകളുള്ളു ഉടലില്‍ മുന്‍ഭാഗത്തു് വളക്കുപകരം, പുറത്തു് വെളുത്ത കുത്തുകളുണ്ടു്. ശൈശവത്തില്‍ കാഴ്ചയ്ക്കു സുമുഖനെങ്കിലും പ്രായമാകുമ്പോള്‍ നിറം മങ്ങി തവിട്ടുച്ഛായ വരും. കൊച്ചു രാജിലങ്ങള്‍ക്കാണെങ്കില്‍ മുന്‍ഭാഗം വരെ വളകളും കഴുത്തിനടുത്തു് ഒരു വെള്ളിക്കോളറും കാണാം. ശരീരത്തിന്റെ അടിഭാഗം മഞ്ഞകലര്‍ന്ന വെള്ളനിറത്തോടു കൂടിയതായിരിക്കും. കേരളത്തില്‍ 3½ നീളമുള്ളവയാണുള്ളതു്. വടക്കെ ഇന്‍ഡ്യയിലാകട്ടെ 4½ അടി നീളമുള്ള വയുണ്ടു്.

കടൽ പാമ്പുകളെ ഒഴിച്ചാൽ താരതമ്യേന ഇത്ര സൽസ്വഭാവികളായ ഉരഗവർഗ്ഗം ഇല്ലെന്നു തന്നെ പറയാം. ഉപദ്രവിച്ചാൽ നാവു് ഇടയ്ക്കിടെ നീട്ടി ദേഹം പരത്തി, അമർഷം പ്രകടിപ്പിച്ചശേഷം ചീറിക്കൊണ്ടു കടന്നുകളയാൻ ശ്രമിക്കും. ലജ്ജാശീലനായ ഇവൻ മണ്ണുലിയെ പോലെ ദേഹവളയങ്ങൾക്കുള്ളിൽ മുഖം മറയ്ക്കാൻ വിരുതനാണു് ഉപദ്രവം തുടന്നാൽ വളരെ നേരം സഹിക്കും ഗത്യന്തരമില്ലെങ്കിൽ കടിക്കുമെന്നു മാത്രം. അതിനു് ഇവനെ പ്രതിക്കൂട്ടിലാക്കിയാൽ...............!

വേണ്ടവിധം കടിച്ചാൽ മിക്കവാറും മരണത്തിനിടയാകും. കാഴ്ചയിലും ഘടനയിലും മൂർഖവിഷത്തെ അനുസ്മരിക്കുന്നതുതന്നെ രാജിലവിഷവും. വിഷഗ്രന്ഥിക്കു് മൂർഖൻെറയത്ര വലിപ്പമുണ്ടെങ്കിലും വായുടെ വലിപ്പക്കുറവും വിഷപ്പല്ലുകളുടെ ചെറുപ്പവും മൂലം അവവമിപ്പിക്കുന്ന വിഷം പ്രായേണ വളരെക്കുറവാണു് മനുഷ്യ വർഗ്ഗത്തിൻെറ രക്ഷയ്ക്കായി പ്രകൃതി സൃഷ്ടിച്ച ഈ പ്രതി ബന്ധങ്ങളെ മഹാഭാഗ്യമായി കണക്കാക്കുന്നവരെത്രയുണ്ടു്. ചില ജാതി രാജിലങ്ങളുടെ വിഷം മൂർഖൻേറതിനേക്കാൾ ഉഗ്രമത്രെ.

വെള്ളിക്കെട്ടൻ ഇണചേരുന്ന സമയത്തെ സംബന്ധിച്ച് ആധികാരികമായി പറയാനാവില്ല. ഫെബ്രു.വരി മാർച്ചുമാസങ്ങളിലാണു് മിക്കവാറും സംഗമം. ഏപ്രിൽ മെയ് മാസങ്ങളിൽ മുട്ടയിടുന്നു. മുട്ടയാകട്ടെ 1-2 അടി താഴ്ചയുള്ള കുഴികളിലോ പൊത്തിലോ കരികിലകൾക്കിടയിലോ ആണു് നിക്ഷേപിക്കാറുള്ളതു്. മാടപ്രാവിൻെറ മുട്ടകൾപോലെ 6 മുതൽ 10 വരെ മുട്ടകൾ ഉണ്ടാവും. മുട്ടയ്ക്കുമുകളിൽ വിരിയും വരെ വ്രതമനുഷ്ഠിക്കുകയും ചെയ്യുന്നു. ജൂൺ-ജൂലയ് മാസങ്ങളോടടുത്തു് കുഞ്ഞുങ്ങൾ പുറത്തുവരുന്നു. മൂന്നാം വർഷം പ്രായപൂർത്തി ആവുന്നതോടെ 3½ അടിയേളം നീളം വളരുന്നു. എല്ലാമാസവും ഉറയൂരുക പതിവാണു്. വടക്കേഇൻഡ്യയിലെ വെള്ളിക്കെട്ടനാണു് വണ്ണഭംഗിയിലും ശരീരഘടനയിലും മുൻപന്തിയിൽ.

## വെള്ളിവരയൻ

വെള്ളിക്കെട്ടനുമായി ഉടുപ്പിലും നടപ്പിലും സാദൃശ്യമുള്ള ഒന്നാണ് വെള്ളിവരയൻ തരം കിട്ടിയാൽ കടിക്കുന്ന ഇവനെ തെക്കൻ തിരുവിതാംകൂർ - കാർ ചുരുട്ട എന്നു വിളിക്കുന്നു. വെളുത്ത വരകളും വെള്ളിക്കെട്ടന്റെ തുല്യ്യ വലുപ്പവും മനുഷ്യവാസ കേന്ദ്രങ്ങളിലെ ആ വാസവും നിശാചരത്വവും മററും കണ്ടു് വെള്ളിക്കെട്ടൻ എന്നു് ആരെങ്കിലും ഇതിനെ വിളിച്ചുപോയാൽ തെററുണ്ടോ?

പേടിപ്പെടുത്തുന്ന ഒരു അനുകരണക്കാരൻ തന്നെ! പക്ഷേ ഇവനിൽ വിഷം നിക്ഷേപിക്കപ്പെട്ടിട്ടില്ല. ഭയം മൂലം കടിയേററയാൾ വിഷലക്ഷണങ്ങൾ കാണിച്ചുവെന്നു വരാം കേരളത്തിൽ വെള്ളിക്കെട്ടനേക്കാൾ അഞ്ചിരട്ടി വെള്ളിവരയന്മാരുണ്ടു്. വെള്ളിക്കെട്ടനു് വാലിനററം വരെ വരകൾ ഉണ്ടു് പക്ഷേ ദേഹത്തിന്റെ മുൻഭാഗത്തോ തലയിലോ വരകളില്ല. വെള്ളി വരയനാകട്ടെ, തലയ്ക്കുടുത്തുനിന്നും തുടങ്ങി വാലിനഗ്രത്തിനു വളരെ മുമ്പിലായി വരകൾ അവസാനിക്കുന്നു. വെള്ളിവരയന്റെ ശൈശവത്തിൽ വാലിനഗ്രം വരെ വരകൾ കണ്ടേക്കാം. എന്നാൽ അവ മിക്കവാറും പൂർണ്ണമല്ല; പുറത്തു കുത്തുകളുടേയോ പുള്ളികളുടേയോ രൂപത്തിലായിരിക്കും. വെള്ളിക്കെട്ടനു് ഷട്കോണാകൃതിയിലുള്ള വലിപ്പം കൂടിയ ചിതമ്പലുകൾ ഉള്ളപ്പോൾ, വെള്ളിവരയനിൽ ഇവയ്ക്കു് ഒരേ വലിപ്പം ആണുള്ളതു് അതുപോലെ വെള്ളിക്കെട്ടനിൽ വാലിനടിയിലെ ഷീൽഡുകൾ ഒററവരിയിലും കാണുന്നു.

## വെള്ളിത്തളയാനും ചേരലാവും

സമതലങ്ങളിലും മലയോരങ്ങളിലും ഒന്നുപോലെ കണ്ടുവരുന്ന ഇവൻ വെള്ളിക്കെട്ടനെ അനുസ്മരിപ്പിക്കുന്നു. രണ്ടടിമാത്രം വളരുന്ന ഈ വർഗ്ഗം പുല്ലുമേഞ്ഞ പുരകളിലാണു് വാസസ്ഥാനം ഉറപ്പിക്കാറുള്ളതു്. കടുപ്പം കൂടിയ തവിട്ടുനിറമോ കറുപ്പോ ആണു് നിറം. മഞ്ഞനിറമുള്ള 36 മുതൽ 50 വരെ കെട്ടുകൾ ശരീരം ആകെ വ്യാപിച്ച

കിടക്കുന്നു. പള്ളയിലെ വീതി കൂടിയ ഈ വളകൾ മുൻഭാഗത്തു് വ്യക്തമായും പിന്നിൽ അപൂർണ്ണമായും ഇരിക്കുന്നു. തലയിൽ മഞ്ഞനിറമുള്ള ഒരു പാടുണ്ടു്. ദേഹത്തിൻെറ അടിഭാഗവും മേൽച്ചുണ്ടും വെളുപ്പോ മഞ്ഞകലർന്ന വെളുപ്പോ ആയിരിക്കും. ഷഡ്കോണമായ ഒരു വരി ചിതമ്പലുകൾ മുകളിൽ മധ്യഭാഗത്തു് വെള്ളിക്കെട്ടനുണ്ടു്. എന്നാൽ ഈ പ്രത്യേകത വെള്ളിത്തലയാനും ചേരലാവിനും ഇല്ല. വളരെ അപൂർവ്വമായി മാത്രം കാണാറുള്ള ഇവയെ വെള്ളിക്കെട്ടനിൽനിന്നും വേർതിരിക്കുന്നതു് മേല്പറഞ്ഞ അടയാളങ്ങളാണു്.

വെള്ളിക്കെട്ടനെപ്പോലെ ശരീരത്തിൽ കെട്ടുകൾ ഉണ്ടു്. പുറം കറുപ്പും അടിഭാഗം മഞ്ഞയും ആണു്. പിൻപകുതിയിലാണു് കെട്ടുകളധികവും. മുൻപകുതിയിൻ കെട്ടുകളുണ്ടെങ്കിലും അവ വേർപെട്ടിരിക്കുന്നു. പള്ളയിലെ കെട്ടുകൾ രണ്ടായി പിളരുന്നു. പള്ളയിൽ പരന്നു്, കറുത്ത പാടുകളുടെയാണു് പിൻഭാഗത്തു് കെട്ടുകൾ കാണുന്നതു്. ചെന്നിയിൽ ഇരുവശത്തും വികസിച്ചിരിക്കത്തക്കവിധം ഒന്നാമത്തെ കെട്ടു് കഴുത്തിലായിസ്ഥിതിചെയ്യുന്നു. മേൽച്ചുണ്ടിൽ പാണ്ടുപോലെ അടയാളം കാണാം. മുൻഭാഗംകൊണ്ടാണു് വെള്ളിക്കെട്ടനുമായി കൂടുതൽ സാദൃശ്യം.ഉടലിൻെറ പിൻപകുതിയുംവാലും ചേരയോടു് ബന്ധപ്പെട്ടിരിക്കുന്നു. രണ്ടരയടിവരെ വളരുന്ന ഈ 'ശൂദ്ധനാഗം' ചേരയെപ്പോലെ വിഷമില്ലാത്ത ഒന്നാണു് മോണയിൽ ചിലപല്ലുകൾക്കു് നീളമുണ്ടെങ്കിലും അവ വിഷപ്പല്ലുകളല്ല. പല്ലിയെ ഭക്ഷിക്കുവാൻ ഭവനസന്ദർശനം നടത്താറുള്ള ഇവരെ ഭയപ്പെട്ടിട്ടു കാര്യമുണ്ടോ?

## വിഷലക്ഷണം

**തൃക്കു്, കണ്ണു്, നഖം, മുഖം, മലം, മൂത്രം ഇവ വെളുപ്പു നിറമാകുന്നു. ശീതം, പനി, രോമഞ്ചം ശരീരസ്തംഭനം കോൾവായിൽ വീക്കം, ഛർദ്ദി, കഫം, തൊണ്ടവീക്കം, ശബ്ദതടസ്സം ശ്വാസോച്ഛ്വാസവിഘ്നം, കണ്ണിരുട്ടിക്കുക, ഇ**

വയുംകഫസംബന്ധമായ മററസുഖങ്ങളും ഉണ്ടാകാവുന്ന താണ്. ശരീരത്തിൽ മരപ്പ്, തണുപ്പ്, തൊണ്ടയിൽകഫ തടസ്സം ഇവയും മററുലക്ഷണങ്ങളാണ്.

## ധാതുവേഗവും ചികിത്സയും

വിഷം തൊലിയിൽ നില്ക്കുമ്പോഠം ശരീരത്തിന് വെളുപ്പു നിറമാകുന്നു. കോഠംവാ കീറി വലുതാക്കി രക്തം പുറത്തുകളയുകയും ചുക്ക് അരച്ച് ചെറുചൂടുവെള്ളത്തിൽ കൊടുക്കുകയും വേണം. രണ്ടാംധാതുവിലെത്തിയാൽ ശരീരം രക്തനിറമാകുകയും കോഠംവായിൽ നിന്നും വഴവഴത്ത ദ്രാവകം പുറത്തേക്കൊഴുകുകയും ചെയ്യുന്നു. കോഠംവാ പൊള്ളിക്കുകയും അമൃതും മുളകും ചൂടുവെള്ളത്തിൽ അരച്ച് സേവിക്കുകയും വേണം മൂന്നാംധാതുവിലേയ്ക്കുനീങ്ങുമ്പോഠം ഉഷ്ണാധിക്യമുണ്ടാവുകയുംചെയ്യും കണ്ണിൽ നിന്നും മററും ജലകണങ്ങഠം ഒഴുകുകയും ചെയ്യുന്നു. തിപ്പലി, മുളക്, ചുക്ക് ഇന്തുപ്പ്, ഇവഅരച്ച് തേൻ ചേർത്ത് സേവിക്കേണ്ടതാണ് വിഷാംശം കലർന്ന രക്തം പുറത്തേക്കുകളയാൻ ശ്രദ്ധിക്കുകയും ഉഗ്രമായ നസ്യം ചെയ്യുകയും വേണം നാലാംധാതുവിൽ എത്തുമ്പോഠം വാക്കുകഠംക്കു തടസ്സവും വീക്കവും പനിയും ഉണ്ടാകുന്നു. ഞരമ്പുകീറി രക്തം കളയുകയും തിപ്പലി മുളക്, ചുക്ക്, ഇവയരച്ച് തേൻചേർത്ത് ചൂടുവെള്ളത്തിൽ കലക്കികൊടുക്കുകയും വേണം. ഛർദ്ദിപ്പിക്കുകയും നസ്യം ചെയ്യുകയും ചെയ്യേണ്ടതാണ് അഞ്ചാംധാതുവിലെത്തുമ്പോഠം കഴുത്തിൻെറ ശക്തി നഷ്ടപ്പെടുകയും കഫം വർദ്ധിക്കുകയും മററും ചെയ്യുന്നു. ഇതിന് നാലാം ധാതുവിലെ ചികിത്സകഠം തന്നെ ചെയ്യാവുന്നതാണ്. ആറാം ധാതുവിലെത്തുമ്പോഠം ഹൃദയത്തിൻെറ പ്രവൎത്തനത്തിന് തടസ്സമുണ്ടാവുകയും ശ്വാസോച്ഛ്വാസത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുകയും ബോധരഹിതനാവുകയും ചെയ്യുന്നു. കാട്ടുപാവലിൻെറ നീരെടുത്ത് ഇന്തുപ്പും ഉള്ളിയും ചേർത്ത് നസ്യം ചെയ്താൽ വിഷം ശമിക്കുന്നതാണ്. ഏഴാം ധാതുവിലെത്തുമ്പോഠം ദഷ്ടൻ മരണത്തോട് അടുക്കുന്നു. ഈ അവസരം തീഷ്ണങ്ങളായ നസ്യാഞ്ജനങ്ങഠം പരീക്ഷിക്കേ

ണ്ടതാണു്. തിപ്പലിയും മുളകും സമം പൊടിച്ചു് ചാണ കനീരും നെയ്യും തേനും ചേൎത്തു് സേവിയ്ക്കുക. മുള്ളൻപ ന്നിയുടെ കുടൽ യഥാവിധി കഴിച്ചാലും രാജിലവിഷം ശമിക്കുന്നതാണു്.

## പ്രതിവിധികൾ

വിഷശമനാൎത്ഥം ഉപയോഗിക്കുന്നതിനുവേണ്ട ലഘു ഔഷധങ്ങൾ, കഷായങ്ങൾ, ഗുളികകൾ, നസ്യം, അഞ്ജ നം, ലേപനം, തളം മുതലായവയ്ക്കാവശ്യമായ ഔഷധങ്ങ ളെപ്പററി താഴെ വിവരിച്ചിരിക്കുന്നതു നോക്കുക:—

A, ലഘു ഔഷധങ്ങൾ.

1) നെയ്യു്, പാൽ, തേൻ ഇവ സമം എടുത്തു് അ തിൽ തിപ്പലി പൊടിച്ചുചേൎത്തു് സേവിക്കുക.

2) വെൺകൊഴിഞ്ഞിൽ ഇടിച്ചു് നീരെടുത്തു് അ തിൻെറ വേരു് അരച്ചുചേൎത്തു് സേവിക്കുക.

3) നന്ത്യാർവട്ടത്തിൻെറ വേരും വലംപിരിയും സ മം അരച്ചു് പാലിൽ സേവിക്കുക.

4) അടയ്ക്കാമണിയൻ കൂമ്പു്, തേക്കടവേരു് ഇവ സമം ഗോമൂത്രത്തിൽ അരച്ചു സേവിക്കുക.

5) നറുനീണ്ടിക്കിഴങ്ങു് ശുദ്ധമായ പനിനീരിൽ അരച്ചു് സേവിക്കുക.

B. കഷായം.

1) നീലയമരി വേരു്, പൊങ്ങിൻതൊലി, വേ പ്പിൻതൊലി, അമൃതു് (പടം കളഞ്ഞതു്) ത്രിഫലത്തോ ടു് അമുക്കുരം, ചുക്കു്, ചന്ദനം ഇവ ഒന്നേകാൽ കഴഞ്ചുവീ തം കഴുകി വൃത്തിയാക്കി ഒന്നേകാൽ ഇടങ്ങഴി വെള്ള ത്തിൽ വെന്തു് നാഴിയാക്കുക. ഓരോ വില്വാദി ഗുളിക മേമ്പൊടിചേൎത്തു് ഓരോ തുടം കഷായം വീതം ദിവസം രണ്ടുനേരം സേവിക്കുക.

2) ചുക്ക്, കുരുമുളക്, തിപ്പലി, കൊട്ടം, ഇല്ലറക്കരി, കടുകുരോഹിണി, അരേണുകം, അതിവിടയം, കട്ടക്കാത്തോട്ട് ഇവയെല്ലാംകൂടി 12 കഴഞ്ച് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കുക. ഇതിൽ നിന്നും രണ്ടുതുടമെടുത്തു് കുറുക്കി ഒരു തുടമാക്കി തേൻ മേമ്പൊടിചേർത്തു് ഈരണ്ടു മണിക്കൂറിടവിട്ടു് സേവിക്കുക.

3) നീലയമരിവേരു്, തുളസിവേരു്, കുവളത്തിൻവേരു്, വേപ്പിൻതൊലി, ചുക്കു്, ചന്ദനം, ദേവതാരം ഇവ ഒന്നരക്കഴഞ്ചുവീതം കഴുകിച്ചതച്ചു് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്തു് അതിൽനിന്നും രണ്ടുതുടമെടുത്തു് കുറുക്കി ഒരു തുടമാക്കി വില്വാദിഗുളിക മേമ്പൊടിചേർത്തു് ദിവസം മൂന്നുനേരം വീതം സേവിക്കുക.

C. ഗുളികകൾ.

1) ചുക്കു്, മുളകു്, തിപ്പലി ഇവ കഷായം വച്ചു് അതിൽ വില്വാദി ഗുളിക ചേർത്തു് സേവിക്കുക

2) ശ്വേതാർക്കമൂലാദിഗുളിക പാലിൽ കൊടുക്കുക.

3) ജീവരക്ഷാ ഗുളിക പശുവിൻ പാലിൽ കൊടുക്കുക.

4) ദുഗ്ദ്ധവടി ഗുളിക പശുവിൻ പാലിൽ കൊടുക്കുക.

5) വാചാസ്വഗന്ധാദിഗുളിക ചുക്കു വെള്ളത്തിൽ കൊടുക്കുക.

6) വില്വാദി ഗുളിക ത്ര്യൂഷണാദി കഷായത്തിലും ഇഞ്ചിനീരിലും ഇടവിട്ടു കൊടുക്കുക.

D. നസ്യം.

1) നാരകത്തിലുണ്ടാകുന്ന ഇത്തിൾ, ചുക്കു് ഇവ വറുത്ത ഭസ്മം ഉരുട്ടി വയ്ക്കുക. ഇതിനു് രാജിലാന്തക ഗുളിക എന്നു പറയുന്നു. ഇതു് തേനിലരച്ചു് നസ്യം ചെയ്താൽ ഉഗ്രമായ രാജില വിഷവും വിമുക്തമാകും.

2) നന്ത്യാർവട്ടത്തിൻെറ വേരു് വലംപിരി ഇവ സമം പാലിൽ അരച്ചു് നസ്യം ചെയ്യുക.

E. അഞ്ജനം.

1) മൃത്യുഞ്ജയം ഗുളിക കണ്ണിലെഴുതുക.
2) വിഷസംഹാരി ഗുളിക മുലപ്പാലിൽ അരച്ചു കണ്ണിലെഴുതുക.

3) മൃതസഞ്ജീവനി ഗുളിക മുലപ്പാലിൽ ചേർത്തു് കണ്ണിൽ ഏതാനും സമയം നിർത്തുക.

F. ലേപനം.

1) ഇരട്ടിമധുരം, ചുക്കു്, വയമ്പു് ഇവ കാടിയിൽ അരച്ചു് കോറംവായിൽ പുരട്ടുക.

2) നീലയമരിവേരു് കരളകം, അമുക്കരം ഇവ കാടിയിൽ അരച്ചിടുക.

3) ചുക്കു് കുരുമുളകു്, തിപ്പലി, തകരം, വെളുത്തുള്ളി ഇവ തുളസി നീററിൽ അരച്ചിടുക.
4) നറുനീണ്ടിയരച്ചു് കോറംവായിൽ പുരട്ടുക.

G. തളം.

1) ചുക്കു്, കുരുമുളകു്, തിപ്പലി, ചന്ദനം, നെല്ലിക്കാത്തോടു്, സഹസ്രവേദിക്കല്ലു് ഇവ സമം പൊടിച്ചു് ഉരുക്കുനെയ്യിൽ ലയിപ്പിച്ചു് ദിവസം രണ്ടു പ്രാവശ്യം വീതം നെറുകയിൽ തളം വയ്ക്കുക.

2) ചുക്കു്, കുരുമുളകു്, തിപ്പലി ഇവ പൊടിച്ചു് തുളസിനീററിൽ ലയിപ്പിച്ചു് തളം വയ്ക്കുക.

## അനുബന്ധരോഗങ്ങൾ

A. ബോധക്ഷയം.

1) ചുക്കു്, കുരുമുളകു്, തിപ്പലി ഇവ കരിനെച്ചിയിലനീററിൽ അരച്ചു് നസ്യം ചെയ്യുക. ബോധം വീണ്ടു കിട്ടുന്നതാണു്.

2) പഴകിയ കുരുമുളക് തുമ്പനീരിൽ അരച്ച് നസ്യം ചെയ്യുക.

3) കുരുമുളക്, ചുക്ക്, തിപ്പലി, ഇന്തുപ്പ്, മുന്തിരിപ്പഴം ഇവ സമം അരച്ച് മുലപ്പാലിൽ കലക്കി അരിച്ച് 6 തുള്ളി വീതം മൂക്കിൽ നസ്യം ചെയ്യുക.

4) ഗരുഡാഞ്ജനം കണ്ണിലെഴുതുക, തളം വയ്ക്കുക.

5) ചുക്ക് അരച്ച് പാലിൽ കൊടുക്കുക. ഇതുതന്നെ ലേപനത്തിനു നല്ലതാണ്.

6) വില്വാദി ഗുളിക, മൃതസഞ്ജീവനി ഗുളിക ഇവയിലേതെങ്കിലുമൊന്ന് അനുയോജ്യമായ അനുപാനത്തിൽ സേവിക്കുക.

B. മലമൂത്രബന്ധം.

1) ചെറുചീര, ഞെരിഞ്ഞിൽ ഇവ കഷായം വച്ച് വിഷസംഹാരി, മൃതസഞ്ജീവനി, വായുഗുളിക ഇവയഥാക്രമം കലക്കി സേവിക്കുക.

2) ഞെരിഞ്ഞിൽ തേങ്ങാവെള്ളത്തിലരച്ച് നെൽമണിഘനത്തിൽ നാഭിയിൽ തേയ്ക്കുക.

3) മൂത്ത കമുകിലെ പൂക്കുല അരിഞ്ഞു് പശുവിൻപാലിൽ പുഴുങ്ങി അരച്ച് നല്ലെണ്ണയിൽ ചാലിച്ച് നാഭിയിൽ പുരട്ടുക.

C. നീരു്.

1) നെന്മേനിവാകയില ഇടിച്ചുപിഴിഞ്ഞ നീരിൽ വേപ്പില; പൊങ്ങിില, നീലയമരിയില ഇവ അരച്ച് ലേപനം ചെയ്താൽ വീക്കത്തോടൊപ്പം വിഷവും നീങ്ങിക്കിട്ടുന്നതാണ്.

2) നീലയമരിയില, നീല ഉമ്മത്തില, പൊങ്ങിൻതൊലി, മഞ്ഞൾ, തഴുതാമ, ആര്യവേപ്പില, ചെറുകടലാടി, നാല്പാമരത്തൊലി, ചന്ദനം, അമുക്കുരം, പാടക്കിഴങ്ങ്, ചെറുചീര, ചിററരത്ത ഇവ സമം എടുക്കുക. തുളസിയില കാടിചേർത്തു് ഇടിച്ചു പിഴിഞ്ഞ നീരിൽ മേല്പറഞ്ഞ മരുന്നുകളരച്ചുചേർത്തു് നീരുള്ള ഭാഗങ്ങളിൽപുരട്ടുക.

D. കഫം.

1) അമൃത്ത്, കുരുമുളക് ഇവ സമം ചൂടുവെള്ളത്തിൽ അരച്ചു സേവിച്ചാൽ കഫകോപം ശമിയ്ക്കും.

2) എരുക്കില നീരിൽ കായംചേർത്ത് സേവിക്കുക.

3) കഫവികാരം കൂടുതലുള്ളപ്പോൾ ചുക്കു മാത്രം അരച്ച് കൊടുക്കുക. ഇതുതന്നെ ലേപനമായും ഉപയോഗിക്കാം.

4) ചുക്ക് പച്ചവെള്ളത്തിൽ അരച്ച് കഴുത്തിലും നെഞ്ചിലും പുരട്ടിയാലും മേല്പറഞ്ഞ ഗുണം ലഭിക്കുന്നതാണ്.

E. വ്രണം കരിയുവാൻ.

നാല്പാമരക്കഷായത്തിൽ (അത്തി, ഇത്തി' അരയാൽ പേരാൽ) അരിമാവ് പാവ് കുറുക്കി പുരട്ടുക.

മണ്ഡലിവിഷത്തിൽ പറഞ്ഞിരിക്കുന്ന ചികിത്സകൾ പരീക്ഷിയ്ക്കാവുന്നതാണ്.

## 4. വേന്ദ്രൻ (വേന്തിരൻ)

സങ്കര വർഗ്ഗത്തിൽപ്പെട്ട വേന്ദ്രൻ എന്ന ഇനം നാട്ടിൻ പുറങ്ങളിൽ അപൂർവ്വമാണെങ്കിലും ചിലപ്പോഴൊക്കെ അവ മനുഷ്യനെ ഉപദ്രവിക്കാറുണ്ട്. മുൻപറഞ്ഞ പാമ്പുകളുടെ ദംശന ഫലമായുണ്ടാകാറുള്ള വാതപിത്തകഫ ദോഷങ്ങൾ എല്ലാം ഒന്നിച്ചോ ഇതിലേതെങ്കിലും രണ്ടുദോഷങ്ങൾ മാത്രമായോ വേന്ദ്രന്റെ കടിഏല്ക്കുന്നയാളിൽ കാണപ്പെടുന്നു. മൂർഖനും രാജിലമണ്ഡലിയും തമ്മിലുള്ള ലൈംഗീകബന്ധത്തിൽ പിറക്കുന്ന ഒരു പ്രത്യേകവർഗ്ഗമായതുകൊണ്ടാണ് മുൻപറഞ്ഞത്രിദോഷങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നതു്. ഇതിനു് ഒരു പത്തി മാത്രമേയുള്ളു. വേന്ദ്രനു് ജന്മം നൽകുന്നതിൽ പകുതിഭാഗഭാഗിത്വം മാത്രം മൂർഖനുണ്ടായിരിയ്ക്കുമെന്നുള്ളതുകൊണ്ടാണ് ഒരു പത്തിമാത്രം പ്രത്യക്ഷപ്പെടുന്നതു്. ശരീരഘടനയിലും സ്വ

ഭാവവിശേഷങ്ങളിലും ജീവിതരീതികളിൽ പരസ്പരം വ്യത്യസ്തമായ മൂർഖനും രാജീലമണ്ഡലികളും തമ്മിൽ ഇണചേരാറില്ല എന്നു് ചില ആധുനീകന്മാർ വാദിക്കുന്നു. പണ്ടു് പണ്ടു് ജീവന്റെ അടിസ്ഥാനഘടകമായ അമീബ അവസ്ഥാന്തരം പ്രാപിച്ചു് ഇന്നത്തെ ആധുനീക മനുഷ്യനു് രൂപം നൽകുവാൻ കഴിഞ്ഞു എന്നു് തന്റെ പരിണാമസിദ്ധാന്ത (Theory of Evolation) ങ്ങളിലൂടെ മഹാനായ ഡാർവിൻ സ്ഥാപിച്ചിട്ടുണ്ടല്ലോ. ആനിലക്കു് ജീജാലങ്ങളിൽ പ്രകൃതിയുടെ പ്രേരണകൊണ്ടു് പല വികൃതികളും സംഭവിച്ചുകൂടായ്കയില്ല. കഴുതയും കുതിരയും ഇണചേന്നു് കോവർകഴുതകളുണ്ടാകാമെങ്കിൽ ഉട്ടപ്പിലും നടപ്പിലും അല്പവ്യത്യാസമുള്ള ഈ ഇഴജന്തുക്കാം ഇണചേർന്നതിൽ തെററുണ്ടോ? അചേതനങ്ങളായ സസ്യങ്ങാം പോലും ശാസ്ത്രകാരന്റെ യുക്തിഹീനമായ മേല്പറഞ്ഞ വാദഗതികാംക്കു് പല അപവാദങ്ങളും സൃഷ്ടിക്കുന്നു. ശരിരഘടനയിലും ജീവിതരീതികളിലും മററുമുണ്ടാകുന്ന ബാഹ്യമായ വ്യത്യാസങ്ങാം വികാരപരമായ സമീപനത്തിനു് വിഘാതമായി നില്ക്കുകയോ ഇണചേരുവാനുള്ള ആസക്തിയെ ഇല്ലായ്മ ചെയ്യുകയോ ചെയ്യാറില്ല.

സാധാരണ നിലയിൽ വളരെ വേഗത്തിലും അപൂർവ്വമായ। മന്ദഗതിയിലുമാണു സഞ്ചരിക്കാറുള്ളതു്. സഞ്ചാരസമയത്തു് ഒരു പ്രത്യേക ശബ്ദമുണ്ടായിരിക്കും. വിഷവ്യാപനത്തോടെ ശരീരമാകെ വേദനയും കണ്ണിനു് അസ്ഥിരതയും ഉണ്ടാകാറുണ്ടു്. സന്നിപാതാധികമായതുകൊണ്ടു് പനിയുണ്ടാകുന്നു മുഖം കാർമേഘവർണ്ണമാകുകയും തുടന്നു വികൃതമാകുകയും ചെയ്യുന്നു തളർച്ചയും ചിത്തഭ്രമവും സാധാരണയായുണ്ടാകാറുണ്ടു്. വ്രണത്തിലൂടെ നീലയും കറുപ്പും കലർന്ന രക്തം പുറത്തേയ്ക്കൊഴുകുന്നു. വളരെ സൂക്ഷ്മതയോടുകൂടി ലക്ഷണങ്ങളെല്ലാം മനസ്സിലാക്കിയശേഷം മാത്രമേ ചികിത്സ ആരംഭിക്കാവൂ. ചികിത്സാരംഭത്തിൽ വിഷം കയറിയുമിറങ്ങിയും ഏറിയും കുറഞ്ഞുമിരിക്കുമെന്നുള്ളതു് സങ്കരവിഷത്തിന്റെ സഹജമായ മറെറാരു പ്രത്യേകതയാണു്.

# പ്രതിവിധികൾ

വ്രണം ശുദ്ധിചെയ്ത ശേഷം ഗരളഭേദി സേവിയ്ക്കാവുന്നതാണു്. അശ്വഗന്ധാദി കുഴമ്പു് പുരട്ടുക. നെയ്യിൽ ഇന്തുപ്പുചേൎത്തു് ധാരചെയ്യുക. നെയ്യ് പുരട്ടിയശേഷം വേപ്പെണ്ണ ചൂടാക്കി അതിൽ എരുക്കിലകൊണ്ടു് കിഴികുത്തുന്നതും നല്ലതാണു്. ജീവരക്ഷാഗുളിക, മൃതസഞ്ജീവനി ഇവ പാലിൽ സേവിക്കുകയും ചെയ്യുക.

അരത്തുടം ഉമ്മത്തിലനീററിൽ കായം കൊട്ടവേലി ഇവ അരച്ചു ചേൎത്തുസേവിച്ചാൽ ഉഗ്രമായ വേദ്രവിഷം ശമിയ്ക്കുന്നു. ശംഖ,പാഷാണ ഭസ്മം ചെറുനാരങ്ങാനീരിൽ ഒരു പണവിട വീതം കൊടുക്കുക. ഉഗ്രമായ വേദ്രവിഷം ശമിയ്ക്കുന്നതാണു്. ത്രിഫലത്തോടു്, ചുക്കു്, ചന്ദനം, കുരുമുളകു്, തിപ്പലി ഇവ സമം പൊടിച്ചു് തുളസിനീററിൽ കുറുക്കി ആറിയശേഷം തുടരെ തളം വയ്ക്കുക. മലിനരക്തം നീക്കുന്നതിനുവേണ്ടി ജലത്തിൽ ജീവിക്കുന്ന പ്രത്യേകതരം അട്ടയെ ഉപയോഗിക്കാവുന്നതാണു്. വില്വാദിഗുളിക ചുവന്ന തുളസിനീററിൽ അരച്ചു് മൂക്കിൻെറ ഇരു ദ്വാരങ്ങളിലും ആറു തുള്ളിവീതം ഓരോ നേരവും നസ്യം ചെയ്യുക. ചുക്കു്, കുരുമുളകു്, തിപ്പലി, സഹസ്രവേദിക്കല്ലു്, ചന്ദനം, നെല്ലിക്കാത്തോടു് ഇവ സമം പൊടിച്ചു് ഉരുക്കുനെയ്യ് ചേൎത്തു് ദിവസം രണ്ടു നേരം വീതം നെറുകയിൽ തളം വയ്ക്കുക.

മലമൂത്രബന്ധമുണ്ടായാൽ വില്വാദിപ്പൊടി മൂന്നു കഴഞ്ചെടുത്തു് മനുഷ്യ മൂത്രത്തിൽ അരച്ചുകലക്കി സേവിക്കുക. തുടൎന്നു് അശ്വഗന്ധാദ കഷായത്തിൽ അശ്വഗന്ധാദിഗുളിക ചേൎത്തു് ഓരോ മണിക്കൂർ ഇടവിട്ടു സേവിക്കുക.

കഷായം.

1) വെളുത്ത ശംഖം പുഷ്പത്തിൻ വേരു്, ത്രിഫലത്തോടു് ഇവ ആറുകഴഞ്ചുവീതമെടുത്തു് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി അതിൽ നിന്നും രണ്ടു

യുടമെടുത്തു് കുറുക്കി പകുതിയാക്കി തേൻ മേമ്പൊടി ചേ ർത്തു് ദിവസം രണ്ടുനേരം വീതം സേവിക്കുക.

2) മഞ്ചട്ടിപ്പൊടി,മാഞ്ചി, പച്ചക്കർപ്പൂരം, വേപ്പിൻ കുരു, ഇന്തുപ്പു്, കാഞ്ഞിരക്കുരു, മുന്തിരിപ്പഴം, പെരുങ്കായം രസം ഇവ സമം പാടക്കിഴങ്ങിൻ നീററിൽ അരച്ചു് കുന്നി ക്കുരു വലിപ്പത്തിൽ ഉരുട്ടി ഉണക്കുക. ഇതു് ശുദ്ധജല ത്തിൽ അരച്ചുകൊടുത്താൽ വേന്ദ്രവിഷം നീങ്ങിക്കിട്ടും.

ഒരുതുടം നീലഉമ്മത്തില നീരിൽ കായം, കൊട്ടുവേ ലിക്കിഴങ്ങു് ഇവ അരച്ചുചേർത്തു കൊടുക്കുക. എത്ര ഉഗ്രമാ യ വേന്ദ്രവിഷവും ഇതുമൂലം നീങ്ങും.

നാല്പാമരത്തൊലി, പൊങ്ങിൻതൊലി, നീലയമരി വേരു് ചന്ദനം, ചെറുകടലാടി തഴുതാമ, മുരിങ്ങവേരിൻ തൊലി, മഞ്ഞൾ, കുപ്പമഞ്ഞൾ, ഞെരിഞ്ഞിൽ, വയമ്പു് പാടക്കിഴങ്ങു്, കുടകപ്പാല, നെന്മേനിവാകവേരു് ഇവ സമം വെന്തു് നാലിലൊന്നാക്കി ധാരകോരുക.

നീലയമരിയില, നീലഉമ്മത്തില, പൊങ്ങിൻതൊലി, തഴുതാമ, മഞ്ഞൾ, ആര്യവേപ്പില, ചെറുകടലാടി, നാല്പാ മരത്തൊലി, ചന്ദനം, ചെറുചീര, ചിററരത്ത, അമുക്കുരം, പാടക്കിഴങ്ങു് ഇവ സമമെടുത്തു് തുളസിയിലനീരിൽ (കാടിതളിച്ചു് ഇടിച്ച പിഴിഞ്ഞതു്) അരച്ചു് തുടരെ പുരട്ടുക.

N. B. നാട്ടിൻപുറങ്ങളിൽ സാധാരണ കാണാറുള്ള വിഷരഹിതമായ ഒരിനമാണ ചേര. ഇതുമൂലം അല്പമായ അസുഖങ്ങളുണ്ടാകാറുണ്ടു്. പ്ലാശിൻതൊലി കഷായംവച്ചു് വെണ്ണയും ചുണ്ണാമ്പുവെള്ളവും ചേർത്തു് സേവിച്ചാൽ ചേരവിഷം ശമിക്കും.

# സർവ്വ വിഷങ്ങൾക്കും പൊതുവായുള്ള പ്രതിവിധികൾ.

1) തിപ്പലി, കുരുമുളകു്, ചുക്കു്, കരളകം, നെല്ലിവേരു്, ചീനിമുളകു് ഇവയുടെ ആകെത്തൂക്കത്തിനു സമം ഞാറത്തൊലി ഇടിച്ചു പിഴിഞ്ഞ നീരിൽ മേല്പറഞ്ഞ മരുന്നുകൾ പൊടിച്ചു് നിഴലിൽ ഉണക്കുക. അവ വീണ്ടും പൊടിച്ചു് ഉമ്മത്തില നീരിൽ അരച്ചു് ഉണക്കുക. വീണ്ടും ഇപ്രകാരം എരിക്കിലനീരിൽ അരച്ചുണക്കുക. അവസാനമായി അവ പൊടിച്ചു് തുമ്പനീരിൽ അരച്ചു് പുതിയ മൺപാത്രത്തിന്റെ പുറത്തു തേച്ചുപിടിപ്പിച്ചു് ഉണങ്ങുവാൻ അനുവദിക്കുക. പാകമാകുമ്പോൾ കുന്നിക്കുരു വലിപ്പത്തിൽ ഉരുട്ടി ഗുളികയാക്കി സൂക്ഷിക്കുക. ഇതു് വിഷശമനത്തിനു് വളരെയധികം ഉപകരിക്കപ്പെടുന്നു. ചുവന്ന തുളസിയിലനീരിൽ ഈ ഗുളിക അരച്ചു് കണ്ണിലെഴുതിയാൽ ബോധക്ഷയം വളരെ വേഗം നീങ്ങുന്നതാണു്.

2) ചുക്കു്, കുരുമുളകു്, തിപ്പലി ഇവ പൊടിച്ചു് നെയു് ചേർത്തു സേവിച്ചാൽ വിഷവും വിറയലും ഇല്ലാതാകുന്നതാണു്.

3) കീരിക്കിഴങ്ങു് പശുവിൻ പാലിൽ അരച്ചു് പുണ്ണിൽ പുരട്ടിയാൽ എല്ലാ സർപ്പ വിഷങ്ങളും ശമിക്കുന്നതാണു്.

4) ചുക്കു്, ഇന്തുപ്പു് ഇവ സമം പൊടിച്ചു് ചൂടുവെള്ളത്തിൽ കലക്കിക്കൊടുത്താൽ വയർ വീക്കുന്നതിനു് ആശ്വാസം ലഭിക്കുന്നതാണു്.

5) പിണ്ഡാളൻ ചേമ്പരച്ചു് തണുത്ത വെള്ളത്തിലരച്ചു് നാഭിയിൽ പുരട്ടിയാൽ മൂത്ര തടസ്സം മാറുന്നു.

6) ചുക്കു്, മുളകു്, തിപ്പലി, ഇലഞ്ഞിക്കുരു, വെള്ളക്കുന്നിക്കുരു ഇവ സമം പൊടിച്ചു് ആടലോടകത്തിന്റെ നീരിൽ അരച്ചു് ഉണക്കി ഗോമൂത്രത്തിൽ വീണ്ടും അരച്ചു് ഉണക്കുക കുന്നിക്കുരു പ്രമാണം ഗുളിക ഉരുട്ടി

വെററിലനീരിൽ അരച്ച് നെറുകയിൽ വയ്ക്കുകയും മൂക്കിലും ചെവിയിലും നസ്യം ചെയ്യുകയും ചെയ്യുക. എല്ലാ വിഷ മോഹവും തീരും.

7) ഇരുവേലി, കിരിയാത്ത്, രാമച്ചം, ആശാളി, ചുക്ക്, ചെഞ്ചല്യം, അരത്ത, ചെന്നിനായകം, അമുക്കുരം പാടക്കിഴങ്ങ്, നറുനീണ്ടി അമൽപ്പൊരിവേരു്, ഗരുഡക്കൊടിവേരു്, ഇവ ഒന്നേകാൽ കഴഞ്ചുവീതം കഴകിച്ചതച്ച് ഒന്നേകാൽ ഇടങ്ങഴിവെള്ളത്തിൽ വെന്ത് നാഴിയാക്കി വീണ്ടും കുറുക്കി ഒരു തുടമാക്കി വെണ്ണനെയ്യ്മേമ്പൊടിചേർത്ത് സേവിക്കുക. വിഷവും ന്ത്രും പനിയും വിറയും ശമിക്കും.

8) ഈശ്വരമൂലി സമൂലം പാലിൽ അരച്ച് നസ്യം ചെയ്താൽ മിക്കവാറും എല്ലാ വിഷ ദോഷങ്ങളും ശമിക്കും.

9) കുടംപുളി, കാടിചേർത്ത് അരച്ച് നസ്യം ചെയ്താലും വിഷം നീങ്ങുന്നതാണ്.

10) മത്തക്കുരു, പുളിന്തോൽ, ചാരം ഇവ മോരിൽ അരച്ച് ഉരുട്ടി കണ്ണിൽ പതിക്കുക.

11) ഒരു തുണിക്കഷ്ണത്തിൽ പ്രസാരണി തെറുത്തു കത്തിച്ച് വ്രണത്തിൽ പുകയ്ക്കുകയും കണ്ണിലും മൂക്കിലും വായിലും മൂന്നേമുക്കാൽ നാഴിക ഊതിക്കയറ്റുകയും ചെയ്യുക. മോഹം വളരെ വേഗം നീങ്ങുന്നതാണ്.

## ലിംഗഭേദം, വിഷലക്ഷണം, പ്രതിവിധികൾ

പാമ്പുകളുടെ ലിംഗ ഭേദമനുസരിച്ച് അവയുടെ വിഷ വീര്യത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടാകുന്നു. പുരുഷ സർപ്പത്തിനും സ്ത്രീ സർപ്പത്തിനും ബാല സർപ്പത്തിനും സർപ്പകന്യകയ്ക്കും ശാസ്ത്ര മതമനുസരിച്ച് വ്യത്യസ്തമായ ചികിത്സാ വിധികളാണ്. കല്പിക്കപ്പെട്ടിരിയ്ക്കുന്നത്.

1. പുരുഷസർപ്പം.

പുരുഷസർപ്പത്തിൻെറ വിഷമാണേററതെങ്കിൽ വിഷം അധിവേഗം ശരീരത്തിൽ വ്യാപിയ്ക്കുകയും അതേ രീതിയിൽ ഇറങ്ങുകയും ചെയ്യുന്നു.

പിത്തകോപപ്രധാനമായ ഈ വിഷം ശരീരത്തിൽ വ്യാപിയ്ക്കുന്നതോടെ പെട്ടെന്നു് മോഹാലസ്യമനുഭവപ്പെടുന്നു.

കരളകത്തിൻവേരു്, നറുംപശ ഇവയരച്ചു് നെയ് ചേത്തു കോംവായിൽ പുരട്ടുകയും ഉള്ളിൽസേവിക്കുകയും ചെയ്യേണ്ടതാണു് ഈ മരുന്നുകറം തന്നെ നെയ്യും പാലും ചേത്തു് കാടിയിൽ കൊട്ടുക്കുക.

2. സ്ത്രീ സർപ്പം.

സർപ്പസ്ത്രീ കടിച്ചതെങ്കിൽ അല്പസമയത്തിനുള്ളിൽ വിഷം നീങ്ങിയതായി തോന്നാവുന്നതാണു്. എന്നാൽ ക്രമേണ വിഷം വ്യാപിക്കുകയും അതോടെ അസ്വസ്ഥത കറം വർദ്ധിക്കുകയും ചെയ്യുന്നു. കളിയും ചിരിയും ഉന്മാദവും ഉണ്ടാവുകയും ഗോഷ്ഠി കാണിക്കുകയും ചെയ്യുന്നു.

വേപ്പിൻതൊലി, വൻകടലാടിവേരു് ഇവ അരച്ചു് പുരുഷസർപ്പ ചികിത്സയിൽ പറഞ്ഞിരിയ്ക്കും പ്രകാരം സേവിക്കുക. ഇതുതന്നെ ലേപനം ചെയ്താലും വിഷം ശമിക്കുന്നതാണു്.

3) സർപ്പകന്യക

സർപ്പകന്യകയുടെ ദംശനഫലമായി അസാധാരണമാംവിധം വായിൽ ഉമ്മിനീരുണ്ടാവുകയും നാവും കൊഴപ്പും പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ചിലപ്പോറം വിയർപ്പും രോമാഞ്ചവും ഉണ്ടാകാവുന്നതാണു്.

ഏകനായകത്തിൻവേരു്, പഴകിയ കുരുമുളകു് ഇവ സമം കാടിയിൽ അരച്ചു് സേവിക്കുക. ഉരുക്കുനെയ്യിൽ കുരുമുളകു പൊടിചാലിച്ചു് സേവിക്കുന്നതും വിഷശമനത്തിനു് ഉപകരിക്കും.

4. ബാലസർപ്പം

തലകറക്കം, ശരീരകമ്പം, സ്ഥലവിഭ്രമം ഈ വക ലക്ഷണങ്ങൾ ബാലസർപ്പം ദംശിയ്ക്കുന്നതുമൂലം രോഗിയിൽ പ്രത്യക്ഷമാകുന്നു.

ചാണകനീരിൽ ഉരുക്കുനെയ്യ് ചേർത്ത് സേവിക്കുക. പഴകിയ കുരുമുളകുപൊടി നെയ്യ്ചേർത്ത് പിന്നീട്ട കൊടുക്കേണ്ടതാണ്. വേപ്പിൻതൊലി, കൊട്ടത്തുവവേരു് കുരുമുളക് ഇവ സമം കാടിയിൽ അരച്ച് സേവിച്ചാലും വിഷഹരമത്രേ. ഏകനായകത്തിൻവേരും കുരുമുളകും കാടിയിൽ അരച്ചുസേവിച്ചാലും മേല്പറഞ്ഞ ഗുണം തന്നെ ഉണ്ടാകുന്നു.

## പരീക്ഷണം

കുരുമുളകുപൊടി നെയ്യിൽ കുഴച്ച് മൂന്നു ഗുളികകളാക്കി ഒന്നു് നെറുകയിൽ വയ്ക്കുകയും മററു രണ്ടെണ്ണം സേവിക്കുകയും ചെയ്യുക. തുടർന്നു് ഛർദ്ദിലുണ്ടാകുന്നുവെങ്കിൽ മരണം ആസന്നമായി എന്നു് ചിന്തിയ്ക്കണം. ബാലസർപ്പവിഷം ഉഗ്രവും മാരകവുമാണു്. എങ്കിൽത്തന്നെയും ലക്ഷണങ്ങൾ സൂക്ഷ്മമായി ഗ്രഹിച്ചുകൊണ്ടു് തദനുസരണമായ ചികിത്സാവിധികൾ അനുഷ്ഠിച്ചാൽ അപകടം ഒഴിവാക്കാവുന്നതേയുള്ളു.

## സർപ്പവിഷ ചികിത്സ

ഏതു വർഗ്ഗത്തിൽപെട്ട പാമ്പാണെന്നു വ്യക്തമാകാതിരിക്കുക ബാഹ്യമായ വിഷദോഷ ലക്ഷണങ്ങൾ സ്പഷ്ടമാകാതിരിക്കുക ഈ സന്നിഗ്ദ്ധാവസ്ഥയിൽ ഭിഷഗ്വരന്മാർ സ്വീകരിയ്ക്കാറുള്ള ചികിത്സ മുറകൾക്കു് പൊതുവേ സർപ്പവിഷ ചികിത്സ എന്നുപറയുന്നു.

വെള്ളരിക്കിൻ തളിരു് പച്ചവെള്ളത്തിൽ അരച്ചു സേവിച്ചാൽ ഉഗ്രമായ സർപ്പവിഷവും ശമിക്കുന്നതാണു്.

കാരം നാലുംകൂടി സമമെടുത്തു് മുലപ്പാലു ചേർത്തു് തളം വയ്ക്കുക.

കദളിവാഴമാണം ഒന്നേകാൽ കഴഞ്ചു് ഒന്നേകാലിട ങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി രണ്ടു തുടമെട്ടുത്തു് കുറുക്കി ഒരു തുടമാക്കി വില്വാദിഗുളിക മേമ്പൊടി ചേൎത്തു് രണ്ടുനേരം സേവിക്കുക.

കടുകുരോഹിണി, പാടക്കിഴങ്ങു്, അമൃതു് (മൊരി കളഞ്ഞതു്) പെരുങ്കുരുമ്പവേരു്, കാട്ടുപ-വലത്തിൻവേരു്, ചന്ദനം ഇവ രണ്ടു കഴഞ്ചുവീതം കഴുകിച്ചതച്ചു് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്തു് കുറുക്കി ഒരു തുടമാക്കി ജീരകപ്പൊടി മേമ്പൊടിചേൎത്തു് സേവിക്കുക.

വയമ്പു്, അമുക്കുരം, ചന്ദനം, ചുക്കു്, മുളകു്, തിപ്പലി കരളകത്തിൻ വേരു്, കടുകുരോഹിണി ഇവ ഒന്നരക്കഴഞ്ചുവീതം കഴുകിച്ചതച്ചു് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി കുറുക്കി ഒരു തുടമാക്കി ജീരകപ്പൊടി ചേൎത്തു് വൈകുന്നേരം സേവിക്കുക.

ചുക്കു്, ചന്ദനം, ജീരകം, രാമച്ചം, ചെന്നിനായകം, മുത്തങ്ങാ, വേപ്പിൻതൊലി, കരാംവേഗം, കരിംജീരകം, കിരിയാത്തു്, അമുക്കുരം, ഇരുവേലി, വെളുത്ത അമൽപൊരിവേരു് ഇവ ആറു കഴഞ്ചുവീതം കഴുകിച്ചതച്ചു് ആറിടങ്ങഴി വെള്ളത്തിൽ വെന്തു് ഒന്നേകാലിടങ്ങഴിയാക്കുക. അതിൽനിന്നും രണ്ടുതുടം കഷായം വീതം എടുത്തു് കുറുക്കി ഒരു തുടമാക്കി ചുക്കു്, മുളകു്, തിപ്പലി ഇവ മേമ്പൊടിയായി പൊടിച്ചുചേൎത്തു് ദിവസം രണ്ടുനേരം വീതം സേവിക്കുക. വിഷവും അതോടൊപ്പം വിറയൽ, കഫദോഷം, കുളിരു്, നീരു്, ഇവയും ശമിക്കുന്നു,

കാട്ടുപാവൽക്കുരു, കുന്നിക്കുരു, നെന്മേനിവാകക്കുരു, കാഞ്ഞിരക്കുരു, ഞെഴുകിൻകുരു, വെള്ളരിക്കിൻകുരു, പാടക്കിഴങ്ങു്, മലങ്കാരസ്സാ, പാൽക്കായം, ചുക്കു്, ഇരട്ടിമധുരം ഇവ സമമെടുത്തു് മൂന്നു ദിവസം തുടൎച്ചയായി വെള്ളരിക്കിൻ പാലിൽ അരക്കുക. ലന്തക്കുരു പ്രമാണം ഗുളിക ഉരുട്ടി നിഴലിൽ ഉണക്കി സൂക്ഷിച്ചാൽ ആവശ്യാനുസരണം ഉപയോഗിക്കാം. ഈ ഗുളിക പാലിൽ വിഷാൎത്തനു കൊടുത്താൽ വിഷദോഷംനീങ്ങി രക്ഷ പ്രാപിക്കും.

എരിക്കിൻവേരു്, നീർവ്വാളം, ചേക്കുരു, അമൃക്കുരം, ആനച്ചുവടിവേരു്, പീരപ്പെട്ടിവേരു്, കൊട്ടവേലിക്കിഴങ്ങു്, പാവട്ടവേരു്, താളകം, കറുക (ചാണകക്കുഴിയിൽ നില്ക്കുന്നതു്) കാട്ടുപാവലിൻവേരു്, ഉറുഞ്ചിക്കുരു, അമൽപൊരിവേരു്, ഇവ ഒരു കഴഞ്ചു വീതം എടുത്തു് എരുക്കു് നെന്മേനിവാക, വെളുത്ത കുന്നി, കുറുമഞ്ഞൾ ഇവ ഓരോന്നിൻെറയും ഇലനീററിൽ (ഓരോ നീററിലും 7 യാമംവീതം) അരയ്ക്കണം. കുരുമുളകിൻെറ വലിപ്പത്തിൽ ഗുളികകളാക്കി നിഴലിൽ ഉണക്കി സൂക്ഷിക്കുക. നീലയമരിവേരു് കഷായം വെച്ചു് ഓരോ ഗുളികവീതം അതിൽ കൊടുത്താൽ എല്ലാ വിഷദോഷങ്ങളും നീങ്ങുന്നതാണു്. തെളിഞ്ഞ ചുണ്ണാമ്പുവെള്ളത്തിൽ അരച്ചു കൊടുത്താൽ മണ്ഡലിവിഷം ശമിക്കുന്നതാണു്. ചൂടുവെള്ളവും തേങ്ങാപ്പാലും സമമെടുത്തു് അതിൽ ഈ ഗുളിക കൊടുത്താൽ രക്തമണ്ഡലിയുടെ വിഷ ദോഷങ്ങൾ നീങ്ങും. രാജിലാന്തകമായി ഉപയോഗിക്കുമ്പോൾ ചുക്കു വെള്ളത്തിൽ വേണം ഈ ഗുളിക കൊടുക്കുവാൻ. ഏററവും സവിശേഷമായ ഈ ഗുളിക എല്ലാ വിഷങ്ങൾക്കും വളരെയധികം ഗുണപ്രദമാണു്.

രസം എട്ടു്, വെളുത്തീയം പത്തു്, മനയോല, പൊന്നരിതാരം ഇവ രണ്ടു്, ചായില്യം അഞ്ചു്, വയമ്പു് കായം, പൊൻകാരം ഇവ പന്ത്രണ്ടു്, ഇലഞ്ഞിക്കുരു, ഇന്തുപ്പു് നെല്ലിയ്ക്കാ, ഗന്ധകം (ശുദ്ധിചെയ്തു്) വെങ്കായം ഇവ ഏഴര, തുരിശു് (ശുദ്ധി ചെയ്തു്) പന്ത്രണ്ടു് വെളുത്ത കുന്നിക്കുരു പത്തു്, ഗരുഡക്കൊടിവേരു്, നറുനീണ്ടിക്കിഴങ്ങു് (നാരും മൊരിയും കളഞ്ഞു്) പതിനേഴര, കററുവാണം പന്ത്രണ്ടര (ഇവ പണടവക്കണക്കിലെടുക്കണം) വീതം എരുക്കിൻ പാലിൽ അരക്കുക. ലന്തക്കുരു പ്രമാണം ഗുളിക ഉരുട്ടി ഇതു് സൂക്ഷിക്കുക ഇതിൽ ഒരു ഗുളിക എടുത്തു് ആദ്യമായി പാലിൽ കൊടുക്കുക. ഛർദ്ദിക്കുന്നു വെങ്കിൽ വിഷം ഉഗ്രമാണെന്നു മനസ്സിലാക്കുക. രണ്ടാമത്തും മൂന്നാമത്തും ഓരോ നാഴിക ഇടവിട്ടു് ഓരോ ഗുളിക മേല്പറഞ്ഞ പ്രകാരം കൊടുക്കുക. മൂന്നു ഗുളികകളും സേവിച്ചശേഷം

ഢരിട്ടിലുണ്ടാകുന്നുവെങ്കിൽ മററു ചികിത്സകരം ഒന്നും ത ന്നെ ഫലപ്രദമല്ലെന്ന് മനസ്സിലാക്കണം.

ഒരു തുലാം ശുദ്ധമായ കൊട്ടവേലിക്കിഴങ്ങ് ഉണ ക്കിപ്പൊടിച്ച് ഇരുമ്പുകുടത്തിൽ നിറച്ചശേഷം വായുനി ബദ്ധമായി അടക്കുക. (അല്പം സുഷിരം അടപ്പിലുണ്ടാ കാത്തക്കവിധം ഘനംകുറഞ്ഞ എന്തെങ്കിലും ഒന്നുകൊണ്ടു വേണം മേല്പറഞ്ഞ പ്രകാരം അടയ്ക്കുവാൻ) ഒരു കുഴിഉണ്ടാ ക്കി അതിൽ മറെറാരു പാത്രംവച്ച് ആദ്യം പറഞ്ഞപാ ത്രത്തിൻെറ വായ് രണ്ടാമത്തെ പാത്രത്തിനുള്ളിലേയ്ക്കുകട ത്തുക. (പാത്രത്തിൻെറ വക്കുകരം രണ്ടും നല്ലവണ്ണം ചേ ന്നിരിക്കണം വാക്കുകളുടെ പുറത്ത് ചുററിലും മണ്ണുകുഴച്ച പുരട്ടിയശേഷം കുഴിമൂട്ടുക മുകളിലത്തെ കുടത്തിൻെറ മൂട് പുറത്തുകാണത്തക്കവിധം വേണം മണ്ണിട്ടുമൂടുവാൻ) അതി നശേഷം ചുററിലും കാഞ്ഞിരവിറക് അടുക്കിതീകത്തി ക്കുക. ഉള്ളിലെ മരുന്നുകരംക്ക് ചൂടേല്ക്കുന്നതോടെ ഒരു പ്ര ത്യേകതരം തൈലം താഴത്തെകുടത്തിലേക്ക് ഒഴുകിവീഴു ന്നു. ഈതൈലം രണ്ടുപണവിടത്തുക്കം സേവിച്ചാൽ ഏ ത്തു് ഉഗ്രവിഷത്തേയും ദുട്ടത്തുനിത്താനാവും.

ഇരട്ടിമധുരം, കൊട്ടം, മുത്തങ്ങാ, തഴുതാമവേരു്, കാ ട്ടുവെള്ളരിവേരു്, കടമ്പിൻവേരു് പാടക്കിഴങ്ങ്, കരി നെച്ചിവേരു്, പലകപയ്യാനിവേരു്, കരളകത്തിൻവേ രു്, വെള്ളെരുക്കിൻവേരു്, നാട്ടുവെള്ളരിവേരു്, കുവള ത്തിൻവേരു്, ചെറുവഴുതനവേരു്, നറുനീണ്ടിക്കിഴങ്ങ്, (നാരും മൊരിയു. കളഞ്ഞ) രാമച്ചം, ഇരുവേലി, വേപ്പി ൻതൊലി, കടുക്കാത്തോട്, അമൃതു്, (പടം കളഞ്ഞതു്) ഇവയോരോന്നും ഒരുപലംവീതം കഴുകിചതച്ച് ഇരുപ ത്തിനാലിടങ്ങഴിവെള്ളത്തിൽ നെന്തു് 6 ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ച് ഇടങ്ങഴിനെയ്യുംചേത്തു് കല്ക്കത്തിനായി കടമ്പിൻവേരു്, നീലയമരിവേരു്, അമുക്കുരം, മാതള ത്തോട്ട്, കായം, കന്മദം, (കുറഞ്ഞതു്) ദേവതാരം, അ ക്കിരാരിതേങ്ങാ, കറുക, വേപ്പിൻപൂവു്, ഇലിപ്പക്കാതൽ, ത്രിഫലത്തോട്, ഇവയോരോന്നും ഒന്നേകാൽ കഴഞ്ചുവീ

തം മേല്പറഞ്ഞമരുന്നുകളുമായി സംയോജിപ്പിച്ച് കാച്ചി ചെളിപ്പാകത്തിൽ മൂന്നിടങ്ങഴി അമൃതു് ഇടിച്ചുപിഴിഞ്ഞ നീരും ചേർത്തു് വീണ്ടും കാച്ചുക. പാകമാകുമ്പോൾ അ വിച്ച് നല്ലഭരണിയിൽ സൂക്ഷിക്കുക. കുരുമുളകു് പൊടി ചേർത്തു് ഒരുടീസ്പൂൺ നെയ്യ് ദിവസം രണ്ടുനേരം വീതം സേവിച്ചാൽ എല്ലാവിധവിഷത്തേയും ഹരിക്കുവാൻ സാധിക്കും.

അമ്ഘോരിവേരു്; ചന്ദനം, രാമച്ചം, ഇവകാടിയിൽ അരച്ച് ധാരകോരിയാൽ വിങ്ങൽ വേദന, നോവു് ഇവ ശമിക്കുന്നതാണു്. കാഞ്ഞിരത്തിൽ വളരുന്ന പന്നക്കിഴങ്ങു്, അമൃതു് ഇവകാടിയിൽ അരച്ച് ധാരകോരിയാൽ നോവും വീക്കവും നീങ്ങുന്നതാണു് ഉങ്ങിൻതൊലി അമ്പഴതൊലി വാളൻപുളികുടംപുളി വലിയനാരകത്തിൻ തൊലി നെന്മേനിവാകയില ഇവസമം ഇടിച്ച് കാടിയിൽകലക്കിത്തിളപ്പിച്ച് പകുതിയാക്കി വാങ്ങിധാരകോരുക. നോവും നീരും ഉഷ്ണവും കഴപ്പും ഇതുമൂലം ശമിക്കുന്നതാണു്. കാഞ്ഞിരത്തിൻവേരു്, ത്രിഫലത്തോടു്, ഏകനായകത്തിൻവേരു്, കററടിനായകത്തിൻവേരു്, അമ്ഘോരിവേരു്, ഇവ സമം ഇടിച്ച് കാടിയിൽ കഷായം വച്ച് വററിച്ചു പകുതിയാക്കി സേവിച്ചാൽ പഴപ്പ്. നീരു്, കഴപ്പ് ഇവ ശമിക്കുന്നു. ഇന്തുപ്പ്, ഉരുക്കുനെയ്യ്, കൂട്ടിചേർത്തു് ധാരകോരുക. തന്മൂലം കഴപ്പും നോവും വീക്കവും വ്രണവും നീങ്ങുന്നതാണു്.

കുപ്പമഞ്ഞൾ, ഏരുക്കു്, വാളംപുളി, മുരിങ്ങ, ഉമ്മം, വേപ്പ്, വേലിപ്പരുത്തി, (കരിച്ചതു്) ഇവയും സമം വീതം ഇടിച്ച് കിഴികെട്ടുക. ഗോമൂത്രവും കാടിയും ചേർത്ത മിശ്രിതത്തിൽ ഈകിഴി ആവികൊള്ളിക്കുക. വ്രണത്തിൽ ഉരുക്കുനെയ്യ് പുരട്ടിയ ശേഷം ചെറുചൂടോടെ കിഴികുത്തിയാൽ പഴപ്പ്, തടിപ്പ്, കഴപ്പ്, നീരു്, ഇവയും അതോടൊപ്പം വിഷവും ഇല്ലാതാകുന്നു.

വിഷബാധയെത്തുടൎന്നു് മററു ചില അസുഖങ്ങളും ഉണ്ടാകാറുണ്ടു്. ഇവ ഓരോന്നിനുമുള്ള പ്രത്യേകമായ പ്രതിവിധികൾ താഴെകൊടുത്തിരിക്കുന്നു.

A. ചിത്തഭ്രമം

1) രാമച്ചം, ചന്ദനം, ഇവ സമം അരച്ചു് പച്ചവെള്ളത്തിൽ കൊടുക്കുക.

2) തുമ്പനീരും ചുവന്ന തുളസിനീരും ഇവ സമം എടുത്തു് അതിൽ കുരുമുളകുചേൎത്തു് നസ്യം ചെയ്താൽ ബോധക്ഷയം നീങ്ങുന്നതാണു്.

3) തുമ്പനീരിൽ തൃഷണം, കായം ഇവ നസ്യം ചെയ്താൽ മേല്പറഞ്ഞവിധം ഗുണം ലഭിക്കും.

4) കരിമുരിക്കിന്റെഇല, നീലയമരിയില, പെരുങ്കായം, വെളുത്തുള്ളി, വയമ്പു്, കുരുമുളകു്, ഇവ ഇടിച്ചു പിഴിഞ്ഞു് നീരെടുത്തു് മൂക്കിലും ചെവിയിലും ഒഴിക്കുക.

B. പനി

1) വാളൻപുളിയുടെ വേരിലെ തൊലി അരച്ചു പാലിൽ കലക്കിക്കൊടുത്താൽ എത്ര കഠിനമായ പനിയാണെങ്കിലും സുഖപ്പെടും.

C. നീരു്

1) തഴുതാമ, മുരിങ്ങവേരു്, നെന്മേനിവാകവേരു്, അമുക്കുരം, ഇവ കാടിയിൽ അരച്ചു പുരട്ടുക.

2) അമ്പഴത്തിന്റെതൊലി, ഉങ്ങിൻതൊലി, കരളകം, വയമ്പു്, പാടക്കിഴങ്ങു്, മഞ്ഞൾ ഇവ സമം കാടിയിൽ അരച്ചു പുരട്ടുക.

3) ഉമ്മത്തിൻകായു്, അകവശം തുരന്നു് അതിനുള്ളിലെ കുരു പകുതിയോളം കളഞ്ഞു് കുറച്ചു് ഇന്തുപ്പു് ചേൎത്തു് കാടിയിൽ വെന്തു്, അരച്ചു് വീക്കമുള്ളഭാഗത്തു പുരട്ടുക.

4) തകരം, കൊട്ടം, രാമച്ചം, ചന്ദനം, ഇരട്ടിമധുരം, നറുനീണ്ടി ഇവ സമം കാടിയിൽ അരച്ച പുരട്ടുക.

5) കപ്പമഞ്ഞാം, കറിവേപ്പില, വേലിപ്പരുത്തിയില, എരുക്കില, പുളിയില, ഉമ്മത്തില, കാഞ്ഞോട്ടിയില, മുരിങ്ങയില, ഇവ കാടിയിലരച്ച് സമം എരുമച്ചാണകം കൂട്ടി യോജിപ്പിച്ച് രണ്ടു കിഴിയാക്കി കെട്ടിയ ശേഷം കാടിയും ഗോമൂത്രവും യോജിപ്പിച്ച് അതിൽ ആവി പാടിപ്പിക്കുക. നീരുള്ളഭാഗത്തു് കിഴികുത്തുക. കൂടുതൽ നീരുള്ളഭാഗത്തു് നെയ്യ് പുരട്ടിയ ശേഷം കിഴികുത്തിയാൽ എത്ര കഠിന നീരാണെങ്കിലും കുറയുന്നതാണ്.

6) ചന്ദനം അരച്ച് പച്ചവെള്ളത്തിൽ കലക്കി ധാരകോരുക.

D. മൂത്രം മഞ്ഞയായാൽ

1) പൊങ്ങിൻതൊലി, ചൂടുവെള്ളത്തിൽ അരച്ച സേവിച്ചാൽ മൂത്രത്തിലുണ്ടാകുന്ന നിറഭേദം നീങ്ങുന്നതാണ്.

E. ഉഷ്ണവും പരവേശവും

രാമച്ചം, ഇരുവേലി, ചന്ദനം, ഇവയരച്ച് ശരീരമാകെ പലയാവത്തി പുരട്ടിയാൽ ഉഷ്ണവും പരവേശവും നീങ്ങുന്നതാണ്.

പശുവിൻപാലിൽ വേപ്പില അരച്ച സേവിച്ചാലും മേല്പറഞ്ഞഗുണം തന്നെ.

F. ഛർദ്ദിൽ

1) കസ്തൂരാദി, ഗോരോചനാധി ഇവയിലേതെങ്കിലും ഒരു ഗുളിക സേവിച്ചാൽ ഛർദ്ദിൽ ഉണ്ടാവുന്നതല്ല.

2) ത്രിഫലത്തോട്ട് അരച്ച സേവിക്കുക.

3) മലര്, ചന്ദനം, ഇവ പാലിൽ അരച്ച് നെഞ്ചിൽ പലവട്ടം ലേപനം ചെയ്താൽ ഛർദ്ദിൽ ശമിക്കുന്നതാണ്.

4) വരട്ടുമഞ്ഞൾ കഷായം വച്ച് പഞ്ചസാര ചേർത്ത് സേവിക്കുക.

5) ഒരു കരിക്കിന്റെ വെള്ളത്തിൽ അരത്തുടം മൂത്രം വീതം രണ്ടുനേരമായി സേവിക്കുക.

### മലമൂത്രത്തിൽ രക്തമുണ്ടായാൽ

കടമ്പിൻതൊലി ഇടിച്ചു പിഴിഞ്ഞു നീരെടുത്തുസേവിച്ചാൽ മലമൂത്രത്തിലൂടെ രക്തം പോകുന്നതിനെ തടയാനാകും.

കരിക്കിൻ വെള്ളത്തിൽ ഒരു കഴഞ്ച് മല്ലി അരച്ച് സേവിച്ചാൽ മേല്പറഞ്ഞ അസുഖങ്ങൾക്ക് നല്ലതാണ്.

### സന്ധികളിൽ തളർച്ച, വായുതടസ്സം

തഴുതാമയരച്ച് ചൂടുവെള്ളത്തിൽ സേവിക്കുക. നെയ്യും വേപ്പെണ്ണയും പുരട്ടിയശേഷം ഒൻപതിലക്കിഴി പ്രയോഗിക്കുക.

### വിയർപ്പ്

ചുക്ക്, മുളക്, തിപ്പലി, ഇന്തുപ്പ്, ഇവ അരച്ച് ചൂടുവെള്ളത്തിൽ സേവിച്ചാൽ ക്രമാതീതമായി ശരീരത്തിലുണ്ടാകുന്ന വിയർപ്പിനെ തടയാനാവുന്നതാണ്.

### ദാഹം

കദളിവാഴമാണം ഇടിച്ചുപിഴിഞ്ഞ നീരിൽ പാൽ ചേർത്ത് സേവിച്ചാൽ ദാഹം ശമിക്കുന്നതാണ്.

### രക്തം തുപ്പിയാൽ

പിച്ചകത്തില ഇടിച്ചുപിഴിഞ്ഞനീരിൽ ഇന്തുപ്പ് ചേർത്ത് കൊടുക്കുക.

## രോമകൂപത്തിലൂടെയുള്ള രക്തസ്രാവം

മുരിങ്ങവേര്, ചെറുകഷണങ്ങളാക്കി മുറിച്ചെടുത്ത് ഓട്ടുപാത്രത്തിൽ വറുത്തുപൊടിച്ച് അതിൽ പശുവിൻ നെയ് ചേർത്ത് ശരീരമാകെ പുരട്ടുക.

മലമൂത്രബന്ധം

നാളികേരത്തിന്റെ വെള്ളത്തിൽ തിപ്പലി ഏലത്തരി ഇവ കലക്കി കൊടുക്കുക. ചൂടുവെള്ളത്തിൽ കലക്കി കൊടുത്താലും മതിയാവും ഇതു് ധാരചെയ്താലുംമലവും മൂത്രവും പെട്ടെന്നു് വിസൎജ്ജിക്കപ്പെടുന്നു.

എലിയുടേയോ പാററായുടേയോ കാഷ്ഠം വെള്ളരിക്കുരു ഇവ അരച്ചു് നാഭിയിൽ പുരട്ടിയാൽ മലമൂത്രബന്ധം നീങ്ങുന്നതാണു് കരിനെച്ചിവേരും ഇപ്രകാരം ഉപയോഗിക്കാവുന്നതാണു്.

രക്തദൂഷ്യം

നാല്പാമരത്തൊലി കഷായം വച്ചു് അതിൽ പാൽ ചേൎത്തു് കുടിച്ചാൽ രക്തദൂഷ്യം മാറുന്നതാണു് തിപ്പലിയും പഞ്ചസാരയും ചേൎത്തു് കുടിച്ചാൽ മണ്ഡലി വിഷബാധമൂലമുണ്ടാകുന്ന രക്തദൂഷ്യം നീങ്ങും.

മഞ്ചട്ടിപ്പൊടി, നറുനീണ്ടിക്കിഴങ്ങു്, ഇവ കഷായം വച്ചു് കുടിച്ചാലും രക്തദൂഷ്യം ശമിക്കുന്നതാണു്.

എരിച്ചിൽ തലവേദന

നെല്ലിത്തൊലി പാലിൽപുഴുങ്ങിയരച്ചു് അതിൽ മുത്തങ്ങയും ചന്ദനവും കൂട്ടിയരച്ചു് നെററിയിൽ തേച്ചാൽ തലവേദനയും, ഉള്ളിൽ സേവിച്ചാൽ വയററിലെ എരിച്ചിലും ശമിക്കുന്നു.

വ്രണം കരിയുവാൻ

നാല്പാമരത്തൊലികളോരോന്നും 16 ഫലം വീതം മെട്ടത്തു് പതിനാറിടങ്ങഴിവെള്ളത്തിൽ വെന്തു് നാലിടങ്ങഴിയാക്കി പിഴിഞ്ഞരിച്ചെടുക്കുക. അതിൽ കറുക ഇടിച്ചുപിഴിഞ്ഞനീരും കദളിവാഴമാണം ഇടിച്ചുപിഴിഞ്ഞനീരും നാലിടങ്ങഴിവീതം ചേൎത്തു് എല്ലാം കൂടികുറുക്കുക. വാറി നാലിടങ്ങഴിയാവുമ്പോഠം അതിൽ ചന്ദനം അമുക്കുരം ഇവനാലുഫലം വീതം അരച്ചുചേൎത്തു്ശക്കരപാനിയുടെ പാകത്തിൽ വാങ്ങി തണുത്തശേഷം പുരട്ടുക വിഷവും നീരും വേദനയും പുകച്ചിലും വ്രണത്തിലെ നീരും മാലിന്യവും മാറുന്നതാണു്.

ഏകനായകത്തിൻവേരു് കഷായം വച്ച്് മേല്പറഞ്ഞ മരുന്നുകാം അരച്ചുചേത്ത്് ലേപനമുണ്ടാക്കിയാലും ഇതേ ഗുണം തന്നെ ലഭിക്കുന്നു.

ഏകനായകത്തിൻവേരിലെ തൊലിയും കറുകയും വെള്ളം ചേക്കാതെ അരച്ചു പുരട്ടുക. ഏകനായകത്തിൻ വേരിലെതൊലി വറത്തുപൊടിച്ച്് വ്രണത്തിൽപുരട്ടിയാലും മതിയാവുന്നതാണു്. ബ്രഹ്മി ഇടിച്ച്് 4 ഇടങ്ങഴി നീരെടുത്തു് ഇരുനാഴി പഴയ വെളിച്ചെണ്ണയുമായി യോജിപ്പിച്ച്് മഞ്ഞതാം, ചുക്കു്, കുരുമുളു്, തിപ്പലി, കന്മദം, ചെത്തിവേരു്, നാല്പാമരത്തൊലി, ഇവകല്ക്കമായി ചേത്ത്് കാച്ചിയരച്ച്് വ്രണത്തിൽ ധാരകോരുക. വ്രണം പെട്ടെന്നു് സുഖപ്പെടും.

ഏകനായകത്തിൻവേരു് കഷായം വച്ച്് അതിൽ പഴയ നെയ്യും ചേത്ത്് ആകെ സമം കറുകനീരും പിച്ചകത്തിലനീരും പകുതി ചെറുനാരങ്ങാനീരും ചേത്ത്് കാച്ചി പാകത്തിൽ അരച്ച്് വ്രണത്തിൽ പുരട്ടുക.

കാഞ്ഞരത്തിൽ വളരുന്ന പുല്ലുണ്ണിയില മോതിരവള്ളിയുടെഇല ഇവ ഉദ്ദേശം ഓരോകുട്ട വീതം എടുത്തു് ഇടിച്ചുപിഴിഞ്ഞു് അരിച്ചുകലക്കി (കുറുക്കുന്ന പാകത്തിൽ) മുത്തങ്ങാ, മലരു് ഇവപൊടിച്ചുചേത്ത്് കുഴമ്പുരൂപത്തിലാക്കി പുരട്ടുക. ദുഷ്ടം, ദുർഗന്ധവും ഇതു മൂലം നീങ്ങുന്നതാണു്.

## കഷായം ചൂർണ്ണം ദശപുഷ്പം ഒൻപതിലക്കിഴി

ചന്ദന കഷായം

ചന്ദനം, പുത്തരിച്ചുണ്ടവേരു്, കൊടിത്തുവവേരു്, കുടകപ്പാലയരി, മരമഞ്ഞതാംതൊലി, വേപ്പിൻതൊലി, രാമച്ചം ഇവ ഒന്നേമുക്കാൽ കഴഞ്ചുവീതം കഴുകിചതച്ച്് ഒന്നേകാലിടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായമെടുത്തു് കുറുക്കി ഒരു തുടമാക്കി യുക്തമായ അനുപാനം മേമ്പൊടിയായി ചേത്ത്് സേവിക്കുക.

വില്വാദികഷായം

കൂവളത്തിൻവേരു്, തുളസിക്കതിരു്, പുങ്കിൻകുരു, ചന്ദനം, തകരം ദേവതാരം, നീലയമരിവേരു്, ത്രിഫലത്തോടു്, ചുക്കു്, മുളകു്, തിപ്പലി, മഞ്ഞൾ, മരമഞ്ഞൾ, ഇവ ഒരുകഴഞ്ചുവീതം കഴുകിചതച്ചു് $1\frac{1}{4}$ ഇടങ്ങഴിവെള്ളത്തിൽ വെന്തു് നാഴിയാക്കി 2 തുടം കഷായം വീതമെടുത്തു് കുറുക്കി ഒരു തുടമാക്കി യുക്താനുപാനം ചേർത്തു് സേവിക്കുക.

വില്വാദിപ്പൊടി

കൂവളത്തിൻവേരു്, തുളസിക്കതിരു്, പുങ്കിൻകുരു, ചന്ദനം, തകരം, ദേവതാരം, നെല്ലിക്ക, താന്നിക്കാ, കടുക്ക, നീലയമരിവേരു്, ചുക്കു്, മുളകു്. തിപ്പലി. മഞ്ഞൾ മരമഞ്ഞൾത്തൊലി, ഇവ സമമെടുത്തു് ഉണക്കിപ്പൊടിക്കുക.

ത്രിഫലപ്പൊടി

നെല്ലിക്ക, താന്നിക്ക, കടുക്കാ, ഇവ സമം ഉണക്കിപ്പൊടിക്കുക.

ഒൻപതിലക്കിഴി

നീലയമരി, എരിക്കു്, മുരിക്കു്, ആര്യവേപ്പു്, വെററിലക്കൊടി, തുളസിയില, മുരിങ്ങ, പിച്ചകം, പുല്ലാന്നി ഇവയുടെ ഇല സമമെടുത്തു് ചെറുതായി അരിഞ്ഞു ചേർത്തു് 4 ഇടങ്ങഴി അരിക്കാടിയിൽ പുഴുങ്ങി (ഇടങ്ങഴി കാടി വററുന്നിടം വരെ മതി) സഹിക്കാവുന്ന ചൂടോടെ ശരീരത്തിൽ വയ്ക്കുക.

ദശപുഷ്പം

കൃഷ്ണക്രാന്തി, പൂവ്വാംകുറുന്തല, മുയൽചെവിയൻ, മുക്കുററി, വള്ളിഉഴിഞ്ഞ കറുക, നിലപ്പന. തിരുതാളി, കയ്യുന്യം, ചെറുചൂള, ഔഷധികൾ ആയുർവ്വേദത്തിൽ ദശപുഷ്പം എന്നറിയപ്പെടുന്നു.

48724

കേശവൻ നായർ 42 വയസ്സ്

വഴിക്കു നടന്നുപോകുമ്പോഠം കണ്ടത്തിൽ ഇടവരമ്പിൽവച്ച് ഇടതുകാലിൻെറപത്തിയിൽ ഏതോ ഒന്നു കടിച്ചതായി തോന്നി ഉടനെ വീട്ടിൽ വന്നുനോക്കിയപ്പോഠം വ്രണത്തിൽക്കൂടി രക്തം വരുന്നതായി തോന്നി. തലക്കുകറക്കവും കണ്ണിരുട്ടിക്കുകയും ശരീരത്തിന്നു തളർച്ചയും ഉഷ്ണവും നോക്കുന്നതെല്ലാം മഞ്ഞനിറത്തിൽ കാണുന്നതായും തോന്നി. ഉടനെ വണ്ടിവിളിച്ച് ഇവിടെ കൊണ്ടുവന്നു.

ഈസമയംകൊണ്ട് കാലിന്നു നീരും സഹിക്കാൻ വയ്യാത്ത വേദനയും രോഗിയിൽ അനുഭവപ്പെടാൻ തുടങ്ങി ഉടനെ തന്നെ രോഗിക്കു ജീവരക്ഷാഗുളിക പാലിൽ കൊടുത്തു ഒരുനാഴികകഴിഞ്ഞു് ഒന്നുകൂടികൊടുത്തു. ഇങ്ങനെതുടർച്ചയായി 3 എണ്ണംപശുവിൻപാലിൽ കൊടുത്തു വിഷശക്തി കുറഞ്ഞതായിതോന്നി. ഉപദ്രവദോഷത്തിന്നുവേണ്ടി തുക്കുധാരചെയ്തു. വ്രണം പൊള്ളാതിരിക്കുവാൻ നാല്പാമരാദിലേപനം നെയ്കൊണ്ടുള്ളധാരയും ചെയ്തു

വേദനസഹിക്കാൻ വയ്യാത്തതുകൊണ്ട് അട്ട പലപ്രാവശ്യം ഇട്ട് രക്തം എടുത്തുകളഞ്ഞു.

നിലീമൂലാധി കഷായത്തിൽ ശ്വേതാക്കമൂലാദിഗുളിക മേമ്പൊടിചേർത്തു് ഒരുമണിക്കൂർഇടവിട്ടു കൊടുത്തുകൊണ്ടിരുന്നു.

ദശപുഷ്പാദി കിഴി ദിവസം 2 നേരം ചെയ്തുകൊണ്ടിരുന്നു. പുളിയഞ്ചാദി ധാരയും ഇടക്കിടക്കു ചെയ്തുകൊണ്ടിരുന്നു. നീരുകുറയാൻതുടങ്ങി പിന്നീട് വയറിളക്കി നിലീഘൃതം ദിവസം 2 പ്രാവശ്യം കൊടുത്തുതുടങ്ങി തലവേദനക്കു് ത്രിഫലാദി തളവും തലയുടെ മരപ്പിന്നു് ത്രുഷ്ണാദി മുലപ്പാലിൽ നസ്യവും ചെയ്തുകൊണ്ടിരുന്നു. രോഗിക്കു് 24 മണിക്കൂർ സമയത്തേക്കു് പാലുമാത്രമേ കൊടുത്തിരുന്നുള്ളു.

24 മണിക്കൂർകഴിഞ്ഞു് ചുക്കു് ചെറുചീര തഴുതാമ ഇവ ഇട്ടു വച്ച കഞ്ഞി കൊടുക്കാൻ തുടങ്ങി ഇന്തുപ്പും കുരു

DHARMARAM COLLEGE LIBRARY
BANGALORE-29.

മുളകും മാത്രം കറിക്കുകൊട്ടത്തിരുന്നുള്ളു. ഇങ്ങനെ അഞ്ചു ദിവസം ചികിത്സതുടൻകൊണ്ടിരുന്നു. ഇതിനിടയിൽ അല്പം വ്രണം ഉണ്ടായിരുന്നതിനു ദൂർവ്വാദിഘൃതവും ഇട്ടുകൊണ്ടിരുന്നു.

9 ദിവസം കഴിഞ്ഞു രോഗി വീട്ടിൽ പോകാൻ പറഞ്ഞയച്ചു.

അന്നേരം ദോഷനിർഹരണത്തിനായി മഹാതിക്തകഘൃതം 12 ദിവസം സേവിക്കാനും അതുവരെ ശ്രദ്ധയോടും പത്ഥ്യമായും നിർദ്ദേശങ്ങൾ ശീലിക്കാനും പറഞ്ഞയച്ചു.

12 ദിവസം കഴിഞ്ഞു വന്നപ്പോൾ 12 ദിവസംകൂടി പത്ഥ്യം കഴിഞ്ഞു 7 നേരം വിയപ്പിക്കാനും അതിനുശേഷം വയറിളക്കി സാധാരണ ഭക്ഷണക്രമങ്ങൾ ശീലിക്കുന്നതിനും എണ്ണ കുഴമ്പുകൾ കാച്ചിതേക്കാനും നിർദ്ദേശിച്ചയച്ചു സുഖമായി.

സിസ്റ്റർ മേരി 48

ഈ രോഗി കഴിഞ്ഞ 20 വർഷം മുൻപു സർപ്പവിഷമേററ ഒരു കുട്ടിയെ രക്ഷിക്കുവാൻവേണ്ടി മനസ്സിലാക്കി വച്ചിരുന്ന ഒരു പ്രയോഗം ചെയ്തു. അതു കോൾവായിൽ നിന്നും വിഷം ഈമ്പി എടുക്കുക എന്നു പറയും. കടികൊണ്ടു ഉടനെയുള്ള പ്രയോഗമാണങ്കിൽ വിഷം അധികം ശരീരത്തിൽ പ്രവേശിക്കാതെ ഇരിക്കുന്നതിനും രോഗം ശമിക്കുന്നതിനും നല്ലതാണു. അതു ചെയ്യേണ്ടതു. വായിൽ തുണിയോ പഞ്ഞിയോ ചാണകമോനിറച്ചു കടിച്ചഭാഗത്തുനിന്നു വരുന്ന വെള്ളവും രക്തവും അതോടൊപ്പം വിഷവും ശക്തിയായി വാകൊണ്ടു വലിച്ചെടുക്കുകയാണു ചെയ്യേണ്ടതു. ഇങ്ങനെ രണ്ടുമൂന്നുപ്രാവശ്യം ശക്തിയായി ചെയ്താൽ വിഷം കോൾവായിൽനിന്നും വരുന്നു. ഇതുകൊണ്ടു രോഗി മരണത്തിൽ നിന്നും രക്ഷപെടുകയും ചെയ്യും. ഇതുമനസ്സിലാക്കിയിരുന്ന നമ്മുടെ രോഗി യാതൊരു സാധനങ്ങളും വായിൽ ധരിക്കാതെ ശക്തിയായി ഈമ്പിവലിച്ചു വിഷം കുറേ എടുത്തു കളയുക

യുണ്ടായി എന്നാൽ അതിന്നു ശേഷം വായിൽ വെള്ളം ഒഴിച്ചു് കഴുകുകയോ ഉടനെ തന്നെ വയറിളക്കിയോ ഛർദ്ദിച്ചോ ശരീരത്തിൽ (ഉദരത്തിൽ) വ്യാപിച്ച വിഷം ശമിപ്പിക്കുകയോ ഉണ്ടായില്ല.

പാമ്പുകടിച്ച രോഗിയേയും വിഷം ഈമ്പിഎടുത്ത ആളിനേയും ഒരുപോലെ തന്നെ വിഷകാരിയുടെ പക്കൽ കൊണ്ടുപോയി ചികിത്സിപ്പിക്കുകയുണ്ടായി ഇതിന്നു ശേഷം ഒരുവർഷം കഴിഞ്ഞു് ചില അസുഖങ്ങൾ ഉണ്ടാകാൻ തുടങ്ങി അന്നുചെയ്ത ആളിന്റെ തന്നെ കുറേ ചികിത്സകൾ ഉടനെ ചെയ്തു. അല്പം കുറവുണ്ടായി.

പിന്നീടു് ഓരോ അസുഖങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ഇതിൽ പ്രധാനമായിട്ടുള്ളതു് ചൂടുകൊള്ളാൻ പാടില്ലായ്മയും വെയിൽ ഉള്ളകാലങ്ങളിൽ വല്ലാത്തപരിഭ്രമവും, ക്ഷീണവും, തളർച്ചയും, എരിച്ചിലും, പുകച്ചിലും, തലക്കുമന്ദതയും ആകപ്പാടെ എന്തെന്നു പറഞ്ഞു മനസ്സിലാക്കാൻ പാടില്ലാത്ത പ്രയാസങ്ങളും ഉണ്ടാകാൻ തുടങ്ങി.

പിന്നീടു് കണ്ണിന്റെ പോളക്കും ശരീരത്തിന്റെ പലഭാഗങ്ങളിലും നീരുപോലെ വരികയുണ്ടായി ഭക്ഷണത്തിനോടു് തീരെ വെറുപ്പും ദഹനക്കുറവും ഉണ്ടായി. ഇതിന്നു വേണ്ടി പല ചികിത്സകളും പല വൈദ്യന്മാരുടേയും ചെയ്തു. മരുന്നുകൾ കഴിക്കുമ്പോൾ രോഗം അല്പം കുറയും ചികിത്സ നിർത്തിക്കഴിഞ്ഞാൽ അസുഖം കൂടുതലായിക്കഴിയും ഒരുവൈദ്യന്റെ 2 വർഷവും നെയ്യും മററു ചികിത്സകളും ചെയ്തു കാര്യമായി കുറഞ്ഞില്ല. ആഹാരത്തിൽ മത്സ്യം മാംസം എണ്ണ ഇവ ഉപയോഗിക്കാൻ പാടില്ല, ഘനവസ്തുക്കൾ ഒന്നും കഴിക്കാൻ പാടില്ല. ഇതിൽ ഏതെങ്കിലും കഴിച്ചാൽ അസുഖം വളരെ കൂടുതൽ ആകും.

ഇങ്ങനെയുള്ള ഒരു രോഗിയാണു് ഇവിടെ വന്നതു് ആദ്യമായി രോഗിയെ ശോധിപ്പിച്ചു ഉത്തമ മാത്രയൻ തന്നെ. അതിന്നു ശേഷം ചെറിയതോതിൽ ഛർദ്ദിപ്പിച്ചു

പിന്നീട്ട് വിയർപ്പിച്ചു. വിയർപ്പിക്കുന്ന കാലങ്ങളിൽ നന്നായി വിരേചിപ്പിക്കുകയും ചെയ്തിരുന്നു ചൊറിച്ചിലും തടിപ്പും തഴമ്പുപോലെ മുഴയും ഉണ്ടായിരുന്ന ഭാഗങ്ങളിൽ അട്ട ഇട്ടു രക്തം എടുത്തു് കളയുകയും ചെയ്തിരുന്നു.

മഹാ തിക്തകഘൃതം ക്ഷീര കല്ല്യാണഘൃതം ഇവ മാറി മാറി പിന്നീട്ട് ഒരു മാസം സേവിപ്പിച്ചുവൈെത്തീക വികാരം ശമിപ്പിച്ചു.

അതിനു ശേഷം കൈശോര ഗ്ഗൽഗ്ഗലു വടകം അമൃതു് വെന്തവെള്ളത്തിൽ ഒരു മാസം സേവിക്കാനും അമൃതാദി തൈലം തലയിലും നാല്പാമരാദി തൈലം ശരീരത്തിലും പുരട്ടികുളിക്കാൻ നർദ്ദേശിച്ചു.

ഇപ്പോഠം രോഗിക്കു് പറയത്തക്ക അസുഖങ്ങഠം ഒന്നും ഇല്ല. സാധാരണ ഭക്ഷണവും ദിനചര്യയും തുടരാൻ നിർദ്ദേശിച്ചു

ചോതി 39

---

പോത്തിനെ തീററികൊണ്ടിരുന്നപ്പോഠം ഏതോ ഒരു ഇഴജന്തു ഓടിവന്നു കടിച്ചു. വ്രണത്തിൽ നിന്നും രക്തവും വെള്ളവും ഉടനെ വരികയും പരവേശവും ബോധക്ഷയവും ഉടൻ ഉണ്ടാവുകയും ചെയ്തു.

വൈദ്യശാലയിൽ കൊണ്ടുവന്നപ്പോഠം ബോധമില്ല. മൂന്നു പേരെ ഒന്നിച്ചു് രണ്ടു ചെവിയിലും നിറുകയിലും വായിൽ മരുന്നിട്ടു കടിച്ചു ചവച്ചു് ഊതി. ഒരു നാഴിക തുടർച്ചയായി മൂന്നു് ആളുകഠം നിൎത്താതെ ഊതിയപ്പോഠം കണ്ണു തുറന്നു. ഉടനെ നസ്യം തീഷ്ണമായതു ചെയ്തു. (മൃത്യുഞ്ജയാഞ്ജനം കണ്ണിലെഴുതി അല്പം ബോധം വന്നു. പാഷാണ ഭസ്മം ഉടനെ പാലിൽ സേവിപ്പിച്ചു തുടന്നു് ജീവരക്ഷ കൊടുത്തു 3 നേരം. കൊടുവേലിക്കിഴങ്ങു് അരച്ചു് കാട്ടുപന്നി നെയ്യിൽ അകത്തു കൊടുത്തു. വ്രണത്തിൽ അട്ട ഇട്ടു നാല്പാമരാദിധാര ചെയ്തു തുടന്നു ശംഖിനിഘൃതം സേവിപ്പിച്ചു. പിറേറ ദിവസം വയറിളക്കി മരുന്നു കഞ്ഞി

കൊടുത്തു നീലിഘൃതം ത്രൂഷണം പൊടിച്ചുവച്ചുകൊണ്ടു് ചേർത്തുകൊടുത്തു. നീലികഷായവും. നീലിഘൃതം പിന്നീടു് 15 ദിവസം തുടർച്ചയായി കഴിക്കാൻ കൊടുത്തു. 21 ദിവസം ചികിത്സ ചെയ്തു രോഗി സുഖമായി.

പിന്നീടു് 7 ദിവസം വിയർപ്പിച്ചു. വയറിളക്കി. എണ്ണ കുഴമ്പുകൾ തേപ്പിച്ചു

അസുഖം ഒന്നും തോന്നിയില്ല വീട്ടിൽ അയച്ചു.

മറിയാമ്മ. 35

ഇറയത്തിരുന്നു കാൽ നിലത്തേക്കിട്ടു ആട്ടിക്കൊണ്ടു ചക്ക നുറുക്കുകയായിരുന്നു. സമയം ഏതാണ്ടു അഞ്ചു മണി കുട്ടികൾ പച്ചച്ചക്ക തിന്നാതിരിക്കാൻ വേണ്ടി അവരുമായി വഴക്കു കൂടികൊണ്ടിരിക്കുമ്പോൾ കാലിൽ ഏതോ മുട്ടിയതായി തോന്നി തണുപ്പും തോന്നി. വല്ല മടലും ആയിരിക്കും എന്നുകരുതി ശ്രദ്ധിച്ചില്ല. കാല്യശക്തിയായി ഒന്നു കൂടി ആട്ടി. ഏതോ കാലിൽ കടിച്ചതായി തോന്നി. സന്ധ്യമയക്കം പോലെ ഒരു മൂടൽ ഉണ്ടായിരുന്നു എന്തോഓടി പോകുന്നതായി തോന്നി. രണ്ടാമത്തു് ഏതോ ഒരു ഇരപ്പു പോലെ കേട്ടു നോക്കിയപ്പോൾ ഒരു പാമ്പു് ഓടിറുന്നതായും പറഞ്ഞ സമയത്തിനുള്ളിൽ കടിച്ചേച്ചു് ഓടുന്നതായും കണ്ടു. ഞാൻ ആകെ ഭയന്നുപോയി പിന്നീടു് ഒന്നും എനിക്കറിവില്ല ഇതാണു് രോഗി പറഞ്ഞ വിവരം. ആരോ കൂട്ടി ഉടനെ വൈദ്യശാലയിൽ എത്തിച്ചു.

ഉടനെ നസ്യവും അഞ്ജനവും ചെയ്തു. ബോധം വന്നു ജീവരക്ഷ അകത്തു കൊടുത്തു മൂന്നു പ്രാവശ്യവും ഛർദ്ദിക്കാതെ കുടിച്ചു. ഉടനെ ഹൃദയാവരണം ചെയ്തു നിറുകയിൽ തളവും ഒന്നു കൂടി നസ്യവും ചെയ്തു. അശ്വഗന്ധാദി ലേപനം ഇട്ടു ശരീര കഴപ്പും വേദനയും ഉണ്ടായിരുന്നു അതിനു 9 ഇലക്കിഴി പിടിച്ചു് ശ്വേതാർക്കമൂലാദി ഗുളിക ഗോരോചനാദി ഗുളിക, ആശ്വഗന്ധാദി ഗുളിക ഇവ മാറി മാറി

ജീരകവെള്ളത്തിലും അമുക്കുരം വെന്ത വെള്ളത്തിലും ചുക്ക്, മുളക്, തിപ്പലി ഇവ വെന്ത വെള്ളത്തിലും കൊടുത്തു അമുക്കുരം അരച്ചു കലക്കി കാച്ചിയ പശുവിൻ പാലിൽ അല്പം നീലിഘൃതം ചേർത്തു കൊടുത്തു. പിറെറ ദിവസം രാവിലെ മൃദുവായി വയറിളക്കി. വിയർപ്പിച്ചു മൂന്നുനേരം. നീലീ കഷായത്തിൽ നീലിഘൃതം സേവിക്കുവാൻ നിർദ്ദേശിച്ചു പറഞ്ഞയച്ചു.

15 ദിവസം കഴിഞ്ഞു വരാനും പറഞ്ഞു. വന്നു, വിശേഷം ഒന്നുംമില്ല. എണ്ണകുഴമ്പുകാം തേച്ചു കുളിക്കാൻ നിർദ്ദേശിച്ചു. കുളിച്ചു. വിശേഷം ഒന്നുമില്ല. സാധാരണ ഭക്ഷണാദികാം ചെയ്തു കൊള്ളാൻ പറഞ്ഞു. സുഖമായി.

കുഞ്ഞമ്മ 29

പോതചെത്തികൊണ്ടിരുന്നപ്പോാം പുല്ലോടുകൂടി ഒരു പാമ്പിനെ മുറിച്ചു. അതു്കൈയിൽ കടിച്ചു. എങ്കിലും ശ്രദ്ധിച്ചില്ല അതു കണ്ടും ഇല്ല. പുല്ലു് കൊട്ടയിൽ ഇട്ടപ്പോഴണു് പാമ്പിൻെറ തലകൂടി അതിൽ ഇരിക്കുന്നതായി കണ്ടതു്. ഉടനെ വീട്ടിൽ എത്തി വിവരം പറഞ്ഞു ഇവിടെ ചികിത്സാലയത്തിൽ കൊണ്ടുവന്ന കാഴ്ചയിൽ വലിയ പ്രയാസമൊന്നും കണ്ടില്ല. അതുകൊണ്ടു് അശ്വഗന്ധാതി ഗുളിക ചൂടുവെള്ളത്തിൽ കൊടുത്തു. അല്പം കഴിഞ്ഞപ്പോാം രോഗി ഛർദ്ദിച്ചു. ഛർദ്ദിച്ചതിൽ കഫവും വഴവഴുത്ത വെള്ളവും ആയിരുന്നു. കൂടെക്കൂടെ ഓക്കാനവും ഉണ്ടായിരുന്നു.

ഉടനെ തന്നെ ചുക്കു് വെന്തു് വെള്ളവും എടുത്തു് ആറിയതിനുശേഷം തേൻ കൂട്ടി ചേർത്തു് കൂടെക്കൂടെ തൊട്ടുകൊടുത്തുകൊണ്ടിരുന്നു. നന്നായിട്ടു് നസ്യം ചെയ്തു.

ത്രിഫലപ്പൊടിയും ത്രൃഷണവും കൂട്ടി കയ്യുന്ന്യ നീരിൽ തിളപ്പിച്ചു തളം വച്ചു.

ഛർദ്ദിക്കു് കിഴകാനെല്ലി ഇടിച്ചു പിഴിഞ്ഞ നീരു് തുണി മുക്കി കഴുത്തിൽ വട്ടം ചുററുകയും അതു കൂടെക്കൂടെ ഈ നീരിൽ നനക്കുകയും ചെയ്തുകൊണ്ടിരുന്നു.

പിന്നീടു് രാജിലാന്തകം ഗുളിക ഒരു മണിക്കൂർ ഇട വിട്ടു കൊടുത്തു. ശ്വേതാക്മൂലാദി ഗുളികയും ഗോരോച നാദി ഗുളികയും കൂടെക്കൂടെ കൊടുത്തു. അതിനിടക്കു് വ യമ്പു കൊടുത്തു ഛർദ്ദിപ്പിക്കുകയും ചെയ്തു. പിന്നീടു് നി ലീമൂലാദി കഷായത്തിൽ ശ്വേതാക്മൂലാദി ഗുളിക മേ മ്പൊടി ചേർത്തു് 12 ദിവസം സേവിപ്പിച്ചു് വിയർപ്പിച്ചു വയറിളക്കി.

ദോഷശാന്തിക്കുവേണ്ടി നിലിഘൃതം ഇരുന്നാഴി സേവിപ്പിച്ചു.

തുടന്നു് സാധാരണ ആഹാരാദികളും മററും ഉപയോ ഗിക്കാൻ നിർദ്ദേശിച്ചു.

### വേപ്പട്ടി ഒഴികെ സകല വിഷങ്ങൾക്കും ഉള്ളിലേക്കും പുറമെയും ഉപയോഗിക്കാനുള്ള മരുന്നു്.

32 കുന്നിമണി തൂക്കം = 1 വിരാകനിട

| | | | |
|---|---|---|---|
| 1) | വെള്ളപാഷാണം | വിരാകനിട | 1 |
| 2) | മനയോല | ,, | 1 |
| 3) | രസം | ,, | 1 |
| 4) | നീല തുരിശു് | ,, | 1 |
| 5) | നെല്ലിക്കാ ഗന്ധകം | ,, | 1 |
| 6) | പെരുങ്കായം | ,, | 1 |
| 7) | ശുദ്ധിചെയ്ത നേർവാളം | ,, | 14 |

വെള്ള എരുക്കിൻ പാൽ ആഴക്ക്, ആര്യവേപ്പിൻ പരിപ്പ് 20. ഇടിക്കാനുള്ളതെല്ലാം ഉരലിൽ ഇട്ട് ഇടിച്ച് കുഴിയമ്മിയിൽ വെള്ളെരുക്കിൻ പാൽ കുറേശ്ശെ കുറേശ്ശെ വിട്ട കാലത്തു ആറുമണി മുതൽ വൈകുന്നേരം ആറു മണി വരെ അരച്ചിട്ട് പിന്നീട് അരക്കുന്നതിനു് ആഴക്ക് വേപ്പെണ്ണ കുറേശ്ശെ വിട്ട് ആറു മണിക്കൂർ അരച്ച് മെഴുക പരുവമാക്കി കൊമ്പു ഡപ്പിയിൽ വയ്ക്കണം. വിഷം തീണ്ടിയവരെ മരിച്ചിട്ടുണ്ടോ എന്നു നല്ലവണ്ണം ലക്ഷണം നോക്കി ഉഴുന്നുപ്രമാണം മെഴുക് എടുത്തു (കുഴമ്പ്) വെററിലയിൽ വെച്ച ചവച്ച തിന്നാൻ കൊടുക്കണം. അല്ലാത്ത പക്ഷം വെററില ചാറിൽ കലക്കി ഉള്ളിലേക്ക കൊടുക്കണം. ചാമയരി അല്ലെങ്കിൽ പച്ചയരി പൊടിയരി കഞ്ഞി ഉപ്പുചേക്കാതെ കൊടുക്കണം. വയറിളകും. കൂടുതൽ വയറിളകിയാൽ മോരും ചോറും ഉപ്പ് ചേത്തു് കൊടുത്താൽ നിൽക്കും. അന്നുരാത്രിയിൽ വിഷം തീണ്ടിയ ആളിനെ ഉറക്കരുതു്.

കടിവായിൽ പൊട്ടാസ്യം പെർമാംഗനേറ്റു പൊടിച്ച് വെയ്ക്കണം പല്ല് കെട്ടി വായു് തുറന്നില്ലെങ്കിൽ ടി കുഴമ്പ് ഉഴുന്നു പ്രമാണം തല ഉച്ചിയിൽ ബ്ലേഡുകൊണ്ടു മുറിപ്പെടുത്തി അതിൽ വച്ച 2-3 വെററില അതിൻെറ മേൽ വച്ച മമ്മട്ടി ചൂടാക്കി അതിൻെറ മേൽ പത്തുക്കെ പത്തുക്കെ വെച്ചാൽ ബോധമുണ്ടാകും. സുഖമാകും. വിഷം തീണ്ടിയ മൃഗങ്ങൾക്കും കൊടുക്കാം.

N. B. ശുദ്ധി ചെയ്യേണ്ടവ ശുദ്ധി ചെയ്തു ഉപയോഗിക്കേണ്ടതാണു്.

# കീടവിഷങ്ങൾ

## എലിവിഷം

എലികൾ 16 വിധത്തിലാണു് ഉള്ളതു്. അതു് ഓരോന്നിനും പ്രത്യേക വിഷലക്ഷണങ്ങൾ പറഞ്ഞാൽ അതു മനസ്സിലാക്കുന്നതിനും ചികിത്സിക്കുന്നതിനും ബുദ്ധിമുട്ടുള്ളതുകൊണ്ടു് 16 എലികൾക്കും കൂടി ചികിത്സയും ലക്ഷണവും ഇതിൽ വിവരിക്കാം.

എലിവിഷം ശരീരത്തിൽ വ്യാപിക്കുന്നതു് കടിച്ചും എലിയുടെ ശുക്ലം ദേഹത്തിൽ വീഴുക നിമിത്തമായും, നഖങ്ങൾകൊണ്ടു് മുറിഞ്ഞിരുന്നാലും എലിയുടെ വിഷം ശരീരത്തിൽ വ്യാപിക്കുന്നു.

## വിഷം ശരീരത്തിൽ ഏററാൽ ഉള്ള ലക്ഷണം

കടിച്ചതാണെങ്കിൽ. കടിപ്രദേശം തടിച്ചു് തഴമ്പായി കിടക്കും. കടിഭാഗം ഉണങ്ങാതെ നൊമ്പരമായിട്ടിരിക്കും. ഈ ലക്ഷണം കണ്ടാൽ വിഷം ശരീരത്തിൽ വ്യാപിച്ചു എന്നു മനസ്സിലാക്കണം.

പനി, തലവേദന, വയററിൽ വേദന, ആഹാരത്തിനു രുചി ഇല്ലാതിരിക്കുക, കണ്ണിനു വേദനതോന്നുകയും, ശരീരത്തിൽ വിറയൽ ഉണ്ടാകും. കഫം കൂടുതൽ ഉണ്ടാകുക, ശരീരത്തിൽ കൂടുതൽ തണുപ്പു്, ശരീരത്തളർച്ചയും, ശരീരത്തിൽ വട്ടം വട്ടം പൊട്ടുകയും, ചൊറിയുകയും, ശരീരവേദനയും, മൂക്കിൽ കൂടി ഒലിക്കുകയും, ചൂടിൽ ആഗ്രഹം ഉണ്ടാകുകയും, മലമൂത്ര തടസം ഉണ്ടാകുകയും ചെയ്യും.

## 90 നാഴികയ്ക്കു് മുൻപു് എലിവിഷം ഏററാൽ ചികിത്സ

1) കയ്യോന്നിയുടെ തനിനീരു് നിറുകയിൽ തളമായി വച്ചാൽ അതുകൊണ്ടുതന്നെ വിഷം ശമിക്കുന്നതാണു്.

2) കാർപ്പാസം കുരുപ്പരുത്തിയില നീരു് സമം എണ്ണ ചേർത്തു് സേവിപ്പിക്കുക.

3) നല്ലെണ്ണയിൽ ആകാശതാർക്ഷ്യ ചൂർണ്ണം സേവിപ്പിക്കുക.

4) കുരുപ്പരുത്തിയിലനീരിൽ എണ്ണയും ആകാശതാർക്ഷ്യചൂർണ്ണവും കൂടി ചേർത്തു് കഴുത്തോളം വെള്ളത്തിൽ നിന്നു് കുടിച്ചു് തണുക്കുന്നതുവരെ (വിറക്കുന്നതുവരെ) മുങ്ങുക. ഇങ്ങനെ 3 ദിവസം ചെയ്താൽ 2 ദിവസിക്കു മുൻപു് ഉണ്ടായ എലിവിഷം ശമിക്കും.

5) ചെറുചീര സമൂലം അരച്ചു് കാടിയിൽ സേവിപ്പിക്കുക.

6) ശിരിഷ പഞ്ചാംഗം അരച്ചു് കാടിയിൽ സേവിക്കുക. എലി വിഷം ശമിക്കും.

7) വെള്ളെരിക്കിൻ വേരു്, വയമ്പു് പശുവിൻ പാലിൽ അരച്ചു് സേവിക്കുക.

8) വ്രണമോ തടിപ്പോ ഉണ്ടെങ്കിൽ ഉമ്മത്തില, വേലിപ്പരുത്തിയില, ഇവ പിഴിഞ്ഞെടുത്ത നീരിൽ കായം കലക്കി പുരട്ടുക.

9) ചുക്കു്, കുരുമുളകു്, തിപ്പലി, ഇന്തുപ്പു്, ചന്ദനം ഇവ സമം വീതം അരച്ചു് കാടിയിൽ സേവിപ്പിക്കുകയും പുരട്ടുകയും ചെയ്യുക.

10) കരംവേഗം, അഘോരിവേരു്, ചന്ദനം, വയമ്പു്, നറുനീണ്ടിക്കിഴങ്ങു്, പാടക്കിഴങ്ങു്, ശംഘുപുഷ്പത്തിൻവേരു്, അമൽപ്പൊരിവേരു് ഇവകൾ സമം വീതം എല്ലാം കൂടി എടുക്കുക. അത്രയും വെള്ളടമ്പിൻെറ ഇല

യും കൂടി ചേർത്ത് പശുവിൻപാലിൽ അരച്ച് 7 ദിവസം സേവിക്കുക. എല്ലാ എലിവിഷവും ഇതുകൊണ്ടു ശമിക്കും. പുരട്ടുകയും ചെയ്യാം. നീരും വേദനയും വിഷവും ശമിക്കും.

എലി വിഷത്തിൽ അരുചി ഉണ്ടായാൽ ഉപ്പുനീരിൽ എള്ള് കുത്തിത്ത് തൊലി കളഞ്ഞ് സമം ചുക്കും കൂടി ഉണക്കിപ്പൊടിച്ച് ശർക്കരയും ചേർത്ത് സേവിപ്പിക്കുക. എലി വിഷ രോഗിയുടെ അരുചി മാറും.

## എലി വിഷത്തിന് വയറിളക്കുവാൻ

പശുവിൻ പാലിൽ ¼ ഇലക്കള്ളിപ്പാലും കൂടി ചേർത്ത് കാച്ചി ഉറയ്ക്കുക. ഇതു് പിറേറദിവസം കടഞ്ഞു് കിട്ടുന്ന നെയ്യ് (വെണ്ണ) കൊടുത്ത് വയറിളക്കുക.

## എലിവിഷത്തിന് ചൂർണ്ണം

വെള്ളെരുക്കില, പറിച്ച് കെട്ടി പുകയത്തു തൂക്കുക. നല്ലവണ്ണം പുക പിടിച്ച ഈ ഇല എല്ലാം ഉണങ്ങിക്കഴിഞ്ഞാൽ എടുത്ത് പൊടിക്കുക. ഇതിൻെറ നാലൊന്നു ഭാഗം ഇന്തുപ്പും അതിൻെറ പകുതി പൊൻകാരവും കൂടി പൊടിച്ച് ചേർത്ത് യോജിപ്പിച്ച് തേനിൽ കുഴച്ച് സേവിപ്പിക്കുക. എല്ലാ എലിവിഷത്തിനും ഉത്തമമാണ്

നീരിന്

ആനയടിയൻ സമൂലം, ശതാവരിക്കിഴങ്ങ്, കൊട്ടത്തേങ്ങായുടെ പുറംതോൽ, നീലക്കരിമ്പ്, ഇവകൾ സമം വീതം തൂക്കി എടുത്ത് വറുത്ത് ചുമക്കുന്ന പാകത്തിൽ വാങ്ങി അരയ്ക്കുക. ഇതു പുരട്ടിയാൽ എലിവിഷത്തിൻെറ നീര് ശമിക്കും. കൂടുതൽ നീരുള്ള പക്ഷം മണ്ഡലി വിഷത്തിലുള്ള ലേപനവും ധാരയും കൊള്ളാവുന്നതാണ്.

### എലി വിഷത്തിൽ പനിയ്ക്കു്

മുത്തങ്ങാ, രാമച്ചം, ചന്ദനം, ചുക്കു്, പപ്പടകപ്പുല്ലു്, ഇവകൾ സമം വീതം കഷായം വച്ചുകൊടുത്താൽ പനി പെട്ടെന്നു ശമിക്കും.

### എലിവിഷത്തിനു കഷായം

1) നീലയമരിവേരു്, ഉങ്ങിൻവേരിന്മേൽ തൊലി, വേപ്പിൻ തോൽ, നെന്മേനിവാകവേരു്, മുരിങ്ങവേരിന്മേൽ തൊലി, മൊരികളഞ്ഞതു്, മുത്തങ്ങാക്കിഴങ്ങു്, വയമ്പു്, ചുക്കു്, ദേവതാരം, ചന്ദനം, ഇവകൾ സമം വീതം എടുത്തു് കഷായം വച്ചു് സേവിപ്പിക്കുക.

2 പാടക്കിഴങ്ങു്, നെന്മേനിവാകവേരു്, അമൽപ്പൊരിയൻവേരു്, വയമ്പു്, മഞ്ഞൾ, കൊട്ടം, മുത്തങ്ങാക്കിഴങ്ങു്, ചുക്കു് ഇരട്ടിമധുരം, ഇവകൾ സമം വീതം എടുത്തു് കഷായം വച്ചു് സേവിപ്പിക്കുക.

3) നെന്മേനിവാകയുടെപഞ്ചാംഗം, ചുക്കു്, കുരുമുളകു്, തിപ്പലി, വിഷവേഗം, വയമ്പു്, കട്ടക്കാരത്തോട്ടു്, ചന്ദനം, അമുക്കുരം, തകരം, രാമച്ചം, മുത്തങ്ങാ, വേപ്പിൻതൊലി, ഇവകൾ സമം വീതം എടുത്തു കഷായം വച്ചു കൊടുക്കുക. ഇന്തുപ്പു് മേമ്പൊടി എല്ലാവിധ എലിവിഷങ്ങൾക്കും ഉത്തമമാണു്.

### എലിവിഷത്തിനു് എണ്ണയ്ക്കു്

1) 4 ഇടങ്ങഴി കറുക ഇടിച്ചുപിഴിഞ്ഞ നീരു് ഇതിൽ ഇടങ്ങഴി എണ്ണയും ചേർത്തു് ഇരട്ടിമധുരം കല്ക്കനായി ചേർത്തു് കാച്ചി തേക്കുക.

2) ദശപുഷ്പം ഇടിച്ച പിഴിഞ്ഞനീരിൽ ഇതുപോലെ തന്നെ എണ്ണകാച്ചിയാലും എലിവിഷത്തിനു് നല്ലതാണു്.

3) കയ്യന്ന്യവും അമൃതും കൂടി ഇടിച്ചുപിഴിഞ്ഞ നീരി ലും എണ്ണ കാച്ചിതേക്കുന്നതു് എലിവിഷത്തിനു് നല്ലതാണു്. കല്ലൂൻ മുൻപറഞ്ഞതു തന്നെ ഈപറഞ്ഞ എണ്ണകൾ എല്ലാം എലിവിഷത്തിനു് ഉത്തമമായ എണ്ണകളാണു്.

### വർദ്ധിച്ച എലിവിഷം ഛർദ്ദിപ്പിക്കാൻ

1) നിലനാരകം സമൂലം പറിച്ചു് അരച്ചു് എണ്ണയിൽ കലക്കി കൊടുക്കുക.

2) എരുമത്തൈരിൽ പേച്ചുരക്കാ അരച്ചു് കൊടുക്കുക.

3) കാടിയിൽ പുന്നക്കുരു അരച്ചു് കൊടുക്കുക.

4) കരിവള്ളിക്കിഴങ്ങു്. പീരകിൻകുരു, ഇവ ഏതെങ്കിലും ഒന്നു് എണ്ണ അരച്ചു് ചേർത്തുകൊടുക്കുക.

### ഛർദ്ദിപ്പിക്കേണ്ടവിധം

6കഴഞ്ചു്മരുന്നു് മുൻപറഞ്ഞ ഏതെങ്കിലും അനുപാനത്തിൽ അരച്ചു് ചേർത്തു് കൊടുക്കുക. അതിനു ശേഷം വെയിലത്തു നിർത്തുക എന്നാൽ എലിവിഷം ഛർദ്ദിച്ചുപോയി ശമിക്കും. (ഇളവെയിലത്തു നിർത്തണം)

### ഛർദ്ദി ശമിപ്പിക്കാൻ

1) ചന്ദനം, ശുദ്ധമായ വെള്ളത്തിൽ അരച്ച കൊടുക്കുക.

2) ചെറുപരിപ്പു്, മലരു്, ചുക്കു്, കുറുന്തോട്ടി, കൂവളത്തിൻവേരു്, കൊത്തമല്ലി, ഇവ കഷായം വച്ചുകൊടുത്താൽ ഛർദ്ദി. ശമിക്കും.

3) കാവിമണ്ണു്, അഞ്ജനക്കല്ലു്, ചുക്കു്, തിപ്പലി

എരട്ടിമധുരം, നെല്ലിക്ക, ഇവ പൊടിച്ച് തേനിൽ സേവിപ്പിക്കുക

### വയറിളക്കാൻ

1) ഇന്തുപ്പ്, ആവണക്കെണ്ണയും കൂടി ചൂടുവെള്ളത്തിൽ സേവിപ്പിക്കുക.

2) ആവണക്കെണ്ണപാലിൽ കൊടുക്കുക.

3) ത്രികോല്പക്കൊന്ന കഷായം വച്ചു കൊടുക്കുക.

4) കമ്പിപാലയുടെ വേരിന്മേൽ തൊലിയും, കടുക്കാത്തോട്, അമൃത്, ചുക്ക്. ഇവകൊണ്ടു വച്ച കഷായവും വിരേചിപ്പിക്കുന്നതിനു് ഏററവും നല്ലതാണു്.

### എലിവിഷത്തിനു് നെയ്യ്

കരളകം, അമല്പൊരിയൻവേരു്, ഇവകൾ 16 പലം വീതം കഴകിചതച്ച് കഷായം. 16 ഇടങ്ങഴി വെള്ളത്തിൽ വച്ച് നാലൊന്നാക്കി പിഴിഞ്ഞരിച്ച് അതിൽ ഇടങ്ങഴി നെയ്യും ചേർത്ത് കല്ക്കൻ ചുക്ക്, കുരുമുളക്, തിപ്പലി, ഇവകൾ 8 കഴഞ്ചുവീതം അരച്ചു കലക്കി കാച്ചി പാകത്തിൽ അരച്ച് സേവിപ്പിക്കുക.

### എലിവിഷ ധാതുവേഗങ്ങൾ

1) എലിവിഷം തൊലിയിൽ നില്ക്കുമ്പോൾ ചൊറിയുകയും കുത്തിനോവും ഉണ്ടാകും. ഇതിനു് ഞരമ്പറുത്തു രക്തം കളയുകയും അതിനു ശേഷം നെന്മേനിവാക പഞ്ചാംഗം അരച്ച് പാലിൽ കലക്കി സേവിച്ചാൽ തൊലിയിൽ നില്ക്കുന്ന എലി വിഷം ശമിക്കും.

2) എലിവിഷം രണ്ടാം ധാതുവിൽ നില്ക്കുന്നതെങ്കിൽ ശരീരത്തിൽ ചുട്ടുനോവുകയും ശരീരത്തിൽ പലഭാഗ

ങ്ങളിലും മുഴപ്പോലെ തോന്നുകയും ചെയ്യും. ഇതിന് അട്ടയിട്ട രക്തം എടുത്തു കളഞ്ഞ ശേഷം ചെറുചീര സമൂലം പശുവിൻ പാലിൽ അരച്ച് സേവിപ്പിക്കുകയും ലേപനം ചെയ്യുകയും ചെയ്താൽ ശമിക്കുന്നതാണ്.

3) എലിവിഷം മൂന്നാം ധാതുവിൽ നില്ക്കുമ്പോൾ മൂത്രം മഞ്ഞനിറമാകുകയും തലവേദന ഉണ്ടാകുകയും ചെയ്യുന്നു ഇതിന് അങ്കോലത്തോൽ അരച്ച് പാലിലോ കാടിയിലോ സേവിയ്ക്കുകയും ലേപനം ചെയ്യുകയും ചെയ്താൽ എലിവിഷം ശമിക്കും.

4) നാലാം ധാതുവിൽ എലിവിഷം നില്ക്കുമ്പോൾ ശരീര സന്ധുക്കളിൽ വട്ട പുണ്ണുകൾ ഉണ്ടാകുകയും ചൊറിയുകയും ചെയ്യും. വാകച്ചാററിൽ മുട്ടയെ അരച്ചു ചേത്തു് നസ്യം ചെയ്യുക. മുൻപറഞ്ഞ മരുന്ന് അരച്ചു പുരട്ടുക.

5) അഞ്ചാം ധതുവിൽ ആണ് വിഷം നില്ക്കുന്നതെങ്കിൽ മോഹാലസ്യം ചൂട്, ഛർദ്ദി, നോവ്, ഈലക്ഷണങ്ങൾ ആണ് ഉണ്ടകുക എലിവിഷം തീക്കാനുള്ള ഏതെങ്കിലും തൈലം നസ്യം ചെയ്യുകയും ജീവനെ രക്ഷിക്കുവാനുള്ള മററു ചികിത്സകൾ ചെയ്യുകയും ചെയ്താൽ ശമിച്ചേക്കാം എന്നു് മനസ്സിലാക്കുക.

### എലിവിഷത്തിനേ വിയപ്പിക്കുവാൻ

പഴത്ത എരിക്കിൻെറയില. വെളുത്തുള്ളി, ഇവ കിഴികെട്ടി ഈ കിഴിപുഴങ്ങി ശരീരത്തിൽ ചൂടേവച്ച് വിയർപ്പിക്കുക. മുഴയും തടിപ്പും മാറും.

### സിദ്ധപ്രയോഗം

കാക്കപ്പനച്ചിവേരു്, കൊട്ടവേലിക്കിഴങ്ങു്, ഇവ 6 . 6 കഴഞ്ചു വീതം കഴുകിചതച്ച് 1 ¼ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി ഇട്ടുകൊണ്ടു് 2 തുടം കഷാ ്ര

മെട്ടത്തു് കുറുക്കി ഒരു തുടമാക്കി ആറിയതിനു ശേഷം തേൻ മേമ്പൊടിചേർത്തു് സേവിപ്പിക്കുക.

### നെയ്യു്കാച്ചുവാൻ

ബ്രഹ്മിനീരു്, പശുവിൻ പല്ലു്, കളിപാലു്, തൈരു്, ഗോമൂത്രം, ചാണകത്തിന്റെ നീരു്, ഇവകൾ സമം വീതം എടുത്തു് 4 ഇടങ്ങഴി ഇതിൽ ഇടങ്ങഴി പശുവിൻ നെയ്യും കൂടിചേർത്തു് കല്ക്കനു് വെളുത്ത ശംഖുപുഷ്പം സമൂലം പറിച്ചരച്ചു് 24 കഴഞ്ചു് കലക്കി കാച്ചി പാകത്തിൽ അരിച്ചു് സേവിക്കുക. എല്ലാ എലിവിഷവും ഇതുകൊണ്ടു ശമിക്കുന്നതാണു്.

### പുകക്കു്

പൂച്ചകാഷ്ഠം, ചേരയുടെ വള, ഉമ്മത്തിൻകായു്, ഇവ പൊടിച്ചിട്ടു പുകക്കുക.

### എണ്ണക്കു്

എണ്ണ ഇടങ്ങഴി ഒന്നു് പാലു് ഇടങ്ങഴി പത്തു് കല്ക്കനു് ആമ്പൽ തൈനൽക്കിഴങ്ങു്, ചെങ്ങഴനീർക്കിഴങ്ങു്, കരിം കുവളക്കിഴങ്ങു്. ഇവകൾ 6 കഴഞ്ചുവീതം അരച്ചുകലക്കി കാച്ചിപാകത്തിൽ അരിച്ചു് തേപ്പിക്കുക. എലിവിഷം ശമിക്കും.

### സൂപ്പിനു്

കാട്ടുപൂച്ചയുടെ മാംസമോ കാട്ടുകോഴിയുടെ മാംസമോ വേറെ വേറെ സൂപ്പുവെച്ചു് സേവിക്കുക. ഇതു് പനി കൂടെ കൂടെ ഉണ്ടാകുന്ന എലിവിഷത്തിനു നല്ലതാണു്.

### പൊടിക്കു്

ത്രിഫലത്തോട്ടു്, ചെറുവഴുതിനവേരു്, ഇവ സമം ഉണക്കി പൊടിയാക്കുക. ഇതു് കളിപാലിലരച്ചു്

ഉണക്കി പൊടിക്കുക. ഈ പൊടിയും നെയ്യും കൂട്ടി കുഴച്ച് ചെറുതായി ഉരുട്ടി ചോറുരുളയിൽ വച്ച് വിഴുങ്ങുക. എല്ലാ എലിവിഷത്തിനും ഇതു് വളരെ ഫലപ്രദമാണു്.

ഗുളികക്കൂട്ട്

പുത്തൽപീരം, കുഴൽപീരം, ഉങ്ങിൻതൊലി മരമഞ്ഞൾ, ഇരിപ്പകാതൽ, ചതുരക്കള്ളിവേർ, കരുനൊച്ചിവേർ, മഞ്ഞൾ, ഇവ സമം വീതംഎടുത്തു് ഗോമൂത്രത്തിലും ആട്ടിൻമൂത്രത്തിലും അരച്ച് ഗുളികയാക്കുക. പുത്തരിച്ചുണ്ടപ്രമാണം ഇതു കാടിയിൽ എലിവിഷാർത്തനു കൊടുക്കുക. എല്ലാ എലിവിഷവും ഇതു കൊണ്ടു ശമിക്കും. ഈ ഗുളിക വീടുകളിൽ വച്ചിരുന്നാൽ ആ വീട്ടിൽ എലി പ്രവേശിക്കുന്നതല്ല

## തേൾവിഷചികിത്സ

തേളുകൾ ജാതിയിൽ നാലാകുന്നു. ഇതുകളിൽ പാമ്പുകൾ ചീഞ്ഞും മലം, മൂത്രം, ശുക്ലം, ഇവകളിൽ നിന്നും ഉണ്ടാകുന്നതേൾ ഏററവും വിഷശക്തിഉള്ളതും മാരകവുമാണു്.

നാലുജാതി തേളുകളിൽ മററു മൂന്നും ചാണകം, മലം, ചവറ്, ഇതുകളിൽ നിന്നു് ഉത്ഭവിക്കുന്നു.

ഓരോന്നിനും ദോഷകോപമനുസരിച്ച് ചികിത്സകൾ ചെയ്യേണ്ടതാണു്.

1) വാത കോപ ദോഷ ലക്ഷണം

വേദന കൂടുതൽ ഉണ്ടായിരിക്കുക. വലിച്ചു കോച്ചുക കഴുത്തുതളരുക, തലവേദനയും, ശരീരത്തിനു കഴപ്പും, മററു വതകോപദോഷവികാരങ്ങളും ഉണ്ടാകുന്നതാണു്. ഈ ദോഷ കോപവിഷത്തിനു് വേഗം വളരെ കൂടുതലും ചികിത്സ ദോഷകോപമറിഞ്ഞുചെയ്താൽ പെട്ടെന്നു ശമിക്കാവുന്നതും ആണെന്നു മനസ്സിലാക്കുക.

2) പിത്തകോപ ദോഷലക്ഷണം

രക്തം വ്രണത്തിൽ കൂടി ഒലിക്കുകയും വ്രണം ചുവന്നിരിക്കുകയും ചുട്ടുകുത്തുന്നതുപോലെ തോന്നുകയും പൊള്ളൽ ഉണ്ടാകുകയും ഈത്തപ്പഴം പോലെ തടിച്ച് പൊങ്ങുകയും ശരീരത്തിന് ഉഷ്ണവും പരവേശവും തലചുററലും കണ്ണിന്ന ചുവപ്പും മററു പിത്തദോഷലക്ഷണവും ഉണ്ടായിരിക്കും.

3) കഫദോഷ കോപലക്ഷണം

വ്രണം അത്തിപ്പഴംപോലെ തടിച്ചിരിക്കുകയും വേദന കുറഞ്ഞും അല്പം വെള്ളനിറമായും ഇഴക്കലോടുകൂടിയ രക്തം വരുകയും വ്രണത്തിന്ന തണുപ്പും ശരീരത്തിന്ന തണുപ്പും തളച്ച്യും ഉറക്കം തോന്നുകയും കഫം വായിൽ കൂടി വരുകയും വായിൽകൂടി വഴവഴപ്പും കാണാം.

4) മൂന്നുദോഷങ്ങരം എല്ലാം കൂടിയും രണ്ടുദോഷലക്ഷണങ്ങരം ചേൻും ഉണ്ടാകാവുന്നതാണ്.

നാലാമത്തെതേരംവിഷ ലക്ഷണം

ഇതു് ചികിത്സയിൽ വളരെ ബുദ്ധിമുട്ടുകരം ഉണ്ടാകുന്നതും പെട്ടെന്നു നോക്കി ചെയ്യില്ലെങ്കിൽ മരണകരവും ആകുന്നു.

തേളുകരം വാലുകൊണ്ടു് കുത്തുന്നതാണ് ഏററവും കൂടുതൽ വിഷം.

പ്രഥമ ചികിത്സ

തേരം കുത്തിയാലുടനെ തന്നെ കൂടുതൽ കീറി രക്തം കളയുക. ഞരമ്പുമുറിച്ചു രക്തം കളയുക.
അട്ടയിട്ടു രക്തം കളയുക. ഇതാണ് പ്രഥമ ചികിത്സ.

നസ്യത്തിനു്

എരിക്കില പിഴിഞ്ഞനീരിൽ അക്കമുരം അരച്ചുചേത്തു് നസ്യം ചെയ്യുക. വലിയ ശക്തിയുള്ള തേരംവിഷം ഇതുകൊണ്ടു ശമിക്കും.

### അരച്ചു പുരട്ടുവാൻ

കറിവേപ്പില, കുരുമുളക്, ഇവ മോരിൽ അരച്ചു തോരെത്തോരെ ഇടുക. വേദനയും കുത്തിനോവുന്നതും നീരും ശമിക്കും. ഇതുകൊണ്ടു് ധാരചെയ്യുന്നതും നല്ലതാണു്.

### കണ്ണിൽ എഴുതുവാൻ

പുളിയില അല്പം ഉപ്പുംകൂടി (ഇന്തുപ്പ്) അരച്ച് കണ്ണിൽ എഴുതുക. നസ്യം ചെയ്യാനും കൊള്ളാം.

### ലേപനങ്ങൾ

ഉങ്ങിൻ ഇല നല്ലവണ്ണം കയ്യിലിട്ടു തിരുമ്മി വ്രണത്തിൽ വച്ചുകെട്ടുക. കണ്ണിവെററില ഇതുപോലെ ചെയ്യുന്നതും നല്ലതാണു്. കണ്ണിവെററിലനീരു് ഓട്ടുപാത്രത്തിൽ ഒഴിച്ച് കായം കലക്കി കടി ഭാഗത്തു പുരട്ടുക. തേൾവിഷം ശമിക്കും.

കോഴിത്തൂവൽ, മയിൽപീലി, ഇന്തുപ്പ്, എള്ളു് ഇവ സമം വീതം എടുത്തു് പൊടിച്ച് ഉരുക്കുനെയ്യിൽ കുഴച്ച് കടിപ്രദേശത്തു തേച്ചാൽ വേദനയും വിഷവും ശമിക്കും.

### തേൾവിഷത്തിനു് സേവിക്കാൻ

ദശാംഗംഗുളിക പാലിൽ സേവിക്കുന്നതു നല്ലതാണു്. വില്വാദിഗുളിക ചുമന്ന തുളസിയിലനീരിൽ സേവിക്കാവുന്നതാണു്. വിഷശക്തി അനുസരിച്ച് ദോഷകോപം അനുസരിച്ച് ചികിത്സ നടത്തേണ്ടതാണു്. വികാരം നോക്കി പാമ്പിനുള്ള ചികിത്സതന്നെ ഇതിനും ചെയ്യാവുന്നതാണു്.

### ഈറാമ്പുലി വിഷത്തിനു്

ഈറാമ്പുലി ആകെ 20 പ്രകാരമാണു്. ഇതിൽ നാലു ജാതി ഈറാമ്പുലികൾ കടിച്ചാൽ മരണം നിശ്ചയമാകകൊണ്ടു് അതിനു ചികിത്സകൾ നിശ്ചയിച്ചിട്ടില്ല.
ബാക്കിയുള്ള 16 ജാതി ഈറാമ്പുലികൾക്കു് ചികിത്സ താഴെ വിവരിക്കുന്നു.

ഈറാമ്പുലികഠം കടിക്കുകയോ, മേൽതൊട്ടകയോ, ഭക്ഷണത്തിൽ അകത്തുപോകുകയോ ചെയ്താൽ ഇവ വിഷകരമാണു്.

ഇതിൻെറ കാഷ്ഠമോ, മൂത്രമോ, ശുക്ലമോ, നഖമോ ശരീരത്തിൽ പററി 15 നാഴിക കഴിഞ്ഞാൽ വിഷദോഷം ഉണ്ടായിത്തുടങ്ങും.

ഈറാമ്പുലിയുടെ വായിലാണു് ഏററവും കൂടുതൽ വിഷം. ആദ്യദിവസം പുൺവാ കുത്തിനോവുകയും ക്രമേണ വർദ്ധിക്കുകയും ചെയ്യും. 7 ദിവസംകൊണ്ടു് വിഷം ചികിത്സിക്കാതിരുന്നാൽ മരണംവരെ വന്നേക്കാം.

### സാമാന്യലക്ഷണം

വ്രണത്തിലും ശരീരത്തിലും ചുട്ടുകുത്തുകയും നന്നായി പനിക്കുകയും തലവേദനയും ഉണ്ടാകും.

### വേഗലക്ഷണം

തൊലിയിൽ വിഷം നില്ക്കുമ്പോഠം. ശരീരവും വ്രണവും കറക്കുകയും ചൊറിയുകയും ചെയ്യും. ഇതിനു് ചോര കൊത്തിക്കളയുകയോ അട്ടയിട്ടുകളയുകയോ ചെയ്യണം. അതിനുശേഷം ചുമന്ന തുളസിയും മഞ്ഞളുംകൂടി അരച്ചു് പുരട്ടണം.

വിഷം രണ്ടാം ധാതുവിൽ നില്ക്കുമ്പോഠം. രോമാഞ്ചം, ശരീരത്തിനു വിറയൽ ഇവയുണ്ടാകും.

ചുമന്ന തുളസിവേരു് പശുവിൻ പാലിൽ അരച്ചു് സേവിപ്പിക്കുക.

വിഷം മൂന്നാം ധാതുവിൽ നില്ക്കുമ്പോഠം. രോമാഞ്ചം, വീക്കം, ശരീരത്തിനു് ചുട്ടുനീററൽ ഇവയുണ്ടാകും.

ഇരട്ടിമധുരം, രാമച്ചം, ചന്ദനം, ഇവ സമംവീതം അരച്ചു് സേവിപ്പിക്കുകയും ശരീരത്തിൽ തേയ്ക്കുകയും തോരെത്തോരെ ചെയ്യുക.

വിഷം നാലാംധാതുവിൽ നില്ക്കുമ്പോൾ. വട്ടപ്പുണ്ണ് കുരുകുരുപ്പ്, പനി, ഇവയുണ്ടാകും. ഇതിനു് നെന്മേനിവാകയിലനീരിൽ അതിൻെറ വേരു് നീലയമരിവേരു് ഇവ അരച്ചു് പുരട്ടുകയും സേവിപ്പിക്കുകയും ചെയ്യുക.

വിഷം അഞ്ചാംധാതുവിൽ നില്ക്കുമ്പോൾ. നാവു് ചുണ്ടു് ഇവയുടെ വരൾച്ച ശരീരത്തിനു തളച്ച് ഇവയുണ്ടാകും. ഇതിനു് ചെറുചീരസമൂലം പറിച്ചു് കഴകി പാലിൽ അരച്ചു് കൂടെക്കൂടെ സേവിപ്പിക്കുക.

വിഷം ആറാംധാതുവിൽ നില്ക്കുമ്പോൾ. അണ്ണാക്കിനുംതലയ്ക്കും വേദന, കുത്തിനോവു്, പനി, മോഹാലസ്യം ഇവയുണ്ടാകും. ഇതിനു് രാമച്ചം, വേങ്ങക്കാതൽ, ചന്ദനം, നീലയമരിവേരു്, ഇവ സമം പാലിൽ അരച്ചു് സേവിപ്പിക്കുക.

വിഷം ഏഴാംധാതുവിൽ നില്ക്കുമ്പോൾ. പരവേശം മോഹാലസ്യം ഇവയുണ്ടാകും. ഇതിനു് തീക്ഷ്ണമായ നസ്യവും, അഞ്ജനം ഇവചെയ്തു് ബോധം ഉണ്ടാക്കുക. മററു് ഊറാമ്പുലിക്കുള്ള മരുന്നുകളും ചെയ്തു് രോഗം സുഖമാക്കുക.

മഞ്ഞൾ, വെളുത്തുള്ളി, വയമ്പു്, ഇവ സമംവീതം എടുത്തു് ഇതിനെല്ലാംസമം കായം അതിൽ പകുതി ചുക്കു് ഇവ ഗോമൂത്രത്തിൽ അരച്ചു് സേവിപ്പിക്കുക. ശരീരത്തിൽ പുരട്ടുക. വിഷം ശമിക്കും.

കായ്ക്കാത്ത കാട്ടുപാവൽവേരു്, കരളകം ഇവ സമം പച്ചവെള്ളത്തിൽ അരച്ചുപുരട്ടുക.

പുളിയിൽ ഉണ്ടാകുന്ന പുല്ലുണ്ണി (ഇത്തിക്കണ്ണി) നല്ല വണ്ണം അരച്ചുകലക്കി എണ്ണപാകത്തിൽ ചേർത്തു് കാച്ചി അരച്ചു് പുരട്ടുക. ഊറാമ്പുലി വിഷവും വ്രണവും ശമിക്കും.

ഈ ഇത്തിക്കണ്ണി പശുവിൻ പാലിൽ അരച്ചു് സേവിച്ചാൽ എല്ലാ ഊറാമ്പുലിവിഷവും ശമിക്കും.

പുകയിലകൂടാതെ മുറുക്കി ഈറാമ്പുലി വിഷവ്രണങ്ങളിൽ തുപ്പുക. ഇതുകൊണ്ടു് വിഷവും വ്രണവും ശമിക്കും.

ധാരസ്സു്

വയ്യങ്കതകു്, അങ്കോലം, കരുനൊച്ചി, കാട്ടുപാവൽ, കുന്നി ഇവകളുടെ ഇലയും കാട്ടുമുളകു്, ഉങ്ങിൻകാതൽ, ഇവസമം, ഇതുകറം തിളപ്പിച്ചു് ആ വെള്ളംകൊണ്ടു് ധാരകോരുക. വിഷവും വ്രണവും ശമിക്കും. കായം, കൊട്ടം, കാട്ടുപാവൽ, മഞ്ഞറം, മരമഞ്ഞറം, അരിതാരം, ചുക്കു്, വയമ്പു്, നറുംപശ, ഇവ ചതച്ചു് പൊടിച്ചു് പുകയേല്പിക്കുക. ഇതു് ഈറാമ്പുലി വിഷത്തിനു നല്ലതാണു്.

ഈറാമ്പുലി വിഷത്തിനു് നെയ്യു്

നീലയമരിവേരു്, അമുക്കുരം, വെളുത്തുള്ളി, ചുവന്നതുളസിവേരു്, കരിന്തകാളി, ഇവകറം എല്ലാംകൂടി 16 പലം ചതച്ചു് 16 ഇടങ്ങഴി വെള്ളത്തിൽ വെന്തു് 4 ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു് ഇടങ്ങഴി നെയ്യും ചേത്തു് ഇവകറം എല്ലാംകൂടി 24 കഴഞ്ചു് കൽക്കനായി അരച്ചു ചേത്തു് കാച്ചി പാകത്തിൽ അരിച്ചുവച്ചുകൊണ്ടു് സേവിപ്പിക്കുക. എല്ലാ ഈറാമ്പുലി വിഷവും ശമിക്കും.

പേപ്പട്ടി വിഷത്തിനു്

പേപ്പട്ടി കടിച്ചാൽ കടിസ്ഥാനത്തു് കറുത്ത ചോര ഒലിക്കുകയും കടിപ്രദേശം വിങ്ങി പനി ഉണ്ടാകുകയും ഭയമുണ്ടാകുകയും ചെയ്യും.

പേയു് ഇളകിയാൽ

പട്ടിയെപ്പോലെ കുരയ്ക്കുകയും പല്ലിളിക്കുകയും വിറയ്ക്കുകയും പല്ലുകടിക്കുകയും ഉറങ്ങുന്നതുപോലെ കിടക്കുകയും ഓട്ടുകയും പേടിച്ചിട്ടുകയും വസ്ത്രം അഴിച്ചുകളയുകയും ജനനേന്ദ്രിയം വലിച്ചുപറിയ്ക്കുകയും ഇരുട്ടിൽ ഇരിക്കുകയും

വെളിച്ചം, നിഴൽ, വെള്ളം, ഇവകണ്ടാൽ ഭയപ്പെടുകയും ഗബ്ദം താടകക്കകയുംലക്ഷണങ്ങളാകുന്നു.

ഉതിന്ന ചികിത്സ

അങ്കോലവേരു്, തൊലി, ഇവ സമം എടുത്തു് കാടിയിൽ അരച്ചു് സേവിപ്പിക്കുക. പുരട്ടുക. ഈ മരുന്നുകൾകൊണ്ടു് എണ്ണകാച്ചി സേവിപ്പിക്കുന്നതും വിഷശമനകരമാണു്. ഉങ്ങിൻകായു്, തൊലി, പൂവു്, ഇല, വേരു്, ഇവകൊണ്ടു് കഷായം കുളിപ്പിക്കുക. ഭ്രാന്തു ശമിക്കും.

ഭ്രാന്തിളകുന്ന പേവിഷം എന്തായാലും മരിക്കുന്നതാണു്. പേപ്പട്ടിവിഷത്തിനു് പഥ്യങ്ങൾ—ഉപ്പു്, പുളി, എണ്ണ, മോരു്, മുളകു്, മൈഥുനം ഇവ തീരെ വജ്ജിക്കണം.

കൂട്ടാവുന്ന സാധനങ്ങൾ

പാലു്, വെണ്ണ, നെയ്യു്, പഴം, പഞ്ചസാര, ഗോതമ്പു്, കഞ്ഞി, ഇവകഴിക്കാം വെള്ളം വററിച്ച വെണ്ണ തലയിൽ വയ്ക്കാം. തിപ്പലി, കുരുമുളകു്, ചുക്കു്, ഇവ പൊടിച്ചു് നെയ്യിൽ സേവിക്കുക.
ചികിത്സ

തിപ്പലി, കുരുമുളകു്, ചുക്കു്, ഇവപൊടിച്ചു് 9 ദിവസം നെയ്യിൽ പൊടിച്ചും സേവിക്കുക.

പുലിച്ചുവടി അരച്ചു് 9 ദിവസം പാലിൽ സേവിപ്പിക്കുക. ഇങ്ങനെ 27 ദിവസം തുടർച്ചയായി മരുന്നുകൾ സേവിപ്പിക്കണം.

ർഭണികൾക്കും ബാലന്മാക്കും മററസുഖങ്ങൾ ഉള്ളവർക്കും 7 ദിവസം ചികിത്സിച്ചാൽ പിന്നെ ചികിത്സ നിത്തണം. പിന്നീടും തുടരണം.

കഷായത്തിന്ു്

നീലയമരിവേരു്, ഉങ്ങിൻവേരു്, ഇവ 6 കഴഞ്ചു വീതം 1¼ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി ഇട്ടുകൊണ്ടു് 2 തുടം എടുത്തു് കറുക്കി 1 തുടമാക്കി വാങ്ങി ആറിക്കഴിഞ്ഞാൽ തേൻ മേമ്പൊടി ചേർത്തു് 7 ദിവസം സേവിപ്പിക്കുക. കഷായം സേവിച്ചുകഴിഞ്ഞു് 7 ദിവസം പത്ഥ്യമായിരിക്കണം. 15 ദിവസം കഴിഞ്ഞു് നല്ലവണ്ണം വയറിളക്കുക. പിറേറ ദിവസം മുതൽ കഷായം പിന്നീട്ടും തുടങ്ങി 7 ദിവസം സേവിക്കുക. 7 ദിവസം പിന്നീട്ടും പത്ഥ്യം. അതുകഴിഞ്ഞു് വയറിളക്കുക.

ഇങ്ങനെ 90 ദിവസം ക്രമമായി ചെയ്താൽ പേപ്പട്ടി വിഷം പരിപൂർണ്ണമായി ശമിക്കും. എണ്ണ, പുളി, മോരു് ഉപ്പു്, മുളകു്, വെള്ളം, ഇവ തീരെ വർജ്ജിക്കണം.

നീരിളക്കം പിടിക്കാതെയും വിയർക്കാതെയും ദേഹായാസം ഉണ്ടാകാതെയും നോക്കുക.

നീലഉമ്മത്തില, ഒരു നെല്ലിക്കാ വലുപ്പത്തിൽ അരച്ചുരുട്ടി പാലിൽ കലക്കി സേവിപ്പിക്കുക. വിഷം ശമിച്ചു് ഭ്രാന്തുണ്ടാകും. ഈ ഭ്രാന്തുമാറുന്നതിന്നു് ഉടനെ തന്നെ ജലധാര കഴിക്കുക. പേപ്പട്ടി വിഷത്തിന്നു് വളരെ സിദ്ധമായ ചികിത്സയാണു്.

തിപ്പലി, മുളകു്, ചുക്കു്, വയ്യങ്കതകിൻതൊലി, ഇവസമം വീതം അരച്ചു് പാലിൽ കലക്കി സേവിപ്പിക്കുക. ഇതുതന്നെ എരുക്കിൻ പാലിൽ അരച്ചു പുരട്ടുന്നതും നല്ലതാണു്.

ഇരട്ടിമധുരം, ചുക്കു് തിപ്പലി, കുരുമുളകു്, ഇവ അരച്ചു പുരട്ടിയാലും പേനായു് വിഷം ശമിക്കും.

പിരപ്പെട്ടിക്കുരു, എരുക്കിൻവേരു്, തിപ്പലി, ചുക്കു്, കുരുമുളകു് ഇവ സമം ചേർത്തു് അരച്ചുപുരട്ടുക.

സേവിപ്പാൻ

എരട്ടിമധുരം, മുല്ലവേരു്, ഇവ പാലിൽ അരച്ചു് ശക്കര ചേത്ത്ു് സേവിക്കുക. കൊത്തമല്ലി, ചുക്കു്, തിപ്പലി, മുളകു് ഇവ പാലിൽ അരച്ചു്ചേത്ത്ു് ശക്കരയും ചേത്ത്ു് സേവിക്കുക.

ഉങ്ങിൻകായു്, പൂവു്, തൊലി, ഇല, വേരു്, ഇവ സമം വീതം കഷായം വച്ചു കാടിചേത്ത്ു് കുളിപ്പിക്കുക. എന്നിട്ടു് വെയിലത്തു നിത്ത്ുക. എന്നാൽ പേപ്പട്ടിയുടെ വിഷം പേയിളകിയതു ശമിക്കും.

നീലയമരിവേരു്, ഉങ്ങിൻവേരു്, ഇവ കഷായം വച്ചു് ആറിക്കഴിഞ്ഞു തേൻ ചേത്ത്ു് സേവിപ്പിക്കുക. ഭ്രാന്തു തീരും.

മുരിങ്ങയില, മഞ്ഞരം, മരമഞ്ഞരം, കറുകച്ചാറിലരച്ചു പുരട്ടുക. ഈഴച്ചേമ്പിൻ കട അരച്ചു് ശക്കരയും ചേത്ത്ു് വ്രണത്തിൽ പുരട്ടിയാൽ വ്രണം ശമിക്കും.

മാർജ്ജാര വിഷചികിത്സ

പൂച്ചവിഷം ശരീരത്തിൽ ഏററാൽ ലക്ഷണങ്ങൾ താഴെ പറയുന്നു.

1) കടിപ്രദേശത്തു രോമാഞ്ചം.
2) ദേഹത്തിൽ കരിവാളിപ്പു്.
3) കണ്ണിലും നാഭിയിലും കുത്തിനോവു്.
4) ഛർദ്ദി, പനി.

ഈ ലക്ഷണങ്ങൾ കണ്ടാൽ ഇതു് മാർജ്ജാരവിഷമെന്നു മനസ്സിലാക്കുക.

ചികിത്സ

ചുക്കു്, കുരുമുളകു്, കടുക്കാത്തോട്ടു്, ഇന്തുപ്പു്, തിപ്പലി, ചവക്കാരം, കൊട്ടുവേലിക്കിഴങ്ങു്, ഇവ സമം വീതം എടുത്തു് പൊടിച്ചു് ഈപൊടി തേനിൽ ചാലിച്ചു സേവിപ്പിക്കുക.

പുരട്ടാൻ

കയ്യുന്ന്യത്തിൻ നീരിൽ നല്ലകായം കലക്കി വ്രണത്തിലും ശരീരത്തിലും പുരട്ടുക. ഇതു സേവിപ്പാനും നല്ലതാണു്.

സേവിക്കാൻ

കടുക്കാ, ആവണക്കിൻവേരു്, ഇന്തുപ്പു്, തിപ്പലി, ചവക്കാരം ഇവ സമം വീതം അരച്ചോ പൊടിച്ചോ നെയ്യിൽ സേവിപ്പിക്കുക.

കുടകപ്പാലയരി, ചന്ദനം, താമരക്കുരു, വേപ്പിൻതോൽ, അഞ്ജനക്കല്ലു്, ഇവ സമം വീതം എടുത്തു് പച്ചവെള്ളത്തിൽ അരച്ചു് തേപ്പിക്കുക. എല്ലാ മാർജ്ജാരവിഷവും ശമിക്കും. വില്വാദി ഗുളിക ദശാംഗം ഗുളിക ഇവയും സേവിപ്പിക്കുന്നതു് മാർജ്ജാരവിഷത്തിനു നല്ലതാണു്.

കുറുക്കൻെറ വിഷത്തിനു്

പേയുള്ള കുറുക്കൻ കടിച്ചാൽ ഉടനേ ശരീരം നന്നായി വിയക്കും കുത്തിനോവു്ഉണ്ടാകും. വെള്ളം, നിഴൽ, ഇവയിൽ ഭയം ഉണ്ടാകും വിറയുണ്ടാകും. വെളിച്ചവും ഇരുട്ടും തിരിച്ചറിയാൻപാടില്ലാതെയാകും ഭ്രാന്തുണ്ടാകും. എക്കിറം, നാവു്ഉണങ്ങും, ദേഷ്യം ഉണ്ടാകും ഈ ലക്ഷണം കണ്ടാൽ പേക്കുറുക്കൻെറ വിഷമാണെന്നുകരുതണം ഇതിനു് പ്രധാനമായി കടിപ്രദേശത്തു് അട്ടയിട്ടോ ഞരമ്പുമുറിച്ചോ രക്തം ചോർത്തിക്കളയണം.

അതിനുശേഷം ഇലഞ്ഞിക്കുരുപരിപ്പ് നീലയമരി യിലനീരിൽ അരച്ച് രണ്ടുമൂക്കിലും നന്നായി നസ്യം ചെയ്യണം. അതുകഴിഞ്ഞ് നൂററിഒന്നു് മുങ്ങിക്കുളിക്കണം (വിറയ്ക്കുന്നതുവരെ)

അതിനുശേഷം തോർത്തീക്കഴിഞ്ഞു് ചന്ദനം കാടിയിൽ അരച്ച് സർവ്വാംഗം തേപ്പിക്കുകയും, ചന്ദനംതന്നെ നെന്മേനിവാകയുടെ പഞ്ചാംഗം കഷായംവച്ച് അതിൽ ചേർത്തു് സേവിപ്പിക്കുകയും ചെയ്യുക. വാകപഞ്ചാംഗം കാടിയിൽ അരച്ച് ധാരകോരുന്നതും നല്ലതാണു്.

### തളത്തിനു്

കറുക വെള്ളം കൂടാതെ അരച്ച് വെണ്ണചേർത്തു് നിറുകയിൽ തളംവയ്ക്കുക. കരിവേഗം അരച്ച് ഉള്ളംകയ്യിൽ തേക്കുക.

### എണ്ണയ്ക്കു്

കൃഷ്ണതുളസിയില, നീലഉമ്മത്തില, എരുക്കില, പച്ചമഞ്ഞൾ ഇവ ഇടിച്ചുപിഴിഞ്ഞെടുത്തനീരു് 4 ഇടങ്ങഴി അതിൽ ഇടങ്ങഴി എണ്ണയുംചേർത്തു് കല്ക്കനു് ഇരട്ടിമധുരം ശംഖുപുഷ്പത്തിൻവേരു് കരിന്തകാളി ഇവകൾ 8 കഴഞ്ചു വീതം അരച്ചുകലക്കി കാച്ചി പാകത്തിൽ അരിച്ച് തേപ്പിക്കുക പേക്കുറുക്കൻ വിഷം ശമിക്കും.

### കീരികടിച്ചാൽ

അണ്ണാക്കു്, ചുണ്ടു്, പല്ലു്, ഇവ കറുത്തുപോകും. വാക്കിനിടച്ചയുണ്ടാകും കണ്ണുചുവക്കും. കഴുത്തിനു് തളച്ചയുണ്ടാകും പനിഉണ്ടാകും. ഇതിനു് കരുനൊച്ചിനീരു്, കയ്യുന്യനീരു്; വേലിപ്പരുത്തി, നീലയമരി ഇവ ഇടിച്ചുപിഴിഞ്ഞ നീരുകൾ ചേർത്തു് നസ്യം ചെയ്യുകയും സേവിപ്പിക്കുകയും ചെയ്താൽ കീരിവിഷം ശമിക്കും.

കുതിരവിഷം

കടിപ്രദേശം പൊട്ടി ചോര ഒലിക്കും. വേദനയുണ്ടാകും, കണ്ണിൽ പൂട്ടം വെള്ളംഒലിപ്പും ഉണ്ടാകും. ഇതിന്ന് വയമ്പ്, അമുക്കരം, പാച്ചോററിത്തൊലി പൊടിച്ചിട്ട് പാൽചേത്ത്ു് സേവിപ്പിക്കുക. കുതിരവിഷം ശമിക്കും.

കുരങ്ങിൻവിഷത്തിന്ന്

കുരങ്ങുകടിച്ചാൽ കറുത്തചോര ഒലിക്കും, രോമാഞ്ചം, ചുണ്ട്, പല്ല്, തൊലി ഇവകറം കറുത്തുവരികയും തളച്ച് ഉണ്ടാവുകയും ചെയ്യും. ഇതിന്ന് നെന്മേനിവാകയുടെപൂവ് തൊലി. വേരു്, കായ്യ്, ഇല ഇവ സമം എടുത്തരച്ച് സേവിപ്പിക്കുകയും പുരട്ടുകയും ചെയ്താൽ കുരങ്ങിൻവിഷം ശമിക്കും.

മനുഷ്യവിഷം

കട്ടകടാകഴപ്പ്, നോവ്, പനി, നീരു്, രോമാഞ്ചം ഇവയുണ്ടാകും. ഇതിന്ന് കാഞ്ഞിരത്തിൻെറവേരു്, തളിരു്, ഇവ ചതച്ചിട്ട് വെന്തവെള്ളംകൊണ്ട് ധാരകോരുക. ചിററമൃത്, ദശപുഷ്പം, ഇവപാലിൽ പുഴങ്ങിഅരച്ച് തേയ്ക്കുക വിഷംശമിക്കും. തിപ്പലി മുളക്, ചുക്ക്, കായം, പുഷ്കരമൂലി ഇവ സമംവീതം പൊടിച്ച് നെയ്യിൽ കുഴച്ചുസേവിപ്പിക്കുക വിഷം ശമിക്കും. അശ്വഗന്ധാദിഗുളിക, വില്വാദിഗുളിക, മൃത്യുഞ്ജയം ഇവകളും വിശേഷമാണ്.

തവളവിഷത്തിന്ന്

കടിപ്രദേശം മുഴയ്ക്കുകയും ചൊറിച്ചിലും പൊള്ളൽ ഉണ്ടാകുകയും നീരും ചുട്ടുനീററൽ ഇവ അനുഭവപ്പെടും.

കായം, ചുക്ക്, തിപ്പലി, മുളക്, ചേത്ത്ു് പൊടിച്ച സേവിപ്പിക്കുകയും പുരട്ടുകയും ചെയ്യുക.

തൊട്ടാരത്തൊട്ടിവിഷം

ഇതു് ആഹാരപദാത്ഥത്തിൽപ്പെട്ടു് അകത്തുചെ

ന്നാലും വിഷമാണ്. അതിൻെറലക്ഷണം ശരീരത്തിൽ വട്ടപ്പുണ്ണുകരം ഉണ്ടാകുകയും ചെയ്യും. ഇതിന്ന് മുള്ളൻചീര കഷായം വച്ച് അതിൻെറ വേരുതന്നെ കല്ക്കനായി എണ്ണ കാച്ചിതേക്കുക. ഇതുതന്നെ സേവിക്കുക. അതുകൊണ്ടു് തൊട്ടാരത്തൊട്ടി വിഷം ശമിക്കും

ഗൗളിവിഷം

ഗൗളി കടിച്ചാൽ വയററിൽ വേദന. കടിപ്രദേശം ചൊറിഞ്ഞു വ്രണം ഉണ്ടാകും. തടിക്കും. ഇതിന്ന് ഉങ്ങിൻ തോൽ, എരുക്കിൻ വേരു്, മഞ്ഞാരം മരമഞ്ഞാരം, ആവ[illegible] ത്തോൽ, തിപ്പലി, ചുക്കു്, മുളകു്, ഇവ അരച്ചു തേക്കുക. ഈ മരുന്നുകരംതന്നെ കഷായം വച്ച് സേവിക്കുക,

കരളകത്തിൻ വേരു്, നീലയമരിവേരു്, നറുനീണ്ടിക്കിഴങ്ങു്, മഞ്ഞാരംനീററിൽ ഇവ സമം വീതം അരച്ച് സേവിപ്പിക്കുകയും ശരീരത്തിൽ തേയ്ക്കുകയും ചെയ്താൽ ഗൗളിവിഷം ശമിക്കും.

കടുന്നൽവിഷത്തിന്

കടുന്നൽ കുത്തേററാൽ കടുകടാ കഴപ്പും നീരും വേദനയും രോമാഞ്ചവും പനിയും ഉണ്ടാകും.

ഇതിന്ന് മുക്കുററി സമൂലം അരച്ച് വെണ്ണനെയ്യിൽ ചേർത്ത് സേവിപ്പിക്കുക. ഇതുതന്നെ പുരട്ടുക

പച്ചമഞ്ഞാരം, കുമ്പിരം കുരുന്നു്, ഇവ അരച്ചു തേച്ചാലും കടുന്നൽ വിഷം ശമിക്കും. കദളിപ്പഴം നെയ്യിൽ തുമ്പപ്പൂവിൻ ചാറും കൂടിചേർത്ത് സേവിക്കുന്നതും നല്ലതാണു്. ഞൊങ്ങണംപുല്ലു്, നീലയമരിവേരു്, ചുമന്നതുളസിവേരു്, ഇല ഇതുകരം അരച്ച് തേക്കുകയും കടുന്നൽ കൂടു് ഇതു പുരട്ടികൊണ്ടു് എടുക്കുകയും ചെയ്യാം. കുത്തുകയില്ല.

### അട്ടവിഷത്തിന്

മഞ്ഞൾ, നറുനീണ്ടി, ഇവ അരച്ച് നെയ്യിൽ ചേർത്ത് തേക്കുക. ശമിക്കും

### അരണവിഷം

അരണെ കടിച്ചാൽ ശരീരത്തിൽ കറുത്ത് വട്ടത്തിൽ തടിക്കും. ശക്തികുറഞ്ഞവക്കു പനിയ്ക്കും. ചിലക്ക് ചുമന്നു തടിക്കും. തണുപ്പുണ്ടാകും വായ്ക്ക്നാററം ഉണ്ടാകും. മലബന്ധം ഉണ്ടാകും ഇതാണ് അരണ വിഷ ലക്ഷണം.

### അരച്ചു പുരട്ടുവാൻ

മുരിങ്ങത്തൊലി, വേപ്പിൻ തൊലി, നെന്മേനിവാകത്തൊലി, പലകപ്പയ്യാനിവേരു്, എരുക്കിൻ വേരു്, ഇവകൾ സമം പച്ചവെള്ളത്തിൽ അരച്ചു തേക്കുക. വിഷം ശമിക്കും

### സേവിക്കാൻ

വള്ളിഉഴിഞ്ഞ, മഞ്ഞൾ, ശംഖുപുഷ്പം, ശ്വാവില, ഇതു് സമം എടുത്തു് ഇടിച്ചു പിഴിഞ്ഞനീരു് സേവിപ്പിക്കുക. നീലയമരി വേരു്, കഷായം വെച്ചു് സേവിപ്പിക്കുക.

### പഴതാരവിഷം

കടിച്ചാൽ ചൊറിച്ചിൽ, നീരു്, വേദന, വട്ടത്തിൽ ചൊറിഞ്ഞു തൊലി പോകും. ഇതിനു് ശ്വാവില പഴുത്തതു് കരിംതുമ്പനീരിൽ അരച്ചു പുരട്ടുക. ഇതു് എണ്ണ ചേർത്തും പുരട്ടുകയും ചെയ്യാം.

നീലയമരിയില, ഉമ്മത്തില, മഞ്ഞൾ, ഇവ സമം തുളസിനീരിൽ അരച്ചിടാം. കന്മദം അരച്ചു് നെയ്യിൽ കുഴച്ചു് തേയ്ക്കുക. ഇതു തന്നെ പല വട്ടം സേവിപ്പിക്കുക. കൂടിയ വിഷത്തിനു് പാമ്പിൻെറ വിഷചികിത്സകൾ ചെയ്യുക.

പുഴക്കരം

തിപ്പലി, മുളകു്, ചുക്കു്, വയമ്പു്, മഞ്ഞരം, വിഴാലരി, ചവക്കാരം, അമ്പഴത്തൊലി, വത്സനാഭം, കായം, ഇതുകരം സമം വീതം എടുത്തരച്ചു് പുരട്ടുക. എല്ലാവിധ പുഴക്കരം വിഷത്തിനും വ്രണത്തിനും ഇതു് നല്ലതാണു്.

## സ്ഥാവരവിഷം

കിഴങ്ങുവർഗ്ഗങ്ങരം, ഫലങ്ങരം, പൂക്കരം, ഇല, പാലു്, പശ, വിത്തു്, തൊലി ഇങ്ങനെയുള്ള സാധനങ്ങരം വിഷശക്തിയുള്ളതു് ഏതെങ്കിലും കാരണവശാൽ അറിയാതെ ഭക്ഷിച്ചാൽ ഉടനേ തന്നെ ചികിത്സകരം ചെയ്യുക.

1 ആദ്യമായി ഛർദ്ദിപ്പിക്കുക

2 വയറിളക്കുക

ഇതല്ലെങ്കിൽ ശരീരത്തിൽ വിഷം ഉള്ളലക്ഷണം മനസിലാക്കി ചികിത്സിക്കുക. ദുഃഖം ഉണ്ടാകുക, പനിയുണ്ടാകുക, ഛർദ്ദി, അതിസാരം, മോഹാലസ്യം, തളർച്ച, ഇവകരം ഉണ്ടാകാം. ഇതിനു് തേനും നെയ്യുംകൂടിചേർത്തു് സേവിയ്ക്കുക. ഇന്തുപ്പു്, നീലയമരിവേരു്, ചെറുചീരവേരു്, നല്ല അരിക്കാടിയിൽ സമംവീതം അരച്ചു് സേവിപ്പിക്കുക,

കഷായത്തിനു്

പാടക്കിഴങ്ങു്, വെൺപാടക്കിഴങ്ങു്, കൊട്ടുവേലിക്കിഴങ്ങു് ശുദ്ധിചെയ്യതു്, നെന്മേനിവാകവേരു്, കുമ്പിരംവേരു്, മഞ്ഞരം, മരമഞ്ഞരംതൊലി, ചെറുവഴുതിനവേരു്, വെരംവഴുതിനവേരു്, അമൃതു്പടംകളഞ്ഞതു്, തഴുതാമവേരു്, കടുക്കാത്തോടു്, ചുക്കു്, കുരുമുളകു്, തിപ്പലി, കുപ്പമഞ്ഞരം, പുട്ടൽപീരം, നറുവരി, നറുനീണ്ടിക്കിഴങ്ങു് പാവ്വള്ളിക്കിഴങ്ങു് ഇവകരം സമംവീതംഎടുത്തു് 12 കഴഞ്ചു് കഴുകി ചതച്ചു് $1\frac{1}{4}$ ഇടങ്ങഴി വെള്ളത്തിൽ വെന്തു് നാഴിയാക്കി ഇട്ടുകൊണ്ടു് 2 തുടം കഷായമെടുത്തു് കുറുക്കി 1 തുടമാക്കി കുടിക്കുകയും ഇതുകരംതന്നെ കഷായംവെച്ച

അതിൽ കഞ്ഞിയായി വെച്ചു കുടിക്കുകയുംചെയ്യുക. കഞ്ഞിആറിക്കഴിഞ്ഞു് തേൻചേൎത്തു് കുടിക്കുക. കഷായവും ആറിക്കഴിഞ്ഞു് തേൻ മേമ്പൊടി ചേൎത്തു് അല്പം നെയ്യുംകൂടിചേൎത്തു് സേവിപ്പിക്കണം.

ഇതു് എല്ലാസ്ഥാവരവിഷത്തിനും ഏററവും നല്ലതാണു്. വിഷം ഇതുകൊണ്ടുശമിക്കുന്നതാണു്.

## അശുദ്ധഭക്ഷണചികിത്സ

ശുദ്ധിചെയ്യാത്ത വസ്തുക്കറം ശുദ്ധിചെയ്യാതെ ഭക്ഷിച്ചാൽ അതിനുള്ള ചികിത്സകറം താഴെ വിവരിക്കുന്നു.

1. ശുദ്ധിചെയ്യാത്ത രസം ഏതെങ്കിലും വിധത്തിൽ ഉള്ളിൽ ചെന്നാൽ അതിനു കുമ്പളങ്ങാ ഇടിച്ചുപിഴിഞ്ഞ നീരിൽ പഞ്ചസാര ചേൎത്തുസേവിയ്ക്കുക.

2. ചെറുനാരങ്ങാനീരു് പഞ്ചസാര ചേൎത്തതോ സേവിച്ചാൽ ശുദ്ധിചെയ്യാത്ത രസത്തിൻെറ ദോഷം ശമിക്കുന്നതാണു്.

3. ശുദ്ധിചെയ്ത ഗന്ധകം രണ്ടുഴുന്നിട വെററില യിൽ പൊതിഞ്ഞു കടിച്ചു ചവച്ചിറക്കുക. ഇതുകൊണ്ടും രസത്തിൻെറ ദോഷം ശമിക്കുന്നതാണു്.

## ശുദ്ധിചെയ്യാത്ത പാഷാണം കഴിച്ചാൽ

കാട്ടുപാവലിൻെറ ഇല ഇടിച്ചുപിഴിഞ്ഞനീരും സമം മുലപ്പാലുംകൂടി ചേൎത്തു് സേവിക്കുക.

## ഗന്ധകം ശുദ്ധിചെയ്യാത്തതു ഭക്ഷിച്ചാൽ

1. ചന്ദനം അരച്ചു് മോരിൽകലക്കി സേവിക്കുക.

2. നെല്ലിക്കാനീരിൽ രാമച്ചം അരച്ചുകലക്കി സേവിക്കുക.

### വത്സനാഭികഴിച്ചാൽ

1 ശുദ്ധിചെയ്യാത്ത വത്സനാഭി കഴിച്ചാൽ നീലയമരിവേരു് കഷായംവെച്ചു കുടിക്കുക.

2. കുരുമുളകു് കഷായംവെച്ചു സേവിക്കുക.

3. നെയ്യു്, പാലു്, ഇവ ത്രിഫലത്തോടുവെന്ത കഷായത്തിൽചേൎത്തു് സേവിക്കുക വത്സനാഭിയുടെ ദോഷം ശമിക്കും. ഈ മരുന്നുകൾതന്നെ പാഷാണത്തിൻെറ ദോഷത്തിന്നും നല്ലതാണു്.

### കാഞ്ഞിരക്കുരുവിഷത്തിന്നു്

കാഞ്ഞിരക്കുരു ശുദ്ധിചെയ്യാതെ ഭക്ഷിച്ചാൽ പല്ലുകോക്കുകയും കാലും കയ്യും വലിച്ചുകോച്ചും ഇതാണു് ലക്ഷണം

### ചികിത്സ

1. കുന്നിയില ഇടിച്ചു പിഴിഞ്ഞു് പാലും ചേൎത്തു് സേവിച്ചാൽ ശമിക്കും.

2. പഞ്ചസാര, നെയ്യു്, തേൻ ഇവചേൎത്തു് സേവിക്കുക.

### മനയോല വിഷത്തിന്നു്

ത്രിഫലത്തോൽ ആട്ടിൻമൂത്രത്തിലരച്ചു് കലക്കി സേവിച്ചാൽ ശമിക്കും.

### ശുദ്ധിചെയ്യാത്ത കന്മദം ഭക്ഷിച്ചാൽ

കുരുമുളകു് പൊടിച്ചു് പശുവിൻ നെയ്യിൽ കുഴച്ചു് സേവിക്കുക. ഇങ്ങനെ 7 ദിവസം സേവിക്കുക.

### കള്ളിൻെറ ഉന്മാദത്തിന്നു്

ചെറുനാരങ്ങാനീരുകൊടുക്കുക. ചെറുനാരങ്ങാനീരും കള്ളും കൂടി ചേൎത്തു കൊടുക്കുക.

### കഞ്ചാവിന്നു്

കോവൽകാ തിന്നുക കരിക്കിൻ വെള്ളം കൊടുക്കുക. പാൽകൊണ്ടു തലയിൽ ധാരചെയ്യുക, പാൽകാച്ചി പഞ്ചസാരചേൎത്തു കൊടുക്കുക.

### കുമ്മായം ചുണ്ണാമ്പ് ഇവ തിന്നാൽ

മുലപ്പാലിൽ ശുദ്ധമായ ആവണക്കെണ്ണ ചേൎത്തു, സേവിപ്പിക്കുക.

ഇളയപാക്ക് ഇടിച്ചുപിഴിഞ്ഞു കൊടുക്കുന്നതും നല്ലതാണ്. ചോര കൊടുത്താലും നല്ലതാണ്. കണ്ണിൽ വീണാൽ ചോര നിൎത്തുക. കുമ്പുപാക്ക് പിഴിഞ്ഞൊഴിക്കുക.

### കർപ്പൂരം കൂടുതൽ തിന്നാൽ

കൊത്തമല്ലി വെന്തു് പഞ്ചസാര ചേൎത്ത് സേവിപ്പിക്കുക. എരുമച്ചാണകത്തിൻനീരിൽ പഞ്ചസാര ചേൎത്തു കൊടുക്കുക.

### അരിതാരവിഷത്തിന്

മാതളനാരങ്ങാപ്പഴത്തിൻ നീരു് പല പ്രാവശ്യം സേവിപ്പിക്കുക.

### പുന്നക്കുരു തിന്നാൽ

താമരവളയം കഷായം വച്ച് നെയ്യ് ചേൎത്ത് സേവിപ്പിക്കുക.

### ഉമ്മത്തിൻ വിഷത്തിന്

താമരവളയം ഇടിച്ചുപിഴിഞ്ഞനീരു് സേവിക്കുക. താമരവളയം കഷായം വച്ച് സേവിക്കുക. പച്ചവെള്ളം കൊണ്ടു ധാര തണുക്കുന്നതുവരെ ചെയ്യുന്നതും നല്ലതാണ്.

### അതിഭക്ഷണ ചികിത്സ

വെററിലപ്പാമ്പിനെ തിന്നാൽ അതിന് പേരയില ഇടിച്ചുപിഴിഞ്ഞു സേവിച്ചാൽ ശമിക്കും.

അടക്കാ ചൊരുക്കിയാൽ നല്ലെണ്ണ വീശുകയും മുഖം കഴുകുകയും ചെയ്താൽ ശമിക്കും

ഉണങ്ങിയ വെററില തിന്നാൽ മോഹാലസ്യം ഉണ്ടാ

കും ഇതിന്നു് നല്ലവണ്ണം ജലധാരകഴിച്ചു് കാററു് കൊള്ളിക്കുക.

പുകയിലക്കട്ടിന്നു് നാളികേരം പിഴിഞ്ഞുള്ള പാൽ കുടിക്കുക.

ചക്കതിന്നു ചൊരുക്കിയാൽ ചുക്കിട്ടവെന്തവെള്ളം കുടിച്ചാൽ ശമിക്കും.

കറപ്പതിന്നലഹരിയ്ക്കു്- കുറുപ്പു്, ഇന്തുപ്പു്, മലങ്കാരയ്ക്ക തിപ്പലി, ഇവ പൊടിച്ചു് മുക്കാൽ കഴഞ്ചു് മുട്ടവെള്ളത്തിൽ കലക്കി കുടിക്കുക. വിഷം ഛർദ്ദിച്ചു പോകും

തേൻ അധികം കുടിച്ചതിൻെറ ദോഷത്തിന്നു് പച്ചവെള്ളം കുടിക്കണം.

കിഴങ്ങുകറം തിന്ന വിഷത്തിന്നു്- തിപ്പലി, കുരുമുളകു്, ഇവ കഷായം വച്ചു് കായം മേൻപൊടി ചേർത്തു് കുടിച്ചാൽ ചേമ്പുമുതലായ കിഴങ്ങു വർഗ്ഗങ്ങളുടെ അതിഭക്ഷണദോഷം ശമിക്കും.

എണ്ണസേവിച്ചു് ദഹിക്കാതിരുന്നാൽ പിണ്ണാക്കു് ചൂടുവെള്ളത്തിൽ കലക്കി സേവിക്കുക.

മത്സ്യം ദഹിക്കാഞ്ഞാൽ ഉപ്പു്, മോരുചേർത്തു് കുടിച്ചാൽ ശമിക്കും.

പന്നിമാംസം തിന്നു ദഹിക്കാഞ്ഞാൽ ഞെരിഞ്ഞാമ്പുളിക്കിഴങ്ങു് കഷായം വച്ചു് കുടിച്ചാൽ പന്നിമാംസത്തിൻ ദോഷം ശമിക്കും.

ആട്ടിൻ മാംസം ദഹിക്കാഞ്ഞാൽ ഏലത്തരിപൊടിച്ചു് ചൂടുവെള്ളത്തിൽ കലക്കി സേവിച്ചാൽ ആട്ടിൻ മാംസത്തിൻ ദോഷം ശമിക്കും.

## കൈവിഷ ചികിത്സ

കൈവിഷം ഉണ്ടെന്നു സംശയിക്കുന്ന രോഗിയെ നീലയമരിയില പശുവിൻ പാലിലരച്ചു് ഉദരഭാഗം അടച്ചു

ട്ടുക. വിഷം ഉള്ള ഭാഗം ഉണങ്ങാതെ നില്ക്കുന്നു എന്നുകണ്ടു മനസിലാക്കുക. അങ്ങനെ വിഷം ഉള്ള രോഗികളെ ആദ്യമായി വിഷം ആമാശയത്തിലാണെന്നു തോന്നുന്നു എങ്കിൽ ഛർദ്ദിപ്പിക്കുക. പക്വാശയത്തിലാണങ്കിൽ ഭംഗിയായി വിരേചിപ്പിക്കുക. ഇതുകാംക്കശേഷം രണ്ടാമതും മരുന്നരച്ച് മുൻപറഞ്ഞതുപോലെ ഇടുക. പരിപൂർണ്ണമായി എല്ലാഭാഗവും ഉണങ്ങി എങ്കിൽ വിഷം തീൻ്ന എന്നു മനസിലാക്കണം.

ഗുളികസ്സ്

വെൺകുന്നിക്കരു, രുദ്രാക്ഷം, സ്വർണ്ണം, ചന്ദനം, വയമ്പ്, ഇരട്ടിമധുരം ഇവകാം സമംവീതം എടുത്തു് പൊടിച്ച് മഞ്ഞനീരിൽ അരക്കുക. 90 നാഴികസമയം അരച്ച് നെല്ലിക്കാപ്രമാണം ഉരുട്ടി നിഴലിൽ ഉണങ്ങുക. ഇതു് പാലിൽ സേവിക്കുക, ദിവസം രണ്ടുനേരം. എല്ലാകൈവിഷവും ഇതുകൊണ്ടു ശമിക്കും.

---

വിഷഹരങ്ങളായഔഷധങ്ങാം

ടിർഹാക്

വിഷമരുന്നു്

കോസോണൽ പ്ലാസ്റ്റർ

മററുമരുന്നുകാം കവർപേജിൽ കാണുക.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

## പ്രസിദ്ധീകരിക്കപ്പെട്ട

CMI Works
*00048724*
K100 M778

1. വിഷവൈദ്യാമൃതം
2. ഭൈഷജ്യരത്നാകരം
3. വിഷചികിത്സാസമുച്ചയം
4. വിഷവൈദ്യം
(പ്രഥമ ചികിത്സകളും പ്രത്യൗഷധങ്ങളും)

എന്നീ ഗ്രന്ഥങ്ങൾക്കു സമീപിക്കുക:—

1. ദീപിക ബുക്ക്ഹൗസ്, കോട്ടയം
2. നാഷണൽ ബുക്ക്സ്റ്റാൾ
3. ലിററിൽ ഫ്ളവർ പ്രസ്സ്, തേവര, കൊച്ചി
4. എസ്. ജെ. പ്രസ്സ്, മാന്നാനം, കോട്ടയം
5. റവ. സൈമൺ സി. എം. ഐ. പുതുപ്പള്ളി, കോട്ടയം

## വിഷഹരങ്ങളായ ഔഷധങ്ങൾ

വിഷസംഹാരി, വിഷകുഠാരം, മൃതസഞ്ജീവനി, സർപ്പമൃത്യു, ഗരളഭേദി മുതലായ ഔഷധങ്ങൾക്കും വിഷക്കല്ലിനും ആവശ്യപ്പെടുക.

**റവ. സൈമൺ സി. എം. ഐ.**
വിഷചികിത്സാലയം
പുതുപ്പള്ളി, കോട്ടയം—11
(ഫോൺ: 2640)

# വിഷപ്പാമ്പുകളും വിഷാന്തകങ്ങളും



സൈമൺ C.M.I.

ORKS
GALORE
778
RAM COLLEGE
Q67
Si53

Indic Digital Archive Foundation
gpura.org